# മൃച്ഛകടികം

ശൂദ്രകൻ



വിവർത്തനം : എം. കെ. പട്ടേരി

# മൃച്ഛകടികം

പ്രകരണം

[പരിഷ്കരിച്ച പതിപ്പ്]

## ശൂദ്രകൻ

വിവൎത്തനം:

**മേക്കാട്ട് കേശവപട്ടേരി**

നാഷണൽ ബുക്ക് സ്റ്റാൾ
കോട്ടയം

പ്രസാധകർ

മാസ്ററർ ബുക്സ്

എടാട്ട്, പയ്യന്നൂർ - 670327

വില: ക. 10

(Malayalam)

**Mrichhakatikam**

(A Prakarana of Sudraka)

Translated by Mekkat Kesava Patteri

Ist Impression 1978

2nd Impression 1981

Copies 15000

PRINTED AT : THE CO-OPERATIVE PRESS,
CANNANORE.

Cover : Govindan Kannapuram

Block : Poornima Blocks

Rights Reserved

Published by:
MASTER BOOKS
EDAT, PAYYANUR-670 327.

Rs. 10/-

# അവതാരിക

ദാരിദ്ര്യത്തെ പ്രധാന പ്രമേയമാക്കി സംസ്കൃത ഭാഷയിൽ നിർമ്മിച്ചിട്ടുള്ള അനന്വയമായ ഒരു നാടകമാണ് ശൂദ്രക കവിയുടെ മൃച്ഛകടികം. സാങ്കേതിക ഭാഷയിൽ പറഞ്ഞാൽ ഒരു പ്രകരണമാണിതു്; നാടകമല്ല. സംസ്കൃതസാഹിത്യത്തിൽ നാട്യകൃതികൾക്കു് പൊതുവിലുള്ള സംജ്ഞ രൂപകമെന്നാണ്. നടൻ ഏതെങ്കിലും കഥാപാത്രത്തിന്റെ രൂപഭാവങ്ങൾ തന്നിലാരോപിച്ച് രംഗത്തിൽ പ്രത്യക്ഷമായനുകരിച്ച് പ്രകാശിപ്പിക്കപ്പെടേണ്ടുന്ന കൃതികളാണ് രൂപകങ്ങൾ. നാടകം, പ്രകരണം, ഭാണം, പ്രഹസനം തുടങ്ങി പത്തുവിധം രൂപകങ്ങളുണ്ടു്. അവയിലേററവും പ്രധാനങ്ങൾ നാടകവും പ്രകരണവുമാണ്. അഞ്ചു സന്ധികളും അറുപത്തിനാല് സന്ധ്യംഗങ്ങളും അഞ്ച് അർത്ഥോപക്ഷേപകങ്ങളും മററുമായി ദശരൂപകപ്രസിദ്ധങ്ങളായ എല്ലാ നാട്യഘടകങ്ങളും ഒത്തിണക്കാവുന്ന മഹത്തമങ്ങളായ രൂപകങ്ങൾ നാടകപ്രകരണങ്ങളാണ്. ഇവയ്ക്കു രണ്ടിനും തമ്മിലുള്ള ഭേദം അത്യല്പമാണ്. ഇതിഹാസാദി പ്രസിദ്ധങ്ങളാണ് ഇതിവൃത്തമെങ്കിൽ നാടകം; കവികല്പിതമാണ് ഇതിവൃത്തമെങ്കിൽ പ്രകരണം, കവിപ്രതിഭയുടെ സർഗ്ഗശക്തി സമഗ്രമായി പ്രകാശിക്കുന്നതു് പ്രകരണത്തിലാണ്. നാടകകർത്താവിനു് രാമായണ മഹാഭാരതാദി ഇതിഹാസങ്ങളുടെ വരുതിയിൽ നിന്നുകൊണ്ടു് കൂട്ടുകയോ കുറയ്ക്കുകയോ വളയ്ക്കുകയോ ഒടിക്കുകയോ ഒക്കെയൊവാമെങ്കിലും സ്വാതന്ത്ര്യം വളരെ പരിമിതമാണ്. പ്രകരണകർത്താവു് സർവ്വതന്ത്ര സ്വതന്ത്രനാണ്. പ്രകൃഷ്ടമായ കരണം—ഉത്കൃഷ്ടമായ സൃഷ്ടി-എന്നാണ് പ്രകരണശബ്ദത്തിന്റെ അർത്ഥം. അന്വർത്ഥമാണ് ആ നാമധേയം. നാടകത്തെ അപേക്ഷിച്ച് മറെറാരു പ്രത്യേകതകൂടി പ്രകരണത്തിനുണ്ടു്. നാടകത്തിൽ ധീരോദാത്തനായ രാജർഷിയായിരിക്കണം നായകൻ. പ്രകരണത്തിൽ നായകൻ ധീരശാന്തനായ ബ്രാഹ്മണനോ വൈശ്യനോ ആയിരിക്കും. മററു കാര്യങ്ങളിലെല്ലാം നാടകവും പ്രകരണവും തുല്യമാണ്. സാമാന്യമായി പ്രകരണത്തേയും നാടകമെന്ന പേരുകൊണ്ടു് പരാമർശിക്കുന്നതിൽ അപാകതയൊന്നുമില്ല.

സംസ്കൃതസാഹിത്യത്തിൽ ആയിരക്കണക്കിൽ നാടകങ്ങളുണ്ടായിട്ടുണ്ടു്. എന്നാൽ നാടകകർത്താക്കളിൽ അതിപ്രസിദ്ധന്മാർ ഭാസനും കാളിദാസനും ഭവഭൂതിയുമാണ്. അവ

രിൽവെച്ച് ഭാസൻ സ്വപ്നവാസവദത്താദികളായ ഒട്ടേറെ നാടകങ്ങളുടെ കർത്താവാണ്. കാളിദാസനും ഭവഭൂതിയും മുമ്മൂന്നു നാടകങ്ങൾ രചിച്ചിട്ടുണ്ട്. സഹൃദയദൃഷ്ട്യാ അവയെയെല്ലാം അതിശയിക്കുന്ന ഒരു കൃതിയാണ് പത്തങ്കമുള്ള ശൂദ്രകന്റെ മൃച്ഛകടികം. ''ത്രൈഗുണ്യോത്ഭവമത്ര ലോകചരിതം നാനാരസം ദൃശ്യതേ'' എന്ന നാട്യത്തെക്കുറിച്ചുള്ള കാളിദാസവചനത്തിന്റെ ഉത്തമോദാഹരണം മൃച്ഛകടികമാണ്. പല തുറകളിലും പല തലങ്ങളിലുമുള്ള മനുഷ്യജീവിതം ഇതിൽ വളരെ തന്മയീഭാവത്തോടുകൂടി ശൂദ്രകൻ ചിത്രീകരിച്ചിരിക്കുന്നു.

രണ്ടു പ്രകരണമേ സംസ്കൃതസാഹിത്യത്തിൽ പ്രസിദ്ധങ്ങളായിട്ടുള്ളു—ശൂദ്രകന്റെ മൃച്ഛകടികവും ഭവഭൂതിയുടെ മാലതീമാധവവും. മാലതീമാധവത്തിലെ ഇതിവൃത്തം വളരെയേറെ കൃത്രിമമായിരിക്കേ, മൃച്ഛകടികത്തിലേതു് തികച്ചും സ്വാഭാവികമാണ്.

മൃച്ഛകടികത്തിലെ നായകനായ ചാരുദത്തൻ 'തനിമ്നാ ശോഭന്തേ ഗളിതവിഭവാശ്ചാർത്ഥിഷു നൃപാഃ' എന്ന ഭർത്തൃഹരി സുഭാഷിതത്തിന്റെ അസുലഭമായ ഉദാഹരണമാണ്. 'നൃപാഃ'എന്നതിന്റെ സ്ഥാനത്തു് 'നരാഃ' എന്നാക്കണമെന്നു മാത്രം. അർത്ഥികൾക്കു ദാനംചെയ്തു ധനം നശിച്ച മനുഷ്യനു് ദാരിദ്ര്യം അലങ്കാരമാണെന്നത്രേ ഭർത്തൃഹരിയുടെ അഭിപ്രായം. വളരെ വലിയ ധനികനായിരുന്നു ഉജ്ജയിനിയിലെ കച്ചവടക്കാരനായ ചാരുദത്തൻ. അദ്ദേഹം ദാനംചെയ്തു് ദാനം ചെയ്തു് പരമദരിദ്രനായിത്തീർന്നു. അതുനിമിത്തം അദ്ദേഹമനുഭവിക്കുന്ന ദുരിതപരമ്പരയാണ് മൃച്ഛകടികത്തിലെ പ്രതിപാദ്യം.

വേശത്തെരുവിൽ പാർക്കുന്ന വസന്തസേനയാണിതിലെ നായിക. ആ യുവതി സർവ്വസൗഭാഗ്യ സമ്പന്നയാണ്. അവൾ ദരിദ്ര ചാരുദത്തനിൽ, അയാളുടെ ഗുണഗണങ്ങളുടെ പേരിൽ അനുരക്തയായിത്തീരുന്നു. അതറിഞ്ഞപ്പോൾ വസന്തസേനാകാമുകനായ ശകാരന്റെ വിരോധത്തിനു് പാത്രീഭവിക്കുന്നു വസന്തസേനയും ചാരുദത്തനും. അതിന്റെ ഫലമായി അവരനുഭവിക്കുന്ന കഷ്ടപ്പാടുകൾക്ക് ഒരവസാനമില്ല. ശകാരൻ വസന്തസേനയെ ഞെക്കിക്കൊല്ലുകയും, വസന്തസേനയുടെ പണ്ടങ്ങൾ തട്ടിയെടുക്കാൻവേണ്ടി ചാരുദത്തൻ ഞെക്കിക്കൊന്നതാണെന്നു് കോടതിയിൽ തെളിവുകൊടുക്കു-

കയും, കൊലയാളികൾ ചാരുദത്തനെ ശൂലമരത്തിന്റെ സമീപത്തിലെത്തിക്കുകയും ചെയ്യുന്നുണ്ട്. അപ്പോഴേയ്ക്കും ദൈവയോഗത്താൽ വസന്തസേന ജീവിച്ച് സത്യം തെളിഞ്ഞു. ചാരുദത്തൻ മുക്തനായി. ഒടുവിൽ, തന്നെ ശരണം പ്രാപിച്ച ശകാരനെ ചാരുദത്തൻ വധശിക്ഷയിൽനിന്നു് മോചിപ്പിക്കുകയും ചെയ്യുന്നു. സഹൃദയന്മാക്കു് മുൻകൂട്ടി വിഭാവനം ചെയ്യാൻ സാധിക്കാത്ത വിധത്തിലുള്ള കഥാപരിണാമങ്ങളും പരിണാമ ഗുപ്തിയും ഈ നാടകത്തെ സവിശേഷം രമണീയമാക്കിയിരിക്കുന്നു.

ദ്യൂതുകളിയുടെ വശ്യശക്തിയും ദോഷവും ഇതുപോലെ ഭംഗിയായി ചിത്രീകരിച്ചിട്ടുള്ള മറെറാരു നാടകമില്ല. ശാസ്ത്രീയമാംവിധം ചുമരുതുരന്നു് കളവു നടത്തുന്ന രീതി രംഗത്തിലവതരിപ്പിച്ചിട്ടുള്ള നാടകം ഇതുമാത്രമാണ്. മൃച്ഛകടികത്തിലുള്ള വേശ്യാഗൃഹവർണ്ണനവും വർഷവർണ്ണനവും അതിമനോഹരമാണ്. ദുഷ്ടന്മാർ എന്തു കടുംകൈയും ചെയ്യാൻ മടിക്കില്ലെന്നു് രാജബന്ധുവായ ശകാരനിലൂടെ ഈ കൃതി വെളിപ്പെടുത്തുന്നുണ്ടു്.

കോടതിയിൽ ഇന്നു നടക്കുന്ന വിധത്തിലുള്ള കേസുവിചാരണകൾ പണ്ടുമുണ്ടായിരുന്നുവെന്നു് തെളിയിക്കുന്ന ഒരേ ഒരു ദൃഷ്ടാന്തം മൃച്ഛകടികത്തിലെ ഒമ്പതാമങ്കമാണ്. ഇങ്ങനെ പരിശോധിക്കാൻ തുടങ്ങിയാൽ ഇതുപോലെ സാമാന്യജീവിതം ചിത്രീകരിക്കുന്ന ഒരു സംസ്കൃത നാടകം വേറെയില്ലെന്നു് ആർക്കും ബോദ്ധ്യപ്പെടും.

മൃത്തുകൊണ്ടു് നിർമ്മിച്ച ശകടിക-മണ്ണുകൊണ്ടുണ്ടാക്കിയ ചെറുവണ്ടി-എന്നാണ് മൃച്ഛകടികാപദത്തിനർത്ഥം. മൺവണ്ടിയുടെ പ്രസ്താവം വരുന്ന ഒരു രംഗമുണ്ടു് ഇതിലെ ആറാമങ്കത്തിൽ. അതിന്റെ ഹൃദയഹാരിതയാണ് ഈ നാടകത്തിനു് മൃച്ഛകടികമെന്ന പേരുകൊടുക്കാൻ കാരണം. അയൽവീട്ടിലെ ബാലൻ പൊൻവണ്ടികൊണ്ടു് കളിക്കുന്നു. ചാരുദത്തന്റെ മകൻ രോഹസേനനും ഒരു പൊൻവണ്ടിവേണം. ദാസി രദനിക മൺവണ്ടിയുണ്ടാക്കി കൊടുക്കുന്നു. കുട്ടി കരച്ചിൽ മാററുന്നില്ല. അതു് വസന്തസേനയുടെ ദൃഷ്ടിയിൽപെടുന്നു. തന്റെ പൊൻപണ്ടങ്ങളെല്ലാമഴിച്ചു് ആ മൺവണ്ടിയിൽവെച്ചുകൊടുത്തു് പൊൻവണ്ടിയുണ്ടാക്കാമെന്നു പറഞ്ഞു് സമാധാനിപ്പിക്കുന്നു-ഇതാണ് ആ രംഗത്തിന്റെ ചുരുക്കം.

ഈ മൃച്ഛകടികത്തിനും ഭാസൻെറ ചാരുദത്തത്തിന്നും തമ്മിൽ മിക്കവാറും ഐക്യംതന്നെ കാണുന്നുണ്ട്. ചാരുദത്തത്തിൽ നാലങ്കമേയുള്ളു. അതു് മൃച്ഛകടികത്തിലെ നാലങ്കംതന്നെയാണ്. അല്പം ചില പാഠഭേദം മാത്രം കാണാം. കഥാപാത്രങ്ങളും പദ്യങ്ങളും ഗദ്യങ്ങളും എല്ലാമൊന്നാണ്. ഭാസൻെറ ചാരുദത്തമെടുത്തു് ശൂദ്രകൻ വികസിപ്പിച്ചു എന്ന അഭിപ്രായക്കാരാണ് ചിലർ. 'മൃച്ഛകടികത്തിലെ നാലങ്കം കേരളത്തിലഭിനയിച്ചിരുന്നു. അതിൽ മൺവണ്ടിയുടെ പ്രസ്താവം വരാത്തതുകൊണ്ടു് ചാരുദത്തം എന്ന പേരിൽ വ്യവഹരിച്ചു പോന്നതാണ്. ചാരുദത്തം ഭാസൻേറതല്ല, ശൂദ്രകൻേറതുതന്നെയാണ്' എന്ന അഭിപ്രായക്കാരാണ് പലരും. ചാരുദത്തം വായിച്ചുനോക്കുമ്പോരം അതു് അപൂർണ്ണമാണെന്നും തോന്നുന്നുണ്ട്. അതിനാൽ ചാരുദത്തം മൃച്ഛകടികത്തിൻെറ ആദ്യഭാഗം മാത്രമാണെന്ന നിഗമനത്തിൽ നമുക്കു് ഉറച്ചുനില്ക്കുക.

കേരളവമ്മ വലിയ കോയിത്തമ്പുരാൻെറ മണിപ്രവാളശാകുന്തളം പുറത്തുവന്നതിനെത്തുടൎന്നു് കുറച്ചുകാലത്തിനുള്ളിൽ മലയാളത്തിലുണ്ടായിട്ടുള്ള സംസ്കൃത നാടക വിവൎത്തനങ്ങരംക്കു് ഒരവസാനമില്ല. ശാകുന്തളത്തിനുതന്നെ മുപ്പതിൽപ്പരം വിവൎത്തനങ്ങരം പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്. അക്കൂട്ടത്തിൽ മൃച്ഛകടികത്തിനും ഒരു വിവൎത്തനം ആവിർഭവിക്കുകയുണ്ടായി. വരകവി പരവൂർ ശംമുമേനോനാണ് വിവൎത്തകൻ. പദ്യത്തിനു് പദ്യവും ഗദ്യത്തിനു് ഗദ്യവുമായിട്ടുതന്നെയാണ് വിവൎത്തനം. പ്രാകൃതപദ്യങ്ങരംക്കു് ദ്രാവിഡവൃത്തം ഉപയോഗിച്ചിരിക്കുന്നു. ആ വിവർത്തനം ഇപ്പോരം കിട്ടാനില്ല. പിന്നെ ആററൂർ തിരുവനന്തപുരത്തു് ചിത്രതിരുനാരം മഹാരാജാവിൻെറ സംസ്കൃതാദ്ധ്യാപകനായി കഴിഞ്ഞുകൂടുന്ന കാലത്തു് മൃച്ഛകടികം പഠിപ്പിക്കുമ്പോരം അതിനൊരു വിവൎത്തനം തയ്യാറാക്കീട്ടുണ്ട്. പദ്യങ്ങരംക്കു് മിക്കവാറും ദ്രാവിഡവൃത്തത്തിലാണ് വിവൎത്തനം. നാല്പത്തഞ്ചോളം കൊല്ലം മുമ്പാണ് അതു് വിവൎത്തനം ചെയ്തതു്. അതിപ്പോഴും അച്ചടിക്കാതെ ഇരിപ്പാണ്. മൃച്ഛകടികത്തിൻെറ ഒരു വിവൎത്തനം ഏതു് ഭാഷയിലും ലഭ്യമാകേണ്ടതാണെന്നകാര്യത്തിൽ സംശയവുമില്ല.

ഇപ്പോരം ഇതാ എൻെറ സുഹൃത്തായ മേക്കാട്ടു് കേശവപട്ടേരി നല്ലൊരു വിവൎത്തനം തയ്യാറാക്കിയിരിക്കുന്നു. വാസനാശാലിയും പ്രയത്ന ശീലനും ആയ അദ്ദേഹത്തിൻെറ വിവ

ത്തനം മുഴുവൻ ഞാൻ സകൗതുകം വായിച്ചുനോക്കി. മൂലം പോലെതന്നെ ലളിതകോമളമാണ് ഭാഷ. മൂലത്തിലെ ആശയഗതിക്ക് മാററമോ കോട്ടമോ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ബഹുജന ജീവിത ചിത്രമുൾക്കൊള്ളുന്ന ഈ നാടകത്തിനു് ഇങ്ങനെയൊരു വിവർത്തനം തയ്യാറാക്കാൻ ഉദ്യമിച്ചതു് എല്ലാം കൊണ്ടും കാലോചിതമായിട്ടുണ്ട്. വിദ്യാഭ്യാസ മണ്ഡലത്തിൽ ഈ നിത്യ നൂതന കൃതിക്കു് പ്രചുരപ്രചാരം ലഭിക്കട്ടെ എന്നാശംസിച്ചുകൊണ്ടു് ഇതു് ഞാൻ സഹൃദയ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

സഹൃദയവിധേയൻ

**കെ. പി. നാരായണപ്പിഷാരോടി.**

'നാരായണീയം'
തൃശ്ശൂർ-11
18-5-'75.

# ആമുഖം

മൃച്ഛകടികത്തിന്റെ കർത്തൃത്വം ഒരു ശൂദ്രകനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ അദ്ദേഹം ആരായിരുന്നുവെന്നോ ഏതു കാലത്തു ജീവിച്ചിരുന്നുവെന്നോ ഇനിയും തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. ശൂദ്രകകവിയെക്കുറിച്ച് ചില കാര്യങ്ങൾ ഈ പ്രകരണത്തിലെ പ്രസ്താവനയിൽനിന്ന് ലഭിക്കുന്നുണ്ട്. എന്ന്, ഏതുരാജ്യത്ത് എന്നൊന്നുമറിയുന്നില്ലെങ്കിലും അദ്ദേഹം ക്ഷത്രിയനായ ഒരു രാജാവായിരുന്നുവെന്ന് കാണുന്നു. ഈ പ്രസ്താവന പിന്നീടാരോ എഴുതിച്ചേർത്തതാവാനാണ് സാദ്ധ്യത. എന്തെന്നാൽ 'തീപ്പെട്ടാൻ നൂറു വർഷം ദശദിനസഹിതം ജീവനുംക്കൊണ്ടശേഷം' എന്ന് കവിതന്നെ പ്രസ്താവിക്കാനിടയില്ലല്ലോ.

മൃച്ഛകടികകർത്താവ് ദണ്ഡിയാണെന്നും ഭാസനാണെന്നും അഭിപ്രായപ്പെടുന്നവരുമുണ്ട്. ഭാസൻ ശൂദ്രനായതുകൊണ്ട് ശൂദ്രകകവി എന്നൊരു പരിഹാസപ്പേര് അദ്ദേഹത്തിന് വന്നുചേർന്നതാണത്രെ. അപ്പോൾ അദ്ദേഹം ക്ഷത്രിയനും രാജാവുമായിരുന്നുവെന്ന് പ്രസ്താവനയിൽ കാണുന്നതിന്റെ പൊരുളെന്താണ്?

ശൂദ്രകനാമധേയം പല ദിക്കിലും പ്രത്യക്ഷപ്പെടുന്നുണ്ട്.

1) സ്കന്ദപുരാണത്തിലെ കുമാരികാ ഖണ്ഡത്തിൽ ഇങ്ങനെ കാണുന്നു.

ത്രിഷുവർഷ സഹസ്രേഷു കലേര്യാതേഷു പാർത്ഥിവ
ത്രിശതേഷു ദശന്യൂനേഷ്വസ്യാം ഭുവി ഭവിഷ്യതി
ശൂദ്രകോനാമ വീരാണാമധിപഃ സിദ്ധിമത്രസഃ
ചർച്ചിതായാം സമാരാദ്ധ്യലപ്സ്യതേ ഭൂഭയാപഹഃ

—കലിവർഷം 3290ൽ (AD 190ൽ) ശൂദ്രകനെന്നൊരു രാജാവ് ഭരണം നടത്തുമെന്ന്. കേണൽ വിൽഫ്രെഡിന്റെ അഭിപ്രായത്തിൽ ഈ ശൂദ്രകൻ ആന്ധ്രഭൃത്യരാജവംശസ്ഥാപകനായ ശിമുകൻതന്നെയത്രെ. ആദ്യത്തെ ആന്ധ്ര രാജാവിനെ ഭാഗവത പുരാണത്തിൽ വൃഷളൻ (ശൂദ്രൻ) എന്ന് വിവരിക്കുന്നതിനാൽ അദ്ദേഹം പൊതുവേ ശൂദ്രകനെന്നറിയപ്പെട്ടിരിക്കണമെന്നും, ശിബുകനാമം സിന്ധുകൻ, ശിശ്രുകൻ, ശിപ്രകൻ എന്നെല്ലാം വ്യവഹരിക്കപ്പെടുന്നതിന്റെ മൂലരൂപം ശൂദ്രകനെന്നതായിരിക്കണമെന്നും ആണ് നിഗമനം. ആന്ധ്ര വംശസ്ഥാപകന്റെ കാലം ഏതാണ്ട് B. C. 200 ആണ്.

ഇതും സ്കന്ദപുരാണത്തിലെ കാലവുമായി വ്യത്യാസപ്പെട്ടിരിക്കുന്നതു്, പുരാണകൎത്താക്കൾ കാലത്തെ സ്മരണയിൽനിന്നെടുത്തു് കുറിക്കുന്നതിനാലുള്ള സൂക്ഷ്മക്കുറവുകൊണ്ടത്രെ. ഈ ശൂദ്രകന്റെ കാലത്തിനു്, മൃച്ഛകടികത്തിലെ ആന്തരതെളിവുകൾ ചൂണ്ടിക്കാണിക്കുന്ന കാലവുമായോ, തന്റെ മുൻഗാമിയായ ഭാസനു് കൽപിക്കപ്പെട്ടിട്ടുള്ള കാലവുമായോ പൊരുത്തക്കേടു കാണുന്നില്ല. അങ്ങനെ ആന്ധ്രഭൃത്യവംശസ്ഥാപകനും മൃച്ഛകടിക കൎത്താവും അഭിന്നരാണെന്നു് വരുന്നു. ഇതിനുപോൽബലകമായ ചില സംഗതികൾകൂടി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ടു്. ആന്ധ്രഭൃത്യന്മാർ തെന്നിന്ത്യക്കാരായിരുന്നു. വാമനന്റെ കാവ്യാലങ്കാര സൂത്രത്തിന്റെ വ്യാഖ്യാനത്തിൽ ശൂദ്രകനെ രാജാകോമതി എന്നു് വിശേഷിപ്പിക്കുന്നു. ദക്ഷിണേന്ത്യയിലെ ഒരു വലിയ വണിക്‌വിഭാഗമായിരുന്നു കോമതി. അപ്പോൾ ശൂദ്രകൻ തെക്കേയിന്ത്യക്കാരനാണെന്നു കരുതാം. ഉത്തരേന്ത്യക്കാരായ ആലങ്കാരികന്മാർ അപൂൎവ്വമായേ മൃച്ഛകടികത്തെ ഉദ്ധരിക്കുന്നുള്ളൂ എന്നതും ഇതൊരു തെന്നിന്ത്യൻ കൃതിയാണെന്നു് കാണിക്കുന്നു. മാത്രമല്ല, ചണ്ഡാളന്മാർ ദുൎഗ്ഗയെ സഹ്യപൎവ്വതവാസിനിയെന്നാണു് വിശേഷിപ്പിക്കുന്നതും. കൂടാതെ ചില വാക്കുകളും ആശയങ്ങളും, ഉദാഹരണമായി ഖുണ്ഡമോടകൻ, കൎണ്ണാടകകലഹം മുതലായവ തെക്കുമാത്രമുള്ളവയത്രേ. ദാക്ഷിണാത്യരായ അനേകം മ്ലേച്ഛജാതിക്കാരേയും പരാമൎശിക്കുന്നുണ്ടു്. ആന്ധ്രഭൃത്യന്മാരുടെ ചെപ്പേടുകൾ പരിശോധിച്ചാലറിയാം പ്രാകൃതഭാഷയോടു് അവൎക്കുള്ള പ്രതിപത്തി. മൃച്ഛകടികത്തിൽ പ്രാകൃതം വിപുലമായി ഉപയോഗപ്പെടുത്തീട്ടുണ്ടല്ലോ. മറ്റൊന്നു് പാലകരാജാവിനെ നിഷ്കാസനം ചെയ്യുന്ന സംഭവമാണു്. കഥയിലത്യാവശ്യമല്ലാത്ത ഈ സംഭവം സമകാലികമായ ഏതോ രാഷ്ട്രീയവിപ്ലവത്തിന്റെ ചിത്രണമായിരിക്കണം. ആന്ധ്രഭൃത്യന്മാർ ആദ്യം നാടുവാണതുതന്നെ ഒരു രാഷ്ട്രീയ വിപ്ലവത്തിലൂടെയായിരുന്നുവെന്നതും ഓൎക്കുക. B. C. 4-ാം നൂറ്റാണ്ടിലുണ്ടായ 'ജൈന ഹരിവംശ'ത്തിൽ പറയുന്നുണ്ടു്, B C ആറാം നൂറ്റാണ്ടിൽ ഒരു പാലകരാജാവു് വാണിരുന്നുവെന്നു്. ഈ പാലകനെയാവണം ശൂദ്രകൻ തന്റെ കാലത്തേക്കു കൊണ്ടുവന്നതു്.

2) അടുത്തകാലത്തു് മദ്രാസിൽനിന്നു കണ്ടുകിട്ടിയ ദണ്ഡിയുടെ അവന്തിസുന്ദരീകഥാസാരത്തിൽ ഒരു ശൂദ്രകരാജാവിന്റെ ജീവിതചിത്രണമുണ്ടു്. ഉജ്ജയിനിയിലെ ഒരു ബ്രാഹ്മണരാജാവും കവിയുമായിരുന്ന അദ്ദേഹം ആന്ധ്രഭൃത്യ

വംശജനായ ഒരു സ്വാതിരാജകുമാരനെ തോല്പിച്ചതായി പറയുന്നു. ദണ്ഡിയുടെ ഒരു ശ്ലോകമിതാ-

''ശൂദ്രകേണാസകൃജ്ജിത്വാ സ്വച്ഛയാ ഖഡ്ഗധാരയാ

ജഗദ്ഭൂയോഽഭ്യവഷ്ടബ്ധം വാചാ സ്വചരിതാർത്ഥയാ''

ഇവിടെ 'വാചാ സ്വചരിതാർത്ഥയാ' എന്നതിൽ ശൂദ്രകന്റെ കൃതികൾ സ്വജീവിത സംഭവങ്ങൾ ഉൾക്കൊള്ളുന്നതായി സൂചിപ്പിക്കുന്നു. ശൂദ്രകന്റെ ജീവിതസംഭവങ്ങളടങ്ങിയതത്രേ മൃച്ഛകടികം. ഇതിലെ ആര്യകൻ ശൂദ്രകൻതന്നെ. ചാരുദത്തനാകട്ടെ ശൂദ്രകന്റെ ആത്മസുഹൃത്തും ആപൽക്കാലങ്ങളിൽ പലതവണ സഹായം ചെയ്തവനും ആയ ബന്ധുദത്തനാണ്. ശൂദ്രകൻ തോല്പിച്ച സ്വാതി രാജകുമാരൻ BC. 56 വരെ ഭരിച്ചിരുന്നതിനാൽ ശൂദ്രകന്റെ കാലവും അതുതന്നെ- എന്നാണ് ദണ്ഡിയുടെ പ്രസ്തുത കൃതിയെക്കുറിച്ചുള്ള പഠനത്തിൽ ശ്രീ. എം. ആർ. കവി അഭിപ്രായപ്പെടുന്നത്. നേരത്തെ പറഞ്ഞ, ആന്ധ്രഭൃത്യവംശസ്ഥാപകനായ ശൂദ്രകനും ഈ ഉജ്ജയിനീ ശൂദ്രകനും ഭിന്നരാണെങ്കിലും, അവരുടെ കാലം വളരെയേറെ വ്യത്യസ്തമല്ലാതിരിക്കെ, ആശയക്കുഴപ്പത്താൽ ഒരാൾക്ക് അഭിന്നത്വം തോന്നാവുന്നതാണ്. ഏതായാലും കേണൽ വിൽഫ്രെഡിനോട് വിയോജിക്കുന്നവർക്ക് ഈ ശൂദ്രകനാവാം മൃച്ഛകടികകർത്താവ്. (ഈ ശൂദ്രകനും സംവത് വർഷസ്ഥാപകനായ വിക്രമാദിത്യനും ഒരാളാണെന്നു സ്ഥാപിക്കാനുള്ള ശ്രമവും നടന്നിട്ടുണ്ട്.)

3) രാജാവായ ഒരു ശൂദ്രകന്റെ വീരസാഹസികതയെക്കുറിച്ച് രാമിലൻ, സൗമിലൻ എന്നീ കവികൾ പാടിയിരുന്നതായി രാജശേഖരൻ വെളിപ്പെടുത്തുന്നു.

''തൗ ശൂദ്രകകഥാകാരൗ സൗമ്യൗ രാമിലസൗമിലൗ
കാവ്യം യയോർദ്വയോരാസീ ദർദ്ധനാരീനരോപമം''

മാളവികാഗ്നിമിത്രത്തിൽ കാളിദാസനനുസ്മരിക്കുന്ന സൗമില്ലകൻ തന്നെയാവണം ഈ സൗമിലൻ. ഈ ശൂദ്രകനാകട്ടെ ആന്ധ്രവംശ സ്ഥാപകൻ തന്നെയെന്നാണ് ചിലരുടെ മതം.

4) ശൂദ്രകനെന്ന പ്രസിദ്ധനാമം പ്രാചീനകാലത്തെ ഐതിഹ്യത്തിന്റെ പരിവേഷമണിഞ്ഞ് ഒട്ടേറെ കഥകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. രാജതരംഗിണി, വേതാളപഞ്ചവിംശതി, കഥാസരിൽസാഗരം, കാദംബരി, ഹർഷചരിതം, ദശകുമാരചരിതം മുതലായവയിലൊക്കെ ശൂദ്രകനുണ്ടെങ്കിലും അവയൊന്നുംതന്നെ മേല്പറഞ്ഞ രണ്ടു ശൂദ്രകന്മാരിലാരാണ് മൃച്ഛകടികകർത്താവെന്നു വ്യക്തമാക്കുന്നില്ല.

കൂടാതെ. 'വിക്രാന്തശൂദ്രകം', 'ശൂദ്രകവധം', 'ശൂദ്രകചരിതം' എന്നിങ്ങനെ ശൂദ്രകനാമവുമായി ബന്ധപ്പെട്ടിട്ടുള്ള രണ്ടുമൂന്നു കൃതികളെക്കുറിച്ച് പരാമർശമുണ്ടെങ്കിലും അവ ലഭ്യങ്ങളായിട്ടില്ല.

5) ശൂദ്രകൻ ശ്ലേഷാലങ്കാരത്തിന്ന് പ്രസിദ്ധനാണെന്ന് കാവ്യാലങ്കാരസൂത്രത്തിൽ പറയുന്നു. ശൂദ്രകൻ രാജാവോ മൃച്ഛകടികകർത്താവോ എന്നൊന്നും വാമനൻ സൂചിപ്പിക്കുന്നില്ല. ശൂദ്രകൻെറ മറേറതെങ്കിലും കൃതിയിലാവാം ശ്ലേഷഗുണമുള്ളത്. വാമനന്ന് (സുമാർ എ. ഡി. 800) മുമ്പുള്ള ഒരാലങ്കാരികനും മൃച്ഛകടികത്തെ പരാമർശിച്ചിട്ടുമില്ല. ''ദശരൂപകം'' മൃച്ഛകടികത്തിൽനിന്നുദ്ധരിക്കുന്നുണ്ടെങ്കിലും ശൂദ്രകനെപ്പററി ഒന്നും പറയുന്നില്ല.

6) A D. മൂന്നാം നൂററാണ്ടിൽ ജീവിച്ച ആഭിരരാജകുമാരനായ ശിവദത്തനാണ് ശൂദ്രകൻ എന്ന പ്രൊഫസർ കോനോയുടെ അഭിപ്രായവും; മൃച്ഛകടികത്തിലെ 'രുദ്രോരാജാ' (VIII/34-ക്ഷത്രപരാജവംശജനായ രുദ്രദമനൻ-A D. 130) 'നാണകം' (1/23-കനിഷ്കൻെറ കാലത്തെ ഒരു നാണയം-A D. മൂന്നാം നൂററാണ്ട്) എന്നീ പദങ്ങളെയാശ്രയിച്ചുള്ള കാലനിർണ്ണയവും പൊതുവേ സ്വീകൃതങ്ങളായിട്ടില്ല. നാമേതായാലും ആദ്യം പറഞ്ഞ രണ്ടിലൊരു ശൂദ്രകനെ സ്വീകരിക്കേണ്ട നിലയിലാണ്-B C. 200 നടുത്ത് ആന്ധ്രഭൃത്യവംശം സ്ഥാപിച്ച ആളെ, അഥവാ B C. 56-ൽ ഉജ്ജയിനി വാണ രാജാവിനെ.

B. C. മൂന്നോ ഒന്നോ നൂററാണ്ടിലേക്ക് ശൂദ്രകൻെറ കാലത്തെ കൊണ്ടുപോകുന്നതിന്നനുകൂലമത്രെ മൃച്ഛകടികത്തിലെ ആന്തരികമായ തെളിവുകൾ - ബുദ്ധമതത്തിനുണ്ടായിരുന്ന ശ്രേഷ്ഠദശയുടെ സൂചന (ക്രിസ്ത്വബ്ദാരംഭത്തോടെ ബുദ്ധമതം ക്ഷയോന്മുഖമാകുന്നു.) പിൽക്കാലത്തെ എഴുത്തുകാരെപ്പോലെ നാടകനിയമങ്ങൾ കർശനമായി പാലിച്ചു കാണായ്ക, വൈശികത്തെക്കുറിച്ചുള്ള പ്രസ്താവം (വാത്സ്യായനൻ B C.100-ന് മുമ്പത്രെ) വരാഹമിഹിരന്ന് (ഏതാണ്ട് A. D. 500) മുമ്പുള്ള ജ്യോതിശ്ശാസ്ത്രസിദ്ധാന്തം തുടങ്ങിയവയാണാ തെളിവുകൾ. ഇവയൊന്നും മൃച്ഛകടികത്തിൻെറ കാലം കൃത്യമായി കാണിക്കുന്നില്ലെങ്കിലും എല്ലാംകൂടി നോക്കുമ്പോൾ B. C. രണ്ടാം നൂററാണ്ടിൻെറ സന്തതിയാവണം മൃച്ഛകടികം എന്ന നിഗമനത്തിലാണ് പണ്ഡിതന്മാരെത്തിച്ചേരുന്നത്.........

മൃച്ഛകടികത്തിനു പുറമേ പത്മപ്രാഭൃതകം ഭാണവും ശൂദ്രകൻേറതാണെന്നു് ചിലർക്കഭിപ്രായമുണ്ടു്; അതുപോലെ വത്സരാജചരിതം അഥവാ വിനവാസവദത്തം, കാമദത്തം എന്നിവയും. ഇതു് തീർച്ചപ്പെട്ട 'കഴിഞ്ഞ വസ്തുതയല്ല......

മൃച്ഛകടികത്തിൻെറ ഇന്നു കാണുന്ന രൂപം ഏകകഹസ്തപ്രണീതമല്ലെന്നാണ് പറയപ്പെടുന്നതു്. 'ചാരുദത്ത'ത്തിലെ നാലങ്കത്തിനു് ശേഷമുള്ള മൃച്ഛകടികത്തിലെ ആറങ്കം മാത്രം ശൂദ്രകൻെറ സൃഷ്ടിയെന്നു ചിലർ. പിന്നെ അജ്ഞാതനായ ആരോ എഴുതിച്ചേർത്ത പ്രസ്താവന. അവസാനാങ്കത്തിൽ ധൂതയുടെ അഗ്നിപ്രവേശന സംരംഭം ചിത്രീകരിക്കുന്ന, ഒരു നീലകണ്ഠൻെറ സംഭാവനയായ ഭാഗം-ഇവയെല്ലാം ചേർന്നതത്രെ ഇപ്പോഠം കാണുന്ന മൃച്ഛകടികം......

ഏതാണ്ടു് പത്തുനാഠംകൊണ്ടു് നടക്കുന്ന സംഭവങ്ങളാണ് മൃച്ഛകടികത്തിൽ ചിത്രീകരിച്ചിരിക്കുന്നതു്. കാമദേവക്ഷേത്രോദ്യാനത്തിൽവെച്ചു് കണ്ടുമുട്ടിയതു മുതൽ വസന്തസേന ചാരുദത്തനിലനുരക്തയാവുന്നു. ഇതു തീർച്ചയായും വസന്തോത്സവാരംഭത്തിലായിരിക്കണം. മാഘമാസത്തിലെ കൃഷ്ണഷഷ്ഠിനാഠം, രാത്രിയുടെ തുടക്കത്തിൽ ഒന്നാമങ്കം ആരംഭിക്കുന്നുവെന്നാണ് കണക്കാക്കപ്പെടുന്നതു്. രണ്ടാമങ്കമാകട്ടെ അതിനുപിറേറന്നും. അടുത്തപക്ഷത്തിലത്രേ മൂന്നാമങ്കം-ശുക്ലപക്ഷാഷ്ടമിനാഠം അർദ്ധരാത്രിയോടുകൂടി. നാലും അഞ്ചും അങ്കം അതിനു പിറേറദിവസവും, ആറു് ഏഴ് എട്ടു് എന്നീ അങ്കങ്ങഠം അതിൻെറ മൂന്നാം നാളിലുമായിരിക്കണം. ഒമ്പതു് പത്തു് അങ്കങ്ങളാകട്ടെ നാലാം നാളിലും .....

## സാമാന്യ നിരൂപണം

നാടകീയ സൗകുമാര്യംകൊണ്ടും സാഹിത്യമാധുര്യംകൊണ്ടും ഭാരതത്തിനകത്തും പുറത്തുമുള്ള പ്രേക്ഷകരേയും അനുവാചകരേയും സമാകർഷിക്കാൻ കഴിഞ്ഞിട്ടുള്ള ഒരു കൃതിയാണ് മൃച്ഛകടികം. സമർത്ഥമായി സങ്കൽപിച്ചു് വിജയകരമായി സൃഷ്ടിച്ചിട്ടുള്ള ഇതിവൃത്തം; സമകാലിക സമൂഹത്തിൻെറ സജീവചിത്രണം; അമാനുഷികമോ അർദ്ധമാനുഷികമോ ആയ ചെയ്തികളുടെ വിരസാഖ്യാനമായി തരംതാഴാതെ പ്രേക്ഷകരിൽ ആനന്ദം, ജിജ്ഞാസ, അത്ഭുതം, അനുകമ്പ, ഭയം മുതലായവയുണർത്തുന്ന ഉത്തേജനാത്മകങ്ങളായ ഉപാഖ്യാനങ്ങഠം-സംസ്കൃതത്തിലിത്തരം സജീവങ്ങളായ സംഭവങ്ങളുടെ, പുളകമണിയിക്കുന്ന നാടകീയ സ്ഥിതിവിശേഷങ്ങളുടെ പരമ്പര മറെറാരു കൃതിയിലുണ്ടാവില്ല. ഒന്നാമങ്കത്തിൽ ശകാരപ്രവൃ

തികളെ ഭയന്നു് ഇരുട്ടിലോടുന്ന വസന്തസേന. രണ്ടാമങ്കത്തിൽ കടക്കാരനെപ്പേടിച്ചോടുന്ന സംവാഹകൻ-ഇവിടെ ഒരു കയ്യാംകളിതന്നെ ചിത്രീകരിക്കുന്നു. ഇതു് ഒരു വിഭാഗം പ്രേക്ഷകരെ ആകർഷിക്കാൻ പോന്നതാണ്—സാധാരണക്കാരുമുൾപ്പെട്ടതായിരിക്കുമല്ലോ പ്രേക്ഷക സദസ്സ്. ആ സംഘട്ടനം കരുതിക്കൂട്ടി ഏച്ചുകെട്ടിയതായിട്ടല്ല, സ്വാഭാവിക പരിണാമമായിട്ടേ തോന്നുകയുള്ളു. താണതരം കഥാപാത്രങ്ങളുടെ സ്വഭാവത്തിനു്, പ്രത്യേകിച്ചു് ധനസംബന്ധമായ കാര്യത്തിൽ മറെറാരു പരിണതിയുണ്ടാവില്ലല്ലോ. മൂന്നും നാലുമങ്കങ്ങളിൽ ഒരു ഭവനഭേദനവും അതിൻെറ പരിണാമവും ചിത്രീകരിക്കുന്നു. ഇടിമിന്നലും മഴയും തിമർക്കുന്ന വേദിയിൽ വെച്ചാണ് അഞ്ചാമങ്കം നടക്കുന്നതു്. ആറാമങ്കത്തിലെ വാഹനമാററം ആവേശകരമായ ഒരുപാഖ്യാനമാണ്. എട്ടാമങ്കത്തിൽ വസന്തസേനയുടെ കഴുത്തു ഞെരിക്കുന്ന രംഗം ചിത്രീകരിക്കാൻ ശൂദ്രകനെപ്പോലുള്ള ഒരു യഥാതഥക്കാരൻ മാത്രമേ ധൈര്യപ്പെടുകയുള്ളു. ഒമ്പതാമങ്കത്തിൽ സജീവമായ ഒരു കോടതി രംഗം. പത്തിൽ മരണം കാത്തുകിടക്കുന്ന ചാരുദത്തനു് കൈവരുന്ന സൗഭാഗ്യം ഇങ്ങനെ അങ്കത്തിൽനിന്നങ്കത്തിലേക്കു് പ്രേക്ഷകഹൃദയം പിരിമുറുകിക്കുതിക്കുന്നു. ഹാസ്യരസവും, ആദ്യാങ്കങ്ങളിലെ ഒരുത്തമ ദുഃഖാന്ത നാടകത്തിനു ചേർന്ന കരുണവുമെല്ലാം ഈ ദൃശ്യകാവ്യത്തെ ജീവത്തും ചലനാത്മകവുമാക്കുന്നു. ഡോ: റൈഡർ പറഞ്ഞതുപോലെ "From force to tragedy, from satire to pathos, runs the story, with a breadth truely Shakesperian"

ഹാസ്യരസ സന്നിവേശത്തിൽ, സംസ്കൃത നാടകകാരന്മാർക്കിടയിൽ ശൂദ്രകൻ അതുല്യനാണ്. അതുപോലെതന്നെ തനതായ വ്യക്തിത്വം നൽകി ഓരോ കഥാപാത്രത്തേയും ചേതോഹരമാക്കുന്നതിലും. പാത്രസൃഷ്ടിയുടെ കാര്യത്തിൽ ശൂദ്രകൻ ഷേക്സ്പിയർക്കും മോളിയർക്കും സമശീർഷനത്രേ......

മൃച്ഛകടികം സമകാലിക സമൂഹത്തിൻെറ ഒരു വ്യാപക ചിത്രം കാഴ്ചവെയ്ക്കുന്നുണ്ടു്. ഇടത്തരക്കാരുടെ മേലേപ്പടിയിലുള്ളവരാണ്ഇതിലെ പ്രധാന കഥാപാത്രങ്ങൾ. അതോടൊപ്പം താഴ്ന്ന വിഭാഗക്കാരെക്കൊണ്ടു് ഉപാഖ്യാനങ്ങളും നിർവ്വഹിക്കുന്നു. ഇതിവൃത്തം ലൗകികമായിരിക്കണമെന്നുള്ളതുകൊണ്ടു ചൂതാട്ടക്കാർആരാച്ചാരന്മാർ തൊട്ടുള്ളവർ പ്രത്യക്ഷപ്പെടാതിരിക്കാൻ വയ്യ. അതുകൊണ്ടുതന്നെ സമൂഹത്തിൻെറ സ്ഥിതിസമ്പ്രദായങ്ങൾ നിഴലിക്കുകയും ചെയ്യുന്നു.

രാജാവിനെ രംഗത്തവതരിപ്പിക്കുന്നില്ലെങ്കിലും അദ്ദേഹമൊരു തികഞ്ഞ ഏകാധിപതിയായി വാഴുകയാണെന്നു് തോന്നുന്നു-രാജാവു് സ്വേച്ഛാധിപതിയാകുമ്പോൾ ജനങ്ങളിൽ അതൃപ്തി നിറയുകയും സന്ദർഭം വരുമ്പോൾ അതു് നേരിട്ടുള്ള വിപ്ലവത്തിനു് ആയുധമേന്താൻ പ്രേരകമാവുകയും ചെയ്യുക സ്വാഭാവികംതന്നെ.

രാജഭരണവുമായി ബന്ധപ്പെട്ട ചുങ്കം പിരിവു്, പോലീസ്, നീതിന്യായം-ഇവയെക്കുറിച്ചെല്ലാം ഇതിൽ സൂചനയുണ്ടു്. ഒമ്പതാമങ്കം നീതിന്യായ നടത്തിപ്പിലേക്കു് പ്രത്യേകമായ ഒരുൾക്കാഴ്ച നൽകുന്നു. ന്യായാധിപനെ സഹായിക്കാൻ രണ്ടു വിദഗ്ധന്മാരുണ്ടു്. വിധി നിഷ്പക്ഷവും അവിളംബിതവുമാണു്. പക്ഷേ വിധി ഒരു ശുപാർശയായി മാത്രം നൽകാനേ ന്യായാധിപനധികാരമുള്ളു, അന്ത്യതീരുമാനം രാജാവിൻേറതാണു്. കുററം വ്യക്തമായ തെളിവുകളോടെ സ്ഥാപിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതുതെളിയിക്കാൻ മററു മാർഗ്ഗങ്ങളുണ്ടായിരുന്നു. [IX / 43] വ്യക്തി കുററം ഏററുപറയേണ്ടിയിരുന്നു. കുററവാളികളെ മോചിപ്പിക്കുന്ന പതിവുമുണ്ടായിരുന്നു. ആരാച്ചാരന്മാർക്കു് വധ്യനെ തന്നിഷ്ടപ്രകാരം കൊല്ലാം. നിരപരാധിയെന്നറിഞ്ഞാൽ അയാളെ മോചിപ്പിക്കാനും യഥാർത്ഥകുററക്കാരനെ ശിക്ഷിക്കാനും അവർക്കധികാരമുണ്ടായിരുന്നു. ഒരു ഉത്തമർണ്ണനു് അധമർണ്ണൻേറമേൽ പൂർണ്ണാധികാരമാണു്. അയാൾക്കു് ഇതരനെ ദേഹദണ്ഡമേൽപ്പിക്കുകയോ പണം വസൂൽ ചെയ്യാൻവേണ്ടി അയാളെ വിൽക്കുകയോ ആവാം.

വർണ്ണസമ്പ്രദായം നിലവിലിരുന്നു. ബ്രാഹ്മണൻ മുതൽ ചണ്ഡാളൻ വരെയുള്ള വിവിധജാതിക്കാർ പ്രത്യക്ഷപ്പെടുന്നുണ്ടു്. ബ്രാഹ്മണൻ പൊതുവെ മാനിക്കപ്പെട്ടിരുന്നു. കഠിനശിക്ഷകളിൽനിന്നു് അവരെ ഒഴിവാക്കുകയും ചെയ്തിരുന്നു. 'വിപ്രസ്വം മുതലും സുവർണ്ണ-മതുയജ്ഞാർത്ഥം സ്വരൂപിച്ചതും' മോഷ്ടിക്കുന്നതു് നിന്ദ്യമായി കരുതപ്പെട്ടിരുന്നു. ബ്രാഹ്മണർ വാണിജ്യത്തിലേർപ്പെടുക അപൂർവ്വമായിരുന്നില്ല-ചാരുദത്തൻേറ കുടുംബക്കാർക്കു് സാർത്ഥവാഹകരെന്ന ഖ്യാതിയുണ്ടല്ലോ. മററു ജാതിക്കാരിൽ കായസ്ഥന്മാരെ അല്പം അവജ്ഞയോടെ വീക്ഷിച്ചിരുന്നുവോ എന്നു് തോന്നും.-'കായസ്ഥസർപ്പങ്ങൾ, ഏതായാലും ജാതി സമ്പ്രദായത്തിനു് ജനങ്ങളുടെ മേൽ എന്തൊരു ശക്തമായ പിടിയാണുണ്ടായിരുന്നതെന്നു് വീരക-ചന്ദനകന്മാരുടെ പരസ്പരാപാലംഭനം കാണിക്കുന്നു. ജാതിവ്യവസ്ഥ ഉറച്ചതായിരുന്നെങ്കിലും സാമാന്യ

മായി അതിൻെറ അടിസ്ഥാനത്തിലല്ല ആളുകളെ വിലയിരുത്തിയിരുന്നതു്. ബുദ്ധമതം ക്ഷയോന്മുഖമായിരുന്നില്ല. ഉയർന്നവരുടെയിടയിൽ ഭിക്ഷുവെ കാണുന്നത് (മുണ്ഡിതനായതുകൊണ്ടോ?) ശുഭമായി കണക്കാക്കിയിരുന്നില്ലെങ്കിലും പൊതുവേ ഭിക്ഷുക്കഠം ആദരിക്കപ്പെട്ടിരുന്നു. രാജാക്കന്മാർ അവരുടെ രക്ഷകരുമായിരുന്നു.

വാണിജ്യം അതിവിപുലമായിരുന്നുവെന്നു് കാണാം. ഭാരതത്തിൻെറ കപ്പലുകഠം സമുദ്രാന്തര സഞ്ചാരം നടത്തിയിരുന്നു. അതുവഴി രാജ്യത്തു് ഒട്ടേറെ സമ്പത്തു് വർദ്ധിച്ചു. ചാരുദത്തൻതന്നെ 'വിഹാരം, ഉദ്യാനം, ദേവാലയം, തടാകം, കൂപം, യൂപം മുതലായവയാൽ ഉജ്ജയിനീനഗരത്തെ അലങ്കരിച്ചു.' വ്യാപാരികഠം സ്വന്തം മക്കഠംക്കു് പൊന്നുകൊണ്ടുള്ള കളിവണ്ടിയുണ്ടാക്കിക്കൊടുക്കുകയാണ്! ഈ സമ്പൽസമൃദ്ധിയുടെ അർത്ഥം ആഡംബരജീവിതമെന്നാണ്. ഫലം, ചൂതാട്ടം മദ്യപാനം, വേശ്യാവൃത്തി മുതലായവയുമാണ്. സമ്പത്തിൻെറ നല്ലൊരുഭാഗം വേശ്യാഗൃഹങ്ങളിലേയ്ക്കാണൊഴുകുന്നതു്. വസന്തസേനയെപ്പോലുള്ളവർ എട്ടുകെട്ടു് ഭവനം പണിയുന്നു, ആനയെ പോററുന്നു! എന്നിരുന്നാലും വേശ്യാവൃത്തിക്കു് ശ്രേഷ്ഠത കല്പിച്ചിരുന്നില്ല-തനിക്കു് വേശ്യാസംസർഗ്ഗം ഉണ്ടെന്നു പറയാൻ ചാരുദത്തൻ നാണിക്കുന്നുണ്ടല്ലോ. എന്നാൽ വസന്തസേന കുലവധുവായിത്തീരുന്നതിനെ ചിത്രീകരിച്ചിരിക്കുന്നതു് അർത്ഥഗർഭമാണ്. ഇതൊരു പക്ഷേ അന്നു് മിശ്രവിവാഹം നടപ്പിലുണ്ടായിരുന്നതിൻെറ സൂചനയാവാം.

സമ്പത്തു് സാർവ്വത്രികമായിരുന്നില്ല എന്നും കാണാം. ദാരിദ്ര്യവും ഒപ്പംതന്നെ നടമാടിയിരുന്നു. അതിൻെറ അനിവാര്യഫലമാണ് സ്കന്ദപുത്രന്മാരും ഭവനഭേദനവും മോഷണവും മററും. ദാരിദ്ര്യഹതനും ശ്രേഷ്ഠവംശജനുമായ ശർവ്വിലകനുപോലും നിന്ദ്യപ്രവൃത്തി ചെയ്യേണ്ടിവരുന്നു.

അടിമത്തം സർവ്വസാധാരണമായിരുന്നു. അടിമയെ വില്ക്കുകയോ വാങ്ങുകയോ ധനംകൊടുത്തു് മോചിപ്പിക്കുകയോ ചെയ്യാം. ചൂതാട്ടത്തിനു് നിയമസാധുത്വമുണ്ടു്. സ്വന്തം നിയമാവലികളോടെ ഒരു ചൂതാട്ട സംഘടന തന്നെ നിലവിലിരുന്നു. ചൂതാട്ടശാലകഠം നടത്തുന്നവരും വിരളമായിരുന്നില്ല. സാമുദായികവും മതപരവുമായ ആചാരാനുഷ്ഠാനങ്ങളും അന്ധവിശ്വാസങ്ങളും ഇന്നത്തെ ഹൈന്ദവ സമൂഹത്തിൻേറതിൽനിന്നു് ഭിന്നങ്ങളായിരുന്നില്ല അന്നും-ബലി, ഉപവാസം, ഉൽസവങ്ങഠം മുതലായവയെപ്പററി പ്രസ്താ

വനകളുണ്ട്. ജ്യോതിശ്ശാസ്ത്രം, ശകുനം മുതലായവയിൽ വിശ്വാസമുള്ളവരായിരുന്നു ജനങ്ങൾ. ലളിതകലകൾ വിപുലമായി അഭിവൃദ്ധിപ്പെട്ടിരുന്നുവെന്ന് സംഗീതസംഘത്തെക്കുറിച്ചും ചിത്രമെഴുത്തിനെക്കുറിച്ചുമുള്ള പരാമർശങ്ങളിൽനിന്നറിയാം. സമൃദ്ധി കുടികൊള്ളുന്നിടത്ത് അത് സ്വാഭാവികവുമാണല്ലോ .....

ഇങ്ങനെ അതിബൃഹത്തായ ഒരു ജീവിതത്തിൻെറ ചിത്രണമുൾക്കൊള്ളുന്ന പ്രസ്തുതകൃതിയിൽ, കഥയുടെ നാനാമുഖമായ ആകർഷണീയതയെ ഉലയ്ക്കുന്നില്ലെങ്കിലും, വന്നുപെട്ടിട്ടുള്ള ചില ന്യൂനതകളെക്കൂടി ചൂണ്ടിക്കാണിക്കാതിരിക്കുന്നതു് ശരിയാവില്ലല്ലോ. ഒന്നാമങ്കത്തിൽ ചാരുദത്തഗൃഹത്തിൽനിന്ന് വസന്തസേനാവസതിയിലേയ്ക്കുള്ള പ്രയാണത്തിൽ ചന്ദ്രോദയവർണ്ണന കഴിഞ്ഞ ഉടൻ എത്തേണ്ടിടത്തെത്തിയതായി ചിത്രീകരിച്ചിരിക്കുന്നു. [ഇവിടെ ചില വരികൾ നഷ്ടപ്പെട്ടിരിക്കണമെന്നാണ് ചിലരുടെ പക്ഷം] വിദൂഷകനെ കൂടെ കാണുന്നുമുണ്ട്. രണ്ടാമങ്കത്തിലാവട്ടെ സംവാഹകൻ ബുദ്ധഭിക്ഷുവാകാൻ തീരുമാനിച്ച് അപ്രത്യക്ഷനായ ഉടൻ തന്നെ മദയാനയുടെ ആക്രമണത്തിന് വിധേയനാവുന്നു. ഭിക്ഷുവേഷം ധരിക്കാനുള്ള സമയംപോലും അതിനിടയിലുള്ളതായി തോന്നുന്നില്ല. വൈദേശ്യനോ സ്വന്തം തൊഴിൽ പരിശീലിക്കുന്നവനോ അല്ലാത്ത ശർവ്വിലകൻ ചാരുദത്തൻെറ വീടാണെന്നറിയാതെ ഭവനഭേദനം നടത്തിയെന്നുള്ളതും അവിശ്വാസ്യംതന്നെ. മദനികയ്ക്കുവേണ്ടി മോഷണം നടത്തി ബ്രാഹ്മണ്യത്തെ അധഃപതിപ്പിച്ചു എന്നു് ശർവ്വിലകൻ പറയുന്നതു് 'തെററായാലുമധീനവൃത്തി വരമാ'ണെന്നു് വിശ്വസിക്കുന്നവനും യോഗാചാര്യൻെറ ശിഷ്യനുമായ അദ്ദേഹത്തിൻെറതന്നെ 'ചൗര്യത്തിലേ നില്ക്കിലും' എന്നും മററുമുള്ള പ്രസ്താവനകളുമായി പൊരുത്തപ്പെടുന്നില്ല. വിദൂഷകൻ നടത്തുന്ന വസന്തസേനാ ഭവനവർണ്ണന ശ്രവ്യകാവ്യോചിതമാണല്ലോ. അതുപോലെതന്നെ വർഷവർണ്ണനയും. ഇവിടെ ഔചിത്യമോ സ്ഥലകാലബന്ധമോ കൂടാതെ സൂര്യചന്ദ്രന്മാരും മഴവില്ലും കൂരിരുട്ടുമെല്ലാം കൂടിക്കുഴഞ്ഞു കിടക്കുന്നു. ആറാമങ്കത്തിൽ ചാരുദത്തൻ വസന്തസേനയെക്കൂടാതെ പുഷ്പകരണ്ഡകോദ്യാനത്തിൽ ചെന്നതിൻെറ കാരണം അജ്ഞാതമത്രേ. വിചാരണസമയത്തെ ചാരുദത്തൻെറ പെരുമാററം വിസ്മയകരംതന്നെ. സുഹൃത്തിൻെറ ജീവന്മരണപ്രശ്നമായിരിക്കേ, മൈത്രേയനെക്കൊണ്ടെങ്കിലും കവിക്ക് ആഭരണത്തിൻെറ ഉറവിടം വ്യക്തമാക്കിക്കാമായിരുന്നു. അതു്

ചെയ്യാത്തതു് കഥാഘടനയിലെ ഒരു പ്രധാന വൈകല്യമത്രെ.

രംഗത്തവതരിപ്പിക്കാൻ വിഷമം സൃഷ്ടിക്കുന്ന ഒരു പ്രത്യേകത ഈ പ്രകരണത്തിലുണ്ടു്. ഒരേ സമയത്തു്, എന്നാൽ വിഭിന്ന സ്ഥലങ്ങളിൽവെച്ചു് നടക്കുന്ന സംഭവങ്ങളുടെ ചിത്രീകരണം. അത്തരം രംഗങ്ങളെ വേർതിരിച്ചു് കാണിക്കാൻവേണ്ടി ഈ വിവർത്തനത്തിൽ, വരികൾക്കിടയിലുള്ള സ്ഥലം വർദ്ധിപ്പിച്ചു് കാണിച്ചിട്ടുണ്ടു്.

മഹത്തും ബൃഹത്തുമായ ഈ കൃതി വിവർത്തനം ചെയ്യണമെന്ന ഉദ്ദേശത്തോടെയല്ല ഇതാദ്യം വായിച്ചതു്. ശ്രീ. ജോസഫ് മുണ്ടശ്ശേരിയുടെ 'മൃച്ഛകടികം-ഒരപവാദം' എന്ന ഉപന്യാസം പഠിപ്പിക്കേണ്ടി വന്നപ്പോൾ ഈ കൃതിയെ പരിചയപ്പെട്ടു. പരിചയം തുടർന്നപ്പോൾ മലയാളത്തിലിന്നിതിനൊരു വിവർത്തനമില്ലല്ലോ എന്ന ഖേദമായി. ഒപ്പം തന്നെ വെറും വിനോദത്തിനുവേണ്ടി അങ്ങുമിങ്ങുമുള്ള ചില വരികൾ തർജ്ജമ ചെയ്യുകയുംചെയ്തു. ക്രമേണ അതു് ഗുരുഭാവം കൈക്കൊള്ളുകയും ഇതിൽനിന്നെനിക്കു് മോചനമില്ലെന്നനില വന്നുചേരുകയുമുണ്ടായി. അങ്ങനെയാണു് ഞാനീ ചാപലായ പ്രചോദിതനായതു്. സത്യത്തിൽ കവിത്വമോ സംസ്കൃതത്തിൽ വേണ്ടത്ര അവഗാഹമോ ഇല്ലാത്ത ഞാൻ ഈ ചെയ്തതു് ഒരു സാഹസം തന്നെയാണു്. എന്നാൽ മഹാമനസ്കനായ ശ്രീ. കെ. പി. നാരായണപ്പിഷാരോടി ഈ പരിഭാഷ സശ്രദ്ധം വായിച്ചുനോക്കുകയും തിരുത്തുകൾ നിർദ്ദേശിക്കുകയും ചെയ്യുകവഴി എനിക്കൊരാത്മവിശ്വാസം പകർന്നുതന്നതിനെ രോമാഞ്ചത്തോടുകൂടിയേ സ്മരിക്കാനാവൂ. മാത്രമല്ല, ഒരവതാരികകൊണ്ടു് ഈ കൃതിയെ അദ്ദേഹം അനുഗ്രഹിക്കുകയും അലങ്കരിക്കുകയും ചെയ്തിരിക്കുന്നു. ആ മഹാത്മാവിനോടുള്ള എന്റെ കൃതജ്ഞത വാക്കുകളിൽ പ്രകടിപ്പിക്കാനുള്ള വൃഥാ ശ്രമത്തിനു് ഞാൻ മുതിരുന്നില്ല. അതുപോലെ, ഈ തർജ്ജമയെ സംബന്ധിച്ചേടത്തോളം സ്വന്തം കൈ, വിഘ്നരാജന്റെ കപോലഭിത്തിക്ഷതം തലോടിയുണക്കിയ ത്രിവിക്രമപ്രേയസിയുടെ ഹസ്തമാക്കിത്തീർത്ത ശ്രീ. എൻ. എൻ. കക്കാടിനോടുള്ള കൃതജ്ഞതയും മനസ്സിൽത്തന്നെ നില്ക്കട്ടെ.

പയ്യന്നൂർ,
6—4—1978.

**എം. കെ. പട്ടേരി**
പയ്യന്നൂർ കോളേജ്

# കഥാപാത്രങ്ങൾ

1 ചാരുദത്തൻ—നായകൻ
2 വിദൂഷകൻ (മൈത്രേയൻ)—ചാരുദത്തൻെറ സുഹൃത്ത്
3 വദ്ധമാനകൻ—ചാരുദത്തൻെറ സേവകൻ
4 രോഹസേനൻ—ചാരുദത്തൻെറ പുത്രൻ
5 ശകാരൻ (സംസ്ഥാനകൻ)—പാലകരാജാവിൻെറ സ്യാലൻ
6 വിടൻ (1)—ശകാരൻെറ സുഹൃത്ത്
7 സ്ഥാവരകൻ—ശകാരൻെറ സേവകൻ
8 ആര്യകൻ—ഇടയയുവാവ് —പിന്നീട് രാജാവ്
9 ശർവ്വിലകൻ—സാഹസികനായ ഒരു ബ്രാഹ്മണൻ
10 സംവാഹകൻ—പിന്നീട് ഭിക്ഷു
11 മാഥുരൻ (സഭികൻ)—ചൂതാട്ടം നടത്തിക്കുന്നവൻ
12 ദർദ്ദുരകൻ—ഒരു ചൂതാട്ടക്കാരൻ
13 ചൂതാട്ടക്കാരൻ
14 കർണ്ണപൂരകൻ, 15 കുംഭീലകൻ, 16 വിടൻ (2),
17 ബന്ധുലൻ—വസന്തസേനയുടെ സേവകന്മാർ
18 ന്യായാധിപൻ
19 ശ്രേഷ്ഠി, 20 കായസ്ഥൻ—കോടതിയുദ്യോഗസ്ഥന്മാർ
21 ശോധനകൻ—കോടതിയിലെ ജോലിക്കാരൻ
22 ചന്ദനകൻ, 23 വീരകൻ—രക്ഷാധികാരികൾ
24 ആഹിന്തൻ 25 ഗോഹൻ—ആരാച്ചാരന്മാർ
26 സൂത്രധാരൻ
27 വസന്തസേന—നായിക
28 മദനിക—വസന്തസേനയുടെ തോഴി
29 വൃദ്ധ—വസന്തസേനയുടെ അമ്മ
30 ഛത്രധാരിണി—വസന്തസേനയുടെ പരിചാരിക
31 ധൂത—ചാരുദത്തൻെറ ഭാര്യ
32 രദനിക—ചാരുദത്തൻെറ പരിചാരിക
33 നടി

പരാമൃഷ്ടരായ കഥാപാത്രങ്ങൾ: പാലകരാജാവ്; ചൂർണ്ണവൃദ്ധൻ; രേഭിലൻ; വസന്തസേനയുടെ സഹോദരൻ.

സ്ഥലം: ഉജ്ജയിനിയും പരിസരപ്രദേശവും.

# തിരുത്ത്

| പുറം | വരി | ശരി |
|---|---|---|
| 1 | 7 | ബ്രഹ്മ |
| 2 | 20 | ത്തീപ്പെട്ടാൻ |
| 3 | 19 | കൃഷ്ണമണി |
| 4 | 25 | മുച്ചരിച്ച് |
| ,, | 34 | സ്വാഗതം |
| 6 | 27 | പൂർവ്വം തയാറാക്കി |
| ,, | 33 | പെറുക്കി |
| 7 | 9 | കലവും |
| ,, | 28 | ഏതാണ്ട് |
| ,, | 33 | മൃതി |
| 10 | 33 | പേടിയൊട്ടപന്നഗ |
| 12 | 29 | സ്വാഗതം |
| 12 | 32 | പാപം |
| 14 | 1,8 | സ്വാഗതം |
| ,, | 33 | മേഘോദര |
| 15 | 9 | ചെല്ലു |
| ,, | 29, 30 | (35-ാം വരിയുടെ തുടർച്ച) |
| 16 | 1 | നിർഭാഗ്യ |
| ,, | 33 | ദാരിദ്ര്യം |
| 19 | 28 | വാദരിപ്പോൻ |
| 21 | 23 | പറഞ്ഞോളാം |
| 22 | 17 | പിച്ചിപ്പൂ |
| 24 | 11 | സ്വാഗതം |
| ,, | 14 | ഞാനിങ്ങനെ |
| 30 | 27 | അതെ |
| 31 | 14 | നോക്കീട്ട് |
| ,, | 15 | കട്ടു |
| 33 | 32 | മാധ്വ |
| 34 | 6 | മൂക്കത്തിടി |
| ,, | 21 | സ്വാഗതം |
| 37 | 3 | പൂജനീയത |
| 38 | 35 | ഹസ്തം |
| 39 | 1 | അനന്തരം |
| ,, | 16 | ക്ഷിപ്രമകറ്റു |
| 40 | 17 | കൂടിനിന്നു |
| 42 | 20 | രണ്ടു |
| 43 | 2 | ഇന്നക്കോമള |
| ,, | 4 | മൂർച്ഛന |
| ,, | 8 | നടന്നിടവെ |
| 44 | 18 | ഞാനിതിനെ |
| ,, | 22 | യണിഞ്ഞ |
| 45 | 2 | ലൊരുക്കി- |
| ,, | 5 | കളയുവോ |
| ,, | 32 | ദ്വാരം |
| 46 | 19 | ലിഞ്ഞതില്ല- |
| 47 | 4 | ദംശന |
| 48 | 3 | ദീപത്തിൻ |
| ,, | 31 | കൈയി |
| 52 | 13 | വാക്കിട്ടം |
| 54 | 21 | നൽകി |
| ,, | 23 | വർദ്ധ |
| 56 | 9 | ദോഷം |
| ,, | 15 | നോക്കമ്പൊഴോ |
| 65 | 33 | വേൻ |
| 71 | 30 | ഭവതി |

| പുറം | വരി | ശരി | പുറം | വരി | ശരി |
|---|---|---|---|---|---|
| 76 | 16 | കാര്യത്തിൽ | 134 | 13 | (......ചെന്നു്) |
| ,, | 20 | അറിയിക്കാൻ | 138 | 15 | വിളിപ്പൂ |
| 93 | 10 | കണ്ണീരു | 142 | 15 | നിന്നെ |
| ,, | 16 | റയ്യു | 144 | 16 | പൊട്ടിച്ചിട്ട |
| 95 | 1 | താവണം | 145 | 13 | കൂടാ |
| ,, | 5 | സ്ഥാനങ്ങ | 151 | 10 | .. ലാം[2] |
| ,, | 7 | പ്പെട്ടിരി | 152 | 15 | രുധിര |
| ,, | 27 | പ്പോലേ | 156 | 12 | നാമെന്നും |
| 96 | 1 | ഞാനെവിടെ | 161 | 28 | ചാരു |
| 102 | 12 | (പോകുന്നു) | 164 | 24 | സൂക്ഷിച്ചു് |
| ,, | 30 | വിഷ്ണു | 166 | 32 | അവരും തൻ |
| 112 | 21 | രീഞാ | 167 | 1 | നിമിത്ത |
| 131 | 19 | ഹാ! | | | |

# മൃച്ഛകടികം

## ഒന്നാമങ്കം

പര്യങ്കം[1] ചേർത്തു, കാൽമുട്ടിരുപുറഭുജഗം
ചാർത്തിയുംപ്രാണരോധം[2]
ചെയ്താരാലിന്ദ്രിയങ്ങൾക്കെഴുമറിവു പുറ-
ത്തേക്കടച്ചുംവലിച്ചും
തന്നിൽസ്സംജ്ഞാ[3] പ്രകാശം തെളിയവെ നിതരാം
ബാഹ്യശൂന്യാക്ഷനായി
ബ്രഹ്മധ്യാനൈക ലീനൻ ശിവനുടെ തപമേ
നിങ്ങളെക്കാത്തിടട്ടേ! 1

---

1. വീരാസനം
2. കുംഭകംകൊണ്ട് ജഡാത്മാവിനെ, വായുതാഡനമേല്പിച്ചുണർത്തി മൂലാധാരത്തിൽനിന്നുയർത്തുക എന്ന ധ്യാനപ്രകരണം.
3. ജഡാത്മാവ് സഹസ്രാരത്തിലെത്തി ഐക്യം പ്രാപിക്കുമ്പോഴുണ്ടാകുന്ന ജ്ഞാനം സംജ്ഞാനം. cf കുമാര സംഭവം III 45-50

ഒന്നാം ശ്ലോകത്തിന് മറെറാരു തർജ്ജമ: —

സർപ്പത്താലൂരുപർവ്വങ്ങളിലിരുവലയം
ചേർത്തു പര്യങ്കമാർന്നി-
ട്ടുള്ളിൽ പ്രാണാവരോധത്തൊടുമഖില നിരു—
ദ്ധേന്ദ്രിയജ്ഞാനമോടും
ആത്മാവെത്തത്വദൃക്കാലപഗതകരണം
സ്വാത്മനിൽക്കണ്ടുമേവും
ശർവ്വൻതൻ ബ്രഹ്മയോഗാത്മകതപമതുതാൻ
നിങ്ങളെക്കാത്തിടട്ടെ!

കൂടാതെ,

വിദ്യുല്ലേഖയ്ക്കൊത്ത ഗൗരീകരവല്ലി ലസിച്ചിട്ടും
കാളമേഘോപമം ശൈവകണ്ഠം കാക്കട്ടെ നിങ്ങളെ 2

(നാന്ദിയുടെ അവസാനത്തിൽ)

സൂത്രധാരൻ: മതി, സഭാവാസികളുടെ കൗതുകം കെടുത്തുന്ന എന്റെ ഈ പരിശ്രമം. മാന്യ സദസ്യരെ വന്ദിച്ച് ഞാനിങ്ങനെയറിയിക്കട്ടെ-അതായത് ഞങ്ങൾ മൃച്ഛകടികം എന്നുപേരുള്ള പ്രകരണം രംഗത്ത് പ്രയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നു.

ദ്വിജ[1] മുഖ്യതമൻ മനോഹരാംഗൻ
ദ്വിപസഞ്ചാരിയഗാധ സത്വയുക്തൻ
മുഴുതിങ്കൾമുഖൻ ചകോരനേത്രൻ
പ്രഥിതൻ ശൂദ്രകനാണു കാവ്യകാരൻ 3

കൂടാതെ അദ്ദേഹം,

ഋഗ്വേദം സാമവേദം മുതകലഗണിതം
വൈശികം[2] ഹസ്തിശാസ്ത്രം
തൊട്ടെല്ലാമുള്ളൊതുക്കിശ്ശിവകൃപ തിമിരം
തീർത്ത കണ്ണിൽത്തെളിഞ്ഞോൻ
രാജാവായ് പുത്രനെക്കണ്ടതിസുകൃതമതാ-
മശ്വമേധം നടത്തി-
ത്തിപ്പെട്ടാൻ നൂറുവർഷം ദശദിനസഹിതം
ജീവനുംകൊണ്ടശേഷം. 4

മാത്രമല്ല,

പിഴവററവനാഹവം കൊതിപ്പോൻ
ശ്രുതിവിത്തുക്കളിലുത്തമൻ തപസ്വീ
പരവാരണബാഹുയുദ്ധകാമൻ[3]
ക്ഷിതിപൻ ശൂദ്രകനിത്തരത്തിലത്രേ 5

---

1. ക്ഷത്രിയൻ-ആദ്യകാലത്ത് ബ്രാഹ്മണക്ഷത്രിയ വൈശ്യന്മാരെ പൊതുവിൽ ദ്വിജരെന്ന് പറഞ്ഞിരുന്നു.
2. വേശ്യാസംബന്ധി
3. ശത്രുഗജങ്ങളോട് / ശത്രുനിവാരണത്തിന്, ആയുധം കൂടാതെ പൊരുതാനാഗ്രഹമുള്ളവൻ.

ഇദ്ദേഹത്തിൻെറ ഈ കഥയിൽ കാണുംപോലെ
അവന്തി 1 നാട്ടിൽ ദ്വിജസാർത്ഥവാഹ-
നണ്ടായ് ദ്ദരിദ്രൻ യുവചാരുദത്തൻ
തന്നിൽഗ്ഗുണംകൊണ്ടനുരക്തയായീ
വേശാവസന്താംഗി വസന്തസേനാ. 6

അവർക്കെഴും സൽസുരതോത്സവാശ്രയം-
നയപ്രചാരം 2 , വ്യവഹാരദുഷ്ടത
ഖലസ്വഭാവം, വിധിയെന്നിതൊക്കെയി-
ക്കൃതിക്കിണക്കുന്നു നൃപാലശ്ശൂദ്രകൻ. 7

(ചുററി നടന്നു നോക്കീട്ട്) അല്ലാ നമ്മുടെയീ സംഗീതശാല ശ്ശൂന്യമായിരിക്കുന്നല്ലോ. നടന്മാരൊക്കെ എവിടെപ്പോയോ? (ആലോചിച്ച്) ആ, മനസ്സിലായി. 3

ശ്ശൂന്യമപുത്രനു ഭവനം
സന്മിത്രമെഴാത്തവന്നതതിശ്ശൂന്യം
ശ്ശൂന്യം ദിക്കുകൾ മൂർഖനു
ദാരിദ്ര്യാത്തന്നു സർവ്വവും ശ്ശൂന്യം! 8

എൻെറ സംഗീതാ 4 ഭ്യസനം കഴിഞ്ഞു. ആ നെടുങ്കൻ സംഗീതാഭ്യസനംകൊണ്ട്, വേനൽക്കാലത്തെ കടുത്ത സൂര്യകിരണങ്ങളേററ് ഉണങ്ങി വരണ്ട താമരവിത്തുപോലെ കൃഷ്ണമണികളിളകുന്ന എൻെറ കണ്ണുകൾ വിശപ്പുനിമിത്തം കടകടാന്നാവുന്നു. അതുകൊണ്ട് ഞാനിപ്പോളെൻെറ വീട്ടുകാരിയെ വിളിച്ച് പ്രാതലിനെന്തെങ്കിമുണ്ടോ ഇല്ലയോന്ന് ചോദിക്കട്ടെ. ഹേ! കാര്യവശാലും പ്രയോഗവശാലും 5 ഞാൻ പ്രാകൃതം പറയുന്നവനായിത്തീന്നിരിക്കുന്നു! ഹാ കഷ്ടം! കഷ്ടം! സംഗീതം പഠിച്ച് പഠിച്ച് എൻെറ അവയവങ്ങൾ ഉണങ്ങിയതാമരത്തണ്ടുപോലെ

---

1. ഉജ്ജയിനി

2. സുരതോത്സവത്തിനാശ്രയമായ നയ (സ്നേഹ)ത്തിൻെറ പ്രചാരം (പ്രത്യക്ഷീഭാവം) 3. അവിടത്തെ ശ്ശൂന്യതയെ സ്വന്തം ദാരിദ്ര്യവുമായി ബന്ധപ്പെടുത്തുന്നു. 4. നൃത്തം ഗീതം തഥാ വാദ്യം ത്രയം സംഗീതമുച്യതേ. 5 കാര്യം വീട്ടുകാരിയോട് സംസാരിക്കൽ, പ്രയോഗം. താണകഥാപാത്രമായി അഭിനയിക്കൽ.

അത്യാർത്തികൊണ്ട് വാടിപ്പോയിരിക്കുന്നു. അതുകൊണ്ട് ഞാനൊന്ന് വീട്ടിൽ പോയി വീട്ടുകാരി എന്തെങ്കിലുമൊരു ക്കീട്ടുണ്ടോ ഇല്ലയോന്നറിയട്ടെ. (ചുററി നടന്നു നോക്കീട്ട്) ഇതാ നമ്മുടെ വീട്. അകത്തു ചെല്ലട്ടെ. (അകത്തു കടന്നു നോക്കീട്ട്) ആശ്ചര്യം! നമ്മുടെ വീട്ടിൽ അസാധാരണ ഒരുക്കങ്ങളാം കാണുന്നതെന്ത്? വഴിയിലൊക്കെ കാടിവെള്ളം ഒഴുകിനടക്കുന്നു. ചെമ്പുകിടാരം വലിച്ചിഴച്ച് കറുപ്പു ബാധിച്ച നിലമാകട്ടെ നെററിയിൽ കുറിയിട്ട ഒരു പെണ്ണിനെപ്പോലെ അഴകേറിയതായിരിക്കുന്നു. സുഗന്ധതൈലം കൊണ്ടൊളിക്കത്തി യപോലെ എൻെറ വിശപ്പ് അധികമായിത്തീരുകയാണ്. അപ്പഴെന്താ വല്ല നിധിയും കിട്ടിയോ? അഥവാ വിശപ്പുകൊണ്ട് ഞാൻതന്നെ ജീവലോകത്തെ അന്നമയമായി കാണുകയായിരി ക്കുമോ? നമ്മുടെ വീട്ടിൽ പ്രാതലിനൊന്നും ഉണ്ടായിരിക്കില്ല. വിശപ്പ് എൻെറ പ്രാണനെത്തന്നെ പിടിച്ചുപറിക്കാൻ തുട ങ്ങുന്നു. ഇവിടെ എല്ലാം പുതിയ ഒരുക്കംപോലെ കാണുന്നല്ലോ. ഒരുത്തി കുറിക്കൂട്ടരയ്ക്കുന്നു. മറെറാരുത്തി പൂമാല കോർക്കുന്നു. (ആലോചിച്ച്) ഇതെന്തായിരിക്കാം? ആട്ടെ. വീട്ടുകാരിയെ വിളിച്ച് ചോദിച്ച് പരമാത്ഥമറിയാം. (അണിയറയ്ക്കുനേരെ നോക്കീട്ട്) ആര്യേ, ഒന്നിങ്ങുവരൂ!

നടി: (പ്രവേശിച്ച്) ആര്യ, ഇതാ ഞാൻ.

സൂത്ര: നിനക്ക് സ്വാഗതം

നടി: ഞാനെന്തു കൽപ്പനയാണനുഷ്ഠിക്കേണ്ടതെന്ന് ആജ്ഞാപി ച്ചാലും!

സൂത്ര: ആര്യേ, (സംഗീതം പഠിച്ച് പഠിച്ച് എന്നു തുടങ്ങുന്ന പൂർവ്വ വാക്യമുച്ചിരിച്ച്) നമ്മുടെ വീട്ടിൽ തിന്നാനെന്തെങ്കിലുമുണ്ടോ ആവോ?

നടി: എല്ലാമുണ്ട്

സൂത്ര: എന്തെല്ലാമുണ്ട്?

നടി: അതോ, ശക്കരപ്പായസം, നെയ്യ്, തൈരു്, ചോറ് അങ്ങ യ്ക്കിഷ്ടപ്പെട്ട രസായനം—എല്ലാമുണ്ട്. ഈ വിധത്തിൽ ദൈവ മങ്ങളെ അനുഗ്രഹിക്കട്ടെ!

സൂത്ര: ഇതെല്ലാം നമ്മുടെ വീട്ടിലുണ്ടോ? അതോ നീയെന്നെ കളി യാക്കുകയോ?

നടി: (സ്വഗതം) ഞാനിദ്ദേഹത്തെ ഒന്നുകളിയാക്കട്ടെ! (പ്രകാശം) ആര്യ, ഉണ്ട്—അങ്ങാടിയിൽ!

സൂത്ര: (കോപത്തോടെ) ആങ്ഹാ! മൂശേട്ടെ! ഇതുപോലെ നിൻെറ

ആശ ഞാൻ തകക്കും! നീ മുടിഞ്ഞുപോകും! എന്തെന്നാൽ നീയെന്നെ ഏത്തക്കല്ലുപോലെ അങ്ങുയരെ പൊക്കീട്ട് താഴത്തിട്ടിരിക്കുന്നു!

നടി: ആര്യ, പൊറുക്കണേ, പൊറുക്കണേ! ഞാൻ നേരംപോക്ക് പറഞ്ഞതാണേ!

സൂത്ര അപ്പോൾപ്പിന്നെ മുമ്പു കണ്ടിട്ടില്ലാത്തപോലെ ഈ ഒരുക്കങ്ങളെന്താണ്? ഒരുത്തി കറിക്കൂട്ടരയ്ക്കുന്നു. മററൊരുത്തി പൂക്കൾ കോർക്കുന്നു. ഈ നിലമോ, പഞ്ചവർണ്ണപുഷ്പോപഹാരത്താൽ തിളങ്ങുകയും!

നടി: ഞാനിന്നു് ഒരുപവാസമെടുത്തിരിക്കുകയാ.

സൂത്ര: എന്താണുപവാസത്തിൻെറ പേരു്?

നടി: പേര് 'അഭിരൂപപതി' എന്നാണ്.

സൂത്ര: ഇഹലോകത്തേക്കോ പരലോകത്തേക്കോ?

നടി: പരലോകത്തേക്ക്

സൂത്ര: (കോപത്തോടെ) നോക്കിൻ, മാന്യരേ, നോക്കിൻ. എൻെറ ചോറും തിന്നോണ്ടു് ഇവളൊരു പരലോക ഭർത്താവിനെ അന്വേഷിക്കുന്നു!

നടി: ആര്യൻ പ്രസാദിക്കണേ, പ്രസാദിക്കണേ! അങ്ങയെത്തന്നെ ജന്മാന്തരത്തിലും എനിക്ക് ലഭിക്കാനാണിത്.

സൂത്ര: ആരാണീയുപവാസം നിനക്കുപദേശിച്ചുതന്നതു്?

നടി: ആര്യൻെറതന്നെ പ്രിയമിത്രമായ ചൂർണ്ണവൃദ്ധൻ.

സൂത്ര: [കോപത്തോടെ[1]] അങ്ഹാ! കഴുവേറിമോനെ, ചൂർണ്ണവൃദ്ധാ! പുതുപ്പെണ്ണ് വാസനത്തൈലം പൂശിയ തലമുടിയെയെന്നപോലെ പാലകരാജാവ് നിൻെറ കഴുത്തൊടിക്കുന്നതു കാണാനെന്നാണെനിക്ക് ഭാഗ്യമുണ്ടാവുക?

നടി: ആര്യൻ പ്രസാദിക്കണേ! പരലോകത്തേയ്ക്കുള്ള ഈ ഉപവാസമനുഷ്ഠിക്കുന്നതു് ആര്യനുവേണ്ടിത്തന്നെയാണേ!! (കാല്ക്കൽ വീഴുന്നു)

സൂത്ര: ആര്യേ, എഴീക്ക് എഴീക്ക്. പറ, ഈയുപവാസത്തിനു് എന്താണ് വേണ്ടതെന്നു പറ.

നടി: നമ്മളെപ്പോലുള്ളോർക്കു് യോജിച്ച ഒരു ബ്രാഹ്മണനെ ക്ഷണിക്കണം.

സൂത്ര: അങ്ങനെയാണെങ്കിൽ ആര്യ പൊയ്ക്കൊള്ളു. ഞാനും നമ്മൾക്ക് യോജിച്ച ഒരു ബ്രാഹ്മണനെ ക്ഷണിക്കാൻ ചെല്ലട്ടെ.

---

1. ചെലവുള്ള വ്രതം ചൂർണ്ണവൃദ്ധൻ ഉപദേശിച്ചതാണ് കോപകാരണം.

നടി: ആര്യന്റെ കല്പനപോലെ (പോകുന്നു.)

സൂത്ര: (ചുററി നടന്നു്) ആശ്ചര്യം തന്നെ! എങ്ങനെയാണു് സുസമൃദ്ധമായ ഈ ഉജ്ജയിനിയിൽ എന്നെപ്പോലുള്ളോർക്ക് ചേർന്ന ഒരു ബ്രാഹ്മണനെ തേടിപ്പിടിക്കേണ്ടതു്? (നോക്കീട്ടു്) ഇതാ ഇങ്ങോട്ടുതന്നെ വരുന്നുണ്ടല്ലോ ചാരുദത്തന്റെ മിത്രമായ മൈത്രേയൻ. ശരി. എന്നാൽ ഞാനിദ്ദേഹത്തോടു് ചോദിക്കട്ടെ: ആര്യ മൈത്രേയ, ഇന്നു് ഞങ്ങളുടെ വീട്ടിൽ ആദ്യമുണ്ണുന്നതു് അങ്ങുന്നാവട്ടെ.

(അണിയറയിൽ)

ഹെ. ഭവാൻ മററൊരു ബ്രാഹ്മണനെ ക്ഷണിച്ചുകൊള്ളൂ. ഞാനിപ്പോൾ വേറൊരു കാര്യത്തിൽ വ്യാപൃതനാണു്.

സൂത്ര: ആര്യ, വിഭവസമൃദ്ധമായ ഭോജനമാണു്. പങ്കുപററാനാളില്ലതാനും. മാത്രമല്ല, ദക്ഷിണയെന്തെങ്കിലും കിട്ടുകയും ചെയ്യും.

(വീണ്ടും അണിയറയിൽ)

ഹെ. ഞാനാദ്യംതന്നെ തിരസ്കരിച്ചു കഴിഞ്ഞതാണല്ലോ. പിന്നെന്തിനു് വീണ്ടും വീണ്ടും നിർബ്ബന്ധിച്ചു് ശല്യപ്പെടുത്തുന്നു?

സൂത്ര: ഇദ്ദേഹം തിരസ്കരിച്ചു. ആട്ടെ, മറേറതെങ്കിലും ബ്രാഹ്മണനെ ക്ഷണിക്കാം. (പോകുന്നു)

(ആമുഖം കഴിഞ്ഞു)

മൈത്രേയൻ: (ഒരു വേഷ്ടിയുമായി പ്രവേശിച്ചു്) ('മററൊരു ബ്രാഹമണനെ ക്ഷണിച്ചുകൊള്ളൂ...' എന്ന മുൻവാക്യം പറഞ്ഞശേഷം) അഥവാ മൈത്രേയനായ എനിക്കും മററുള്ളവരുടെ ഭക്ഷണം തേടണം! ഹാ ദൈവമേ നിന്റൊരു പരീക്ഷണം! എന്റെ സ്നേഹിതനായ ചാരുദത്തനങ്ങുന്നു് സമ്പന്നനായിരുന്നപ്പോൾ ഈ ഞാൻ രാവും പകലും അകത്തെ നാലുകെട്ടിന്റെ വാതില്ക്കലിരുന്നു് ചുററും നിരത്തി വെച്ചിരിക്കുന്ന പാത്രങ്ങളിലെ, ശ്രദ്ധാപൂർവ്വം തയാറാക്കിയതും സുഗന്ധം വമിക്കുന്നതുമായ പലഹാരപ്പാത്രങ്ങളിൽ, ഒരു ചിത്രകാരൻ തന്റെ ചുററിലുമുള്ള ചായച്ചെപ്പുകളിലെന്നപോലെ വിരലുകൾകൊണ്ടു് തൊട്ടുതൊട്ടു്[1] മാററിവെച്ചിട്ടു്, നഗര ചത്വരത്തിലെ കാളയെപ്പോലെ അയവിറക്കിക്കൊണ്ടിരിക്കുമായിരുന്നു. ആ ഞാനിപ്പോൾ അദ്ദേഹത്തിന്റെ ദാരിദ്ര്യം നിമിത്തം മാടപ്രാവിനെപ്പോലെ അങ്ങുമിങ്ങും നടന്നു് പൊറുക്കിത്തിന്നു് അന്തിയുറങ്ങാൻമാത്രം ഇവിടെയെത്തുന്നു... മാന്യ ചാരുദത്തന്റെ പ്രിയ സുഹൃത്തായ ചൂർണ്ണവൃദ്ധൻ 'ആര്യചാരുദത്തന്റെ തേവാരം കഴിഞ്ഞാൽ അദ്ദേഹത്തിനു സമ്മാനമായി

---

1. തിന്നു് തൃപ്തനായ ശേഷം

കൊടുക്കണെ'മെന്നും പറഞ്ഞു് പിച്ചിപ്പൂമണമുള്ള ഈ വേഷ്ടി തന്ന യച്ചിരിക്കുന്നു. അതുകൊണ്ടു് ഞാനിപ്പോ൦ ആര്യചാരുദത്തനെ ചെന്നു കാണട്ടെ. (ചുററി നടന്നു നോക്കീട്ടു്) ഇതാ ആര്യചാരുദത്തൻ തേവാരം കഴിഞ്ഞു് ഗൃഹദേവതാബലി നിർവ്വഹിച്ചുകൊണ്ടു് ഇങ്ങോട്ടുതന്നെ വരുന്നു.

(പറഞ്ഞപോലെ ചാരുദത്തനും, രദനികയും പ്രവേശിക്കുന്നു)

ചാരുദത്തൻ: (മുകളിലോട്ടു നോക്കി സവിഷാദം നെടുവീർപ്പിട്ടിട്ടു്)

എന്നുമ്മറത്തെവിടെനിന്നു യഥേഷ്ടമായ് പ-
ണ്ടന്നം ബലാകകലവും ബലിയുണ്ടിരുന്നോ
ഇന്നായിടത്തു കിളരും തൃണരാശിതന്നിൽ-
ച്ചിന്നുന്ന ധാന്യതതി കീടമുഖത്തുനിന്നും! 9

(മെല്ലെ മെല്ലെ ചുററിനടന്നു് ഇരിക്കുന്നു.)

വിദൂഷകൻ: ഇതാ ആര്യ ചാരുദത്തൻ. ഞാനടുത്തു ചെല്ലട്ടെ. (ചെന്നു്) താങ്കൾക്കു സ്വസ്തി. ശ്രേയസ്സു വദ്ധിക്കട്ടെ!

ചാരു: അല്ലാ, സർവ്വകാല[1] മിത്രമായ മൈത്രേയനെത്തിയല്ലോ. സ്വാഗതം സുഹൃത്തേ! ഇരിക്കൂ!

വിദൂ: കല്പനപോലെ (ഇരിക്കുന്നു) സ്നേഹിതാ ഇതാ അങ്ങയുടെ പ്രിയ സുഹൃത്തായ ചൂർണ്ണവൃദ്ധൻ, താങ്കളുടെ തേവാരം കഴിഞ്ഞാൽ സമ്മാനിക്കണമെന്നും പറഞ്ഞു് പിച്ചിപ്പൂമണമുള്ള ഈ വേഷ്ടി തന്നയച്ചിരിക്കുന്നു. (കൊടുക്കുന്നു)

ചാരു: (വാങ്ങീട്ടു് ചിന്താമഗ്നനായി ഇരിക്കുന്നു.)

വിദൂ: ഹേ, എന്താണിങ്ങനെ ചിന്തിച്ചു കൊണ്ടിരിക്കുന്നതു്?

ചാരു: സ്നേഹിതാ,

ദുഃഖങ്ങളേററോർക്കു സുഖം തിളങ്ങും
വിളക്കുകാണുന്നതുപോലിരുട്ടിൽ
സുഖങ്ങളിൽനിന്നു ദരിദ്രനായോ-
നെടുത്തുദേഹം മൃതനായി വാഴ്‌വൂ 10

വിദൂ: സ്നേഹിതാ, മൃതിയോ ദാരിദ്ര്യമോ—എതാണ് താങ്കൾക്കിഷ്ടപ്പെട്ടതു്?

ചാരു: സ്നേഹിതാ,

ദാരിദ്ര്യം മൃതിയിവയി-
ലിവനിഷ്ടപ്പെട്ടതിങ്ങു മൃതി തന്നെ:
അല്പക്ലേശം മൃതീ, യ—
ദ്ദാരിദ്ര്യമനന്തമാം ദുഃഖം. 11

---

1. സമ്പത്തിലും ദാരിദ്ര്യത്തിലുമൊരുപോലെ.

വിദൂ: വിഷാദിക്കേണ്ട ചങ്ങാതി, അർത്ഥികൾക്കാവശ്യമായ സമ്പത്തെല്ലാം നല്കിക്കഴിഞ്ഞ താങ്കൾ, ദേവന്മാർ പാനംചെയ്ത[1] ശേഷമുള്ള പ്രതിപച്ചന്ദ്രനെപ്പോലെ, ക്ഷീണിതനെങ്കിലും ഏറെ രമണീയനാണ്.

ചാരു: എന്റെ ദൈന്യം ധനസ്ഥിതിയെക്കുറിച്ചുള്ളതല്ല ചങ്ങാതി. നോക്കു:

കാലം കഴിഞ്ഞളവിലാമദനീരുവററി-
ക്കാണുന്നതാം കരിതടം മധുപാളിപോലെ
വർജ്ജിപ്പിതെൻ ഭവനമിന്നതിഥിവ്രജങ്ങ-
ളർത്ഥക്ഷയം കരുതി-യെന്നതെനിക്കസഹ്യം. 12

വിദൂ: തോഴരേ, അല്പന്മാരായ ഈ തെണ്ടികളുണ്ടല്ലോ, അവർ കാട്ടിൽ കടന്നൽക്കുത്തില്ലാത്തിടത്തു മാത്രം പോകുന്ന കന്നാലിപ്പിള്ളേരെപ്പോലെ നഷ്ടമില്ലാത്തിടത്തേ ചെല്ലൂ!

ചാരു: സ്നേഹിത, സത്യത്തിൽ

സമ്പത്തുപോയതിലെനിക്കഴലില്ല; വിത്തം
ഭാഗ്യക്രമത്തിലണയും തിരിയെഗ്ഗമിക്കും.
എന്നാൽജ്ജനം നിഭവനഷ്ടമെഴുന്നൊരാളിൻ-
സൗഹാർദ്ദവും ശിഥിലമാക്കുവതാണസഹ്യം! 13

കൂടാതെ,

നാണക്കേടു ഭവിപ്പു നിസ്വ,നതിനാ—
ലന്തസ്സുപോകുന്നിതേ,
നിസ്തേജന്നവമാന, മിങ്ങവമത—
നില്ലാസ്ഥയൊന്നിങ്കലും
നിർവ്വിണ്ണന്നഹ, ശോകമേല്പു, പരിത-
പ്തന്നോർക്കിൽ ബുദ്ധിക്ഷയം
നാശം താൻ ഗതധീക്കു-നിസ്വതവരു—
ത്തുന്നൂവിപത്തൊക്കെയും. 14

വിദൂ: ഹേ സുഹൃത്തേ അതേ അൽപവസ്തുവിനെ വിചാരിച്ച് ഖേദിക്കാതിരിക്കൂ.

ചാരു: സ്നേഹിതാ, ഒരു പുരുഷനെ സംബന്ധിച്ചേടത്തോളം ദാരിദ്ര്യമെന്നു പറയുന്നത്,

---

1. ദേവന്മാരും പിതൃക്കളും മനുഷ്യരും നുകർന്നിട്ടാണ് കറുത്ത പക്ഷത്തിൽ ചന്ദ്രൻ ക്ഷയിക്കുന്നതെന്ന് പ്രസിദ്ധി. Cf. രഘുവംശം V 16.

ചിന്തയ്ക്കാവാസ;മന്യക്ഷ്വവമതി;യിതരം—
ശത്രു;മിത്രക്കു നിന്ദാ—
പാത്രം;വിദ്വേഷബീജം തനതു ജനതതി;
ക്കാത്മപത്നിക്കവജ്ഞ:
കാടേറാൻ ബുദ്ധിതോന്നുന്നൊരുനില;ഹൃദയം
തന്നിലെശ്ശോകമാംതീ
ച്ചുട്ടീടുന്നില്ലപാടേ,യനിശമതുകൊടും
താപമേൽപിച്ചിടുന്നു. 15

ആട്ടെ, ഞാൻ ഗൃഹദേവതകൾക്കു് ബലിയർപ്പിച്ചുകഴിഞ്ഞു. പോകു. താങ്കളും ചതുഷ്പഥത്തിൽ 1 ച്ചെന്നു് മാതാക്കൾക്കു് ബലി നല്കീട്ടുവരു.

വിദൂ: ഞാൻ പോകുന്നില്ല.

ചാരു: എന്തുകൊണ്ടു്?

വിദൂ: എന്തുകൊണ്ടെന്നാൽ ഇങ്ങനെ പൂജിച്ചിട്ടും ദേവതകൾ താങ്കളോട്ടു് പ്രസാദിക്കുന്നില്ലല്ലോ. പിന്നെന്തു ഗുണമാണു് ദേവാച്ചനകൊണ്ടു്?

ചാരു: അങ്ങനെ പറയരുതു് സ്നേഹിതാ. ഇതൊരു ഗൃഹസ്ഥന്റെ നിത്യകർമ്മമാണു്.

തപസ്സാൽ ബലിയാൽ വാക്കാൽ മനസ്സാൽ
പൂജചെയ്യുവേ
തോഷിപ്പു നിത്യം ദേവന്മാർ ശാന്തരിൽ;
ചിന്തയെന്തിനായ്. 16

അതുകൊണ്ടു് ചെല്ലൂ. മാതാക്കൾക്കു ബലിനല്കീട്ടുവരു.

വിദൂ: ഞാൻ പോകുന്നില്ലഹേ. മററാരെയെങ്കിലും പറഞ്ഞയക്കുക. ബ്രാഹ്മണനായ എനിക്കാകട്ടെ സർവ്വവും വിപരീതമായിത്തീരുന്നു. കണ്ണാടിയിലെ പ്രതിബിംബംപോലെ ഇടത്തു് വലത്താവുന്നു; വലത്തു് ഇടത്താവുന്നു. മറെറാന്നുംകൂടിയുണ്ടു്, ഈ പ്രദോഷസമയത്തു് ഇവിടെ രാജവീഥിയിൽ വേശ്യകളും വിടന്മാരും 2 പരിചാരകരും രാജവല്ലഭന്മാരുമായ ആളുകൾ സഞ്ചരിക്കുകയാണു്. അതുകൊണ്ടു് തവളക്കൊതിയനായ ഒരു കാളസർപ്പത്തിന്റെ മുമ്പിൽചെന്നുവീണ എലിക്കുഞ്ഞിനെപ്പോലെ ഞാനിപ്പോൾ വദ്ധ്യനായിത്തീന്നേക്കും. അപ്പോൾ ഇവിടിരുന്നുകൊണ്ടു് താങ്കൾക്കെന്തുചെയ്യാൻ കഴിയും?

---

1. നാൽക്കൂട്ടപ്പെരുവഴി. 2. വേശ്യാ നാഗരികയോ: സന്ദേശം പരസ്പരം വിടതി ഇതി വിട: Cf. സാഹിത്യദപ്പണം III 41.

ചാരു: ആട്ടെ, എന്നാൽ നില്ക്കൂ. ഞാൻ ധ്യാനം കഴിക്കട്ടെ.

(അണിയറയിൽ)

നില്ക്കൂ, വസന്തസേനേ നിൽക്കൂ.
(അനന്തരം വിടൻ (1), ശകാരൻ, ഭൃത്യൻ എന്നിവരാൽ അനുഗത യായി വസന്തസേന പ്രവേശിക്കുന്നു.)

വിടൻ: നില്ക്കൂ. വസന്തസേനേ, നില്ക്കൂ.

നൃത്യപ്രയോഗചതുരം ചരണങ്ങൾനീയെ-
ന്തുംഭീതിയാൽ കടുനടപ്പിനു വിട്ടിടുന്നു
പേടിച്ച ചഞ്ചലകടാക്ഷമെറിഞ്ഞുമെന്തി-
ന്നോടുന്നു നീ ശബരഭീതമൃഗിക്കുതുല്യം? 17

ശകാരൻ: നില്ക്കൂ വശന്തശേനേ, നില്ക്കൂ.

പായണ്ടനീയിടറിയോടുകവേണ്ട പെണ്ണേ
ശാടണ്ട, നില്ല്, കനിവേകുക, ശത്തിടാ നീ!
മാംശം നെരുപ്പിലമരുമ്പൊഴുതെന്നവണ്ണം
കാമത്തിലെൻ കരളുകത്തുകയാം ശുദന്തി! 18

ഭൃത്യൻ: ആര്യകേ നില്ക്കൂ നില്ക്കൂ.

ഭയന്നുമണ്ടുന്നു മമാന്തികംവി-
ട്ടൽപിഞ്ഛമാം ഗ്രീഷ്മമയൂരിപോൽ നീ
സംഭ്രാന്തനായ്ക്കാട്ടിലണഞ്ഞകോഴി-
ക്കുഞ്ഞെന്നപോലെൻ പ്രഭുവെത്തിടുന്നു. 19

വിടൻ: വസന്തസേനേ, നില്ക്കൂ നില്ക്കൂ

തൈവാഴപോലെ വിറയാർന്നുകതിപ്പതെന്ത-
ച്ചെംപട്ടുതുമ്പനിലലോലമൊതുക്കിവേഗം
കേശം സരോജമുകുളങ്ങളിതാ പൊഴിപ്പൂ
ചെംപാറയിൽഗ്ഗുഹതുരക്കവെയെന്നപോലെ.* 20

ശകാരൻ: നില്ക്കൂ വശന്തശേനേ നില്ക്കൂ.

ശ്മരശ്രുമശരരോശംമെയ്യിലാളിച്ച നീയെ-
ന്നിരവിലെഴുമുറക്കംപോക്കി ശംത്രാശമോടെ
വിരവിലിടറിയോടീടുന്നതെങ്ങാണു നീയെൻ
വരകരതലമെത്തീ കുന്തിപോൽ രാവണന്നു് 21

വിടൻ: വസന്തസേനേ,

എൻകാൽകൾ നീ മറികടന്നു ഗമിപ്പതെന്ത-
പ്പെൺപാമ്പുപേടിയൊടുന്നപന്നഗശത്രുവെ1 പ്പോൽ
പിൻതള്ളുവേൻ പവനവേഗവുമിങ്ങു, പിന്നീ-
നിന്നെപ്പിടിപ്പതിനു സുന്ദരിയെന്തുയത്നം? 22

---

* ചുവന്നകൽക്കഷണങ്ങൾ വീഴുംപോലെ. 1. ഗരുഡൻ

ശകാരൻ: എടോ ആശാനേ,

ഇപ്പെൺ നാണയശോരകാമന്തകം,
ശമ്മട്ടി,[1] ഭൂശാലയം,
മൽശ്യംതിന്മവൾ, ശപ്പിമൂക്കി, നടനം-
ശെയ്‌വോൾ, കുലംനാശിനി,
വേശ്യാ, വേശിക, യാക്ഷമിങ്ങവശികാ[2]
കാമന്നാ മഞ്ജൂശികാ:
ശൊന്നേനിങ്ങനെ പത്തു നാമ-മിനിയും
നമ്മെക്കൊതിപ്പീലിവൾ! 23

വിടൻ: ഭയവിവശമൊടോടിടുന്നതെന്ത-
ക്കവിളിലുരുമ്മിടുമാറു കുണ്ഡലങ്ങൾ,
വിടനുടെ വിരലേററ വീണയെപ്പോ-
ലിടിയൊലികേട്ടുഭയന്ന സാരസംപോൽ? 24

ശകാരൻ: നീയെന്തു് രാമനെഭയന്നൊരു കൃഷ്ണയെപ്പോ-
ലോടുന്നു ഭൂശണ ഝണൽഝണ നാദമോടെ?
നിന്നെപ്പിടിപ്പനുടനെബ്ബലമായ് ഹനുമാൻ
വിശാവശു ഭഗിനിയായ ശുഭദ്രയെപ്പോൽ 25

ഭൃത്യൻ: രാജവല്ലഭനെയോമനിക്കനീ:
കിട്ടുമേ മധുര മത്സ്യമാംസകം
കിട്ടുകിൽ മധുര മത്സ്യമാംസകം
പട്ടിപിന്നെ ശവമാശ്രയിക്കുമോ? 26

വിടൻ: ഭവതി വസന്തസേനേ,
എന്തേ കടീതടനിവേശിതമായിരിക്കും
താരാവിചിത്രരുചിരം മണികാഞ്ചിയോടും
ചെങ്കൽപ്പൊടിത്തുടുമുഖത്തൊടു, മുൾഭയത്താ—
ലോടുന്നു നീ നഗരദേവതപോൽസ്സവേഗം? 27

ശകാരൻ: നിന്നെ ഞങ്ങൾ
കടുക്കനെപ്പിൻതുടരുന്നിതാ പെൺ—
കുറുക്കനെപ്പട്ടികൾപോലെ കാട്ടിൽ
ഞെട്ടോടെയെൻ ഹൃത്തുമെടുത്തുനീയെ—
ങ്ങോടുന്നു ശീഘ്രം ശപലം ശവേഗം? 28

വസന്തസേന: പല്ലവക! പല്ലവക! പരഭൃതികേ! പരഭൃതികേ!
ശകാരൻ: (ഭയത്തോടെ) ആശാനേ ആശാനേ, ആളുകൾ! ആളുകൾ!

---

1. ത്വരിതപ്പെടുത്തുന്നത്
2. വശപ്പെടാത്തവൾ

വിടൻ: പേടിക്കേണ്ട, പേടിക്കേണ്ട!

വസന്ത: മാധവികേ! മാധവികേ!

വിടൻ: (ചിരിച്ചുകൊണ്ട്) വങ്ക! അവൾ പരിചാരികയെ അന്വേഷിക്കുകയാണ്.

ശകാരൻ: എടോ, അവൾ പെണ്ണിനെ അന്വേശിക്യാണോ ആശാനേ!

വിടൻ: അല്ലാതെപിന്നെ!

ശകാരൻ: നൂറുകണക്കിന് പെണ്ണുങ്ങളെക്കൊല്ലാനെനിക്കുകഴിയും-ഞാൻ ശൂരനാണ്!

വസന്ത; (ആരേയും കാണാതെ) ഹാ കഷ്ടം കഷ്ടം! എന്ത്! പരിജനങ്ങളെന്നെ വിട്ടുപോയി! ഇവിടെയിനി ഞാൻതന്നെ എന്നെ രക്ഷിക്കേണ്ടിയിരിക്കുന്നു.

വിടൻ: അന്വേഷിക്ക്, അന്വേഷിക്ക്!

ശകാരൻ: കരഞ്ഞോ! വശന്തശേനികേ! കരഞ്ഞോ! പരഭൃതികയേയോ പല്ലവകനേയോ വശന്തമാശത്തെ മുഴവനേയുമോ വിളിച്ച് കരഞ്ഞോ! ഞാൻ പിന്തുടരുമ്പോൾ ആരു നിന്നെ രക്ശിക്കാൻ?

> അശാദ്ധ്യമാം കന്തിശ്ശുതൻ ദശാശ്യ-
> ന്നശാദ്ധ്യമാം ഭാർഗ്ഗവ ഭീമനാലും!
> ഈ ഞാനിതാ നിൻമുടിയിൽപ്പിടിച്ച-
> ദ്ദുശ്ശാശനൻ ശെയ്തൊരു വൃത്തി ശെയ്‌വേൻ. 29

കണ്ടോ, ദാ കണ്ടോ!

> വാളം കരാളം, തലയിങ്ങുകൈയിൽ!,-
> ക്കഴുത്തറുപ്പേനഥവാ വധിപ്പേൻ
> പിന്നെന്തിനോടുന്നിവടന്നു പാഴിൽ-
> ശ്ശാവാൻ കൊതിക്കുന്നവർ വാഴലുണ്ടോ? 30

വസന്ത: ആര്യ, ഞാനബലയല്ലേ?

വിടൻ: അതുകൊണ്ടുതന്നെയാണ് നീ ജീവിക്കുന്നത്.

ശകാരൻ: അതുകൊണ്ടുതന്നെയാണ് നിന്നെ ഞാൻ കൊല്ലാത്തത്.

വസന്ത: (സ്വാഗതം) ഇയാളുടെ അനുനയംപോലും ഭയം ഉളവാക്കുന്നു. ഇരിക്കട്ടെ. ഇങ്ങനെയാവാം. (പ്രകാശം) ആര്യ, എന്നിൽ നിന്നെന്തെങ്കിലുമാഭരണം നിങ്ങളാഗ്രഹിക്കുന്നുണ്ടോ?

വിടൻ: ശാന്തം പാപം! ഭവതി വസന്തസേനേ, ഉദ്യാനലത പുഷ്പഹരണമർഹിക്കുന്നില്ല. അതുപോലെ ഞങ്ങൾക്ക് ആഭരണം കൊണ്ട് കാര്യമില്ല.

വസന്ത: പിന്നെന്താണിപ്പോൾ വേണ്ടത്?

ശകാരൻ: ഞാൻ, ദേവപുരുശൻ, മനുശ്യൻ, വാശ്രുദേവൻ കാമിക്കപ്പെടണം!

വസന്ത: (കോപത്തോടെ) ശാന്തം! ശാന്തം! പോക! നീചമായി സംസാരിക്കുന്നു.

ശകാരൻ: (കൈകൊട്ടിച്ചിരിച്ചുകൊണ്ട്) എടോ ശങ്ങാതി, കണ്ടോ? ഈ വേശപ്പെണ്ണിന് എന്നോടുള്ളാലെ ശ്ലേഹമുണ്ട്! അതുകൊണ്ടെന്നോടു പറയുകയാ, വരു, താങ്കൾ ശ്രാന്ത1 നായിരിക്കുന്നു, താങ്കൾ ക്ലാന്ത2 നായിരിക്കുന്നു എന്ന്. ഞാനാകട്ടെ മററൊരു ഗ്രാമത്തിലേക്കോ മററൊരു നഗരത്തിലേക്കൊ പോയിട്ടുമില്ല. ആര്യകേ, ഈ ശങ്ങാതിയുടെ തലയിലും എൻെറ കാലിലും തൊട്ടാണയിടുന്നു, ഭവതിയുടെ പിന്നാലെ അങ്ങോട്ടുമിങ്ങോട്ടുമോടീട്ട് ഞാൻ ശ്രാന്തനും ക്ലാന്തനുമായിരിക്കുന്നു.

വിടൻ: (സ്വഗതം) ശാന്തമെന്നു കേട്ടിട്ട് ശ്രാന്തമെന്ന് ധരിക്കുന്ന വങ്കൻ! (പ്രകാശം) വസന്തസേനേ, വേശ്യാവൃത്തിക്ക് വിരുദ്ധമാണ് ഭവതിയിപ്പറഞ്ഞത്, നോക്കു,

തരുണജനസഹായം വേണ്ടതാം വേശഗേഹം
കരുതുക ഗണികേ നീ മാർഗ്ഗവല്ലിക്കുതുല്യം
പുരുധനവരവേകം ദേഹമോ വില്പനയ്ക്കാം:
സമമുപചരണംചെയ്കിഷ്ടനും ദ്വേഷ്യനും നീ. 31

മാത്രമല്ല,

മുങ്ങും വാപിയിലന്തണപ്രവരനും
    നീചൻ വിജാതീയനും:
കേകിക്കൊപ്പമിരുന്ന കാക്കയുമൊരേ
    പൂവല്ലിയെത്താഴ്ത്തിടും;
വിപ്രാദി3 കയറുന്ന തോണി നദിയിൽ
    ചണ്ഡാളനും ചേർന്നിടും
വേശ്യേ, വാപികവല്ലിതോണിയിവപോൽ
    നീ ചേരുകെല്ലാരൊടും. 32

വസന്ത: ഗുണമാണനുരാഗത്തിൻെറ കാരണം. ബലാല്ക്കാരമല്ല.

ശകാരൻ: എടോ ശങ്ങാതി, ഈ ഗർഭദാശിയുണ്ടല്ലോ, ഇവളന്ന് കാമദേവക്ശേത്രോദ്യാനത്തിൽവെച്ച് ശാരുദത്തനെ കണ്ടതുമുതൽ ആ ദരിദ്രനിൽ അനുരക്തയാണ്. അതുകൊണ്ടാണെന്നെ കാമിക്കാത്തതു്. ഇടത്തുഭാഗത്തുതന്നെയാണവൻെറ വീട്. അതിനാൽ എടോ, എൻേറയോ തൻേറയോ പിടിയിൽനിന്നവൾ വഴുതിപ്പോകാതെനോക്കണം.

---

1. തളർന്ന 2. ക്ഷീണിച്ച.
3. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ.

വിടൻ: (സ്വാഗതം) ഒഴിവാക്കേണ്ടതേ ഈ ഏഭ്യൻ വിളമ്പൂ! എന്ത്! വസന്തസേന ആര്യചാരുദത്തനിലനുരക്തയാണെണോ? നേരാണ്, രത്നം രത്നത്തോടുചേരുന്നു എന്ന ചൊല്ല്. എന്നാലവരം പൊയ്ക്കോട്ടെ ഈ മൂഢനെക്കൊണ്ടവരംക്കെന്തുകാര്യം? (പ്രകാശം) എടോ വഷള! ആ സാൎത്ഥവാഹന്റെ വീട് ഇടത്തുഭാഗത്താണോ?

ശകാരൻ: അല്ലാതെ! ഇടത്തുഭാഗത്തുതന്നെയാണവന്റെ വീട്.

വസന്ത: (സ്വാഗതം) ആശ്ചര്യം തന്നെ! ഇടത്തുഭാഗത്താണദ്ദേഹത്തിന്റെ വീടെന്ന സത്യപ്രസ്താവനയാൽ, ഈ ദുഷ്ടനെന്നോടപരാധംചെയ്തെന്നെ എനിക്കു് പ്രിയ സംഗമം സാധിക്കത്തക്കവണ്ണം ഉപകാരം ചെയ്തിരിക്കുന്നു!

ശകാരൻ: എടോ എടോ, വശന്തശേന ഉഴുന്നുമണികളിൽ വീണ മശിഗ്ഗുളികപോലെ, കണ്ടുകൊണ്ടിരിക്കെ ഈ കൂരിരുട്ടിൽ മറഞ്ഞുപോയി!

വിടൻ: ഹൊ. കൂരിരുട്ടുതന്നെ! എങ്ങിനെയെന്നാൽ
കേടററതാകിലുമുടൻ—
തിമിരമണഞ്ഞുതടവാൻമമനേത്രം
ചിമ്മീട്ടില്ലെന്നാലും
ചിമ്മിയപോലായി കൂരിരുളാൽ 33

തന്നെയുമല്ല,

പൂശുന്നോ തിമിരം മെയ്യിൽ പെയ്യുന്നോ വാനമഞ്ജനം
എനിക്കുനേത്രം വിഫലം ഖലസേവകണക്കിനേ. 34

ശകാരൻ: എടോ എടോ, ഞാൻ വശന്തശേനികയെ അന്വേശിക്ക്യാ.

വിടൻ: എന്തെങ്കിലുമടയാളം കിട്ടുന്നുണ്ടോ മോനേ?

ശകാരൻ: എന്തടയാളമാശാനേ?

വിടൻ: ആഭരണശബ്ദമോ സുഗന്ധം കലൎന്ന പൂമാലയുടെ മണമോ മറേറാ?

ശകാരൻ: പൂമാലയുടെ മണം ഞാൻ കേരംക്കുന്നുണ്ട്. എന്നാൽ ഇരുട്ടുവന്നു നിറഞ്ഞതുകൊണ്ട് ആഭരണശബ്ദം വ്യക്തമായി കാണാൻ മൂക്കിനു് പററുന്നില്ല.

വിടൻ; (സ്വകാര്യം) വസന്തസേനേ
മേഘോദരത്തിലമരും ചെറുമിന്നൽപോലി—
സ്സന്ധ്യാതമസ്സിലിഹ നീ മറവായിരിപ്പൂ.
എന്നാകിലും തെളിവുനല്കിടുമിസ്സുഗന്ധം
പൊന്നൂപുരച്ചലനനാദവുമപ്രകാരം. 35

കേട്ടോ വസന്തസേനേ?

വസന്ത: (സ്വഗതം) കേട്ടു. മനസ്സിലാക്കയും ചെയ്തു. (മാലയും നൂപുരവും മാററുന്നതായി നടിച്ച് അൽപം ചുററിനടന്ന് കൈകൊണ്ട് തൊട്ടറിഞ്ഞശേഷം) ഹാ! ചുമരിൽ തൊട്ടുനോക്കിയതിൽനിന്ന് ഇതൊരു പാർശ്വവാതിലാണെന്ന് തോന്നുന്നല്ലോ. ചാരിയിരിക്കുന്നതുകൊണ്ട് അകത്തുനിന്ന് തഴുതിട്ടിരിക്കയാണെന്നും തോന്നുന്നു.

ചാരുദത്തൻ: എന്റെ ജപം കഴിഞ്ഞു സുഹൃത്തേ. അതുകൊണ്ട് താൻ വേഗം ചെല്ലൂ. മാതാക്കൾക്ക് ബലി നൽകീട്ട്‌വരു.

വിദൂ: ഞാൻ പോകുന്നില്ല ഹേ.

ചാരു: കഷ്ടം കഷ്ടം!

ദാരിദ്ര്യത്തിലെഴുന്നമഖന്റെ വചനം
കേൾക്കില്ല ബന്ധുക്കളും
വൈമുഖ്യം പ്രിയമിത്രരാന്നിട്ടമവ-
ന്നാപത്തുമേറും തുലോം
സത്വം ക്ഷീണിതമാം സ്വഭാവശശിതൻ
ചൈതന്യമെല്ലാമറും
മറേറാർ ചെയ്യൊരു പാപകർമ്മവുമവൻ-
തന്നിൽച്ചുമത്തപ്പെട്ടും 36

മാത്രമോ,

ഇല്ലാക്കൂട്ടിനൊരാളു, മാദരവൊടി-
ങ്ങില്ലാ നറും ഭാഷണം
വല്ലായ്മ[1] പ്പെട്ടുമുത്സവത്തിനുടയാ-
റില്ല[2] ങ്ങളിൽച്ചെല്ലുകിൽ
ചെല്ലാമാന്യ മഹാജനത്തിനരികെ-
ത്തുച്ഛാംബരൻ ലജ്ജയാൽ, -
ച്ചൊല്ലാമില്ലൊരുശങ്ക; നിദ്ധനതയാ-
ണാറാം മഹാപാതകം[3]! 37

മഹാന്തിപാതകാന്യാഹു സംസർഗ്ഗശ്ചാപി തൈ: സഹ-പഞ്ചമഹാപാതകങ്ങൾ—മനു.

കൂടാതെ,

ശോചിപ്പു നിന്നോടു ദരിദ്രതേ ഞാൻ:
വസിപ്പു നീയെന്നുടലിൽസ്സുഹൃത്തായ്

---

1. അപമാനം 2. ധനികഭവനം
3. ബ്രഹ്മഹത്യാ സുരാപാനം സ്തേയം ഗുർവ്വംഗനാഗമ:

നീർരോഗ്യനാമമെന്നുടലററിടുമ്പോ-
ളെങ്ങോട്ടു നീപോ-മതുതാൻ വിചാരം.* 38

വിദൂ: (ലജ്ജയോടെ) തോഴരേ, ഞാൻ പോകണമെന്നുണ്ടെങ്കിൽ ഈ രദനികയും വരട്ടെ സഹായത്തിനു്.

ചാരു; ചെല്ലൂ രദനികേ, മൈത്രേയൻെറ കൂടെ.

രദനിക: അങ്ങയുടെ കൽപനപോലെ.

വിദൂ: ഭവതി രദനികേ, ബലിയും വിളക്കുമെടുക്കൂ. ഞാനീ പാശ്ച വാതിൽ തുറക്കട്ടെ. (അപ്രകാരം ചെയ്യുന്നു)

വസന്ത: എന്നെ സഹായിക്കാനെന്നവണ്ണം വാതിലിതാ തുറക്ക പ്പെട്ടിരിക്കുന്നു. അതുകൊണ്ടു് ഞാനകത്ത് കടക്കട്ടെ. (കണ്ടിട്ടു്) അയ്യോ കഷ്ടം കഷ്ടം, വെളിച്ചമോ! (വസ്ത്രാഞ്ചലം കൊണ്ടു് വിളക്ക് കെടുത്തീട്ടു് പ്രവേശിക്കുന്നു.)

ചാരു: മൈത്രേയാ, എന്താണിതു്?

വിദൂ: വാതിൽതുറന്നപ്പോൾ തള്ളിവന്നകാററിൽ വിളക്കണഞ്ഞു പോയി! ഭവതി രദനികേ നീ പുറത്തുകടന്നോളൂ. ഞാനകത്തെ നാലുകെട്ടിൽച്ചെന്നു് വിളക്കുകൊളുത്തീട്ടുടൻ വന്നേക്കാം (പോകുന്നു.)

ശകാരൻ: എടോ ശങ്ങാതി, ഞാൻ വശന്തശേനികയെ തെരയുകയാ.

വിടൻ: തെരയ്, തെരയ്.

ശകാരൻ: (അപ്രകാരം ചെയ്തിട്ടു്) എടോ എടോ കിട്ടിപ്പോയി!

വിടൻ: മരത്തലയാ! ഇതു് ഞാനാണു്!

ശകാരൻ: എടോ താനീഭാഗത്തു് മാറിനില്ലു്. (വീണ്ടും തേടി ഭൃത്യനെപിടിച്ചുകൊണ്ടു്) ങ്ഹാ! കിട്ടിപ്പോയി! കിട്ടിപ്പോയി!

ഭൃത്യൻ: സ്വാമീ, ഇതവിടുത്തെ സേവകനാണു്.

ശകാരൻ: അവിടെ ശങ്ങാതി, ഇവിടെ ശേവകൻ, ശങ്ങാതിയും ശേവകനും. ശേവകനും ശങ്ങാതിയും! ഹേയ് നിങ്ങൾ രണ്ടാളും ഒരിടത്തു് മാറിനില്ലിൻ! (വീണ്ടും തെരഞ്ഞു രദനികയുടെ മുടിയിൽപിടിച്ചുകൊണ്ടു്) ങ്ഹാ! എടോ എടോ, ഇപ്പോൾകിട്ടി. വശന്തശേനികയെ കിട്ടി.

അന്ധകാരത്തിലീമാല്യ ഗന്ധം ശ്രൂശന നല്ലവേ
ശാണക്യൻ കൃഷ്ണയെപ്പോലീ മുടിയിൽപ്പിടികൂടി ഞാൻ!39

---

* ആക്കും ദാരദ്ര്യം വരരുതേ!

വിടൻ:

നീ നിൻയൗവനദർപ്പത്താൽത്തേടുമ്പോഠം കുലപുത്രനെ[1]
പൂക്കഠംചൂടിയ കേശത്തിൽപ്പിടിക്കപ്പെട്ടതൊക്കമേ! 40

ശകാരൻ: നിന്നെപ്പിടിച്ചേനെടികൊച്ചു പെണ്ണേ
മുടിക്കു് വേണിക്കു് നറുംകുഴൽക്കു്
കേണോ കരഞ്ഞോ കട്ടതൊള്ളയിട്ടോ
വിളിച്ചു് ശൂലീശനെ ശംഭുവേയോ! 41

രദനിക: (ഭയത്തോടെ) മാന്യന്മാരെന്താണീ കാണിക്കുന്നതു്!

വിടൻ: ഈ സ്വരം മററൊരുത്തിയുടേതുപോലുണ്ടല്ലോ മോനേ!

ശകാരൻ: എടോ എടോ, പെൺപൂച്ച കട്ടത്തൈരിൽ കൊതി തോന്നുമ്പോഠം ശ്വരം മാററുന്നതുപോലെ ഈ തേവിടിശ്ശി ശ്വരം മാററിയതാ!

വിടൻ: സ്വരം എങ്ങനെ മാററിയിരിക്കുന്നു! അത്ഭുതം തന്നെ! അഥവാ ഇതിലത്ഭുതമെന്താണു്?

നാട്യരംഗപ്രവേശത്താൽ- ക്കലാശിക്ഷകളാലുമേ
വഞ്ചനാശീലനത്താലും സ്വരനൈപുണ്യമാർന്നവഠം 42

വിദൂഷകൻ: (പ്രവേശിച്ചു്) അഹോ ആശ്ചര്യം! യൂപത്തിൽ കെട്ടിയിട്ട ആടിൻെറ ഹൃദയംപോലെ നിശാമന്ദമാരുതനിൽ ദീപം വല്ലാതെ കിടന്നുവിറയ്ക്കുന്നു. (അടുത്തുചെന്നു് ആ സ്ഥിതിയിൽ രദനികയെ കണ്ടിട്ടു്) ഹാ, രദനികേ!

ശകാരൻ: എടോ എടോ, ആളു്! ഒരാളു്!

വിദൂ: ആര്യ ചാരുദത്തനിപ്പോഠം ദരിദ്രനായി എന്നതുകൊണ്ടു് ഒളിപുരുഷന്മാരദ്ദേഹത്തിൻെറ വീട്ടിൽ പ്രവേശിക്കുന്നതുചിതമാണോ? ന്യായമാണോ?

രദനിക: ആര്യ മൈത്രേയ, നോക്കണേ എന്നെ അപമാനിക്കുന്നതു്.

വിദൂ: എന്തു്! നിന്നെയോ അപമാനിക്കുന്നതു്. അല്ല നമ്മെയോ?

രദനിക: തീർച്ചയായും നിങ്ങളെത്തന്നെ!

വിദൂ: എന്താണിതു് ബലാൽക്കാരമോ?

രദനിക: അതെ.

വിദൂ: നേരാണോ?

രദനിക: നേരു്!

---

1. ചാരുദത്തനെ: താൻ രക്ഷാമാർഗ്ഗം സൂചിപ്പിച്ചതനുസരിക്കാത്തതിൻെറ ശിക്ഷ.

**വിദൂ:** (കോപത്തോടെ മുട്ടം വടിയുയർത്തീട്ട്) അത്രുസ്സായോ! ഹേയ്, സ്വന്തം വീട്ടിൽ പട്ടിപോലും ഉഗ്രതകാണിക്കും. ബ്രാഹ്മണനായ ഞാനോ പിന്നെ മിണ്ടാതിരിക്കുന്നതു്! അതിനാൽ എന്നെപ്പോലുള്ളോരുടെ ഭാഗ്യംപോലെ വളഞ്ഞ ഈ മുട്ടം വടികൊണ്ടു് ദുഷ്ടനായനിൻെറ തല ഞാൻ ഉണക്കമുളംതണ്ടുപോലെ തല്ലിച്ചതയ്ക്കും!

**വിടൻ:** പൊറുക്കണേ മഹാബ്രാഹ്മണ! പൊറുക്കണേ!

**വിദൂ:** (വിടനെനോക്കി) ഇയാളിതിലപരാധിയല്ല. (ശകാരനെ നോക്കി) ഇയാളാണിതിലപരാധി. എടാ എടാ, രാജസ്യാലസംസ്ഥാനക, ദുഷ്ടദുർമ്മനുഷ്യാ! തനിക്കിതുചിതമാണോ? ആര്യചാരുദത്തനിപ്പോൾ ദരിദ്രൻതന്നെയാണ്. എന്നാലെന്താ? അദ്ദേഹത്തിൻെറ ഗുണങ്ങൾ ഉജ്ജയിനിക്കു ഇന്നലങ്കാരങ്ങളല്ലേ? അങ്ങനെയിരിക്കെ അദ്ദേഹത്തിൻെറ വീട്ടിൽക്കടന്നു് പരിജനത്തെ അപമാനിക്കുന്നോ!

ദരിദ്രനെന്നോർത്തവമാനമേകൊലാ
ദരിദ്രനാ,യില്ല വിധിക്കൊരുത്തനും
സമ്പന്നനാണെങ്കിലുമാക്ക സൽഗ്ഗുണം
തെല്ലില്ലപോ, ലായവനേ ദരിദ്രനാം. 43

**വിടൻ:** (ലജ്ജയോടെ) ക്ഷമിക്കണേ മഹാബ്രാഹ്മണ, ക്ഷമിക്കണേ! മറെറാരുവളാണെന്നു് ധരിച്ച് ഇങ്ങനെ ചെയ്തുപോയതാണ്. ദർപ്പംകൊണ്ടല്ല. നോക്കൂ, ഞങ്ങൾ
സകാമയെത്തേടുകയാം.

**വിദൂ;** എന്ത്! ഇവളെയോ!

**വിടൻ:** ശാന്തം പാപം!

—വേശ്യയായൊരു പെണ്ണിനെ
നഷ്ടപ്പെട്ടോരവളിതെ-
ന്നോർത്തിട്ടിപ്പിഴ ചെയ്തുപോയ്. 44

എല്ലാത്തരത്തിലുമുള്ള ഈ സമസ്താപരാധവും പൊറുക്കണേ! (വാളുപേക്ഷിച്ച് കൂപ്പുകൈയോടെ കാൽക്കൽ വീഴുന്നു.)

**വിദൂ:** നല്ലവനേ, എഴീക്കു എഴീക്കു. കാര്യമറിയാതെ ഞാൻ താങ്കളെ ശകാരിച്ചു. ഇപ്പോളെനിക്കു മനസ്സിലായി. അതുകൊണ്ടു് ഞാൻ മാപ്പുചോദിക്കുന്നു.

**വിടൻ:** തീർച്ചയായും ഞങ്ങളങ്ങയോടാണ് മാപ്പു ചോദിക്കേണ്ടതു്. അതുകൊണ്ടു് ഞാനെഴീക്കാം, ഒരുടമ്പടിയിൽ.

**വിദൂ:** ഭവാൻ പറഞ്ഞോളൂ!

**വിടൻ:** ഈ സംഭവം ആര്യചാരുദത്തനോടു് പറയില്ലെങ്കിൽ മാത്രം.

വിട്ട: ഇല്ല പറയില്ല.

വിടൻ:

നിൻെറയിപ്രണയം[1] വിപ്ര ശിരസ്സിലണിയുന്നു ഞാൻ
ഗുണശസ്ത്രങ്ങളാൽ, ശസ്ത്രമേന്തുമീ ഞങ്ങൾ തോററുപോയ്. 45

ശകാരൻ: (കോപത്തോടെ) എടോ താനെന്തിനാണ് അടിപണിയുമ്പോലെ കൈകൂപ്പീട്ട് ഈ ദുശ്ശീലബഡുകൻെറ കാലിൽ വീഴുന്നത്?

വിടൻ: ഭയന്നിട്ടാണ്.

ശകാരൻ: എന്തിനെ ഭയന്നിട്ട്?

വിടൻ: ആ ചാരുദത്തൻെറ ഗുണങ്ങളെ.

ശകാരൻ: വീട്ടിൽശെന്നാലൊരാൾക്ക് തിന്നാൻപോലും കൊടുക്കാനില്ലാത്തവന് എന്തു ഗുണമാണുള്ളത്!

വിടൻ: അല്ല, അങ്ങനെയല്ല.
നമ്മെപ്പോലുള്ളവരുടെ ധനപ്രാത്ഥനത്താൽത്തളന്നാ-
നാക്കും ചേത്തീലവമതിയവൻ തൻധനപ്രൗഢിഗർവ്വാൽ
വേനല്ക്കാലത്തവനൊരുകയംവററിട്ടും മട്ടിലാകെ-
ശ്ശൂഷ്കിച്ചേപോയ്നരരുടെകൊട്ടന്താപമാററിക്രമേണ 46

ശകാരൻ: (അക്ഷമനായിട്ട്) ആരാണവൻ, ഗർഭദാശീപുത്രൻ!,
ശൂരവിക്രാന്തനാം പാണ്ഡുപുത്രനാംശ്വേതകേതുവോ?
ഇന്ദ്രനാൽരാധപെറെറാരുപുത്രൻ രാവണദേവനോ?
രാമനാൽകുന്തിപെററശ്വത്ഥാമാവോ, ശൂദ്ധശ്ശൂരനാം
കീത്തിക്കപേരുകേട്ടോനദ്ധമ്മപുത്രൻ ജഡായുവോ? 47

വിടൻ: ഏഭ്യാ! മഹാനായ ചാരുദത്തനാണദ്ദേഹം.
ശ്രേഷ്ഠന്മാക്കററമിത്രം, സ്വഗുണഫലനതം
കല്പവൃക്ഷം ദരിദ്ര-
ക്കാദർശം[2] ജ്ഞാനികൾക്കും, സുചരിതനികഷം
ശീലവേലാസമുദ്രം,
സൽക്കത്താ[3] വാദരിപ്പോൻ[4] പുരുഷഗുണധനൻ
ദക്ഷിണോദാരസത്വൻ:
മറെറല്ലാരും ശ്വസിക്കുന്നതിഗുണനിവനേ
ശ്ലാഘ്യനായ്‌വാഴ്‌വതുള്ളൂ. 48

അതുകൊണ്ട് നമുക്കിവിടന്ന്പോവുക.

---

1. പ്രാത്ഥനാനുമതി രൂപത്തിലുള്ള
2. കണ്ണാടി 3. സൽക്കാരം ചെയ്യുന്നവൻ
4. ആരേയും ആദരിക്കുന്നവൻ

ശകാരൻ: വശന്തശേനയെ വിട്ടിട്ടോ?

വിടൻ: വസന്തസേന നഷ്ടപ്പെട്ടുപോയി.

ശകാരൻ: എങ്ങനെയാണ്?

വിടൻ:

അന്ധൻെറദൃഷ്ടി, പുനരാതുരപുഷ്ടി, മൂഢ
ന്നുള്ളോരുബുദ്ധി, യലസന്നടയോരുസിദ്ധി
അല്പസ്മൃതിക്കപരമുന്നതവിദ്യ, ശത്രു—
പ്രേമം—നിനക്കിവകണക്കവൾ നഷ്ടമായി. 49

ശകാരൻ: വശന്തശേനയെക്കൂടാതെ ഞാൻ പോവില്ല!

വിടൻ: ഇതുപോലും താൻ കേട്ടിട്ടില്ലേ?—

ഗ്രാഹ്യ[1]മശം കടിഞ്ഞാണാ, ലാനയോ കെട്ടുകററിയാൽ
ഹൃദയത്താൽ സ്ത്രീയു, മായ[2] തില്ലെന്നാൽപ്പോകനല്ലനീ. 50

ശകാരൻ: താൻ പോകുന്നെങ്കിൽപോ. ഞാനില്ല!

വിടൻ: ശരി, ഞാൻ പോകുന്നു. (പോയി)

ശകാരൻ: കൂട്ടകാരൻ കൂട്ടവിട്ടു. (വിദൂഷകനോട്) എടാ കാക്ക ക്കാൽത്തലയ! ദുശ്ററബഡുക! ഇരുന്നാട്ടെ, ഇരുന്നാട്ടെ!

വിദൂ: ഞങ്ങളെ ഇരുത്തിയിരിക്കുകതന്നെയാണ്.

ശകാരൻ: ആര്?

വിദൂ: തലയിലെഴുത്ത്!

ശകാരൻ. എണീക്കെണീക്ക്?

വിദൂ: എണീക്കാം.

ശകാരൻ: എപ്പോൾ?

വിദൂ: ദൈവാനുകൂല്യം വീണ്ടുമുണ്ടാകുമ്പോൾ

ശകാരൻ: എടാ, നീ കരയ്കരയ്!

വിദൂ: ഞങ്ങളെ കരയിക്കുകതന്നെയാണ്.

ശകാരൻ: ആര്?

വിദൂ: ദാരിദ്ര്യം.

ശകാരൻ: എടാ ശിരിക്ക് ഉം, ശിരിക്ക്!

വിദൂ: ചിരിക്കാം.

ശകാരൻ: എപ്പോൾ?

വിദൂ: ആര്യ ചാരുദത്തൻ വീണ്ടും സമ്പന്നനാകുമ്പോൾ.

---

1. സ്വാധീനിക്കാവുന്നത്. 2. അനുരക്തഹൃദയം.

ശകാരൻ: എടാ ദുശ്ററ ബഡുക! നീശെന്നു് ആ ദരിദ്രവാശി ശാരുദത്തനോട്ടു് ഞാൻ പറഞ്ഞതായി പറ; പുതിയ നാടകമാടാനെഴുന്നേററ ശ്ശൂത്രധാരിയെപ്പോലെ, പൊന്നണിഞ്ഞു്, ശൃണ്ണംധരിച്ച വശന്തശേനയെന്ന തേവിടിശ്ശിപ്പെണ്ണു്, കാമദേവക്ശേത്രോദ്യാനത്തിൽവെച്ചു് കണ്ടുമുട്ടിയതുമുതൽ തന്നിലനുരക്തയായവഠം, അവളിപ്പോളിതാ, ഞങ്ങഠം ബലംപ്രയോഗിച്ചു് ശ്വാധീനിക്കവേ, തൻെറ വീട്ടിൽ കടന്നിരിക്കുന്നു. അതുകൊണ്ടു് അവളെ താൻ ശ്വയമേവ പറഞ്ഞുവിട്ടു് എൻെറ കൈയിൽ ശമർപ്പിക്കണം. എന്നാൽ കോടതിയിലൊരു വ്യവഹാരംകൂടാതെ കഴിക്കാം. തന്നോടെനിക്കുള്ള ശത്രുത പെട്ടെന്നു് തീരുകയും തന്നിലെനിക്കു് പ്രീതിയുണ്ടാവുകയും ശെയ്യും. അവളെ തിരികെത്തന്നില്ലെങ്കിൽ മരണംവരെ എനിക്കു് തന്നോടു് ശത്രുതയായിരിക്കും. മാത്രമല്ല, ദാ നോക്കു—

ഞെട്ടിന്നു ശാണകമിയററിന കുമ്പളങ്ങ
നെയ്യിൽപൊരിച്ച പലലം[1] പരിശ്ശുശ്കശാകം[2]
മഞ്ഞുള്ളരാത്രിയിലൊരുക്കിയ നല്ലശോറും
ശീയില്ലപോലു[3]മധികം ശമയം കഴിഞ്ഞാൽ! 51

താൻ വേണ്ടപോലെപറഞ്ഞോളണം! കൗശലപൂർവ്വം പറഞ്ഞോളണം! ഞാനെൻെറ പുത്തൻമാളികയിലെ പ്രാക്കൂട്ടിലിരുന്നാൽ കേഠംക്കത്തക്കവണ്ണം ഉറക്കെ പറഞ്ഞോളണം! അങ്ങനെയല്ലാ പറയുന്നതെങ്കിൽ തൻെറ തലയുണ്ടല്ലോ, അതു് ഞാൻ വാതിലിനിടയിൽപ്പെട്ട കപിത്ഥക്കായപോലെ പടപടാന്നുടയ്ക്കും!

വിദൂ: പറഞ്ഞോളാം.

ശകാരൻ: (സ്വകാര്യം) ശേവകാ, ശത്യമായും വിടൻ പോയോ?

ഭൃത്യൻ: പിന്നില്ലാതെ!

ശകാരൻ: എന്നാൽ നമുക്കും വേഗം പോകാം.

ഭൃത്യൻ: എന്നാൽ വാളെടുത്താലും സ്വാമീ.

ശകാരൻ: അതു് നിൻെറ കൈയിൽത്തന്നെയിരിക്കട്ടെ.

ഭൃത്യൻ: ഇതു് സ്വാമിയുടേതാണു്. സ്വാമിതന്നെ കൈക്കൊണ്ടാലും.

ശകാരൻ: (തലമറിച്ചു പിടിച്ചുകൊണ്ടു്)

തോളത്തിയററി യുറയൂരിയൊരിത്തുടുത്ത
വാളംകയററിയുറയിൽത്തിരിയെ;ക്കുരക്കും

---

1. മാംസം 2. പച്ചക്കറി 3. ചീയും എന്നർത്ഥത്തിൽ സംഗതി വഷളാകുമെന്നോ ചീയില്ല എന്നർത്ഥത്തിൽ ശത്രുത അതേപോലെ നില്ക്കുമെന്നോ പറയാം.

പെൺപട്ടിപട്ടിയിവ പിന്തുടരും കുറുക്ക
ന്നൊപ്പം ഗൃഹംപ്രതി നടക്കുകയാണിതാ ഞാൻ 52

(ചുററിനടന്നു് പോകുന്നു)

വിദൂ: ഭവതി രദനികേ, നിനക്കുണ്ടായ ഈയപമാനം തത്രഭവാൻ ചാരുദത്തനെയറിയിക്കരുതു്. എന്തെന്നാൽ ദാരിദ്ര്യപീഡിതനായ അദ്ദേഹത്തിനു് ഇതുകേട്ടാൽ പീഡ ഇരട്ടിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.

രദനിക: ആര്യ മൈത്രേയ, രദനികയല്ലേ ഞാൻ, വായടക്കപ്പെട്ടവരം?

വിദൂ: അങ്ങനെയാവട്ടെ!

ചാരുദത്തൻ: (വസന്തസേനയോടു്) രദനികേ, കാറേറല്ലാനാഗ്രഹിക്കുന്ന രോഹസേനൻ സന്ധ്യാനേരത്തെ തണുപ്പേററ് വിഷമിക്കുകയാണ്. അതുകൊണ്ടിവനെ അകത്തുകൊണ്ടുപോകൂ. ദാ, ഈ വേഷ്ടികൊണ്ടു് പുതപ്പിക്കൂ. (വസ്ത്രം നൽകുന്നു.)

വസന്ത: (സ്വഗതം) ഇദ്ദേഹമെന്നെ പരിജനമെന്നു് കരുതി! (വേഷ്ടിയെടുത്തു് മണപ്പിച്ചശേഷം അഭിലാഷപൂർവ്വം സ്വഗതം) അത്ഭുതംതന്നെ! പിച്ചിപ്പൂമണമുള്ള വേഷ്ടി! യുവാവായ ഇദ്ദേഹം ഉദാസീനനല്ലെന്നുതോന്നുന്നു. (തിരിഞ്ഞുനിന്നു് സ്വയം വേഷ്ടി ചുററുന്നു)

ചാരു: കേട്ടില്ലേ രദനികേ, രോഹസേനനേയും കൊണ്ടകത്തേക്കുപോ!

വസന്ത: (സ്വഗതം) അങ്ങയുടെ നാലുകെട്ടിൽ പ്രവേശിക്കാൻ എനിക്കു് ഭാഗ്യമില്ലല്ലോ!

ചാരു: എന്താ രദനികേ, മറുപടിപോലുമില്ല! കഷ്ടം!

കൃതാന്തനാൽ ഭാഗ്യവിപര്യയത്തിൻ-
പീഡസ്സഹോ മർത്ത്യരധീനരായാൽ
മിത്രങ്ങളും ശത്രുത്വമിയന്നിടുന്നു
വിരക്തരാകുന്നു ചിരാനുരക്തർ! 53

(രദനികയും വിദൂഷകനും അടുത്തുചെന്നിട്ടു്)

വിദൂ: ഹേ, ഇവളാണു രദനിക.

ചാരു: ഇവളോ രദനിക? അപ്പോളീ മററൊരുത്തിയേതാണ്?

ഓരാ, തെൻ വേഷ്ടിയാൽ മെയ്യി-ലഴുക്കേററുവതാരിവരം?

1. വിഷയ വിരക്തൻ

വസന്ത: (സ്വഗതം) അഴകേററുവതെന്നു് പറഞ്ഞെങ്കിൽ!

ചാരു:

കാണുന്നു ശാരദാഭ്രത്താൽ മറഞ്ഞ ശശിലേഖപോൽ 54

അഥവാ പരകളത്ര ദർശനം യുക്തമല്ല.

വിദൂ: ഹേ, പരകളത്രദർശനശങ്കവേണ്ട. ഇവരം കാമദേവ ക്ഷേത്രോദ്യാനത്തിൽവെച്ചു് കണ്ടുമുട്ടിയതുമുതൽ താങ്കളിലനുരക്തയായിരിക്കുന്ന വസന്തസേനയാണ്.

ചാരു: ഹേയ്! വസന്തസേനയോ! (സ്വഗതം)

ഓമലാളോടെനിക്കുള്ള കാമം, നിർദ്ധനനാകയാൽ
ഭീരുവിൽ ക്രോധമെന്നോണമുള്ളിൽത്തന്നെലയിക്കയാം. 55

വിദൂ: ഹേ സുഹൃത്തേ, രാജസ്യാലൻ പറയുന്നതിതാണ്.

ചാരു: എന്തു്?

വിദൂ: പുതിയ നാടകമാടാനെഴുന്നേററ സൂത്രധാരിയെപ്പോലെ പൊന്നണിഞ്ഞു് സ്വർണ്ണം ധരിച്ച വസന്തസേനയെന്ന തേവിടിശ്ശിപ്പെണ്ണ്, കാമദേവക്ഷേത്രോദ്യാനത്തിൽവെച്ച് കണ്ടുമുട്ടിയതുമുതൽ തന്നിലനുരക്തയായവരം, അവളിപ്പോളിതാ ഞങ്ങരം ബലംപ്രയോഗിച്ചു് സ്വാധീനിക്കവേ തൻെറ വീട്ടിൽ കടന്നിരിക്കുന്നു—

വസന്ത: (സ്വഗതം) 'ബലം പ്രയോഗിച്ചു് സ്വാധീനിക്കവേ' എന്ന സത്യമായ വാക്കുകളാൽ ഞാനലങ്കൃതയായിരിക്കുന്നു!

വിദൂ: —അതുകൊണ്ടു് അവളെ താൻ സ്വയമേവ പറഞ്ഞുവിട്ടു് എൻെറ കൈയിൽ സമർപ്പിക്കണം. എന്നാൽ കോടതിയിൽ ഒരു വ്യവഹാരം കൂടാതെകഴിക്കാം. തന്നോടെനിക്കുള്ളശത്രുത പെട്ടെന്നുതീരുകയും തന്നിലെനിക്കു് പ്രീതിയുണ്ടാവുകയുംചെയ്യും. അവളെ തിരികെത്തന്നില്ലെങ്കിൽ മരണംവരെ എനിക്കു് തന്നോടു് ശത്രുതയായിരിക്കും!

ചാരു: (വെറുപ്പോടെ) മൂഢനാണയാരം (സ്വഗതം) അഹോ, ഒരു ദേവതയെപ്പോലെ പരിചരണയോഗ്യയാണീ യുവതി! അപ്പോരം, അതുകൊണ്ടാണിവരം നേരത്തെ അങ്ങനെ നിന്നതു്!

ചലിച്ചീല, മൽഭാഗ്യദോഷത്തെനേരി—
ട്ടറിഞ്ഞോ, 'ഉകത്തേകപോ'കെന്നുകേട്ടും;
മൊഴിഞ്ഞീലയൊന്നും, മഹാലോകബന്ധം—
വഴി, ക്കേറെയോതാൻമിടുക്കാന്നിരുന്നും. 56

(പ്രകാശം) ഭവതി വസന്തസേനേ അറിവില്ലായ്മമൂലം തിരിച്ചറിയാൻകഴിയാതെ സ്വന്തം പരിജനത്തോടെന്നപോലെ പെരു

മാറി ഞാനപരാധംചെയ്തു. അതിനു ഞാൻ തലകുനിച്ച് ഭവതിയെ പ്രീണിപ്പിക്കട്ടെ!

വസന്ത: എനിക്കനുചിതമായ സ്ഥലത്തേക്ക് കയറിവന്ന എൻെറ അപരാധത്തിന് ശിരസാവണങ്ങി ഞാനാര്യനെ പ്രസാദിപ്പിക്കട്ടെ.

വിദൂ: ഹേ! നിങ്ങളിരുവരും പരസ്പരം അഭിവാദ്യംചെയ്ത് രണ്ട് കഴമനെൽച്ചെടികൾപോലെ സുഖമായി തലയോട്ടതലയടുത്തിരിക്കുന്നു! ഞാനും, ഒട്ടകക്കുട്ടിയുടെ മുട്ടപോലുള്ള എൻെറ തലകൊണ്ട് നിങ്ങളിരുവരേയും പ്രസാദിപ്പിക്കട്ടെ! (എഴുന്നേൽക്കുന്നു)

ചാരു: ശരി. ഈ പ്രണയം നിലനില്ക്കട്ടെ!

വസന്ത: (സ്വാഗതം) ഈ സംഭാഷണാരംഭം മധുരവും ചതുരവുമാണ്. എന്നാൽ, ഇങ്ങനെ കേറിവന്ന ഞാൻ കൂടെ താമസിക്കുന്നത് ശരിയല്ല. ആട്ടെ, എന്നാലിങ്ങനെ പറയാം. (പ്രകാശം) ആര്യ, ഞാനിങ്ങരെ ആര്യൻെറ അനുഗ്രഹത്തിന് പാത്രമാകുണമെന്ന് വിചാരിക്കുന്നുണ്ടെങ്കിൽ എൻെറയീ പണ്ടം താങ്കളുടെ ഗൃഹത്തിൽ നിക്ഷേപിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ പണ്ടം കാരണമാണ് ആ പാപികളെന്നെ പിന്തുടരുന്നത്.

ചാരു: ഈ ഗൃഹം നിക്ഷേപത്തിനു പററിയ സ്ഥലമല്ല.

വസന്ത: ആര്യ, അത് ശരിയല്ല. മുതൽ നിക്ഷേപിക്കുന്നത് ഗൃഹങ്ങളിലല്ല, ആളുകളിലാണ്.

ചാരു: മൈത്രേയ, പണ്ടം വാങ്ങിക്കൊള്ളു.

വസന്ത: ഞാനനുഗ്രഹീതയായി. (ആഭരണം നല്കുന്നു)

വിദൂ: (വാങ്ങീട്ട്) ഭവതിക്കു സ്വസ്തി!

ചാരു: ഛീ മൂഢാ! ഇത് പണയ[1]മാണ്.

വിദൂ: (സ്വകാര്യം) അങ്ങനെയാണെങ്കിൽ കള്ളന്മാർ മോഷ്ടിക്കട്ടെ—

ചാരു: ഏറെത്താമസിയാതെ—

വിദൂ: —ഇവരം നമ്മെയേല്പിച്ച ഈ പണയം!

ചാരു: —ഞാനിതു തിരിച്ചുനല്കും.

വസന്ത: ആര്യ: ഞാനീമാന്യനോടൊത്ത് സ്വന്തം വീട്ടിലേക്ക് പോകാനാഗ്രഹിക്കുന്നു.

ചാരു: മൈത്രേയ, തത്രഭവതിയെ അനുഗമിക്കു.

വിദൂ: ഈ കളഹംസഗാമിനിയെ അനുഗമിക്കുന്നതിൽ ഒരു രാജഹംസത്തെപ്പോലെ അങ്ങുതന്നെയേ ശോഭിക്കു. നാൽക്കൂട്ടപ്പെരു

---

1. സമ്മാനമല്ല:

വഴിയിലർപ്പിച്ച ബലിതിന്നുന്ന നായ്ക്കളെപ്പോലെതന്നെ ജനങ്ങളും സാധുബ്രാഹ്മണനായ എന്നെ അവിടെവെച്ച് തിന്നും!

ചാരു: അങ്ങനെയാട്ടെ. ഞാൻതന്നെ തത്ര ഭവതിയെ അനുഗമിക്കാം. എന്നാൽ രാജവീഥിയിലുപകരിക്കുന്ന[1] ഒരു വിളക്കുകൊളുത്തു.

വിദൂ: ഹേ വർദ്ധമാനക വിളക്കുകൊളുത്തു!

രദനിക: (സ്വകാര്യം) ഹേയ്, എണ്ണയില്ലാതെങ്ങനെ വിളക്കു കൊളുത്തും?

വിദൂ: (സ്വകാര്യം) അഹോ! നിർദ്ധനനായ കാമുകനോട് ഒരു വേശ്യയ്ക്കുന്നവണ്ണം സ്നേഹശൂന്യമായിരിക്കുന്നു നമ്മുടെ വിളക്കുകളിപ്പോൾ.

ചാരു: മൈത്രേയ, ഇരിക്കട്ടെ. വിളക്കിന്റെയാവശ്യമില്ല. നോക്കു-

ഹിമകിരണനുദിപ്പൂ രാജമാർഗ്ഗം തെളിക്കാ-
നുഡുഗണപരിവാരൻകാമിനീ ഗണ്ഡപാണ്ഡു
തിമിരനികരമദ്ധ്യേ വെണ്ണിലാവെത്തി, വററ-
ച്ചെളിയുടയനടക്കായ് ക്ഷീരധാരാസമാനം.* 57

ചാരു: (അനുരാഗത്തോടെ) ഭവതി വസന്തസേനേ ഇതാ ഭവതിയുടെ ഗൃഹം, അകത്തേക്കുപൊയ്ക്കൊള്ളൂ.

വസന്ത: (അനുരാഗത്തോടെ നോക്കീട്ട് പോകുന്നു)

ചാരു: സ്നേഹിതാ, വസന്തസേന പോയി. വരൂ, നമുക്ക് വീട്ടിലേക്കുതന്നെ മടങ്ങാം.

ശൂന്യമാണീ രാജമാർഗ്ഗം സഞ്ചരിക്കുന്നു രക്ഷികൾ
വഞ്ചനത്തെയൊഴിക്കേണം ദോഷ[2] യോബഹുദോഷയാം. 58

(ചുററിനടന്ന്) ഈ ആഭരണപ്പൊതി രാത്രിയിൽ താങ്കളും പകൽ വർദ്ധമാനകനും രക്ഷിക്കേണ്ടതാണ്.

വിദൂ: അങ്ങുന്നാജ്ഞാപിക്കുംപോലെ.
(രണ്ടാളും പോകുന്നു)

മൃച്ഛകടികത്തിലെ 'പണ്ടം പണയം വെക്കൽ' എന്ന ഒന്നാമങ്കം കഴിഞ്ഞു.

---

1. പ്രകാശമുള്ളതും കാററിലണയാത്തതും.
* തുടന്ന് ഏതാനും വരികൾ നഷ്ടപ്പെട്ടിട്ടുണ്ടാവണമെന്നു് ചിലർ.
2. രാത്രി.

## രണ്ടാമങ്കം

പരിചാരിക; (പ്രവേശിച്ച്) ആര്യയ്ക്കൊരു സന്ദേശവുമായി അമ്മ യെന്നെ പറഞ്ഞയച്ചിരിക്കയാണ്. അതിനാൽ ഉള്ളിൽക്കടന്ന് ആര്യയുടടുത്തു് ചെല്ലട്ടെ. (പുറനിനടന്നു്നോക്കീട്ട്) ആര്യയി താ മനസ്സിലെന്തോ ഗാഢമായി ചിന്തിച്ചുകൊണ്ടിരിക്കുന്നു. അടുത്തുചെല്ലട്ടെ.

(അനന്തരം കാമോൽക്കണ്ഠിതയായ വസന്തസേനയും മദനികയും ഇരുന്നനിലയിൽ പ്രത്യക്ഷപ്പെടുന്നു.)

വസന്തസേന: തോഴീ, എന്നിട്ട്, എന്നിട്ട്?

മദനിക: ആര്യേ, ഒന്നുംപറയാതെ എന്നിട്ടെന്നിട്ടെന്നു ചോദി ച്ചാൽ?

വസന്ത: ഞാനെന്താപറഞ്ഞതു്?

മദനിക: എന്നിട്ടെന്നിട്ടെന്നു്.

വസന്ത: (പുരികമിളക്കിക്കൊണ്ടു്) ങ്ഹാ. അതെ.

പരിചാരിക: (സമീപിച്ച്) ആര്യേ, അമ്മയറിയിക്കുന്നു, കുളി ച്ചു് ദേവാർച്ചനചെയ്യണമെന്നു്.

വസന്ത: തോഴീ, അമ്മയോടു് ചെന്നുപറയൂ ഞാനിന്നു് കുളിക്കു ന്നില്ല, അതിനാൽ ബ്രാഹ്മണനെക്കൊണ്ടുതന്നെ പൂജ നിർവ്വഹി ക്കണമെന്നു്.

പരി: കല്പനപോലെ. (പോകുന്നു)

മദ: ആര്യേ, സ്നേഹംകൊണ്ടു് ചോദിച്ചുപോവുകയാണ്. കുററം കണ്ടുപിടിക്കാൻ വേണ്ടീട്ടല്ല. പറയൂ, എന്താണിതു്?

വസന്ത: മദനികേ, എന്നെക്കണ്ടാലെന്തുതോന്നും?

മദ: ആര്യയുടെ അന്യമനസ്കത കണ്ടിട്ടെനിക്കു തോന്നുന്നു, മനസ്സി ലേക്കു കടന്നുവന്ന ആരേയോ ആര്യ അഭിലഷിക്കുന്നെന്നു്.

വസന്ത: ശരിയാണ് നീ പറഞ്ഞതു്. പരഹൃദയഗ്രഹണത്തിൽ സമർത്ഥയാണല്ലോ മദനിക!

മദനിക: സന്തോഷായെനിക്കു്! ഇതു് കാമദേവൻതന്നെ ആണ ല്ലോ? യുവജനങ്ങളുടെ മഹോത്സവം അനുഗ്രഹിക്കപ്പെട്ടു! ആട്ടെ, പറയൂ, രാജാവിനെയോ രാജവല്ലഭനേയോ സേവിക്കുന്നതു്?

വസന്ത: സേവിക്കാനല്ല തോഴീ രമിക്കാനാണെനിക്കാശ.[1]

മദ: വിദ്യാവിശേഷാലങ്കൃതനായ ഏതെങ്കിലും ബ്രാഹ്മണയുവാ വിനെയാണോ കാമിക്കുന്നതു്?

---

1. പണത്തിനല്ല, പ്രണയത്തിനാണാശ.

വസന്ത: ബ്രാഹ്മണർ എനിക്കാരാദ്ധ്യരാണ്.

മദ: അനേകം നഗരങ്ങളിൽച്ചെന്നു് ധാരാളം വിഭവം നേടിക്കൂട്ടീട്ടുള്ള വല്ല യുവവണിക്കിനേയുമാണോ കാമിക്കുന്നതു്?

വസന്ത: തോഴീ, ഏററവും സ്നേഹമുണ്ടായിട്ടും പ്രിയജനത്തെ ഉപേക്ഷിച്ചു് മറുനാട്ടിൽ പോകുന്നതുകൊണ്ടു് കടുത്ത വിരഹദുഃഖം വരുത്തിവെക്കുന്നവരാണ് വണിക്കുകരം.

മദ: രാജാവിനെയല്ല, രാജവല്ലഭനെയല്ല, ബ്രാഹ്മണനെയല്ല, വണിക്കിനേയുമല്ല! പിന്നാരെയാണിപ്പോരം രാജകുമാരി കാമിക്കുന്നതു്?

വസന്ത: തോഴീ, നീയെന്നോടൊപ്പം കാമദേവക്ഷേത്രോദ്യാനത്തിൽ വന്നിരുന്നില്ലേ?

മദ; വന്നിരുന്നു.

വസന്ത: എന്നിട്ടും ഒരുദാസീനയെപ്പോലെ നീയെന്നോട്ടു് ചോദിക്കുന്നല്ലോ!

മദ: മനസ്സിലായി. ആര്യസഹായം തേടിയപ്പോരം കൂടെവന്നു് വീട്ടിൽകൊണ്ടുവിട്ട ആ ആരംതന്നല്ലേ?

വസന്ത: എന്താണദ്ദേഹത്തിൻെറ പേരു്?

മദ: അദ്ദേഹം വ്യാപാരിത്തെരുവിലാണല്ലോ താമസിക്കുന്നതു്.

വസന്ത: ഏയ്! നിന്നോടദ്ദേഹത്തിൻെറ പേരാണ് ചോദിച്ചതു്!

മദ: പ്രസിദ്ധനായ അദ്ദേഹത്തിൻെറ പേരല്ലെ ആര്യചാരുദത്തൻ എന്നു്.

വസന്ത: (സഹർഷം) കൊള്ളാം മദനികേ, കൊള്ളാം. നീ ശരിക്കറിഞ്ഞുവെച്ചിരിക്കുന്നു!

മദ: (സ്വഗതം) ഞാനിങ്ങനെ പറയട്ടെ. (പ്രകാശം) ആര്യേ അയാരം ദരിദ്രനെന്നാണല്ലോ കേരംവി.

വസന്ത: അതുകൊണ്ടുതന്നെയാണ് ഞാൻ കാമിക്കുന്നതു്. ദരിദ്രപുരുഷനിൽ മനസ്സുവെച്ചാൽ ലോകത്തിൽ ഗണിക അവചനീയ[1] യായിത്തീരുമല്ലൊ.

മദ: ആര്യേ പൂക്കളൊഴിഞ്ഞാൽപ്പിന്നെ മധുകരികരം തേന്മാവിനെസ്സേവിക്കുമോ?

വസന്ത: അതുകൊണ്ടാണവയെ മധുകരികരം*എന്നു പറയുന്നതു്.

---

1. അനിന്ദ്യ-ധനത്തെമാത്രം പ്രേമിക്കുന്നവളെന്ന ഭർത്സനത്തിനിടയാകാത്തവരം. * തേനെണ്ടാക്കുകമാത്രം ചെയ്യുന്നവർ-ആസ്വാദകരല്ല. വേശ്യകരം മററുള്ളവക്കു് രസം നൽകുന്നു; സ്വയം രസിക്കുന്നില്ല. വസന്തസേന വ്യത്യസ്ത.

മദ: അദ്ദേഹത്തെ ആഗ്രഹിക്കുന്നെങ്കിൽ പിന്നെന്താണുടനിപ്പോഠം അദ്ദേഹത്തെ അഭിസരിക്കാത്തതു്?

വസന്ത: തോഴി, പെട്ടെന്നു ഞാനങ്ങോട്ടു ചെന്നാൽ പ്രത്യുപകാര ദുർബ്ബലനായ അദ്ദേഹത്തെ പിന്നെ കാണാൻ സാധിച്ചില്ലെന്നു[1] വരും.

മദ: അതുകൊണ്ടുതന്നെയാണോ ** ആ പണ്ടം അദ്ദേഹത്തിൻെറ കൈയിൽ കൊടുത്തതു്.

വസന്ത: നിൻെറ ഊഹം ശരിയാണുതോഴി.

(അണിയറയിൽ)

എടാ, ചൂതാട്ടക്കാരാ! ഇതാപത്തുപൊൻപണത്തിനു് കടപ്പെട്ട ചൂതാട്ടക്കാരനോടുന്നേ, ഓടുന്നേ, പിടിക്കൂ, അവനെ പിടിക്കൂ! നില്ലവിടെ! നില്ലാൻ! ദൂരത്തുനിന്നു് നിന്നെ ഞാൻ കാണുന്നുണ്ടു്!

സംവാഹകൻ: (സംഭ്രമത്തോടെ തിരനീക്കിപ്രവേശിച്ചു്) അയ്യോ!
ചൂതാട്ടക്കാരൻെറ അവസ്ഥ കഷ്ടംതന്നെ! ഹാ!
പുത്തനായി ബന്ധമററ ഗർദ്ദഭിക്കു[2]തുല്യമായ്–
ഗ്ഗർദ്ദഭിയെനിക്കുനൽകിയുഗ്രമായ താഡനം
അംഗരാജ[3]മുക്തമായശക്തി[4]യാൽഘടോൽക്കചൻ–
പോലെ ഞാനുമിന്നു ശക്തിയാലെഹാ വിഘാതിതൻ. 1

സഭികൻ[5]ലേഖനാസക്ത[6]നാണെന്നോർത്തോടിസത്വരം
മാർഗ്ഗത്തിലെത്തിനേനിപ്പോ,-ളിനിയാരഭയംതരും? 2

ആട്ടെ, ഇപ്പോളീ സഭികനും ചൂതാട്ടക്കാരനും എന്നെ മറെറങ്ങോ തേടുകയാണു് അതുകൊണ്ടു് ഞാൻ പിന്നോക്കംനടന്നു് ഈ ശൂന്യ ദേവാലയത്തിൽക്കടന്നു് ബിംബമായിരിക്കട്ടെ. (പലവിധം നടിച്ചു് അങ്ങനെ നിൽക്കുന്നു.)

(മാഥുരനും ഒരു ചൂതാട്ടക്കാരനും പ്രവേശിക്കുന്നു)

---

1. എൻെറ പ്രണയത്തിനു് സമ്മാനമായി എന്തെങ്കിലും നല്ലാനിപ്പോഠം കഴിവില്ലാത്ത ചാരുദത്തൻ പിന്നെ മുമ്പിൽ വരികയില്ല!

** ദരിദ്രനായിട്ടും അദ്ദേഹത്തെ താൻ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടെന്നു് ബോദ്ധ്യപ്പെടുത്താനും അവിടെ ചെല്ലാനൊരവസരമുണ്ടാക്കാനും.

2. ഗർദ്ദഭി-പെൺകഴുത; ഒരു ചൂതു്കരു. 3. കർണ്ണൻ.

4. ശക്തി-വേലു്; ഒരു ചൂതു്കരു. 5. ചൂതുകളിപ്പിക്കുന്നവൻ.

6. ഫലം കുറിച്ചുവെയ്ക്കുന്നതിൽ ലീനൻ.

മാഥുരൻ: എടാ ചൂ താട്ടക്കാരാ! ഇതാ പത്തുപൊൻപണത്തിനു് കടപ്പെട്ട ചൂതാട്ടക്കാരനോട്ടന്നേ ഓടുന്നേ! പിടിക്കൂ, അവനെ പിടിക്കൂ! നില്ലവിടെ നിൽക്കാൻ! ദൂരത്തുനിന്നു് നിന്നെ ഞാൻ കാണുന്നുണ്ടു്!

ചൂതാട്ടക്കാരൻ:

പാതാളത്തിലൊളിച്ചാലുമിന്ദ്രൻ ശരണമാകിലും
നിന്നെസ്സഭികനല്ലാതെ രക്ഷിക്കില്ല മഹേശനും! 3

മാഥുരൻ:

എങ്ങെങ്ങെടാ കുലയശസ്സുകളെക്കുറപ്പി-
ച്ചോടുന്നു സൽസഭികനാമിവനുള്ളനേരം
പേടിച്ച രണ്ടുവിറയാ,ന്നടിവെപ്പുതോറും
നിമ്നോന്നതസ്ഖലിതനായ്പ്പരവഞ്ചകാനീ? 4

ചൂതാ: (കാലടി നോക്കീട്ടു്) ദാ. പോയവഴി, ഇതിനപ്പുറം കാണുന്നില്ലല്ലോ കാലടികൾ.

മാഥു: (നോക്കീട്ടു് സംശയത്തോടെ) എടോ കാല്പാടുകൾ പിന്തിരിഞ്ഞാണല്ലോ. അമ്പലം ബിംബമില്ലാത്തതുമാണ്. (ചിന്തിച്ചു്) ആ കള്ളച്ചൂതാട്ടക്കാരൻ പിന്നോക്കം നടന്നു് അമ്പലത്തിൽ കടന്നിട്ടുണ്ടു്!

ചൂതാ: എങ്കിൽ നമുക്കു് പിന്തുടരുക.

മാഥു: ശരി.

(ഇരുവരും അമ്പലത്തിൽ കടക്കുന്നതായി നടിക്കുന്നു. നോക്കീട്ടു് അന്യോന്യം ആംഗ്യത്തോടെ)

ചൂതാ: ഇതെന്തു്? ഒരു മരപ്രതിമയാണല്ലോ.

മാഥു: അല്ലെടോ. അല്ലേയല്ല. കൽപ്രതിമയാണ്!. (പലതരത്തിലിളക്കുന്നു. എന്നിട്ടു് സംജ്ഞകാണിക്കുന്നു.) ആട്ടെ. വാ, നമുക്കു് ചൂതു്കളിക്കാം. (ബഹുവിധം ചൂതാട്ടം നടത്തുന്നു.)

സംവാഹകൻ: (ചൂതാടാനുള്ള വികാരത്തെ പലവിധത്തിലും നിയന്ത്രിച്ചു് സ്വഗതം) ഹാ!

രാജ്യം പോയ്പോയ രാജാവെ ഢക്കാശബ്ദം കണക്കിനേ
കരു ശബ്ദംനിർധനൻെറ ഹൃദയത്തെ ഹരിപ്പിതേ 5

ക്രീഡിക്കില്ലിനി-യറിവേൻ,
മേരുശിഖരപതനസന്നിഭംദ്യൂതം
എന്നാൽ, കോകിലമധുരം
കരുശബ്ദമഹോ ഹരിപ്പിതെൻചിത്തം. 6

ചൂതാ: എൻെറ, കളിയാണ്, എൻെറ കളി.

മാഥു: അല്ലല്ല എൻെറ കളിയാ, എൻെറ കളി!

സംവാ: (പെട്ടെന്നൊരു ഭാഗത്തുനിന്നു് പ്രവേശിച്ച്) അല്ല, എൻെറ കളിയാ!

ചൂതാ: ങ്ങ് ഹാ! ആളെക്കിട്ടിപ്പോയി!

മാഥു! (പിടികൂടീട്ട്) എടാ വഞ്ചക, നിന്നെ പിടികിട്ടിയിരിക്കുന്നു! വെക്കിവിടെ ആ പത്തുപൊൻപണം!

സംവാ: ഞാനിന്നുതന്നെതരാം.

മാഥു: ഇപ്പോഠം തന്നോളണം.

സംവാ: തന്നേക്കാം പ്രസാദിക്കണേ!

മാഥു: ഇപ്പോഠം താടാ!

സംവാ: എനിക്കു് തലചുററുന്നു (താഴെവീഴുന്നു)
(രണ്ടുപേരും പലവിധത്തിലടിക്കുന്നു)

മാഥു: ചൂതാട്ടസംഘടനയുടെ പേരിൽ നിന്നെ ബന്ധിച്ചിരിക്കുന്നു!

സംവാ: (എഴുനേററ് വിഷാദത്തോടെ.) എന്തു്! ചൂതാട്ടസംഘടനയുടെ പേരിലെന്നെബന്ധിച്ചിരിക്കുന്നെന്നോ കഷ്ടം! ചൂതാട്ടക്കാരായ നമുക്കു് അലംഘനീയമായ വ്യവസ്ഥയാണിതു്. പക്ഷേ ഞാനെവിടെന്നാ പണം തരേണ്ടതു്?

മാഥു: എടാ ഉറപ്പുതാ. ഉം താ!

സംവാ: ഞാനിങ്ങനെ ചെയ്യാം. (ചൂതാട്ടക്കാരനെ സമീപിച്ച്) പാതി നിങ്ങഠംക്കു് തരാം. പാതിയെനിക്കു് വിട്ടുതരണം!

ചൂതാ: അങ്ങനെയാട്ടെ.

സംവാ: (സഭികനെ സമീപിച്ച്) പാതിക്കു് ഞാനുറപ്പു് നൽകാം. മറെറപ്പാതി വിട്ടുതരണം!

മാഥു: എന്താ തരക്കേടു്? അങ്ങനെയാട്ടെ.

സംവാ: (പരസ്യമായി) ആര്യ, പാതി നിങ്ങഠം ഉപേക്ഷിച്ചു, ഇല്ലേ?

മാഥു: അതെ, ഉപേക്ഷിച്ചു.

സംവാ: (ചൂതാട്ടക്കാരനോട്ടു്) പാതിനിങ്ങളുമുപേക്ഷിച്ചു, ഇല്ല?

ചൂതാ: അതെ.

സംവാ: എന്നാലിനി ഞാൻ പോകുന്നു.

മാഥു: എവിടെപ്പോകാൻ! പത്തു പൊൻപണം ഇങ്ങു വെച്ചോ!

സംവാ: നോക്കണേ! മാന്യന്മാരെ, നോക്കണേ ഹാ, ഇപ്പോഠംതന്നെയാണു് പാതിക്കുറപ്പുനല്കിയതും പാതിയുപേക്ഷിച്ചതും. എന്നിട്ടും കഴിവില്ലാത്ത എന്നോട്ടു് ഇപ്പോഠംത്തന്നെ ആവശ്യപ്പെടുന്നു!

മാഥു: [കടന്നുപിടിച്ചിട്ട്[ കള്ള! മാഥുരനാണ് ഞാൻ, സമത്ഥൻ എന്നെച്ചതിക്കാൻ നോക്കണ്ട. അതുകൊണ്ട് എടാ വഞ്ചക, പൊൻപണം മുഴവനും ഇപ്പോഠ തന്നോളണം

സംവാ: ഞാനവിടന്നു തരാനാ?

മാഥു: തൻെറ തന്തയെ വിററിട്ട് താ.

സംവാ: എനിക്കെവിടെയാ തന്തയുള്ളതു്?

മാഥു: എന്നാ തള്ളയെ വിററിട്ട് താ.

സംവാ: എനിക്കെവിടെയാ തള്ളയുള്ളതു്?

മാഥു: എന്നാ തന്നെത്തന്നെ വിററ് തൊലയ്ക്കു്!

സംവാ: എന്നാ ദയവായി എന്നെ രാജവീഥിയിലേക്ക് നയിക്കു.

മാഥു: നടക്കു്!

സംവാ: അങ്ങനെയാട്ടെ(ചുററിനടക്കുന്നു). മാന്യരേ, പത്തു പൊൻ പണംകൊടുത്തു് ഈ സഭികൻെറ കൈയിൽനിന്നെന്നെ വാങ്ങണേ! (നാക്കീട്ട് ആകാശത്തിൽ) എന്താ ചോദിച്ചതു്! 'നീയെന്തുചെയ്യു'മെന്നോ? താങ്കളുടെ വീട്ടിൽ ജോലിക്ക് നില്ക്കാം. എന്തു്! അയാളത്തരംപറയാതെ പൊയ്ക്കളഞ്ഞല്ലോ! ആട്ടെ, ഈ മറേറയാളോട് പറയാം (മുൻവാക്യം ആവർത്തിക്കുന്നു) എന്തു്! ഇയാളും എന്നെ തിരസ്കരിച്ച് കടന്നുകളഞ്ഞെന്നോ! കഷ്ടം! ആര്യചാരുദത്തൻെറ വിഭവ നാശത്താൽ മന്ദഭാഗ്യനായ ഞാനീനിലയിലായി!

മാഥു: തന്നോളന്നു്!

സംവാ: ഞാനെവിടന്നാ തരേണ്ടതു്! (വീഴുന്നു)
(മാഥുരൻ പിടിച്ചുവലിക്കുന്നു)

സംവാ: മാന്യരേ, രക്ഷിക്കണേ, രക്ഷിക്കണേ!

ദർദ്ദുരകൻ: (പ്രവേശിച്ച്) ഹേയ്, പുരുഷന് ചൂതെന്ന് പറയുന്നതു് സിംഹാസനമില്ലാത്ത രാജ്യമാണല്ലോ. അയാഠ,

പരാജയത്തെഗ്ഗണിയാതെ, വിത്തം
കരസ്ഥമാക്കും ചെലവാക്കുമെന്നും
ധനാഢ്യനായിട്ടരചൻകണക്കെ—
ഢനാഢ്യരാൽസ്സേവനമാഗ്രഹിപ്പൂ. 7

കൂടാതെ,

ദ്രവ്യം ലബ്ധം ദ്യൂതത്താലെ ഭാര്യാമിത്രം ദ്യൂതത്താലേ
ദാനം ഭോഗം ദ്യൂതത്താലേ സർവ്വം നഷ്ടം ദ്യൂതത്താലേ 8

മാത്രമല്ല,

ത്രേതം കട്ടസകലം
പാവരപതനത്തിനാൽത്തനവരണ്ട

നർദ്ദിതമേ വഴികാട്ടി
വീണുകടത്താൽ*, നടപ്പുഞാൻ വീണ്ടും. 9

(മുമ്പോട്ടുനോക്കീട്ട്) ഇതാ നമ്മുടെ പഴയസഭികൻ മാഥുരൻ ഇങ്ങോട്ടുതന്നെ വരുന്നല്ലോ! ആട്ടെ, ഇനി ഒഴിഞ്ഞുപോകാൻപററില്ല. അതുകൊണ്ട് ഞാനെന്നെ മറക്കട്ടെ. (പലവിധം നടിച്ച് നിൽക്കുന്നു. മേൽമുണ്ട് പരിശോധിച്ചിട്ട്)

സൂത്രദരിദ്രം മമവരവസ്ത്രം
ഛിദ്രശതാലങ്കൃതമൊരുവസ്ത്രം
ചുററുവതിന്നിങ്ങനുചിതവസ്ത്രം
മാററിതിനാസ്സംവൃതനില[1]മാത്രം. 10

അഥവാ ഈ ദരിദ്രവാസിക്ക് എന്നെ എന്തുചെയ്യാൻ കഴിയും? ഞാനാകട്ടെ,

കതിരോനസ്തമിപ്പോളമൊരുകാലംബരത്തിലും
മറെറാന്നു ഭൂമിയിലുമായ് നില്ക്കാൻ കഴിവെഴുന്നവൻ[2] 11

മാഥു: താ! തരാൻ!

സംവാ: ഞാനെവിടന്ന് തരാനാ?

മാഥു: (പിടിച്ചുവലിക്കുന്നു.)

ദർദ്ദുരകൻ: അല്ലാ, എന്താണ് മുമ്പിൽ നടക്കുന്നത്? (ആകാശത്തിൽ) താങ്കളെന്താ പറഞ്ഞത്? 'ഈ ചൂതാട്ടക്കാരനെ സഭികൻ പീഡിപ്പിക്കുന്നു, ആരും വിടുവിക്കുന്നില്ലെ'ന്നോ? എന്നാൽ ഈ ദർദ്ദുരകൻ വിടുവിക്കും! (സമീപിച്ച്) വഴി, വഴി! (കണ്ടിട്ട്) അല്ലാ, ചൂതാളി മാഥുരൻ! ഇതു പിന്നെ പാവം സംവാഹകനാണല്ലോ.

അർക്കൻപോയസ്തമിക്കുംവരെയുമചലനായ്-
ത്തൂങ്ങിനില്ക്കാതെ കീഴ്ക്കാം-
ത്തൂക്കാ,യേല്ക്കാതെ മൺകട്ടകളുരസിയെഴും
മുദ്ര പൃഷ്ടത്തിലെന്നും **
നിത്യം ജംഘാന്തരത്തിൽ ശ്ശുനകരുടെ കടി-
പ്പാടുമേൽക്കാതെ വാഴ-
ന്നീനെട്ടൻ കോമളന്നിങ്ങവിരതമെഴുമി-
ച്ചൂതിനാൽക്കാര്യമെന്താം! 12

---

* ത്രേതം, പാവരം, നർദ്ദിതം, കടം- ചൂതുകരുക്കളുടെ സാങ്കേതികനാമങ്ങൾ. 1. ചുരുട്ടിയ അവസ്ഥ. 2. സഹനശക്തിയും തടിമിടുക്കുമുള്ളവൻ.

** കടക്കാരനു് അനുഭവിക്കേണ്ടിവരുന്ന ദണ്ഡനങ്ങൾ.

ശരി. ഞാനെന്നാൽ മാഥുരനെ സമാധാനിപ്പിക്കട്ടെ. (സമീപിച്ച്) മാഥുര, നമസ്കാരം!

മാഥു: (പ്രത്യഭിവാദ്യം ചെയ്യുന്നു.)

ദർദ്ദു: എന്താണിതു്?

മാഥു: ഇയാറം പത്തു പൊൻപണം തരാനുണ്ടു്.

ദർദ്ദു; ഓ. അതെത്ര നിസ്സാരം!

മാഥു: (ദർദ്ദുരകന്റെ കക്ഷത്തിൽ ചുരുട്ടിവെച്ച വസ്ത്രം വലിച്ചെടുത്തു്) നോക്കണേ മാന്യരേ, നോക്കണേ! ജീർണ്ണവസ്ത്രധാരിയായ ഈ മനുഷ്യൻ പത്തു പൊൻപണത്തെ നിസ്സാരമെന്നു പറയുന്നു!

ദർദ്ദു: എടോ വിഡ്ഢി, പത്തു പൊൻപണം ഒരൊററ കടമേറുകൊണ്ടു് തന്നുതീർക്കാൻ എനിക്കു കഴിയും! പിന്നെന്താ! പണമുള്ള ഒരാളതു് നെഞ്ചത്തേററി നടന്നു് കാണിക്കണോ! എടോ,

നീചനാം നീ നശിച്ചോൻ നീ പത്തു പൊന്നിന്നുവേണ്ടിയേ
പഞ്ചേന്ദ്രിയ സമായുക്തൻ മർത്ത്യനെക്കൊന്നീടുന്നു നീ! 13

മാഥു പ്രഭോ! അവിടത്തേക്കു് പത്തു പൊൻപണം നിസ്സാരമായിരിക്കാം. അടിയനതു് സമ്പത്താണേ!

ദർദ്ദു: അങ്ങനെയാണെങ്കിലിതു് കേറക്കു്: അയാറക്കു് വേറൊരു പത്തു പൊൻപണം കൊടുക്കു്. അതുകൊണ്ടയാറ ചൂതാടട്ടെ.

മാഥു: അതുകൊണ്ടെന്തുണ്ടാകും?

ദർദ്ദു: ജയിച്ചാൽ അയാളതു് തിരിച്ചുതരും.

മാഥു: ജയിച്ചില്ലെങ്കിലോ?

ദർദ്ദു: ഇല്ലെങ്കിൽ തരില്ല!

മാഥു: ഇനി തന്നോടു് തർക്കിച്ചിട്ടു് കാര്യമില്ല. താന്തോന്നി ഇങ്ങനെയൊക്കെപ്പറയുന്ന താൻ തന്നോളണം പണം! മാഥുരനെന്ന ചൂതാളിയായ ഞാൻതന്നെ ചൂതിനെ സത്യവിരുദ്ധമാക്കുകയോ എനിക്കു് ഒരുത്തനേയും പേടിയില്ല! താന്തോന്നി! നീ തെമ്മാടിയാണു്!

ദർദ്ദു: ആരാടാ തെമ്മാടി?

മാഥു: നീതന്നെ തെമ്മാടി!

ദർദ്ദു: നിന്റെ തന്തയാ തെമ്മാടി! (ഓടി രക്ഷപ്പെട്ടുകൊള്ളാൻ സംവാഹകനു് സംജ്ഞ നല്കുന്നു.)

മാഥു: കഴവേറി മോനെ, ഇങ്ങനെയാണോടാ നീ ചൂതാടീട്ടുള്ളതു്?

മർദ്ദു: ഞാനിങ്ങനെയാ ചൂതാടീട്ടുള്ളതു്!

മാഥു: എടാ സംവാഹക, പത്തു പൊൻപണം വെയ്ക്കിവിടെ!

സംവാ: ഞാനിന്നുതന്നെ തരാം ഇപ്പോൾത്തന്നെ തരാം!
(മാഥുരനയാളെ പിടിച്ചുവലിക്കുന്നു.)

ദർദ്ദു: ദുഷ്ട! ഞാനില്ലാത്തപ്പോൾ നിനക്കു് പീഡിപ്പിക്കാൻ സാധിച്ചേക്കാം. പക്ഷേ എൻെറ മുമ്പിൽവെച്ചു് നിനക്കു് പീഡിപ്പിക്കാനാവില്ല!

(മാഥുരൻ സംവാഹകനെ പിടിച്ചുവലിച്ചു് മൂക്കത്തിടിക്കുന്നു. സംവാഹകൻ ചോരയോടെ മൂർഛനടിച്ചു് വീഴുന്നു. ദർദ്ദുരകൻ അടുത്തുചെന്നു് തടുക്കുന്നു. മാഥുരൻ ദർദ്ദുരകനെ അടിക്കുന്നു. ദർദ്ദുരകൻ പകരം തല്ലുന്നു.)

മാഥു: എട കുത്തച്ചിമോനെ, ദുഷ്ട! നീയിതിൻെറ ഫലമനുഭവിക്കും!

ദർദ്ദു: എട മുട്ടാളാ! വഴിയേപോകുന്ന എന്നെ നീ കേറിത്തല്ലി. നാളെ നീയെന്നെ കൊട്ടാരത്തിൽവെച്ചു് തല്ലിയാലുണ്ടല്ലോ, അപ്പോൾക്കാണാം!

മാഥു: അതു് കണ്ടോളാം!

ദർദ്ദു: എങ്ങനെ കാണും?

മാഥു: (കണ്ണുമിഴിച്ചു്) ഇങ്ങനെ കാണും!

(ദർദ്ദുകരൻ മാഥുരൻെറ കണ്ണിൽ പൊടിവാരിയിട്ടു്, സംവാഹകനു് ഓടി രക്ഷപ്പെട്ടുകൊള്ളാൻ സംജ്ഞ നല്കുന്നു. മാഥുരൻ കണ്ണുകളടച്ചു് വീഴുന്നു. സംവാഹകൻ ഓടിപ്പോകുന്നു.)

ദർദ്ദു: (സ്വാഗതം) പ്രധാന സഭികൻ എൻെറ ശത്രുവായിത്തീന്നിരിക്കുന്നു. അതുകൊണ്ടിനിയിവിടെ നില്ക്കുന്നതു് നന്നല്ല. ആര്യകനെന്ന ഇടയച്ചെറുക്കൻ രാജാവായിത്തീരുമെന്നു് ഒരു സിദ്ധൻ പ്രവചിച്ചിട്ടുണ്ടത്രെ—എൻെറ പ്രിയസുഹൃത്തു് ശർവ്വിലകൻ പറഞ്ഞതാണു്. എന്നെപ്പോലുള്ളവരെല്ലാം അദ്ദേഹവുമായി കൂട്ടുചേരുകയാണു്. അതുകൊണ്ടു് ഞാനും അദ്ദേഹത്തിൻെറ സമീപത്തു ചെല്ലട്ടെ. (പോകുന്നു.)

സംവാഹകൻ: (ഭയത്തോടെ ചുററിനടന്നു കണ്ടിട്ടു്) ഇതാ ആരുടേയോ വാതിൽ തുറന്നിട്ടിരിക്കുന്ന ഗൃഹം.-ഞാനകത്തു് കടക്കട്ടെ. (കടക്കുന്നതായി നടിച്ചു് വസന്തസേനയെക്കണ്ടു്) ആര്യേ ഞാൻ ശരണാഗതനാണു്!

വസന്ത: ശരണാഗതന്നഭയം! തോഴീ, വാതിലടയ്ക്കു.
(തോഴി അങ്ങനെ ചെയ്യുന്നു.)

വസന്ത: ആരെയാണങ്ങു് ഭയപ്പെടുന്നതു്?

സംവാ: ആര്യേ, ഒരുധനികനെ[1]

വസന്ത: തോഴീ എന്നാൽ വാതിൽ തുറന്നോള്ള.

സംവാ: (സ്വഗതം) ഹാ! ഇവളുടെ ഭയകാരണം ധനികനുമായി തുലനംചെയ്തിരിക്കുന്നു. നേരാണിപ്പറഞ്ഞതു്.

സ്വബലം തുലനംചെയ്യും ഭാരമേന്തുകിലേവനും
കാന്താരം പൂകിയെന്നാലുമില്ല വീഴ്ചയിടച്ചയും. 14

ഇതിൽ ഞാൻതന്നെ ദൃഷ്ടാന്തം.

മാഥുരൻ: (കണ്ണുതിരുമ്മി ചൂതാട്ടക്കാരനോടു്) എടാ, തന്നോ, തന്നോ!

ചൂതാ: സ്വാമീ, നാം ദർദ്ദുരകനോടു് കലഹിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ആ മനുഷ്യൻ തടിതപ്പി.

മാഥു: ആ ചൂതാടിയുടെ മൂക്കു് ഞാൻ ഇടിച്ചു് തകർത്തിട്ടുണ്ടു്. അതുകൊണ്ടു്, വാ, നമുക്കവൻെറ ചോരയുടെ വഴി പിന്തുടരാം. (പിന്തുടന്നു്)

ചൂതാ: സ്വാമീ അയാൾ വസന്തസേനയുടെ വീട്ടിൽക്കടന്നിരിക്കുന്നു!

മാഥു എന്നാ നമ്മുടെ പൊൻപണം ഭദ്രം!

ചൂതാ: നമുക്കു് കൊട്ടാരത്തിൽച്ചെന്നുണത്തിക്കാം.

മാഥു ആ ചതിയൻ ഇവടന്നു് മററെവിടെയെങ്കിലും പൊയ്ക്കളയും. അതുകൊണ്ടു് നമുക്കവനെ തടഞ്ഞുനിത്തി പിടിക്കാം!

(വസന്തസേന മദനികയ്ക്കു് സംജ്ഞനൽകുന്നു.)

മദനിക: ആര്യനെവിടന്നാണ്? ആരാണ്? ആരുടെയാണ്? ഉപജീവനമാർഗ്ഗമെന്താണ്? ആരെയാണ് പേടിക്കുന്നതു്?

സംവാ: ഭവതി കേൾക്കണം. പാടലീപുത്രമാണെൻെറ ജന്മദേശം. ഗ്രാമത്തലവൻെറ മകനാണ് ഞാൻ. ഉഴിച്ചിൽക്കാരൻെറ തൊഴിൽ ചെയ്തിട്ടാണുപജീവനം.

വസന്ത: സുകുമാരകലയാണല്ലോ ആര്യനഭ്യസിച്ചതു്?

സംവാ: കലയെന്ന നിലയിലഭ്യസിച്ചതാണ്. അതിപ്പോൾ ഉപജീവനമാഗ്ഗ്വുമായി.

മദ: അത്യധികം നിരാശയോടെയാണാര്യൻ മറുപടി പറയുന്നതു്. ങ്ഹാ, എന്നിട്ടെന്നിട്ടു്!

---

1. കടം കൊടുക്കുന്നവൻ

സംവാ: എന്നിട്ടാര്യേ, വീട്ടിൽവെച്ച്, വഴിയാത്രക്കാരിൽനിന്നു് കേട്ടപ്പോൾ മുമ്പു കണ്ടിട്ടില്ലാത്ത ദേശം കാണാനുള്ള കുതുഹലത്തോടെ ഞാനീയുജ്ജയിനിയിൽവന്നു. ഇവിടെ വന്നതിനുശേഷമാകട്ടെ ഞാനൊരു മാന്യൻെറ സേവകനായി. എന്തൊരു പ്രിയദർശനനാണദ്ദേഹം! എന്തൊരു പ്രിയവാദി! ദാനംചെയ്യും, അതിനെക്കുറിച്ചുൽഘോഷിക്കില്ല. അങ്ങോട്ടു ചെയ്യുന്ന അപകൃതി മറക്കും. എന്തിനധികം പറയുന്നു, ദാക്ഷിണ്യംകൊണ്ടദ്ദേഹം താൻ മററുള്ളവർക്കുവേണ്ടിയുള്ളവൻ ആണെന്നു് കരുതുന്നു. ശരണാഗതവത്സലനുമാണദ്ദേഹം.

മദ: ആര്യയുടെ മനസ്സിൽ കുടികൊള്ളുന്നവൻെറ ഗുണങ്ങളപഹരിച്ചു് ഉജ്ജയിനിയെ അലങ്കരിക്കുന്ന അദ്ദേഹമാരായിരിക്കാം?

വസന്ത: കൊള്ളാം, തോഴീ, കൊള്ളാം. എൻെറ മനസ്സും ഇങ്ങനെതന്നെയാണ് മന്ത്രിച്ചതു്.

മദ: ആര്യ, എന്നിട്ടു് പിന്നെ?

സംവാ: ആര്യേ, അദ്ദേഹമിപ്പോൾ ദീനർക്കുവേണ്ടി ചെയ്ത ദാനങ്ങളാൽ—

വസന്ത: എന്താ, നിർദ്ധനനായിപ്പോയി, ഇല്ലേ?

സംവാ: പറയാതെതന്നെ ആര്യയെങ്ങനെയാണറിഞ്ഞതു്?

വസന്ത: ഇതിലറിയാനെന്തിരിക്കുന്നു? ഗുണവും സമ്പത്തും ഒന്നിക്കുക ദുർല്ലഭമാണ്. കുടിക്കാൻ പററാത്ത വെള്ളമാണ്, തടാകങ്ങളിൽ ധാരാളമുണ്ടാവുക.

മദ: ആര്യ, എന്താണാവോ അദ്ദേഹത്തിൻെറ പേരു്?

സംവാ: ആ മഹീതലചന്ദ്രമസ്സിൻെറ പേരു് ആർക്കാണറിഞ്ഞുകൂടാത്തതു്? അദ്ദേഹമല്ലേ വ്യാപാരിത്തെരുവിൽ താമസിക്കുന്നതു്, ആര്യചാരുദത്തനെന്ന ശ്ലാഘനീയനാമാവു്.

വസന്ത: (സഹർഷമെഴുനേററ്) ഇതങ്ങയുടെ സ്വന്തംവീടാണ്. തോഴീ, ഇരിക്കാൻ കൊടുക്കു്. വിശറിയെടുക്കു്, ആര്യനു് ക്ഷീണം തോന്നുന്നുണ്ടു്!

(തോഴി അപ്രകാരം ചെയ്യുന്നു.)

സംവാ: (സ്വഗതം) എന്തു്! ആര്യ ചാരുദത്തൻെറ പേരുച്ചരിച്ചപ്പോൾത്തന്നെ ഇത്തരത്തിലുള്ള ആദരവോ! നന്നു്. ചാരുദത്തനങ്ങുന്നേ നന്നു്. ഭൂമിയിൽ അങ്ങുമാത്രമാണ് ജീവിക്കുന്നതു്. മററുള്ളവർ ശ്വസിക്കുകമാത്രം ചെയ്യുന്നു. (പാദങ്ങളിൽവീണു്) ആര്യേ മതി മതി, ഭവതി ഇരിപ്പിടത്തിലിരുന്നാലും.

വസന്ത: (ഇരിപ്പിടത്തിലിരുന്നു്) ആര്യ, അദ്ദേഹത്തെ ധനികനെന്നെങ്ങനെ പറയും?

സംവാ:

സജ്ജനം സല്ക്കാരധനരസ്ഥിരം ധനമാക്കേഴാ!
പൂജിക്കാനറിയുന്നോനേയറിയൂ പൂജനീയത 15

വസന്ത: എന്നിട്ട് പിന്നെ?

സംവാ: പിന്നെ ആ മാന്യനെന്നെ ശമ്പളത്തിനു് പരിചാരകനാക്കിവെച്ചു. ഒടുവിലദ്ദേഹത്തിനു് സൽപ്പേരുമാത്രം ശേഷിച്ചപ്പോഠം ഞാനുപജീവനത്തിനു് ചൂതാട്ടം സ്വീകരിക്കുകയും ചെയ്തു. എന്നിട്ടിപ്പോഠം ഭാഗ്യക്കേടുകൊണ്ടു് ചൂതിലെനിക്കു് പത്തു് പൊൻപണം നഷ്ടപ്പെട്ടിരിക്കയാണ്.

മാഥു: ഞാൻ നശിച്ചു! എന്നെ കൊള്ളയടിച്ചു!

സംവാ: ഇവിടിതാ സഭികനും ചൂതാട്ടക്കാരനും എന്നെ പിന്തുടരുന്നു. എല്ലാം കേട്ടുകഴിഞ്ഞിനിവേണ്ടതു് ആര്യ തീരുമാനിക്കുക.

വസന്ത; മദനികേ ചേക്കേറുന്ന മരം ഉലഞ്ഞതുകൊണ്ടു് പക്ഷികളങ്ങുമിങ്ങും കറങ്ങുന്നു. അതുകൊണ്ടു്, തോഴീ, ഈ മാന്യൻതന്നെ തന്നതാണെന്നും പറഞ്ഞു് ആ സഭികനും ചൂതാട്ടക്കാരനും ഈ വളകൊണ്ടുക്കൊടുക്കു് (കൈയിൽനിന്നു് വളയൂരി തോഴിക്കു് കൊടുക്കുന്നു.)

മദ: (വാങ്ങീട്ടു്) ആര്യ കല്പിക്കുംപോലെ. (പോകുന്നു)

മാഥുരൻ: ഞാൻ നശിച്ചു! എന്നെ കൊള്ളയടിച്ചു!

മദ: മേൽപ്പോട്ടുനോക്കുകയും നെടുവീർപ്പിടുകയും ചിന്തിക്കുകയും വാതിൽക്കൽ കണ്ണുംനട്ട് സംസാരിക്കുകയും ചെയ്യുന്ന ഇവരായിരിക്കണം ആ സഭികനും ചൂതാട്ടക്കാരനുമെന്നു് തോന്നുന്നു. (അടുത്തുചെന്നു്) ആര്യ. വന്ദനം.

മാഥു: നിനക്കു് സുഖം ഭവിക്കട്ടെ!

മദ: നിങ്ങളിലാരാണ് സഭികൻ?

മാഥു:

ദുർവ്വിനീത രതിയാൽ മറിഞ്ഞൊരി-
ച്ചുണ്ടുകൊണ്ടു തനുമദ്ധ്യയാളെ, നീ
ആരൊടാണിഹ കടാക്ഷ വീക്ഷണം
ചെയ്തു ചെയ്‌വതു മനോജ്ഞഭാഷണം? 16

എനിക്ക് സമ്പത്തില്ല. അതുകൊണ്ടു് മറെറാരിടത്തു ചെല്ലു.

മദ: നിങ്ങളിങ്ങനെയാണ് പറയുന്നതെങ്കിൽ നിങ്ങൾ ചൂതാട്ടക്കാരനായിരിക്കില്ല! നിങ്ങൾക്കാരെങ്കിലും പണം തരാനുണ്ടോ?'

മാഥു: ഉണ്ട്. പത്തു പൊൻപണം തരാനുണ്ട്. അവനെന്തുപററി?

മദ: അയാൾക്കുവേണ്ടി ആര്യ ഈ കൈവള തന്നയച്ചിരിക്കുന്നു. അല്ലല്ല. അയാൾതന്നെ തന്നയച്ചതാണ്.

മാഥു: (സന്തോഷത്തോടെ വാങ്ങീട്ട്) ഹേയ് ആ തറവാടിയോട് ചെന്നു പറയൂ: താങ്കൾ വാക്കുപാലിച്ചിരിക്കുന്നു. വരിക. വീണ്ടും ചൂതാടിക്കൊള്ളുക—എന്ന് (രണ്ടുപേരും പോകുന്നു-)

മദ: (വസന്തസേനയെ സമീപിച്ച്) ആര്യേ. സംതൃപ്തരായി സഭികനും ചൂതാട്ടക്കാരനും പോയിരിക്കുന്നു.

വസന്ത: എന്നാൽ താങ്കളും ചെല്ലുക. ഇന്ന് ബന്ധുജനം ആശ്വസിക്കട്ടെ!

സംവാ: അങ്ങനെയാണെങ്കിലാര്യേ, ഞാനീ കല പരിജനങ്ങളെ അഭ്യസിപ്പിക്കട്ടെ?

വസന്ത: ആര്യ, ആർക്കുവേണ്ടിയാണോ ഞങ്ങളീക്കലയഭ്യസിക്കേണ്ടതു്, ആ ആളെത്തന്നെ താങ്കൾ ചെന്ന് മുമ്പ് ശുശ്രൂഷിച്ച പോലെ ശുശ്രൂഷിക്കുക.

സംവാ: (സ്വഗതം) ആര്യയെന്നെ സമർത്ഥമായി നിരസിച്ചുകളഞ്ഞു. ഞാനെങ്ങനെയാണ് പിന്നെ പ്രത്യുപകാരം ചെയ്യേണ്ടതു്? (പ്രകാശം) ആര്യേ. ഈ ചൂതാട്ടംകൊണ്ടപമാനിതനായ ഞാനിനി ബുദ്ധസന്യാസിയാവാൻപോകുന്നു. അതുകൊണ്ട്. ''സംവാഹകനായ ചൂതാട്ടക്കാരൻ ബുദ്ധസന്യാസിയായിത്തീൻ'' എന്നുള്ള വാക്കുകൾ ഓർമ്മിക്കുമാറാകണം.

വസന്ത: ആര്യ, സാഹസം പാടില്ല.

സംവാ: ആര്യേ, തീരുമാനിച്ചുകഴിഞ്ഞു.

(ചുററിനടന്നു്)

ചൂതിനാൽ നേടിയാരേയും പേടിക്കേണ്ടാത്തിടത്തെ ഞാൻ*
ഇപ്പൊഴീ രാജമാർഗ്ഗത്തിൽത്തലനീർത്തി നടക്കുവേൻ

സംവാ: (കേട്ടിട്ട്) അല്ല, ഇതെന്താണാവോ? (ആകാശത്തിൽ) എന്തുപറയുന്നു? 'ഇതാ വസന്തസേനയുടെ ഖുണ്ഡമോടകനെന്ന കൊലയാന ചങ്ങലപൊട്ടിച്ചിരിക്കുന്നു'വെന്നോ? അഹോ! എന്നാലാര്യയുടെ മദയാനയെ ഞാൻ ചെന്നൊന്നു കാണട്ടെ. അല്ലെങ്കിലെനിക്കെന്താണിതിലൊക്കെ? ഞാൻ തീരുമാനിച്ചതുപോലെ ചെന്നനുഷ്ഠിക്കട്ടെ. (പോകുന്നു.)

---

* ദ്യൂതേന തത്കൃതം മമ യദ്വിചിഷാസ്സം സർവ്വസ്യജനസ്യ-എന്നു സംസ്കൃതം.

(അനന്തരം[1] അത്യധികം സന്തോഷത്തോടെ ഭീകരോജ്വലവേഷനായി കർണ്ണപൂരകൻ തിരനീക്കി പ്രവേശിക്കുന്നു.)

കർണ്ണപൂരകൻ: എവിടെ? ആര്യയെവിടെ?

മദനിക: ഹേ ദുർമ്മനുഷ്യാ! മുമ്പിൽത്തന്നെയിരിക്കുന്ന ആളെ കാണാതിരിക്കത്തക്കവണ്ണമുള്ള ഈ ഉദ്വേഗത്തിൻെറ കാരണമെന്താ?

കർണ്ണ: (കണ്ടിട്ട്) ആര്യേ, വന്ദനം!

വസന്ത: കർണ്ണപൂരകാ! മുഖത്ത് സന്തോഷം കാണുന്നല്ലോ. അതെന്തുകൊണ്ടാണ്?

കർണ്ണ: (വിസ്മയത്തോടെ) ആര്യേ, ഭവതി വഞ്ചിതയായിരിക്കുന്നു: കർണ്ണപൂരകൻെറ ഇന്നത്തെ പരാക്രമം കണ്ടില്ലല്ലോ!

വസന്ത: എന്താണ് കർണ്ണപൂരകാ, എന്താണ്!

കർണ്ണ: കേട്ടാലുമാര്യേ! ഭവതിയുടെ ഖുണ്ഡമോടകനെന്ന കൊലയാനയില്ലേ, അതു് തളച്ചിട്ട സ്തംഭം തകർത്ത്, പാപ്പാനേയും കൊന്ന് വല്ലാത്ത കോളിളക്കം സൃഷ്ടിച്ചുകൊണ്ട് രാജവീഥിയിൽ കടന്നു. അപ്പോഴേയ്ക്കും ജനങ്ങളിങ്ങനെ വിളിച്ചുപറയാൻതുടങ്ങി:

ബാലജനത്തെ ക്ഷിപ്രമകററുക
മാളികയേറൂ മാമരമേറൂ!
മാരകദന്തീ പാഞ്ഞുവരുന്നേ
നോക്കുക മുന്നോട്ടീവഴിതന്നെ! 18

കൂടാതെ,

[പേടിച്ചുപെണ്ണാളുകളോടിടുമ്പോൾ]*
ത്തെറിച്ചിടുന്നൂ, പദനൂപുരങ്ങൾ,
മനോജ്ഞമാകുംമണികാഞ്ചിരത്ന-
പ്രഭാമയം കങ്കണമെന്നിതെല്ലാം! 19

അന്നേരം കരചരണദന്തങ്ങളൊത്തു്, ഒരു വിടർന്ന താമരപ്പൊയ്കയിലെന്നപോലെ ഉജ്ജയിനീ നഗരത്തിൽ പ്രവേശിച്ച ആ കൊലകൊമ്പൻ ഒരു സന്യാസിയെ നേരിട്ടു. യോഗദണ്ഡും കമണ്ഡലുവും പാത്രവും വിട്ടെറിഞ്ഞ അയാളെ ആന നീർത്തുള്ളികളാൽ നനച്ച് തൻെറ കൊമ്പുകൾക്കിടയിലാക്കിയതുകണ്ട് അയ്യോ! സന്യാസിയെ കൊല്ലുന്നേ!' എന്ന് ജനങ്ങൾ വിളിച്ചുപറഞ്ഞു.

വസന്ത: [പരിഭ്രമത്തോടെ] അയ്യോ! ദുർഭാഗ്യം! ദുർഭാഗ്യം!

---

1. കുറേനേരം കഴിഞ്ഞു്.

* സംസ്കൃതത്തിൽ ഈ വരിയിലെ ആശയം എടുത്തുപറഞ്ഞിട്ടില്ല.

കർണ്ണ: പരിഭ്രമിക്കേണ്ട! ആര്യയിതൊന്നു കേൾക്കൂ. എന്നിട്ട്, മുറിഞ്ഞ ചങ്ങലക്കെട്ടും കിലുക്കി കൊമ്പുകൾക്കിടയിൽപ്പെട്ട സന്യാസിയേയും പൊക്കിയെടുത്തു്വരുന്ന അവനെക്കണ്ടിട്ട് കർണ്ണപൂരകനായ ഞാൻ-അല്ലല്ല, ആര്യയുടെ ചോററുരുളതിന്നു തടിച്ച ഈ ദാസൻ, ആ ചൂതാട്ടക്കാരൻ[1] നോട്ട് വിളിച്ചു[2] പറഞ്ഞും കൊണ്ട് വക്രഗതിയിലോടി വേഗം ഒരങ്ങാടിയിൽചെന്ന് ഒരു ലോഹദണ്ഡം കൈക്കലാക്കി ആ കൊലയാനയുടെ ഗതിതടഞ്ഞു.

വസന്ത: എന്നിട്ടെന്നിട്ട്?

കർണ്ണ:

താഡിച്ചേൻ രോഷമൊടേ
വിന്ധ്യമുടിക്കൊത്തൊരാ മദഗജത്തേ!
മോചിപ്പിച്ചേൻ പിന്നാ—
ദ്ദന്താന്തരസംസ്ഥിതൻ ശ്രമണകനെ ഞാൻ! 20

വസന്ത: നിങ്ങൾ ചെയ്യതുത്തമമായി! എന്നിട്ടെന്നിട്ട്?

കർണ്ണ: എന്നിട്ടാര്യേ, 'കൊള്ളാമെടോ, കർണ്ണപൂരകാ കൊള്ളാം!' എന്നുമാത്രം വിളിച്ചുപറഞ്ഞുകൊണ്ട് സമമല്ലാതെ ഭാരംകേററിയ ഒരു തോണിപോലെ, ഉജ്ജയിനിയാകെ ഒരിടത്ത് കൂട്ടിനിന്നു. അപ്പോളാര്യേ, ഒരാള് ദേഹത്താഭരണമണിയുന്ന സ്ഥാനങ്ങൾ തൊട്ടുനോക്കി ഒന്നുമില്ലെന്നറിഞ്ഞു് മുകളിലോട്ടു നോക്കി നെടു വീപ്പിട്ട് ഈ വേഷ്ടി എൻെറ ദേഹത്തിട്ടുതന്നു.

വസന്ത: കർണ്ണപൂരകാ ആ വേഷ്ടിക്ക് പിച്ചിപ്പൂമണമുണ്ടോന്ന് നോക്കൂ.

കർണ്ണ: മദഗന്ധംകൊണ്ട് ആ മണം ശരിക്കറിയാൻ കഴിയുന്നില്ല.

വസന്ത: എന്തെങ്കിലും പേരുണ്ടോന്ന് നോക്കൂ.

കർണ്ണ: ഇതാ ഒരു പേര്. ഭവതിതന്നെ വായിച്ചോളൂ. (വേഷ്ടി അടുത്തു കൊണ്ടുചെല്ലുന്നു.)

വസന്ത: ആര്യചാരുദത്തൻെറ (എന്നു വായിച്ച് കൊതിയോടെ വാങ്ങിച്ചുററുന്നു.)

മദ: കർണ്ണപൂരകാ ആര്യയ്ക്ക് വേഷ്ടി ചേരുന്നുണ്ടല്ലേ?

കർണ്ണ: അതെ, ആര്യയ്ക്ക് വേഷ്ടി ചേരുന്നുണ്ട്.

വസന്ത: കർണ്ണപൂരകാ, ഇതാ ഒരു സമ്മാനം (ഒരാഭരണം കൊടുക്കുന്നു.)

കർണ്ണ: (തലകുനിച്ച് വാങ്ങി വണങ്ങീട്ട്) ഇപ്പോളാര്യയ്ക്ക് വേഷ്ടി നന്നായി ചേരുന്നു.

---

1. ഇപ്പോൾ സന്യാസിയായിത്തീന്ന സംവാഹകൻ. 2. ആശ്വാസവചനങ്ങൾ.

വസന്ത: കർണ്ണപൂരകാ ഇപ്പോളെവിടെയാണ് ആര്യചാരുദത്തനുള്ളതു്?

കർണ്ണ: ഈ വഴിക്കുതന്നെ വീട്ടിലേക്കു പുറപ്പെട്ടിരിക്കുന്നു.

വസന്ത: തോഴീ, മാളികയിലെ മട്ടുപ്പാവിൽ കയറിനിന്നു് ആര്യചാരുദത്തനെ ഒരു നോക്കു് കാണാം.

(എല്ലാവരും പോകുന്നു.)

'ചൂതാട്ടക്കാരനായ സംവാഹകൻ' എന്ന രണ്ടാമങ്കം കഴിഞ്ഞു.

## മൂന്നാമങ്കം

വർദ്ധമാനകൻ: (പ്രവേശിച്ചു്):

ഭൃത്യവർഗ്ഗദയയുള്ള സജ്ജനം
നിർദ്ധനസ്ഥിതിയിലും വിളങ്ങിടും
വിത്തമത്ത പിശുനൻ1 മറിച്ചു ദു-
സ്സേവ്യനല്ലീ പരിണാമ2ദാരുണൻ* 1

---

* ഒന്നാം ശ്ലോകത്തിനിങ്ങനെയൊരു പാഠഭേദംകാണുന്നു:
സുമനസ്സ്, കുഭൃത്യപാലകൻ
ധനഹീനൻ പ്രഭുവല്ലയെങ്കിലും
പരിശോഭിതനാ; മതായിടാ
പിശുനൻ ഗർവ്വിതനാം ധനേശ്വരൻ.

ഇതിനെ തുടർന്നു് രണ്ടുപദ്യംകൂടി ചില പുസ്തകങ്ങളിലുണ്ടു്:
വെള്ളരിവൃന്ദംകൈക്കും
അക്ഷരമറിയാത്ത ബ്രാഹ്മണനുംകൈക്കും
അലസഘനിതയും കൈക്കു-
മാജന്മദരിദ്രനുംകൈക്കും.

കൂടാതെ,
അസതിക്കാദ്യംസതിയാ-
യാടാനില്ല രുചിയൊട്ടു;മന്ത്യത്തിൽ
സതിയാകെ,യഭിമാനം
കൊണ്ടു,വഋണുനമണിഞ്ഞുനില്ലുന്നു.

---

1. ദുഷ്ടൻ 2. ഫലദാനസമയത്തു്

തന്നെയുമല്ല,

മാററാവതല്ലഗതി, ഹാ വിളകണ്ടകാള-
ക്കൂററൻെറയും ബലമൊടന്യകളത്രസക്തൻ,

ദ്യൂതപ്രസക്തനിവർ തങ്ങടെയും; സ്വഭാവാ-
ലുള്ളോരു ദോഷമൊഴിവാക്കിടുവാൻ ഞെരുക്കം. 2

ചാരുദത്തനങ്ങുന്ന് പാട്ടുകേൾക്കാൻ പോയിട്ടൊരുപാട് നേരായല്ലോ. അർദ്ധരാത്രി കഴിയാറായിരിക്കുന്നു. ഇനിയുംവന്നിട്ടില്ല. അതുകൊണ്ട് ഞാനിപ്പോൾ പുറത്തളത്തിൽച്ചെന്നുകിടക്കട്ടെ. (അങ്ങനെ ചെയ്യുന്നു.)

(അനന്തരം ചാരുദത്തനും വിദൂഷകനും പ്രവേശിക്കുന്നു)

ചാരുദത്തൻ: ആഹാ! രേഭിലൻ എന്തുമാത്രം സുന്ദരമായി, മധുരമായി പാടി! ആ വീണയോ, സമുദ്രോത്ഥിതമല്ലാ*ത്തരത്നം തന്നെ. എങ്ങനെയെന്നാൽ,

ഉൽക്കണ്ഠിതന്നു ഹൃദയാനുഗുണൻ സുഹൃ,ത്തുൽ-
ക്കൃഷ്ടം, സമാഗമവിളംബവിനോദവസ്തു,
ആശ്വാസമാം പ്രിയതമാ വിരഹാതുര,ന്നാ-
രക്തന്നുരാഗ പരിവൃദ്ധികരം പ്രമോദം. 3

വിദൂഷകൻ: ഏയ് വരു, നമുക്ക് വീട്ടിൽപോകാം!

ചാരു: ആഹാ! മാന്യ രേഭിലൻ എന്തു സുന്ദരമായി പാടി!

വിദൂ: രണ്ടുകൂട്ടരാണെന്നെ ചിരിപ്പിക്കുക-സംസ്കൃതം വായിക്കുന്ന സ്ത്രീയും കാകളി1 പാടുന്ന പുരുഷനും. സംസ്കൃതംവായിക്കുന്ന സ്ത്രീയാകട്ടെ, പുത്തൻമൂക്കുകയറിട്ട, കടിഞ്ഞൂൽ പയ്യിനെപ്പോലെ വല്ലാതെ സൂ സൂ ശബ്ദം പുറപ്പെടുവിക്കുന്നു. ഉണക്കപ്പൂമാലധരിച്ച വൃദ്ധപുരോഹിതൻ ദൃഢമായി മന്ത്രംചൊല്ലുന്നപോലെ പുരുഷൻ കാകളിപാടുന്നതു് എനിക്കൊട്ടുമിഷ്ടാവുന്നില്ല.

ചാരു: സുഹൃത്തേ മാന്യ രേഭിലൻ ഇന്നുപാടിയതു് ഒന്നാന്തരമായി! തനിക്കിഷ്ടപ്പെട്ടില്ലേ?

രാഗോജ്വലം, സുമധുരം, സുസമം സ്ഫുടം സൽ-
ഭാവാന്വിതം, ലളിതമെത്രമനോഭിരാമം!

എന്തിന്നനേകമൊഴി-യന്തരസംസ്ഥയായി-
ട്ടേതോവരാംഗിയിതു പാടുവതായ് നിനപ്പൂ. 4

---

* ലക്ഷ്മീ: കൗസ്തുഭപാരിജാതകാദി 14 ഉൽക്കൃഷ്ട വസ്തുക്കളിൽ പെട്ടിട്ടില്ലാത്ത. 1. നേർത്തമധുരധ്വനി.

മാത്രമോ, സത്യത്തിൽ,

ഇന്നക്കേട്ടക്കോമളകണ്ഠസൃഷ്ട, ലളിതം
രാഗദ്വിരുച്ചാരിതം[1]
വർണ്ണത്തിന്നുടെ മൂർച്ഛന[2]സ്ഥിടയിലാ-
യുച്ചം, വിരാമേമൃദു,
ഹേലാ[3]മുക്തവുമായഗാന; മതുപോൽ
ശ്ലിഷ്ടം[4]വിപഞ്ചീസ്വനം
കേരംക്കുന്നിപ്പൊഴുതും നടന്നീടവെ ഞാൻ;
പാടിക്കഴിഞ്ഞെങ്കിലും. 5.

വിദൂ: ഹേ സുഹൃത്തേ ചന്തസ്ഥലത്തുടെ പോകുന്ന പാതകളിലിതാ നായ്ക്കൾപോലും സുഖമായുറങ്ങിയിരിക്കുന്നു. നമുക്ക് വീട്ടിൽ പോകാം: (മുമ്പിൽനോക്കീട്ട്) നോക്കുസുഹൃത്തേ, നോക്കു. ചന്ദ്രഭഗവാനതാ ഇരുട്ടിനവകാശം നൽകാനെന്നപോലെ ആകാശമാളികയിൽനിന്നിറങ്ങുന്നു.

ചാരു: ശരിയാണ് താൻ പറഞ്ഞതു്.
ഇരുട്ടിനേകീട്ടവകാശമസ്തം-
ഗമിക്കയാണുന്നതശീർഷനിന്ദു,
ജലത്തിലാഴുന്ന വനദ്വിപത്തിൻ
കൂർത്തുള്ളകൊമ്പിന്നവശിഷ്ടതുല്യം. 6.

വിദൂ: ഹേ, ഇതാ നമ്മുടെവീട്. വർദ്ധമാനക, വാതിൽ തുറക്കൂ!

വർദ്ധ: മൈത്രേയൻെറ ശബ്ദമാണല്ലോ: ആര്യചാരുദത്തൻ വന്നിരിക്കുന്നു. അതുകൊണ്ടദ്ദേഹത്തിനു് വാതിൽ തുറന്നുകൊടുക്കട്ടെ. (അങ്ങനെ ചെയ്തിട്ട്) ആര്യ വന്ദനം! മൈത്രേയ, അങ്ങേയ്ക്കും വന്ദനം. ആര്യന്മാർ ഈ വിരിച്ചിരിക്കുന്ന ഇരിപ്പിടത്തിലിരുന്നാലും. (നാട്യത്തിലിരുവരും പ്രവേശിച്ച് ഇരിക്കുന്നു.)

വിദൂ: വർദ്ധമാനക, രദനികയെ വിളിക്ക്, കാലുകഴുകിക്കാൻ.

ചാരു: [കരുണയോടെ] ഉറങ്ങിയവരെ ഉണർത്തേണ്ട.

വർദ്ധ: മൈത്രേയ, ഞാൻ വെള്ളമെടുക്കാം. താങ്കൾ കാലുകഴുകിക്കൂ.

വിദൂ: (കോപത്തോടെ) ഹേ സുഹൃത്തേ. ഇപ്പോളിവൻ, ഈ കഴുവേറിമോൻ വെള്ളമെടുക്കുന്നു. എന്നിട്ടെന്നെ, ബ്രാഹ്മണനെ, കാലുകഴുകിക്കാനാക്കുന്നു!

---

1. രാഗങ്ങളിൽ രണ്ടാവർത്തിക്കുന്നതു്. 2. സപ്തസ്വരങ്ങളുടെ ക്രമവൽക്കരണം 3. രാഗത്തിൻെറ ആരോഹാവരോഹത്തിലെ അനൗചിത്യം? 4. ഗാനവുമായിണങ്ങിയ.

ചാരു: സുഹൃത്തേ, മൈത്രേയ, താങ്കാംവെള്ളമെടുക്കു. വർദ്ധമാനകൻ കാലുകഴുകിക്കട്ടെ.

വർദ്ധ: ആര്യ മൈത്രേയ, വെള്ളമൊഴിക്കൂ. (വിദൂഷകൻ അപ്ര കാരം ചെയ്യുന്നു. വർദ്ധമാനകൻ ചാരുദത്തന്റെ കാലുകഴുകീട്ടു പോകുന്നു.)

ചാരു: ബ്രാഹ്മണനും കാലുകഴുകാനുള്ള വെള്ളം കൊടുക്കൂ.

വിദൂ: ഞാൻ കാലുകഴുകീട്ടെന്തുകാര്യം. അടിയേററ കഴുതയെപ്പോ ലെ എനിക്ക് വീണ്ടും മണ്ണിൽത്തന്നെ കിടന്നുരുളണം!

വർദ്ധ: മൈത്രേയ, ബ്രാഹ്മണനാണല്ലോ അവിടുന്ന്.

വിദൂ: അതെ, സർവ്വബ്രാഹ്മണരുടേയും മദ്ധ്യേ ഞാനൊരു ബ്രാഹ്മ ണൻ-സർവ്വനാഗങ്ങളുടെയിടയിൽ ചേരയെപ്പോലെ!

വർദ്ധ: മൈത്രേയ, അങ്ങനെയാണെങ്കിലും ഞാൻ കാലുകഴുകി ക്കാം. (അങ്ങനെ ചെയ്തിട്ട്) ഇതാ ഞാൻ പകലും അങ്ങ് രാത്രി യിലും സൂക്ഷിക്കേണ്ട സ്വർണ്ണപ്പണ്ടം, ഇത് വാങ്ങൂ. (കൊടുത്തി ട്ട് പോകുന്നു.)

വിദൂ: (വാങ്ങീട്ട്) ഇതിപ്പോഴുമുണ്ട്? ഈയുജ്ജയിനിയിലെന്താ ഒററ കള്ളനുമില്ലെന്നോ, ഉറക്കം മോഷ്ടിക്കുന്ന ഈ പെലയാ ടിമോനെ മോഷ്ടിക്കാൻ. സ്നേഹിതാ ഞാനിതിനെ നാലുകെ ട്ടിൽകൊണ്ടുവെയ്ക്കട്ടെ?

ചാരു:

അകത്തുകേറേറണ്ടിതിനെസ്സുഹൃത്തേ:
തണിഞ്ഞതല്ലീയിതു വേശ്യമെയ്യിൽ
തിരിച്ചു നൽകുന്നവരെത്തുനന്നായ്-
സ്സൂക്ഷിച്ചുകൊണ്ടീടുക വിപ്ര, നീതാൻ 7

(ഉറക്കംനടിച്ച് 'ഇന്നക്കോമളകണ്ഠനസൃഷ്ട...'(5) എന്ന് ആവർ ത്തിക്കുന്നു.)

വിദൂ: താങ്കളുറങ്ങാൻ പോകയാണോ?

ചാരു: അല്ലാതെ!

ഫാലത്തിൽനിന്നൂർന്നകണക്കുറക്കം
നേത്രത്തിലെത്തിപ്പെരുകുന്നുവല്ലോ
അദൃശ്യമായും വിറയാർന്നുമെത്തും
മെയ്യൂക്കുതള്ളുന്നജരയ്ക്കുതുല്യം. 8

വിദൂ: എന്നാൽ നമുക്കുറങ്ങുക. (ഉറക്കം നടിക്കുന്നു)

ശർവ്വിലകൻ: [പ്രവേശിച്ച്]

ശിക്ഷാബലം[1], ബലമിവററകളാലൊരുക്കി-
ട്ടെൻപുഷ്ടദേഹസുഖവേശന കർമ്മമാർഗ്ഗം[2]
പോകുന്നു ഭൂമിയിലിഴഞ്ഞുമുറിഞ്ഞപാർശ്വ-
ത്തോടും പടം കളയുവേ, ഉരഗംകണക്കേ. 9

(ആകാശത്തുനോക്കീട്ട് സഹർഷം) ആഹാ! ഭഗവാൻ മൃഗാങ്കനസ്തമിക്കുകയാണ്. ഇപ്പോളാകട്ടെ

നൃപതിപുരുഷശങ്കയാൽ നടക്കും
പരഗൃഹദൂഷണവീരനായൊരെന്നെ
ഘനതിമിരനിരുദ്ധസർവ്വഭാവാ-*
രജനിമറപ്പിതൊരമ്മയെന്നപോലെ. 10

പൂന്തോട്ടത്തിൻെറ ഭാഗത്ത് തുരപ്പുണ്ടാക്കി ഞാനകത്തുകടന്നു. ഇനിയിപ്പോഴം നാലുകെട്ടിനേയും ദൂഷിപ്പിക്കട്ടെ. ഹാ!

ചൊന്നോട്ടേ നരർ: നിദ്രയിൽപ്പെരുകിടും
      വിശ്വസ്തരിൽവഞ്ചനം-
ചെയ്യും ചൗര്യ[3]മശൗര്യമാണതുമഹാ
      നിന്ദാർഹ-മെന്നീവിധം
തെററായാലുമധീനവൃത്തിവരമാം
      ദാസ്യംതുലോം കഷ്ടമാം
മാർഗ്ഗം താനിതുപണ്ടു സൗപ്തിക[4]വധ-
      ത്തിങ്കൽകൃതം ദ്രൗണി[5]യാൽ. 11

അതുകൊണ്ട്, ഞാനിപ്പോളെവിടെയാണൊരു തുരപ്പുണ്ടാക്കേണ്ടതു്?

എങ്ങിപ്പോഴംജ്ജലമേൽക്കയാൽശ്ശിഥിലമായ്-
      ശ്ശബ്ദം ഭവിക്കാത്ത ദി,-
ക്കെങ്ങോ വൻതുളചേർത്തിടും ചുമരിലായ്,-
      ക്കാണപ്പെടാതിന്നു ഞാൻ
എ,ങ്ങപ്പോഴഥ കല്ലലിഞ്ഞു പഴതായ്-
      ത്തീർന്നോരിടം, നാരിമാ-
രെങ്ങുണ്ടാവുകയില്ല.യെങ്ങിഹ ലഭി-
      ച്ചീടാനിരിക്കും ധനം? 12

---

1. അഭ്യാസബലം. 2. ഭിത്തിദ്വാര. * എല്ലാപദാർത്ഥങ്ങളേയും കൂരിരുട്ടുകൊണ്ട് മറയ്ക്കുന്നരാത്രി-ദുഷ്ടനായാലും ഒരു പുത്രനെ അമ്മ വാത്സല്യംകൊണ്ട് മറയ്ക്കുന്നതുപോലെ. 'ഘനപടലതമോനിരുദ്ധതാരാ' എന്ന് പാഠഭേദം.
3. ചോരണം. 4. ഉറങ്ങുന്നരാജാക്കന്മാരെ. 5. അശ്വത്ഥാമാവ്.

(ചുമരിൽ തൊട്ടിട്ട്) നിത്യവും ആദിത്യദർശനത്തിൽ വെള്ളംതളിക്കുന്നതുകൊണ്ട് ദൂഷിതമാണ് ഈ ഭാഗം; ഉപ്പേററ് പൊടിഞ്ഞതും, എലികരം തുരന്ന മൺകുമ്പാരവുമുണ്ടിവിടെ. ആഹാ! ധനം കൈയിൽ കിട്ടിയതുതന്നെ! സ്കന്ദപുത്ര[1]ന്മാരുടെ ഒന്നാമത്തെ സിദ്ധിലക്ഷണമാണിതു്. ഇപ്പോളീ കർമ്മപ്രാരംഭത്തിൽ ഇവിടെ ഞാനെങ്ങനെയുള്ള ദ്വാരമാണുണ്ടാക്കേണ്ടതു്? ഇതിനെ സംബന്ധിച്ചാണല്ലോ ഭഗവാൻ കനകശക്തി[2] നാലുവിധം ദ്വാരനിർമ്മാണോപായം കാണിച്ചിട്ടുള്ളതു്. എങ്ങനെയെന്നാൽ-ചുട്ട ഇഷ്ടികയാണെങ്കിൽ വലിക്കണം; ചുടാത്തിഷ്ടികയാണെങ്കിൽ പൊളിക്കണം; മൺചുമരെങ്കിൽ നനക്കണം; മരഭിത്തിയാണെങ്കിലറക്കണം. ഇവിടെയിപ്പോരം ചുട്ട ഇഷ്ടികയാണ്. അതുകൊണ്ട് വലിക്കണം. ഇവിടെ,

പത്മവ്യാകോശം, ഭാസ്കരം, ബാലചന്ദ്രം,
വാപീ, വിസ്തീർണ്ണം, സ്വസ്തികം, പൂർണ്ണകുംഭം*-
ഏതാണീ ഞാൻ കാട്ടേണ്ടതാം ശില്പമിപ്പോ-
ളേതേക്കണ്ടാലോ നാളെയാരംക്കാർമിഴിക്കും? 13

ഇവിടെ ചുട്ട ഇഷ്ടികയിൽ പൂർണ്ണകുംഭംതന്നെയാണ് ചേരുക. ഞാനതുണ്ടാക്കട്ടെ.

മററുള്ളഭിത്തികളിലുപ്പേററലിഞ്ഞതില്ല-
മേററംകടുത്തതിലുമീഞാൻ തുരന്നവയെ
പിറേററന്നുഷസ്സിലഹ! നാട്ടാരുകണ്ടു മമ
കുററത്തൊടൊത്തു കരകൗശല്യവും പറവു! 14

നമോ വരദായ കുമാര കാർത്തികേയായ. നമഃ കനകശക്തയേ സുബ്രഹ്മണ്യദേവായ ദേവവ്രതായ. നമോഭാസ്കരനന്ദിനേ. നമോ യോഗാചാര്യായ[3] —യോഗാചാര്യന്റെ പ്രധാന ശിഷ്യനാണ് ഞാൻ. എന്നിൽ സന്തുഷ്ടനായ അദ്ദേഹമെനിക്കു് മായികലേപനവും തന്നിരിക്കുന്നു.

തേച്ചാലിതു ശരീരത്തി
ലെന്നെക്കാണില്ല രക്ഷികരം
ആയുധം മെയ്യിലേററാലോ
നോവുംപെട്ടീടുകില്ലമേ! 15

(അങ്ങനെ ചെയ്യുന്നു) ഛെ! കഷ്ടം! അളവുനൂലെടുക്കാൻ മറന്നു! (ചിന്തിച്ച്) ആ. ഈ പൂണൂൽ അളവുനൂലാക്കാം. പൂണൂലാണല്ലോ ബ്രാഹ്മണനു് ശ്രേഷ്ഠമായ ഉപകരണവസ്തു. വിശേഷിച്ചെന്നെപ്പോലുള്ളവക്കു്. എങ്ങനെയെന്നാൽ

---

1. ചോരന്മാർ. 2. സുബ്രഹ്മണ്യൻ.
* ഏഴുതരം ദ്വാരങ്ങളുടെ പേരുകരം. 3 ഗുരുക്കന്മാരുടെ പേരുകരം.

ഭിത്തിത്തുരപ്പിതുനിമിത്തമളന്നിടാ, മ-
ബ്ഭൂഷാദികാംക്കടയ ചേർപ്പുകാം[1] വേർപെടുത്താം,
പൂട്ടിക്കിടക്കുമൊരു വാതിലുടൻ, തുറക്കാം
കെട്ടാനുമാം ഭുജഗദംശനമേററിടുമ്പോഠം 16

അളവെടുത്തു് പണിയാരംഭിക്കട്ടെ (അപ്രകാരം ചെയ്യുനോക്കീട്ടു്) ഇനിയിത്തുരപ്പിലൊരു കട്ടയേ ബാക്കിയുള്ളു. അയ്യോ! കഷ്ടം! എന്നെ പാമ്പുകടിച്ചു! (പൂണൂലുകൊണ്ടു് വിരലുകെട്ടി വിഷവേഗം നടിക്കുന്നു. ഔഷധപ്രയോഗം ചെയ്യശേഷം) സുഖപ്പെട്ടിരിക്കുന്നു! (വീണ്ടും പണിതുടരുന്നു. നോക്കീട്ടു്) അയ്യോ! വിളക്കെരിയുന്നു. എങ്ങനെയെന്നാൽ,

തുരപ്പിലൂടെത്തി നിലത്തുവീണൊരി-
പ്രകാശനാളം കനകപ്രഭാമയം
ചുററും തമസ്സാലുരകല്ലിലാന്റൊര-
സ്സുവർണ്ണരേഖയ്ക്കു സമം സുശോഭിതം. 17

(വീണ്ടും പ്രവർത്തിച്ചു്) കഴിഞ്ഞ ഈ തുരപ്പിന്റെ പണി. ശരി ഇനി പ്രവേശിക്കാം. അല്ലെങ്കിൽ ഞാനുടനെ പ്രവേശിക്കുന്നില്ല. ഒരു കൃത്രിമ മനുഷ്യക്കോലത്തെ ആദ്യംകടത്താം. (അങ്ങനെചെയ്യിട്ടു്) ഇല്ല. ആരുമില്ല. കാർത്തികേയനസ്തുതി! (പ്രവേശിച്ചു്, നോക്കീട്ടു്) അല്ലാ, രണ്ടാളുറങ്ങുണ്ടന്നല്ലോ. ആട്ടെ ആത്മരക്ഷാത്ഥം വാതിൽ തുറന്നിടാം. പഴക്കംകൊണ്ടു് ഈ വീടിന്റെ വാതിലിനെന്തൊരൊച്ചയാണു്! അതുകൊണ്ടു് ഞാനിത്തിരി വെള്ളം കിട്ടുമോന്നു് നോക്കട്ടെ. എവിടെയാണാവോ വെള്ളമുണ്ടാകുക? (അങ്ങുമിങ്ങും നോക്കി വെള്ളം തേടിയെടുത്തു് സശങ്കം തളിച്ചുകൊണ്ടു്) നിലത്തുവീണൊച്ചയുണ്ടാക്കാതിരിക്കട്ടെ. ശരി. ഇങ്ങനെയാവാം. (പിന്നോക്കം നോക്കിക്കൊണ്ടു് വാതിൽതുറന്നിട്ടു്) ശരി. ഇതിങ്ങനെ. ഇനിയിപ്പോഠം ഇവരുടേതു് പരമാത്ഥനിദ്രയോ അതോ കപടനിദ്രയോ എന്നു് പരീക്ഷിക്കണം. (ഭയപ്പെടുത്തുകയും പരീക്ഷിക്കുകയും ചെയ്യിട്ടു്) അതെ ഇവർ യഥാത്ഥനിദ്രയിൽത്തന്നെയാണു്. എന്തെന്നാൽ,

നിശ്വാസം നിർവ്വിശങ്കം സുവിശദമിഹതു-
ല്ല്യാന്തരം കണ്ടിടുന്നു,
ഗാഢംതാൻ കണ്ണടപ്പിങ്ങവികലമതു നി-
ശ്ചഞ്ചലാഭ്യന്തരംതാൻ,

1. ആണി, കൊളുത്തു് മുതലായവ.

ഗാത്രം കാണുന്നയഞ്ഞും ശയനപരിധി ലം-
ഘിച്ചോരല്പം കടന്നും,
ദീപത്തിൽ ദീപ്തിയേല്ക്കുന്നഭിമുഖ-മിവപാഴ്
നിദ്രിതക്കോത്തതല്ല! 18

(ചുററും നോക്കീട്ട്) അല്ലാ, ഇതെന്ത്? മൃദംഗമോ? ഇതാ പുല്ലാങ്കുഴൽ. ഇത് മിഴാവ്, ഇത് വീണയും; ഇവ മൂളം തണ്ടുകരം, ഇതെല്ലാം പാവകരം[1] ഇത് നാട്യാചാര്യൻെറ വീടാണോ? ഏതായാലും വലിയ വീടാണെന്ന് വിചാരിച്ച് ഞാനകത്ത്കടന്നു അപ്പോളിയാരം യഥാൎത്ഥത്തിൽ ദരിദ്രൻതന്നെയാണോ? അതോ രാജാവിനെയോ കള്ളൻമാരേയോ ഭയന്ന് ധനം കുഴിച്ചിട്ടിരിക്കുന്നവനോ? പക്ഷേ ശർവ്വിലകനായ എനിക്ക് കുഴിച്ചിട്ട ധനം എന്നൊന്നില്ല. നോക്കാം. ഞാൻ വിത്തിടട്ടെ! (അങ്ങനെ ചെയ്യുന്നു) വിത്തിട്ടിട്ട് അതെങ്ങും പൊരിഞ്ഞുകാണുന്നില്ലല്ലോ. ഹാ! ഇയാരം പരമാൎത്ഥത്തിൽ ദരിദ്രൻതന്നെ! ശരി. ഞാൻ പോകുന്നു.

വിദൂഷകൻ: (ഉറക്കപ്പിച്ച് പറയുന്നു) ഹേ സുഹൃത്തേ, ദ്വാരംപോലെന്തോ കാണുന്നു. കള്ളനെപ്പോലാരെയോ കാണുന്നു. അതുകൊണ്ടീ സ്വർണ്ണപ്പണ്ടം ഭവാൻതന്നെ വെച്ചോളൂ.

ശർവ്വി: എന്ത്? ഞാനിവിടെ പ്രവേശിച്ചതറിഞ്ഞു 'ഞാൻ ദരിദ്രനാണേ' എന്നു പറഞ്ഞിയാളെന്നെ കളിയാക്കുകയല്ലല്ലോ. അപ്പോരം ഞാനിയാളെ കൊല്ലണോ? അല്ല്യഇയാരം ലഘുത്വംകൊണ്ടുറക്കപ്പിച്ച്പറയുകയോ? (നോക്കീട്ട്) ആഹാ പഴന്തുണിയിൽപ്പൊതിഞ്ഞ, ദീപനാളത്തിൽത്തിളങ്ങുന്ന ഈ വസ്തു സത്യത്തിൽ സ്വർണ്ണപ്പണ്ടംതന്നെ! ശരി എടുത്തുകളയാം. അഥവാ, എൻെറ തുല്യാവസ്ഥയിലിരിക്കുന്ന തറവാടിയായൊരാളെ പീഡിപ്പിക്കുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻപോയേക്കാം.

വിദൂ: ഹേ സുഹൃത്തേ, ഗോബ്രാഹ്മണരുടെ ഹിതത്തിന്മേലാണയിടുന്നു, താങ്കളീ സ്വർണ്ണപ്പണ്ടം കൈക്കൊള്ളൂ!

ശർവ്വി: ഗോവിൻെറയും ബ്രാഹ്മണൻെറയും ഹിതം ലംഘിക്കരുതല്ലോ. അതുകൊണ്ട് ഞാൻ കൈക്കൊള്ളാം. അഥവാ-വിളക്കെരിയുന്നു! വിളക്കണയ്ക്കാനുള്ള ആഗ്നേയകീടം എൻെറ കൈകിലുണ്ട്. ഞാനിതിവിടെ വിടട്ടെ. അതിനുപററിയ ദേശവും കാലവുമാണ്. ഇതാ ഞാൻ വിട്ട കീടം നേരെ പറന്നുചെന്നു ദീപോപരി വിചിത്രമായി വട്ടം ചുററുന്നു. ഈ 'ഭദ്രപീഠ'ൻെറ ചിറകിളക്കുന്ന കാററിൽ വിളക്കണഞ്ഞിരിക്കുന്നു! കഷ്ടം! ഇതന്ധകാരം പരത്തി. അഥവാ ഞാനെൻെറ ബ്രാഹ്മണകുല

---

1. പുസ്തകങ്ങളെന്നും.

ത്തിലും അന്ധകാരം പരത്തി! കഷ്ടം തന്നെ! ശർവ്വിലകനെന്ന ബ്രാഹ്മണനായ ഞാനാകട്ടെ, ചതുർവ്വേദവിത്തും പ്രതിഗ്രഹം സ്വീകരിക്കുന്നവനുമായ ഒരച്ഛൻെറ മകൻ. വേശ്യയായ മദനികയ്ക്കുവേണ്ടി ദുഷ്കൃത്യമനുഷ്ഠിക്കുന്നു! ഇപ്പോളേതായാലും ബ്രാഹ്മണാഭ്യർത്ഥന കൈക്കൊള്ളട്ടെ. (കൈക്കലാക്കാനാഗ്രഹിക്കുന്നു)

വിദൂ: ഹേ സുഹൃത്തേ, താങ്കളുടെ വിരലുകൾ തണുത്തിരിക്കുന്നല്ലോ.

ശർവ്വി: അയ്യോ തെററുപററി! ജലസമ്പർക്കത്താൽ തണുത്തതാണെൻെറ വിരലുകൾ. ആട്ടെ, കൈ കക്ഷത്തിൽ വെക്കാം.

(ഇടത്തുകൈ ചൂടാക്കുന്നതായി നടിച്ച്, വാങ്ങുന്നു.)

വിദൂ: വാങ്ങിയോ?

ശർവ്വി: ഈ ബ്രാഹ്മണാഭ്യർത്ഥന നിരസിക്കരുതല്ലോ—അതുകൊണ്ട് വാങ്ങി.

വിദൂ: ചരക്കു വിററുകഴിഞ്ഞ ഒരു വണിക്കിനെപ്പോലെ എനിയെനിക്ക് സുഖമായുറങ്ങാം!

ശർവ്വി: മഹാബ്രാഹ്മണ, നൂറുവർഷമുറങ്ങിയാലും! കഷ്ടം, ഇങ്ങനെ മദനികയെന്ന വേശ്യയ്ക്കുവേണ്ടി ബ്രാഹ്മണകുലത്തെത്തന്നെ ഞാൻ തമസ്സിലാഴ്ത്തി. അഥവാ ഞാനെന്നെത്തന്നെ പതിപ്പിച്ചു!

നിന്ദ്യമാകട്ടെ ദാരിദ്ര്യമനിർവ്വേദിത[1] പൗരുഷം
നിന്ദിപ്പൂ ഗർഹിതം[2] കർമ്മം ചെയ്കയും ചെയ്‌വു
ഞാനഹോ! 19

എന്നാൽ ഞാനിനി മദനികയെ സ്വതന്ത്രയാക്കാൻ വസന്തസേനയുടെ ഗൃഹത്തിൽ ചെല്ലട്ടെ. (ചുററിനടന്നു നോക്കീട്ട്) ഹേയ്! കാലൊച്ചപോലെ! പാറാവുകാരാവാതിരിക്കട്ടെ! ശരി തൂണായിട്ട് നിന്നുകളയാം. അഥവാ ശർവ്വിലകനായ എൻെറ നേരേയോ പാറാവുകാർ! ഞാനാകട്ടെ,

സുപ്താസുപ്ത മനുഷ്യവീര്യതുലനം
ചെയ്യുന്നതിൽ ശ്വാനനാം
ചാടാൻ പൂച്ച, കുതിക്കുമാ, നിഴയുവാൻ
നൽപാമ്പ്, റാഞ്ചാൻ കഴു,

---

1. നിന്ദ്യപ്രവൃത്തിയിൽ വെറുപ്പുണ്ടാക്കാത്ത 2. നിന്ദ്യം

മാററാട്ടത്തിനുമായ, വാക്കു[1] പലഭാ-
ഷ,യ്യല്ലിനോ ദീപമാം.
നീരിൽത്തോണി, തുരംഗമാണവനിമേൽ,
ദുർഗ്ഗ[2]ത്തിലോ ഡുണ്ഡുഭം[3]. 20

കൂടാതെ

ഭുജഗഗതിയെനിക്കു,ണ്ടദ്രിതൻ നിൽപുമുണ്ട-
പ്പതഗപതിയൊടൊക്കും വേഗവും ചേൎന്നിരിപ്പൂ.
മുയലിനൊടുസമാനൻ ചുററുമീക്ഷിപ്പതിന്നായ്,
ഗ്രഹണമതിനുചെന്നായ്,ശ്ശക്തിയിൽസ്സിംഹവും ഞാൻ. 21

രദനിക: (പ്രവേശിച്ച്) ഹാ കഷ്ടം കഷ്ടം! വർദ്ധമാനകൻ പുറത്തളത്തിലുറങ്ങുന്നുണ്ടായിരുന്നു. അയാളെ ഇവിടെക്കാണുന്നില്ല, ആട്ടെ. മൈത്രേയനെ വിളിക്കാം. (ചുററി നടക്കുന്നു)

ശർവ്വി: (രദനികയെ കൊല്ലാനൊരുങ്ങുന്നു. ചിന്തിച്ചിട്ട്) സ്ത്രീയായിപ്പോയല്ലോ. ആട്ടെ സ്ഥലംവിടാം. (പോകുന്നു)

രദ: (ചെന്നിട്ട് ഭയത്തോടെ) ഹാ കഷ്ടം കഷ്ടം! നമ്മുടെ വീടു തുരന്ന് കള്ളനിതാ കടന്നുപോകുന്നു. ശരി, മൈത്രേയനെ ചെന്നുണർത്തട്ടെ. (വിദൂഷകനെ സമീപിച്ച്) ആര്യ മൈത്രേയ, എഴീക്ക് എഴീക്ക്! നമ്മുടെ വീട്ടിനു് തുരപ്പുണ്ടാക്കി കള്ളൻ കടന്നുകളഞ്ഞിരിക്കുന്നു.

വിദൂ: (എഴുനേററ്) ങ്ഹാ. പെലയാടിമോളെ നീയെന്താ പറയുന്നതു്? കള്ളനുണ്ടാക്കി തുരപ്പു് കടന്നുകളഞ്ഞെന്നോ?

രദ: നശിച്ചവനേ! മതിപരിഹാസം! ഇതു് കാണുന്നില്ലേ?

വിദൂ: എന്തൊന്നാ പെലയാടിമോളെ, രണ്ടാമതൊരു തുരപ്പുകൂടിയുണ്ടാക്കിയെന്നാണോ പറയുന്നതു്? ഹേ സുഹൃത്തേ ചാരുദത്താ എഴീക്കു എഴീക്കു! നമ്മുടെ വീട്ടിനു് തുരപ്പുണ്ടാക്കി കള്ളൻ കടന്നുകളഞ്ഞിരിക്കുന്നു!

ചാരു: മതി മതി, പരിഹാസം!

വിദൂ: പരിഹാസമല്ല ഹേ! നോക്കിയാട്ടെ!

ചാരു: എവിടെയാണ്?

വിദൂ: ദാ, ഇവിടെ.

ചാരു: (നോക്കീട്ട്) ആഹാ! കാണോണ്ടതുതന്നെയാണിത്തുരപ്പ്!
തുരപ്പ്മേലിഷ്ടിക നീക്കിയത്രേ:
മേലേമെലിഞ്ഞും നടുവീത്തുമല്ലോ

1. വാഗ്ദേവത. 2. ദുർഗ്ഗമസ്ഥലം. 3. സർപ്പവിശേഷം.

ചോരൻെറയീച്ചെയ്തിയിലുംഭയത്താൽ-
ത്തകന്ന, വീട്ടിൻ ഹൃദയംകണക്കെ. 22

എന്തൊരു കർമ്മകുശലതയാണീ പ്രവൃത്തിയിൽപ്പോലും!

വിദൂ: കേട്ടോ സുഹൃത്തേ, രണ്ടുകൂട്ടരിലാരെങ്കിലുമാവണം ഇത്തുരപ്പുണ്ടാക്കിയത്. ഒന്നുകിലേതോ വഴിയാത്രക്കാരൻ. അല്ലെങ്കിൽ ഈ തൊഴിൽ പരിശീലിക്കാനാഗ്രഹിക്കുന്ന ഏതോ ഒരുത്തൻ. അതല്ലാതെ, ഈയുജ്ജയിനിയിൽ ആർക്കാണറിഞ്ഞുകൂടാത്തതു് നമ്മുടെ ഗൃഹവിഭവം?

ചാരു:

വൈദേശ്യൻ, നിർദ്ധനൻമാരിവിടെയതിസുഖം
നിദ്രചെയ്യുന്നുവെന്നാ-
യോരാ,തെൻവീട്ടിലും തൻതൊഴിലതു പരിശീ-
ലിക്കുവാൻ ചെയ്തതാവാം.
വീട്ടിൻ വൈപുല്യമോർത്തിട്ടവനടനതിയാ-
യാശപൂ,ണ്ടേറെനേരം
യത്നത്താൽ ക്ലേശമേററിട്ടൊടുവിലെവിടെയോ
പോയിരിക്കാം നിരാശൻ! 23

ഇനിയിപ്പോളാ നിർഭാഗ്യവാനെന്താണ് തൻെറ സുഹൃത്തുക്കളോട് ചെന്നു പറയുക! സാർത്ഥവാഹക പുത്രൻെറ വീട്ടിൽച്ചെന്നിട്ടൊന്നും ലഭിച്ചില്ല എന്നല്ലേ?

വിദൂ: ഹേയ്! ആ നശിച്ച കള്ളനോടുതന്നെ സഹതാപം പ്രകടിപ്പിക്കുകയോ! അയാൾ വിചാരിച്ചിരിക്കും, വലിയ വീടാണിത് ഇവടന്ന് രത്നച്ചെപ്പോ സ്വർണ്ണച്ചെപ്പോ എടുത്തുകൊണ്ട് പോകാമെന്ന്. (ഓർമ്മിച്ച് വിഷാദത്തോടെ സ്വാഗതം) ആ സ്വർണ്ണപ്പണ്ടമെവിടെ? (വീണ്ടുമോർമ്മിച്ച് പ്രകാശം) ഹേ തോഴരേ, താങ്കളെപ്പോഴും പറയാറുണ്ടല്ലൊ, മൈത്രേയൻ വിഡ്ഢിയാണ്, മൈത്രേയൻ മന്ദനാണ് എന്നൊക്കെ. എന്നാൽ ഞാനാ സ്വർണ്ണപ്പണ്ടം താങ്കളുടെ കൈയിൽ തന്നതു് ബുദ്ധിപൂർവ്വമല്ലേ? അല്ലായിരുന്നെങ്കിൽ ആ പെലയാടിമോൻ അതു് കട്ടുകൊണ്ടുപോയിട്ടുണ്ടാകുമായിരുന്നു.

ചാരു: പരിഹാസം മതിയാക്കൂ.

വിദൂ: ഹേ, ഞാൻ വിഡ്ഢിതന്നെ! എന്നാലെന്താ, പരിഹാസത്തിനുള്ള സമയവും സന്ദർഭവും എനിക്കറിഞ്ഞുകൂടെ?

ചാരു: ഏതുസമയത്താണ് തന്നതു്?

വിദൂ: ഹേ, താങ്കളുടെ വിരല് തണുത്തിരിക്കുന്നുവെന്ന് ഞാൻ പറഞ്ഞ അപ്പോൾത്തന്നെ.

ചാരു: ചിലപ്പോളങ്ങനെയായിരിക്കാം. (എല്ലാടവും നോക്കീട്ട് സഹർഷം) തോഴരേ, ഭാഗ്യംകൊണ്ട് ഞാനൊരു സന്തോഷവാർത്തയറിയിക്കാം.

വിദൂ: എന്ത് കളവുപോയില്ലേ?

ചാരു: കളവുപോയി.

വിദൂ: എന്നിട്ടുമെന്തേ സന്തോഷം?

ചാരു: എന്തെന്നാൽ അയാറം കൃതാർത്ഥനായിട്ടാണല്ലോ പോയത്!

വിദൂ: അതു് പണയമുതലല്ലേ!

ചാരു: അയ്യോ പണയമുതൽ! (മോഹാലസ്യപ്പെടുന്നു)

വിദൂ: ഭവാനാശ്വസിക്കണേ! പണയപ്പാട് കള്ളൻ കട്ടെങ്കിൽ താങ്കളെന്തിനാ മോഹാലസ്യപ്പെടുന്നതു്?

ചാരു: (ആശ്വസിച്ച്) തോഴരേ,

സത്യമാരറിവൂ, ലോകരെന്നെത്താൻ ലഘുവാക്കീടും:
പ്രതാപമററ ദാരിദ്ര്യം ശങ്കിക്കത്തക്കതല്ലയോ? 24

ഹാ കഷ്ടം!

സമ്പത്തുമുന്നമേ ദൈവം കൈയടക്കിയിരിക്കവേ
എന്തിനെൻ ശീലഗുണവും ദൂഷിപ്പിക്കുന്നു നിർദ്ദയൻ? 25

വിദൂ: ഞാനെല്ലാം നിഷേധിക്കും!—ആരുകൊടുത്തു. ആരുവാങ്ങി. ആരുസാക്ഷി? എന്നു ഞാൻ ചോദിക്കും!

ചാരു: ഞാനസത്യം പറയണമെന്നാണോ?

യാചിച്ചുമർത്ഥമുണ്ടാക്കും ന്യാസം തിരിയെ നൽകുവാൻ
അസത്യം ചൊല്ലുകില്ലീ ഞാൻ ചാരിത്ര[1]ഭ്രംശകാരണം 26

രദനിക: (സ്വഗതം) എന്നാൽ ഞാനിതു് ആര്യധൂതയെ ചെന്നറിയിക്കട്ടെ. (പോകുന്നു.)

(അനന്തരം തോഴിയോടൊത്തു് ചാരുദത്തവധു (ധൂത) പ്രവേശിക്കുന്നു.)

വധു: (സംഭ്രമത്തോടെ) സത്യംതന്നല്ലേ, ആര്യമൈത്രേയനെന്നു പോലെ ആര്യപുത്രൻെറ ദേഹത്തിലും പരിക്കൊന്നുമേററിട്ടില്ലല്ലൊ?

രദ: അതെ കൊച്ചമ്മേ, സത്യം! എന്നാൽ ആ വേശ്യപ്പെണ്ണിൻെറ ആഭരണമുണ്ടല്ലൊ അതു് മോഷണം പോയി.

വധു: (മോഹാലസ്യപ്പെടുന്നു.)

രദ: ആര്യധൂത ആശ്വസിക്കണേ!

---

1. സൽപ്പേരു്.

വധു : (ആശ്വസിച്ച്) തോഴീ, നീയെന്താ പറഞ്ഞത് ആര്യപുത്രൻെറ ശരീരത്തിന്ന് പരിക്കേററിട്ടില്ലെന്നല്ലേ? എന്നാലദ്ദേഹത്തിൻെറ സൽപ്പേരിന്ന് പരിക്കേല്ക്കുന്നതിന്നു പകരം ശരീരത്തിന്നായിരുന്നെങ്കിൽ അതായിരുന്നു ഭേദം! ആര്യപുത്രൻതന്നെയാണ്, ദാരിദ്ര്യം നിമിത്തം ഈ ചെയ്യരുതാത്തത് ചെയ്തതെന്ന് ഉജ്ജയിനിയിലെ ജനങ്ങളിപ്പോഠ പറഞ്ഞുതുടങ്ങും! (മുകളിലോട്ടു നോക്കി നിശ്വസിച്ചിട്ട്) ഭഗവാനേ! താമരയിലയിൽ വീണ നീർത്തുള്ളിപോലെ ചഞ്ചലമായ ദരിദ്ര പുരുഷഭാഗധേയംകൊണ്ട് നീ പന്താടുന്നു! അമ്മയുടെ വീട്ടിൽനിന്ന് കിട്ടിയ ഈയൊരു രത്നമാല മാത്രമുണ്ട് എൻെറ കൈയിൽ. ഇതുപോലും പക്ഷേ, തൻെറ അത്യൗദാര്യംകൊണ്ട് ആര്യപുത്രൻ വാങ്ങില്ല. തോഴീ ആര്യമൈത്രേയനെയിങ്ങു വിളിക്കൂ.

രദ : ധൂതാര്യയുടെ കല്പനപോലെ. (വിദൂഷകനെ സമീപിച്ച്) ആര്യ മൈത്രേയ, താങ്കളെ ധൂത വിളിക്കുന്നു.

വിദൂ : അവരെവിടെ?

രദ : ദാ നില്ക്കുന്നു. അടുത്തുചെല്ലൂ.

വിദൂ : (സമീപിച്ച്) ഭവതിക്ക് മംഗളം!

വധു ; ആര്യ, വന്ദനം! ആര്യനൊന്നു കിഴക്കോട്ടു തിരിഞ്ഞുനില്ക്കൂ.

വിദൂ : ഭവതി, ദാ ഞാൻ കിഴക്കോട്ടു തിരിഞ്ഞുനിന്നിരിക്കുന്നു.

വധു : ഇതിവിടുന്ന് വാങ്ങൂ

വിദൂ : ഇതെന്താണാവോ?

വധു : ഞാൻ രത്നഷഷ്ഠി[1]ക്കുപവസിക്കയാണ്. അതിനായി, കഴിവനുസരിച്ച് ബ്രാഹ്മണന്ന്[2] പ്രതിഗ്രഹം നൽകണമെന്നുണ്ട്. പക്ഷേ, നൽകാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അദ്ദേഹത്തിനുവേണ്ടി അങ്ങീ രത്നമാല സ്വീകരിക്കണം.*

വിദൂ (സ്വീകരിച്ചിട്ട്) സ്വസ്തി! ഞാൻ പോട്ടെ, ഇതു് പ്രിയസുഹൃത്തിനെ അറിയിക്കാം.

വധു : ആര്യമൈത്രേയ, എനിക്ക് ലജ്ജിക്കാനിടയാക്കരുതേ!** (പോകുന്നു.)

വിദൂ: (വിസ്മയത്തോടെ) അഹോ! ഇവളുടെ മഹാനുഭാവത!

ചാരു: അല്ലാ, മൈത്രേയൻ താമസിക്കുന്നല്ലോ. വൈക്ലബ്യംകൊണ്ടയാഠ അകാര്യമൊന്നും പ്രവർത്തിക്കാതിരിക്കണേ! ..മൈത്രേയാ, മൈത്രേയാ!

---

1. രത്നം ദാനം ചെയ്യേണ്ട ഷഷ്ഠ്യുപവാസം 2. ഭർത്താവിന്ന്
* ദാനം വാങ്ങിയാൽ സ്വന്തമായി. സ്വന്തമാണെങ്കിലേ ചാരുദത്തൻ ഉപയോഗപ്പെടുത്തുകയുള്ളൂ. ** ചാരുദത്തൻ ദാനം നിരസിക്കാതിരിക്കാൻ നോക്കണേ!

വിദൂ: (സമീപിച്ച്) ഇതാ ഞാൻ. ഇതു് വാങ്ങൂ. (രത്നമാല കാണിക്കുന്നു.)

ചാരു: എന്താണിതു്?

വിദൂ: ഹേയ്, അനുയോജ്യയായ ഭാര്യയെ നേടിയതിൻെറ ഫലം!

ചാരു: ഭാര്യക്കും ഞാനിങ്ങനെ അനുകമ്പ്യനായിരിക്കുന്നു! കഷ്ടം! ഞാനിപ്പോഴും തികച്ചും ദരിദ്രൻതന്നെ!

ആത്മഭാഗ്യക്ഷതദ്രവ്യൻ സ്ത്രീദ്രവ്യാലനുകമ്പിതൻ!
അർത്ഥനാശാൽപ്പുമാൻ സ്ത്രീയാമർത്ഥത്താൽ സ്ത്രീ പുമാനുമാം! 27

അഥവാ ഞാൻ ദരിദ്രനല്ല. എനിക്കാകട്ടെ,

വിഭവത്തിന്നൊത്ത[1] പത്നി, സുഖദുഃഖസുഹൃത്തു നീ
ദരിദ്രരിൽ ദുർല്ലഭമാം സത്യം ഭ്രഷ്ടവുമല്ലിഹ. 28

മൈത്രേയ, രത്നമാലയുമായി വസന്തസേനയുടെ അടുത്തുചെല്ലൂ. എന്നിട്ടു് ഞാൻ പറഞ്ഞതായി പറയൂ. സ്വന്തമാണെന്ന വിശ്വാസത്താൽ സ്വർണ്ണപ്പണ്ടം ചൂതുകളിയിൽ നഷ്ടപ്പെടുത്തി. അതിനു പകരമായി ഈ രത്നമാല സ്വീകരിക്കണം-എന്നു്.

വിദൂ: അരുതു്. ചവയ്ക്കുകയോ തിന്നുകയോ ചെയ്തിട്ടില്ലാത്തതും കള്ളനപഹരിച്ചതുമായ അല്പമൂല്യവസ്തുവിനുവേണ്ടി ചതുസ്സമുദ്രസാരമായ ഈ രത്നമാല കൊടുക്കരുതു്!

ചാരു: അല്ല സുഹൃത്തേ, അങ്ങനെ പറയരുതു്.

എന്നിലുള്ളതു വിശ്വാസാലർപ്പിച്ചോ ന്യാസമിങ്ങവൾ
ആ മഹാപ്രത്യയ[2]ത്തിന്നായീമൂല്യം നൽകീടുന്നു ഞാൻ. 29

അതുകൊണ്ടു്, സുഹൃത്തേ, എൻെറ മെയ്തൊട്ടാണയിട്ടു, അവളെക്കൊണ്ടിതു സ്വീകരിപ്പിക്കാതെ ഇങ്ങുവരില്ലെന്നു്! വർദ്ധമാനകാ!

ഈയിഷ്ടികകളാൽ വേഗം ദ്വാരമാകെയടക്കുക:
അല്ലെങ്കിലപവാദത്തിൻ പെരുംദോഷമൊഴിഞ്ഞിടാ. 30

സുഹൃത്തേ മൈത്രേയ, താനവളോട് ഹീനതകൂടാതെയും ഔദാര്യത്തോടും വേണം പറയാൻ.

വിദൂ: ഹേയ്, ദരിദ്രനായാലും ഒരാൾ ഹീനതയോടെ പറയുമോ?

ചാരു: സഖേ, ഞാൻ ദരിദ്രനല്ല. എനിക്കാകട്ടെ ('വിഭവത്തിന്നൊത്ത പത്നി...' എന്നാവർത്തിക്കുന്നു.) അതുകൊണ്ടു് താൻ പോകൂ. ഞാനും കുളിച്ച് സന്ധ്യാവന്ദനം കഴിക്കട്ടെ.

(എല്ലാവരും പോകുന്നു.)

'ദ്വാരനിർമ്മിതി' എന്ന മൂന്നാമങ്കം കഴിഞ്ഞു.

---

1. വൃദ്ധിക്ഷയങ്ങളിലൊരുപോലെ അനുകൂല 2. വിശ്വാസം

## നാലാം അങ്കം

പരിചാരിക: (പ്രവേശിച്ച്) ആര്യയുടെ സമീപം ചെല്ലാനമ്മയെന്നോട്ട് കല്പിച്ചിരിക്കുന്നു. അവരിതാ ചിത്രഫലകത്തിൽ കണ്ണും നട്ട് മദനികയോടെന്തോ സംസാരിച്ചുകൊണ്ടിരിക്കുന്നു. അടുത്തു ചെല്ലട്ടെ. (ചുററിനടക്കുന്നു)

(അനന്തരം പറഞ്ഞപോലെ വസന്തസേനയും മദനികയും പ്രവേശിക്കുന്നു.)

വസന്ത: തോഴീ മദനികേ, ഈ ചിത്രാകൃതിക്ക് ആര്യചാരുദത്തനോട്ട് തികച്ചും സാദൃശ്യമുണ്ടോ?

മദനിക: തികച്ചും സാദൃശ്യമുണ്ട്.

വസന്ത: നിനക്കെങ്ങനെയറിയാം?

മദ: ഭവതിയുടെ സുസ്നിഗ്ദ്ധ നേത്രങ്ങളതിലനുലഗ്നമായതുകൊണ്ട്.

വസന്ത: മദനികേ, വേശ്യാഗൃഹവാസത്താലുള്ള ദാക്ഷിണ്യംകൊണ്ടിങ്ങനെ പറയുന്നതല്ലേ നീ?

മദ: ആര്യേ, വേശ്യാഗൃഹവാസികളെല്ലാം കൃത്രിമദാക്ഷിണ്യമുള്ളവരായിരിക്കണമെന്നുണ്ടോ?

വസന്ത: തോഴീ, നാനാപുരുഷസംഗത്താൽ വേശ്യകൾ കൃത്രിമദാക്ഷിണ്യമുള്ളവരാകാറുണ്ട്.

മദ: ഭവതിയുടെ കണ്ണും കരളും ഇതിൽത്തന്നെ അഭിരമിക്കുന്നു. പിന്നെന്തിനാ കാരണം ചോദിക്കുന്നതു്?

വസന്ത: തോഴീ, സഖികളുടെ പരിഹാസമൊഴിവാക്കണമെന്നുണ്ട്.

മദ: ആര്യേ അങ്ങനെയാവില്ല. സഖികളുടെ മനസ്സറിഞ്ഞു് പ്രവർത്തിക്കുന്നവരാണല്ലോ സ്ത്രീകൾ.

പരിചാരിക: (അടുത്തുചെന്നു്) ആര്യേ, അമ്മകല്പിക്കുന്നു. മറയിട്ട ഒരു വണ്ടി വാതിൽക്കൽവന്നു നില്ക്കുന്നുണ്ട്. അതുകൊണ്ടു് ചെല്ലണമെന്നു്.

വസന്ത: തോഴീ, ആര്യചാരുദത്തനെനിക്കാളയച്ചുവോ?

പരി: ഈ വണ്ടിയോടൊപ്പം പതിനായിരം പൊൻപണം വിലവരുന്ന ഒരാഭരണവുമയച്ചിരിക്കുന്നു.

വസന്ത: എന്നാൽപ്പിന്നെ അതാരാണ്?

പരി: അതു് രാജസ്യാലൻ സംസ്ഥാനകൻ തന്നെ.

വസന്ത: (കോപത്തോടെ) പോ! ഇനിയും മിണ്ടിപ്പോകരുതു്!

പരി; ആര്യ പ്രസാദിക്കണേ! പ്രസാദിക്കണേ! സന്ദേശവുംകൊണ്ടയച്ചതാണെന്നെ.

വസന്ത: സന്ദേശത്തോടുതന്നെയാണെനിക്കരിശം!

പരി: അപ്പോഴം അമ്മയോട് ഞാനെന്താപറയേണ്ടതു്?

വസന്ത: ഞാൻ ജീവിച്ചിരിക്കണമെന്നുണ്ടെങ്കിൽ അമ്മ മേലിലെന്നോടിങ്ങനെ കല്പിക്കരുതെന്നു പറയൂ.

പരി: നിങ്ങടിഷ്ടംപോലെ, (പോകുന്നു)

ശർവ്വിലകൻ: (പ്രവേശിച്ചു്)

ദേഷം[1] നിശയ്ക്കേകി, യുറക്കിനേയും
രക്ഷിവ്രജത്തേയുമഹോ ജയിച്ചേൻ
പിന്നെപ്പുലർച്ചയ്ക്കരുണോദയത്താ —
ലസ്താഭനാമിന്ദുകണക്കെയായ്ഞാൻ

കൂടാതെ,

തത്രപ്പെട്ടുനടക്കവേ യൊരുവനെൻ —
നേർക്കൊന്നുനോക്കുമ്പോഴോ
നില്ലെസ്സംഭ്രമമോടുഞാ, നുടനൊരാ —
ളെൻനേർക്കടുക്കുമ്പൊഴോ
ദൂഷ്യപ്പെട്ടൊരു മന്മനസ്സു തുലനം
ചെയ്യുന്നിതായാളിനെ,
സ്വന്തംദൂഷണമല്ലിയെന്നുമൊരുവൻ
മറ്റോരിലും കാണുക. 2

മദനികയ്ക്കുവേണ്ടിയാണ് ഞാൻ സാഹസകൃത്യമനുഷ്ഠിച്ചതു്.

വേലക്കാരൊടൊരോന്നുരച്ചമരുവോ
രെ, ങ്ങാഗൃഹം കൈവിട്ടും
നാരീമാത്രകമായ വീടുമൊഴിവാ-
ക്കീട്ടും ചിലേടത്തുഞാൻ.
നില്ക്കും, രക്ഷിജനങ്ങളെത്തുമളവിൽ-
ച്ചിത്രം, മരത്തൂണുപോ-
ലേവം ചെയ്തികളാറുകൊണ്ടു പകലാ-
ക്കീട്ടുന്നുഞാൻ രാത്രിയെ. 3

(ചുററിനടക്കുന്നു)

വസന്ത: തോഴീ, നീയെന്നാൽ ഈ ചിത്രഫലകം എന്റെ കിടക്കയിൽ കൊണ്ടുവെച്ച ഒരു വിശറിയുമെടുത്തിങ്ങു വരു, വേഗം.

---

1. മോഷണം മുതലായവ.

മദ: ആര്യ കൽപിക്കുംപോലെ (ചിത്രഫലകവുമായി പോകുന്നു)

ശർവ്വി ഇതാ വസന്തസേനയുടെ വീട്. ഞാനെന്നാലുള്ളിൽക്കടക്കട്ടെ. (കടന്നിട്ട്) എവിടെയാണാവോ മദനികയെക്കാണുക? (വിശറിയുമായി മദനിക പ്രവേശിക്കുന്നു)

ശർവ്വി: (കണ്ടിട്ട്) ഹാ! ഇതല്ലേ മദനിക!

മദനനെയുമഹോ ഗുണത്തിൽവെല്ലും
രതിയുടലാണ്ടതുപോൽത്തിളങ്ങിടുന്നോരം
മമഹൃദയ, മനംഗവഹ്നിതപ്തം
മലയജശീതളമാക്കിടുന്നു മുററും. 4

മദനികേ!

മദ: (കണ്ടിട്ട്) ആ: ആര്, ശർവ്വിലകനോ! ശർവ്വിലകാ, അങ്ങേയ്ക്കു് സ്വാഗതം! താങ്കളെങ്ങോട്ടാണ്?

ശർവ്വി: പറയാം.

(അനുരാഗത്തോടെ അന്യോന്യം നോക്കുന്നു)

വസന്ത: മദനിക വൈകിക്കുന്നല്ലോ. എന്നാലവളെവിടെപ്പോയോ ആവോ? (ഗവാക്ഷം വഴിനോക്കീട്ട്) എന്തു്!

ഇവളിതാ ഏതോ പുരുഷനോട്ട് സംസാരിച്ചുകൊണ്ടു് നില്ക്കുന്നു. അതിസ്നിഗ്ദ്ധവും നിശ്ചലവുമായ കണ്ണുകൾകൊണ്ടു് പാനം ചെയ്യുകയാണെന്നപോലെ ഇയാളെ നോക്കിനില്ക്കുന്നതുകൊണ്ടു് എനിക്കു് തോന്നുന്നു ഇയാളാണിവളെ സ്വതന്ത്രയാക്കാനാഗ്രഹിക്കുന്നവനെന്നു്. എന്നാൽ രമിച്ചോട്ടെ. രമിച്ചോട്ടെ! ആരും തന്നെ ഇവൾക്കു് പ്രതിബന്ധമായിക്കൂട—ഇവളെയിപ്പോൾ വിളിക്കണ്ട.

മദ: പറയൂ ശർവ്വിലക.

ശർവ്വി: (ശങ്കയോടെ ചുററും നോക്കുന്നു)

മദ: ശർവ്വിലക, എന്താണിതു്? അങ്ങ് സംശയാലുവേപ്പോലെ കാണപ്പെടുന്നല്ലോ.

ശർവ്വി: നിന്നോടു് ചില രഹസ്യങ്ങൾ പറയാം. പക്ഷേ മററാരുമില്ലല്ലോ ഇവിടെ?

മദ: ഇല്ല.

വസന്ത: എന്ത്? രഹസ്യമാണോ? എന്നാൽ ഞാൻ കേൾക്കുന്നില്ല.

ശർവ്വി: മദനികേ, പ്രതിഫലം കൊടുത്താൽ നിന്നെ മോചിപ്പിക്കുമോ വസന്തസേന?

വസന്ത: എന്ത്! എന്നെസ്സംബന്ധിക്കുന്ന പ്രസ്താവമാണല്ലോ. അതുകൊണ്ട് ദേഹംകാണാതെ മറച്ച് ഈ ഗവാക്ഷത്തിലൂടെ ഞാൻ കേൾക്കട്ടെ.

മദ: ശർവ്വിലക, ഞാനാര്യയോട് ചോദിച്ചു. അപ്പോൾ പറഞ്ഞു: 'എനിക്കാഗ്രഹമുണ്ടെങ്കിൽ അന്നേരം ധനം കൂടാതെതന്നെ ഞാനെല്ലാ പരിജനങ്ങളേയും സ്വതന്ത്രരാക്കും'-എന്ന്. പിന്നെ, ശർവ്വിലകാ ആര്യയിൽനിന്നെന്നെ മോചിപ്പിക്കുവാൻ വേണ്ടുന്നത്ര ധനം താങ്കൾക്കെവിടന്ന്കിട്ടി?

ശർവ്വി:

ദാരിദ്ര്യഹതനും നിന്നിലനുരക്തനുമായ ഞാൻ
കഴിഞ്ഞരാത്രിയിൽ, ബ്ഭീരു, നിനക്കായ് ചെയ്തു
സാഹസം. 5

വസന്ത: പ്രസന്നമാണിദ്ദേഹത്തിൻെറ ആകൃതി. എന്നാൽ സാഹസം ചെയ്തെന്നു കേട്ടിട്ട് ഭയം തോന്നുന്നു.

മദ: ശർവ്വിലകാ, ഒരു നിസ്സാരസ്ത്രീക്കുവേണ്ടി താങ്കളിതു രണ്ടും അപകടപ്പെടുത്തിയല്ലോ!

ശർവ്വി: ഏതു രണ്ടും?

മദ: ശരീരവും സൽപ്പേരും.

ശർവ്വി: മണ്ടീ! സാഹസത്തിലാണ് ഐശ്വര്യം വാഴുന്നത്!

മദ: ശർവ്വിലക, സ്വഭാവദൂഷ്യമില്ലാത്ത ആളായിരുന്നു താങ്കൾ. അതുകൊണ്ട് എനിക്കുവേണ്ടി അത്യന്തവിരുദ്ധമായ സാഹസകർമ്മമൊന്നും ചെയ്തിട്ടില്ലെന്നു കരുതട്ടെ!

ശർവ്വി:

പൂവല്ലിക്കു സമം വിഭൂഷയൊടെഴും
സ്ത്രീയെത്തൊടാറില്ല ഞാൻ
വിപ്രസ്വം മുതലും, സുവർണ്ണമതു യ-
ജ്ഞാർത്ഥം സ്വരൂപിച്ചതും
വിത്തംതേടവെ, ധാത്രിതൻ മടിയിലെ-
പ്പൊൻകുഞ്ഞിനേയുംവിടും
കാര്യാകാര്യവിചാരമുള്ളവനിവൻ
ചൗര്യത്തിലേ നില്ക്കിലും. 6

അതുകൊണ്ട് വസന്തസേനയോടിങ്ങനെ അഭ്യർത്ഥിക്കുക;

ഇതു, നിൻമെയ്യിനൊപ്പിച്ച തീൎത്തപോലുള്ള ഭൂഷണം
രഹസ്യമായ്‌ ധരിച്ചാലുമെന്നോടുള്ളിഷ്ടമോൎത്തുനീ. 7

മദ: ശൎവ്വിലക, ഭൂഷണം രഹസ്യമായി ധരിക്കണം. അതും ഇത്തരം ജനം[1] രണ്ടും യോജിക്കില്ല. അതുകൊണ്ടിങ്ങുതരു, ആഭരണം ഞാനൊന്നു കണ്ടോട്ടെ.

ശൎവ്വി: ഇതാ ആഭരണം. (ശങ്കയോടെ കൊടുക്കുന്നു.)

മദ: (ഓൎത്തിട്ട്‌) ഈയാഭരണം മുമ്പുകണ്ടിട്ടുള്ളതുപോലെ തോന്നുന്നു. അതുകൊണ്ട്‌, പറയൂ ഇതെവിടന്ന്‌ കിട്ടി?

ശൎവ്വി: അതെന്തിനറിയുന്നു മദനികേ? നീയെടുത്തോളൂ!

മദനിക: (കോപത്തോടെ) എന്നെ വിശ്വാസമില്ലെങ്കിൽ പിന്നെന്തിനാണെന്നെ സ്വതന്ത്രയാക്കുന്നത്‌?

ശൎവ്വി: എന്നാൽ, കാലത്ത്‌ ഞാൻ വ്യാപാരിത്തെരുവിൽനിന്നു കേട്ടു, സാൎത്ഥവാഹകനായ ചാരുദത്തൻേറതാണെന്ന്‌. (വസന്തസേനയും മദനികയും മൂൎച്ഛനടിക്കുന്നു)

ശൎവ്വി: മദനികേ, സമാശ്വസിക്കൂ! നീയിപ്പോളെന്താണിങ്ങനെ?

സംഭ്രമത്താൽക്കൺ ചുഴന്നും ദുഃഖത്താൽമെയ്യയഞ്ഞുമേ
മോചിക്കുവോരം നീ കമ്പിപ്പൂ കാണിപ്പീലനുകമ്പയെ,

മദ: (ആശ്വസിച്ചിട്ട്‌) സാഹസിക, എനിക്കുവേണ്ടി ഈ ദുഷ്കൃത്യം ചെയ്യപ്പോരം ആ ഗൃഹത്തിലാരേയും കൊല്ലുകയോ മുറിപ്പെടുത്തുകയോ ചെയ്യിട്ടില്ലല്ലോ?

ശൎവ്വി: ഭീതരേയും ഉറങ്ങുന്നവരേയും ശൎവ്വിലകൻ പ്രഹരിക്കാറില്ല മദനികേ. അതുകൊണ്ട്‌ ഞാനാരേയും കൊന്നിട്ടില്ല, മുറിപ്പെടുത്തീട്ടുമില്ല.

മദ: സത്യമാണോ?

ശൎവ്വി: സത്യം!

വസന്ത: (ബോധം ലഭിച്ച്‌) ഹാവൂ! എനിക്ക്‌ വീണ്ടും ജീവൻവന്നു.

മദ: സന്തോഷമായി.

ശൎവ്വി: (ഈൎഷ്യയോടെ) മദനികേ, നീ സന്തോഷമായെന്നു പറഞ്ഞതിനൎത്ഥം?

മുന്നം സദ്‌വൃത്തരാകും പുരുഷരവതരി—
ച്ചോരു വംശത്തിലാന്നും
ചെയ്യേനീ നിന്ദ്യകൃത്യം പ്രണയമിവനഹോ
നിന്നിലുണ്ടാകമൂലം!

1. അണിഞ്ഞൊരുങ്ങി ആളുകളെ ആകൎഷിക്കേണ്ട വേശ്യ

കാമത്താലാർത്തനാകുമ്പൊഴുതിലുമഭിമാ—
നത്തെ ഞാൻ കാത്തിടുന്നു
നീയോചൊൽവൂസുഹൃത്തെന്നിവനെ, യപരനെ—
ക്കൊരാൾക്കയും ചെയ്യിടുന്നു! 9

(അർത്ഥംവെച്ച്)

ഇവിടെപ്ഫലസമ്പന്ന
കുലപുത്രമരങ്ങടെ
ഫലമെല്ലാമശിക്കുന്നു
ഗണികാ വിഹഗവ്രജം! 10

ഇതുകാമാഗ്നി! സുരതം നാളം, പ്രണയമിന്ധനം
ഇതിൽഹോമിപ്പു നരർ, തൻ യൗവനം ധനമെന്നിവ! 11

വസന്ത: (പുഞ്ചിരിയോടെ) ഇയാളുടെയാവേഗം അസ്ഥാനത്താണ്.

ശർവ്വി: എല്ലാവിധത്തിലും,

സ്ത്രീയേയുമശ്രീയെയുമാരുനമ്പു—
മപണ്ഡിതന്മാരവരെന്നുരപ്പേൻ
സ്ത്രീവർഗ്ഗവും ശ്രീയുമൊരേവിധം താൻ
വളഞ്ഞുനീങ്ങുന്നു ഭുജംഗിപോലെ 12

സ്ത്രീകളൊടു രാഗമരുതേ:
നിന്ദിപ്പൂ സരാഗനാം പുരുഷനെയവർ
അനുരക്തരിലേ രാഗം
പാടുള്ളു വിരക്തകളെയൊഴിക്കേണം! 13

സത്യമാണല്ലോ ഈ ചൊല്ല്:

വിത്തത്തിനായ്ക്കരയുമിങ്ങിവർ പുഞ്ചിരിക്കും
വിശ്വാസമേകുമിവരാണി, ലവിശ്വസിക്കും*
വേശ്യാജനത്തെയതിനാലൊഴിവാക്കിടേണ—
മെന്നും ശ്മശാനസുമമെന്നതുപോലെ മാന്യർ. 14

മാത്രമല്ല,

സന്ധ്യാഭ്രതുല്യം ക്ഷണരാഗമാന്നോ—
രോളങ്ങൾതന്ന സ്ഥിരഭാവമുള്ളോർ

---

* ആണുങ്ങളെക്കൊണ്ടു് വിശ്വസിപ്പിക്കും, അങ്ങോട്ട് വിശ്വസിക്കുകയുമില്ല.

ഹൃതാൎത്ഥരാക്കിപ്പുരുഷവ്രജത്തെ—
ത്യജിപ്പുനിഷ്പീഡിത ലാക്ഷപോലെ| 15

ചപലക[1]ളാണു്, പെണ്ണുങ്ങൾ:

ഒരാളെയുള്ളിൽക്കടിവെച്ചു വേറേ—
യൊരാളിനെക്കണ്ണുകളാൽ ക്ഷണിപ്പൂ
ഒരാളിലാനന്ദരസം പകൎന്നി—
ട്ടൊരാളെ മെയ്ക്കൊണ്ടു് കൊതിച്ചിടുന്നു! 16

ആരുടേയോ സൂക്തമിങ്ങനെയാണല്ലോ:

പാറപ്പുറത്തു നളിനം വളരാ, തുരംഗം—
പേറും നുകം കഴുതകൾക്ക വഹിക്കവയ്യാ
പാടത്തു നെല്ലു വിളയില്ല യവം വിതച്ചാ—
ലീമട്ടു വാരവനിതയ്ക്കു വരാ വിശുദ്ധി. 17

എടാ ദുഷ്ട! ചാരുദത്ത, പാപി! നിന്നെ ഞാൻ വെച്ചേക്കില്ല! (ഏതാനുമടികൾ നടക്കുന്നു)

മദ: (വസ്ത്രത്തുമ്പിൽ പിടിച്ചു്) ഏയ്, അസംബന്ധം പുലമ്പുന്നു! സംഭവിക്കാനിടയില്ലാത്തതി[2]ലാണീ കോപം.

ശർവ്വി: എങ്ങനെ സംഭവിക്കാനിടയില്ലാത്തതു്?

മദ: ഈയാഭരണം ആര്യയുടേതാണല്ലോ.

ശർവ്വി: അതുകൊണ്ടെന്താ?

മദ: ഇതാകട്ടെ അവരാ മാന്യന്റെ കൈയിൽ നിക്ഷേപിച്ചതാണു്.

ശർവ്വി: എന്തിനു്?

മദ: (ചെവിയിൽ) - ഇങ്ങനെയാണു്

ശർവ്വി: (ലജ്ജയോടെ) ഹാ കഷ്ടം!

വേനൽച്ചൂടിൽച്ഛായതേടി യേതുഞാനാശ്രയിച്ചുവോ,
അശ്ശാഖയെപ്പത്രമററതാക്കിനേ, നറിയാതെ ഞാൻ* 18

വസന്ത: ഇയാളും സന്തപിക്കുന്നതുപോലെ തോന്നുന്നല്ലോ. അപ്പോൾ ഇയാളറിയാതെ ഇങ്ങനെ ചെയ്തതായിരിക്കണം.

ശർവ്വി: മദനികേ എന്താണിനി ചെയ്യുക?

1. മിന്നലെന്നും. 2. മദനികയ്ക്കു് ചാരുദത്തനിൽ പ്രേമം.

* അനംഗവഹ്നിതപ്തനായ താൻ മദനികയെന്ന ശീതളിമയെ സ്വതന്ത്രയാക്കിത്തരേണ്ട ആളുടെ തന്നെ പണ്ടം മോഷ്ടിച്ചു് അവസരം നഷ്ടപ്പെടുത്തി.

മദ: ഇക്കാര്യത്തിലങ്ങയ്ക്കുതന്നെയാണറിവു്.

ശർവ്വി: അങ്ങനെയല്ല, നോക്കൂ,

കൂടപ്പിറപ്പുതാനല്ലോ മടവാർക്കു പടുത്വവും
പുരുഷർക്കതു ശാസ്ത്രങ്ങൾ കൊണ്ടുനേടേണ്ടതല്ലയോ? 19

മദ: ശർവ്വിലക, ഞാൻ പറയുന്നതു് കേൾക്കുമെങ്കിൽ, താങ്കളിതു ആ മഹാനുഭാവനുതന്നെ മടക്കിക്കൊടുക്കണം.

ശർവ്വി: മദനികേ, അയാളെന്നെക്കുറിച്ചു് കൊട്ടാരത്തിലറിയിച്ചാലോ?

മദ: ചന്ദ്രനിൽനിന്നു് വെയിലുണ്ടാവില്ല!

വസന്ത: കൊള്ളാം! മദനികേ, ഉചിതമായിട്ടുണ്ടു്!

ശർവ്വി: മദനികേ,

ഇസ്സാഹസ[1]ത്തിലിവനില്ല ഭയം, വിഷാദ-
മസ്സാധുവിൻ ഗുണമതെന്തിനു നീയുരപ്പൂ?
ഇക്കുത്സിതം പണി[2]യിലെങ്ങിവനൊട്ടുനാണ-
മിന്നിശ്ശൃങ്കലരചൻ പുനരെന്തുചെയ്യാൻ! 20

എന്നാലുമിതു് നീതിവിരുദ്ധമാണു്. മറെറാരുപായം ചിന്തിക്കൂ!

മദ: എന്നാലിതാ മറെറാരുപായം.

വസന്ത: എന്താണാവോ ആ മറെറാരുപായം?

മദ: ആ മാന്യൻെറതന്നെ ആളായിട്ടു് ഈയാഭരണം ആര്യയ്ക്കു കൊണ്ടുക്കൊടുക്കുക.

ശർവ്വി: അങ്ങനെചെയ്താലെന്താണുണ്ടാവുക?

മദ: എന്നാൽ താങ്കൾ കള്ളനല്ലാതാവും. ആ മാന്യനോ കടം വീട്ടിയവനാവും. ആര്യയ്ക്കു് സ്വന്തം ആഭരണം ലഭിക്കയും ചെയ്യും!

ശർവ്വി: അതിസാഹസമല്ലേയതു്?

മദ: ഹേയ് കൊണ്ടുചെല്ലൂ! അല്ലെങ്കിലാണതിസാഹസമാവുക.

---

1, ചാരുദത്തനെ സമീപിച്ചു് കുററസമ്മതത്തോടെ ആഭരണം തിരിച്ചുനല്കൽ.

2. നിന്ദ്യമെങ്കിലും ഈ ചോരണം സോദ്ദേശ്യമായതുകൊണ്ടു് നാണം തോന്നുന്നില്ല.

വസന്ത; ഉചിതംതന്നെ മദനികേ ഉചിതം തന്നെ. അദാസിയെ പ്പോലെയാണ്* നീ പറഞ്ഞത്,

ശർവ്വി:

മഹത്തരം ബുദ്ധിനേടീ, പിന്തുടർന്നിട്ടുനിന്നെഞാൻ
ചന്ദ്രൻമറഞ്ഞതാം രാവിലപൂർവ്വം വഴികാട്ടികം , 21

മദ: എന്നാലങ്ങീ കാമദേവക്ഷേത്രത്തിലൊരൽപനേരം നിൽക്കുക. അങ്ങുവന്നിട്ടുള്ളവിവരം ഞാനാര്യയെയറിയിക്കട്ടെ.

ശർവ്വി: അങ്ങനെയാട്ടെ.

മദ: (സമീപിച്ച്) ആര്യേ ചാരുദത്തൻെറ അടുത്തുനിന്നു ഒരു ബ്രാഹ്മണൻ വന്നിട്ടുണ്ട്.

വസന്ത: തോഴീ നിനക്കെങ്ങനെയറിയാം അദ്ദേഹവുമായി ബന്ധപ്പെട്ട ആളാണെന്നു്?

മദ: ആര്യേ, സ്വന്തം ബന്ധുവെപ്പോലും എനിക്കറിഞ്ഞുകൂടെ?1

വസന്ത: (സ്വഗതം, തലകുലുക്കിച്ചിരിച്ചിട്ട,) കൊള്ളാം! (പ്രകാശം) വരാൻ പറയൂ.

മദ: ആര്യയുടെ കൽപനപോലെ—

(സമീപിച്ചിട്ട്) ശർവ്വിലകാ, വരൂ.

ശർവ്വി: (സമീപിച്ച് ലജ്ജയോടെ) ഭവതിക്കു സ്വസ്തി!

വസന്ത: ആര്യ, വന്ദനം! ഇങ്ങിരിക്കൂ!

ശർവ്വി: സാർത്ഥവാഹകൻ ഭവതിയോടറിയിക്കുന്നു: 'വീടിൻെറ പഴക്കംകൊണ്ട് ഈ പണ്ടമിവിടെ സൂക്ഷിക്കാൻ പ്രയാസമാണ്, അതുകൊണ്ട് സ്വീകരിച്ചാലും.' (എന്നും പറഞ്ഞു് പണ്ടം മദനികയെ ഏല്പിച്ച് പുറപ്പെടുന്നു)

വസന്ത: ആര്യ, എന്നാലെൻെറ പ്രതിസന്ദേശം അങ്ങോട്ടും കൊണ്ടുപോകണം.

ശർവ്വി: (സ്വഗതം) അവിടെയാരുപോകാൻ! (പ്രകാശം) പ്രതിസന്ദേശമെന്താണ്?

വസന്ത: ആര്യൻ മദനികയെ സ്വീകരിച്ചാലും.

---

* അടിമയെപ്പോലല്ല.

1. ചാരുദത്തനുമായി ബന്ധപ്പെട്ടവനും സ്വന്തം ബന്ധുതന്നെ.

ശർവ്വി: ഭവതി...! എനിക്കു്...മനസ്സിലായില്ലല്ലോ.

വസന്ത: എനിക്കു മനസ്സിലായിട്ടുണ്ടു്.

ശർവ്വി: എന്താണു്?

വസന്ത: ആര്യ ചാരുദത്തനെന്നോടു പറഞ്ഞിരുന്നു, ഈയാഭരണം കൊണ്ടുത്തരുന്ന ആൾക്കു് മദനികയെ നൽകണമെന്നു്. അതു കൊണ്ടു്, അദ്ദേഹംതന്നെയാണിവളെ അങ്ങേയ്ക്കു നല്കുന്നതെന്നു് ആര്യൻ മനസ്സിലാക്കണം.

ശർവ്വി: (സ്വഗതം) അഹോ ഇവളെന്നെ മനസ്സിലാക്കിയിരിക്കുന്നു! [1] (പ്രകാശം) നല്ലതു്, ആര്യ ചാരുദത്താ, നല്ലതു്!

ഗുണങ്ങൾക്കല്ലയോ നിത്യം കിണയേണ്ടതു പൂരുഷർ
ഗുണയുക്തദരിദ്രൻ, നിർഗ്ഗുണൻ ധനിയിൽ മേലെയാം. 22

കൂടാതെ,

പണിപ്പെടേണം പൂരുഷൻ ഗുണത്തി,-
ന്നില്ലൊന്നലഭ്യം ഗുണവാനു ഭുവിൽ
അലംഘ്യമാം ശംഭു ശിരസ്സിലേറാൻ
കഴിഞ്ഞു ബാലേന്ദുവിനാ ഗുണത്താൽ. 23

വസന്ത: വണ്ടിക്കാരിലാരുണ്ടിവിടെ?

പരിചാരകൻ: (വണ്ടിയുമായി പ്രവേശിച്ചു) ആര്യേ വണ്ടി തയ്യാറായിട്ടുണ്ടു്.

വസന്ത: തോഴീ മദനികേ, എന്നെ നല്ലപോലെ ഒന്നുനോക്കൂ: നിന്നെ നൽകിയിരിക്കുന്നു. വണ്ടിയിൽ കയറിക്കൊള്ളൂ. എന്നെ മറക്കരുതേ.

മദ: (കരയുന്നു) ആര്യയെന്നെ പരിത്യജിച്ചിരിക്കുന്നു! (കാല്ക്കൽ വീഴുന്നു)

വസന്ത: ഇപ്പോൾ നീതന്നെ വന്ദനീയയായിരിക്കുന്നു[2]. എന്നാൽ പോകൂ. വണ്ടിയിൽ കയറൂ. എന്നെ—മറന്നേക്കരുതേ!

ശർവ്വി: ഭവതിക്കു മംഗളം! മദനികേ,

നന്നായ് വീക്ഷിച്ചിവളെ നീ വന്ദിക്കുക ശിരസ്സിനാൽ:
ദുർലഭം, നേടിയല്ലോ നീ വധൂശബ്ദാവഗുണ്ഠനം. 24

(മദനികയോടുകൂടി വാഹനത്തിലേറി പോകാൻ പുറപ്പെടുന്നു.)

(അണിയറയിൽ)

ഹേയ്, ആരു്! ആരവിടെ! രക്ഷാധികാരി കല്പിക്കുന്നു: ആര്യകനെന്ന ഇടയച്ചെറുക്കൻ രാജാവായിത്തീരുമെന്നുള്ള സിദ്ധപ്രവ

---

1. മദനികയെ സ്വതന്ത്രയാക്കാനാഗ്രഹിക്കുന്ന ആളാണിതെന്നു്.
2. അദാസിയും ബ്രാഹ്മണവധുവുമായല്ലോ

ചനം കേട്ട് ഭയപരവശനായ പാലകരാജാവ് ഇടയക്കുടിലിൽ നിന്നയാളെ കൊണ്ടുവന്നു കഠിനതടവിലിട്ടിരിക്കുന്നു. അതു കൊണ്ട്, നിങ്ങടം എല്ലാവരും അവരവരുടെ സ്ഥാനങ്ങളിൽ അതിജാഗ്രതയോടിരിക്കുക!

ശർവ്വി: (കേട്ടിട്ട്) എന്ത്! എൻെറ പ്രിയസുഹൃത്തായ ആര്യകനെ പാലകരാജാവ് തടവിലിട്ടിരിക്കുന്നെന്നോ! ഞാനാകട്ടെ ഇവി ടെ ഭാര്യയെ നേടുകയും! കഷ്ടം തന്നെ! അഥവാ

രണ്ടാണതീവ പ്രിയമായ് നരർക്കി-
ദ്ധരിത്രിയിൽ : സുന്ദരിയും സുഹൃത്തും
സുഹൃത്തുതാനിന്നധികം വിശിഷ്ടൻ
ശതപ്പരം സുന്ദരിമാർകളേക്കാൾ 25

ശരി. ഞാനിറങ്ങട്ടെ. (ഇറങ്ങുന്നു)

മദ: (കണ്ണീരോടെ കൈകൂപ്പീട്ട്) ഇതിങ്ങനെയാണല്ലേ! എന്നാ ലാര്യപുത്രനെന്നെ ഗുരുജനങ്ങളുടെയടുത്തെത്തിക്കുകയാണ് നല്ലത്.

ശർവ്വി: കൊള്ളാം പ്രിയേ, കൊള്ളാം. എൻെറ മനസ്സിനനുരൂപ മായിട്ടാണ് നീ പറഞ്ഞതു്! (പരിചാരകനോട്) ഭദ്ര, സാർത്ഥ വാഹകനായ രേഭിലൻെറ വീടറിയില്ലേ?

പരിചാരകൻ: അറിയാം.

ശർവ്വി: പ്രിയയെ അവിടെക്കൊണ്ടാക്കു!

പരി: ആര്യൻെറ കല്പനപോലെ.

മദ: ആര്യപുത്രൻ പറയുന്നപോലെതന്നെ. എന്നാൽ അങ്ങ് അപ കടം പററാതെ നോക്കണേ! (പോകുന്നു.)

ശർവ്വി: ഇനി ഞാൻ

ജ്ഞാതിക്കൂട്ടം, ഭുജബലയശസ്സാളിടുന്നോർ, വിടന്മാർ
രാജദ്വേഷപ്പരിജനകുലം-ചേർത്തിതൊക്കെയുമൊന്നായ്
ഉത്തേജിപ്പി, ച്ചുദയനനെയാമന്ത്രി[1]യെന്നോണമെത്തീ-
ട്ടെന്മിത്രത്തിൻവിടുതിവരുവാനിന്നുയത്നിച്ചിടട്ടെ. 26

കൂടാതെ,

അയോഗ്യരാം ശത്രുജനം ഭയത്തിനാ-
ലഹേതുവായെൻ പ്രിയനാം സുഹൃത്തിനെ
ബന്ധിച്ചു ഹാ! രാഹുമുഖസ്ഥചന്ദ്രനെ-
പ്പോലെ, ദ്രുതം നേത്ത്*വിമുക്തനാക്കുവേൻ! 27

(പോകുന്നു.)

---

1. യൗഗന്ധരായണൻ * എതിർത്ത്

**പരിചാരിക:** (പ്രവേശിച്ച്) ആര്യേ ഭാഗ്യം കടാക്ഷിക്കുന്നു—ആര്യചാരുദത്തൻെറ അടുത്തുനിന്ന് ഒരു ബ്രാഹ്മണൻ വന്നിട്ടുണ്ട്.

**വസന്ത:** ആഹാ! എത്രമനോഹരമായ ദിവസം! തോഴീ എന്നാല ദ്ദേഹത്തെ ബന്ധുല[1]നോടുകൂടി സാദരം കൂട്ടിക്കൊണ്ടുവരൂ!

**പരി:** ആര്യ കല്പിക്കുംപോലെ. (പോകുന്നു.)

(വിദൂഷകൻ ബന്ധുലനോടൊപ്പം പ്രവേശിക്കുന്നു)

**വിദൂ:** അത്ഭുതംതന്നെ! തപശ്ചരണക്ലേശത്താൽ കൈയടക്കിയ പുഷ്പകവിമാനത്തിൽ രാക്ഷസരാജാവ് രാവണൻ യാത്രചെയ്യുന്നു. ബ്രാഹ്മണനായ ഞാനോ തപശ്ചരണക്ലേശമില്ലാതെ സ്ത്രീപുരുഷാനുഗതനായും യാത്ര ചെയ്യുന്നു!

**പരി:** ആര്യ, ഞങ്ങളുടെ ഗൃഹത്തിൻെറ പ്രവേശനദ്വാരം നോക്കൂ!

**വിദൂ:** (നോക്കീട്ട് സവിസ്മയം) അഹോ, വസന്തസേനയുടെ ഗൃഹത്തിലേക്കുള്ള പ്രവേശനദ്വാരത്തിൻെറ ഐശ്വര്യ സമൃദ്ധി!—ദരിദ്രൻെറ മനോരഥത്തെ ക്ഷീണിപ്പിക്കുന്നതാണിവിടം. വെള്ളം തളിച്ച് തൂത്തുവാരി പച്ചച്ചാണകം മെഴുതി വിവിധങ്ങളായ കുസുമോപഹാരങ്ങൾകൊണ്ടലങ്കരിച്ചിരിക്കുന്ന നിലം. ആകാശതലം നോക്കിക്കാണാനുള്ള കൗതുകം കൊണ്ടെന്നപോലെ ഉയർന്നുനില്ക്കുന്ന ഉപരിതലം. ഐരാവതത്തിൻെറ തുമ്പിക്കരമോ എന്നു തോന്നിക്കുന്ന, കാററിലാടിക്കൊണ്ട് തൂങ്ങിക്കിടക്കുന്ന വലിയമുല്ലമാല ആനക്കൊമ്പുകൊണ്ട് ശോഭിക്കുന്ന ഉന്നതകമാനം. മഹാരത്നങ്ങൾ കൊണ്ട് അലങ്കരിച്ച് തൂക്കിയിരിക്കുന്നതും കാററിലാടുന്ന അററങ്ങളെക്കൊണ്ട് 'ഇങ്ങോട്ടുതന്നെ' എന്നെന്നെ വിളിക്കുന്നതുപോലെ തോന്നിക്കുന്നതുമായ കൊടിക്കൂറകൾ. രണ്ടുപാർശ്വത്തിലും തോരണം കെട്ടിയ തൂണുകളിൽ വെച്ചിട്ടുള്ളതും പച്ചമാവിലകൾ കൊണ്ടലങ്കരിച്ചിരിക്കുന്നതുമായ സ്ഫടികക്കുടങ്ങൾ. മഹാസുരൻെറ ദുർഭേദ്യമായ വക്ഷസ്ഥലംപോലുള്ളതും നിറയെ വജ്രം പതിച്ചിട്ടുള്ളതുമായ കനകവാതിലുകൾ—സത്യം പറയട്ടെ, ഉദാസീനരായവരുടെ കണ്ണുകളെപ്പോലും ബലാലാകർഷിക്കുമിത്.

**പരി:** വരൂ, വരൂ ഈ ഒന്നാംകെട്ടിലാര്യൻ പ്രവേശിക്കൂ.

**വിദൂ:** (പ്രവേശിച്ച് നോക്കീട്ട്) ആശ്ചര്യംതന്നെ! ഇവിടെ, ഒന്നാംകെട്ടിൽ ചന്ദ്ര-ശംഖ-മൃണാളസമാനശോഭമായ സുഗന്ധചൂർണ്ണങ്ങളിട്ട് വെൺമപരന്നതും, വിവിധ രത്നങ്ങൾപതിച്ച

---

1. 'ബന്ധുലസ്ത്വസതീസുതഃ'

പൊൻപടവുകളാൽ ശോഭിക്കുന്നതുമായ പ്രാസാദപംക്തികാം, മുത്തുമാലകാം തൂക്കിയിട്ട കണ്ണാടിക്കിളിവാതിലുകളാകുന്ന മുഖേന്ദുക്കളാൽ ഉജ്ജയിനിയെ നോക്കിനില്ക്കുംപോലെ തോന്നുന്നു. ഒരു വൈദികനെപ്പോലെ ദ്വാരപാലകൻ സുഖമായിരുന്നുറങ്ങുന്നു. തൈരുകൂട്ടിക്കുഴച്ച കഴമച്ചോറ് പ്രലോഭിപ്പിക്കുന്നുവെങ്കിലും, കുമ്മായനിറമുള്ളതിനാൽ കാക്കകാം ബലികൊത്താതെ നില്ക്കുന്നു. ഭവതി, എന്നെ നയിക്കൂ.

പരി: ആര്യ, വരൂ, വരൂ. ഈ രണ്ടാംകെട്ടിൽ പ്രവേശിച്ചാലും.

വിദൂ: (പ്രവേശിച്ചുനോക്കിട്ട്) അമ്പോ! ഈ രണ്ടാംകെട്ടിലാകട്ടെ കൊമ്പിനെണ്ണയിട്ട തടിച്ചവണ്ടിക്കാളകാം, കെട്ടിയിരിക്കുന്നതിനരികിൽ വെച്ചിരിക്കുന്ന പൈപ്പുല്ലും തവിടും തിന്നുകൊണ്ടിരിക്കുന്നു. ഇവിടിതാ ഒരു പോത്ത്, അപമാനിതനായ ഒരു കുലീനനെപ്പോലെ ദീർഘനിശ്വാസം ചെയ്യുന്നു. ഇവിടിതാ ഒരാം യുദ്ധം കഴിഞ്ഞശേഷം ഒരുമല്ലന്േറതെന്നപോലെ ഒരു മുട്ടനാടിൻെറ കഴുത്ത് തിരുമ്മുന്നു. ഇവിടിഭാഗത്ത് ഇതാ ഒരാം കുതിരയുടെ കുഞ്ചിരോമമൊതുക്കുന്നു. ഇവിടെ മററൊരിടത്തിതാ ഒരു കുരങ്ങൻ കള്ളനെപ്പോലെ കുതിരലായത്തോട് ദൃഢമായി ബദ്ധനായിരിക്കുന്നു. (മററൊരിടത്തുനോക്കി) ഇവിടിതാ പാപ്പാൻ ആനയ്ക്ക് നെയ്യൊഴിച്ച ചോററുരുള നൽകുന്നു—ഭവതി എന്നെ നയിക്കൂ.

പരി: വരൂ. ആര്യൻ വരൂ. ആര്യനീ മൂന്നാംകെട്ടിൽ പ്രവേശിച്ചാലും.

വിദൂ: (പ്രവേശിച്ചു നോക്കീട്ട്) അത്ഭുതം തന്നെ! ഈ മൂന്നാംകെട്ടിലോ, കുലപുത്രൻമാർക്കിരിക്കാനായിതാ ഇരിപ്പിടങ്ങളുണ്ടാക്കിവെച്ചിരിക്കുന്നു. പകുതിവായിച്ച ഒരു പുസ്തകമിതാ ചതുരംഗപീഠത്തിൽ. ഇതാകട്ടെ രത്നമയചൂതുപടത്തോടുകൂടിയ ചതുരംഗപീഠമാണ്. മറേറ ഭാഗത്തിതാ പ്രണയച്ചേർച്ചയിലും പ്രണയകലഹത്തിലും സമർത്ഥരായ ഗണികകളും വൃദ്ധവിടന്മാരും വിവിധവർണ്ണങ്ങളിലെഴുതിയ ചിത്രഫലകങ്ങളെടുത്തുകൊണ്ട് അങ്ങുമിങ്ങുമലയുന്നു—ഭവതി, എന്നെ നയിക്കൂ.

പരി: ആര്യ, ഇതിലേയിതിലേ. ആര്യനീ നാലാം കെട്ടിൽ പ്രവേശിച്ചാലും.

വിദൂ: (പ്രവേശിച്ചു നോക്കീട്ട്) ഓഹോഹോ! ഈ നാലാംകെട്ടിലാകട്ടെ, യുവതീകരതാഡനമേററ മൃദംഗം മേഘത്തെപ്പോലെ ഗംഭീരമായി ശബ്ദിക്കുന്നു. ആകാശത്തിൽനിന്നു പുണ്യം ക്ഷയിച്ച നക്ഷത്രങ്ങളെപ്പോലെ കൈമണിയൊച്ചവന്നു പതി

---

1. കാമശാസ്ത്രം

ക്കുന്നു. വണ്ടിൻ ശബ്ദംപോലെ മധുരമായ മുരളീനാദം. ഇവിടിതാ ഒരുവരം, അനുരാഗാസഹിഷ്ണുതയാൽ കുപിതയായ ഒരു കാമിനിയെപ്പോലെ മടിയിലേററി നഖപരാമർശത്താൽ വീണ മീട്ടുന്നു. ഈ വേശ്യക്കിടാങ്ങളിതാ തേൻകുടിച്ച വണ്ടുകളെപ്പോലെ ലഹരിബാധിച്ച് അതിമധുരമായി പാടുന്നു, ആടുന്നു, ശൃംഗാരത്തോടെ നാട്യമഭ്യസിക്കുന്നു. കുളിർകാററുകിട്ടാൻ വെള്ളം നിറച്ച കുടക്കകരം ഗവാക്ഷങ്ങളിൽ തൂക്കിയിട്ടിരിക്കുന്നു-ഭവതി, നയിക്കു.

പരി: ആര്യനിതിലേയിതിലേ. ഈ അഞ്ചാംകെട്ടിൽ പ്രവേശിച്ചാലും.

വിദൂ: (പ്രവേശിച്ച് നോക്കീട്ട്) ആശ്ചര്യം തന്നെ! ഈ അഞ്ചാം കെട്ടിലാകട്ടെ, ആഹാരം പാകംചെയ്യുന്ന ഓടലെണ്ണയുടെ മണം ദരിദ്രനിൽ കൊതിയുണ്ടാക്കിക്കൊണ്ട് വ്യാപിക്കുന്നു. നിത്യവും തപിക്കുന്ന പാചകശാല, വാതിലുകളാകുന്ന മുഖങ്ങളിലൂടെ വിവിധ സുഗന്ധപ്പുകകളാൽ നിശ്വസിക്കുന്നതുപോലെയുണ്ട്. ഇവിടെയുണ്ടാക്കുന്ന ബഹുവിധ ഭക്ഷ്യസാധനങ്ങളുടെ ഗന്ധം എന്നെ അധികമുത്സുകനാക്കുന്നു. ഇവിടിതാ അറവുകാരൻ പഴയ ജീർണ്ണവസ്ത്രമെന്നപോലെ, അറുത്ത പശുവിൻെറ കരരം കഴുകുന്നു. കുശിനിക്കാരൻ വിവിധങ്ങളായ ആഹാരപദാത്ഥങ്ങളുണ്ടാക്കുന്നു—മോദകമുണ്ടാക്കുന്നു. അപ്പംചുടുന്നു! (സ്വഗതം) ഇപ്പോരം വർദ്ധിച്ചിരിക്കുന്ന ഈ ബുഭുക്ഷയ്ക്ക് എപ്പഴാണാവോ കാൽകഴുകാനുള്ള വെള്ളം ലഭിക്കുകയെനിക്ക്? (മറെറാരിടത്തു നോക്കീട്ട്) ഗന്ധർവ്വാപ്സരോഗണങ്ങളെപ്പോലെ വിവിധാലങ്കാരശോഭിതകളായ വേശ്യകളും ബന്ധുലന്മാരുമിരിക്കുന്ന ഈ ഗൃഹം സത്യത്തിൽ സ്വർഗ്ഗംപോലിരിക്കുന്നു! ഹേയ്, ബന്ധുലന്മാരെന്നു പറയുന്ന നിങ്ങളാരാണ്?

ബന്ധുലന്മാർ: ഞങ്ങളോ,

> പരഗൃഹലളിതർ[1] പരാന്നപുഷ്ടർ
> പരപുരുഷക്കു പരാംഗനാംഗജാതർ
> പരധനനിരതർ ഗുണംപെടാത്തോർ
> കരിശിശു[2] പൊൽവിലസുന്ന ബന്ധുലന്മാർ. 28

വിദൂ: ഭവതി, നയിക്കു

പരി: ആര്യ, ഇതിലേയിതിലേ. ആര്യ നീയാറാംകെട്ടിൽ പ്രവേശിച്ചാലും.

വിദൂ: (പ്രവേശിച്ച് നോക്കീട്ട്) വിസ്മയംതന്നെ! ഈ ആറാംകെ

---

1. പാലിതർ 2. ആനക്കുട്ടി.

ട്ടിലാകട്ടെ, സ്വർണ്ണരത്നങ്ങൾകൊണ്ട് നിർമ്മിച്ചിരിക്കുന്ന കമാനങ്ങളിൽ നീലരത്നം പതിച്ചതിനാൽ മഴവില്ലുപോലെ കാണപ്പെടുന്നു. സ്വർണ്ണപ്പണിക്കാരന്യോന്യം വൈഡൂര്യം, മുത്ത്, പ്രവാളം, പുഷ്യരാഗം, ഇന്ദ്രനീലം, കക്കേതരകം, പത്മരാഗം, മരതകം മുതലായ രത്നവിശേഷങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു; മാണിക്യങ്ങൾ സ്വർണ്ണത്തിൽ പതിക്കുന്നു; സ്വർണ്ണാഭരണങ്ങളുണ്ടാക്കുന്നു; മുത്തുകൊണ്ടുള്ളാഭരണങ്ങൾ ചുകപ്പുനൂലിൽ ബന്ധിക്കുന്നു; വൈഡൂര്യങ്ങൾ മെല്ലെമിനുക്കുന്നു; ശംഖുകൾ മുറിക്കുന്നു; പ്രവാളങ്ങൾ ചാണയ്ക്കുവെക്കുന്നു; നനഞ്ഞ കുങ്കുമമുണക്കാനിടുന്നു; കസ്തൂരി ചാലിക്കുന്നു; വിശേഷമായി ചന്ദനച്ചാറരയ്ക്കുന്നു; കുറിക്കൂട്ട് സംയോജിപ്പിക്കുന്നു; വേശ്യാകാമുകർക്ക് കർപ്പൂരം ചേർത്ത താംബൂലം നൽകപ്പെടുന്നു: കടാക്ഷത്തോടെ വീക്ഷിക്കപ്പെടുന്നു: പുഞ്ചിരി പ്രവർത്തിക്കുന്നു; അനവരതം സീല്ക്കാരത്തോടെ മദ്യം മോന്തുന്നു! ഈ ഭൃത്യകളും, ഈ ഭൃത്യന്മാരും, പുത്രദാരധനങ്ങളെ കൈയൊഴിച്ച ഇക്കാണുന്ന മനുഷ്യരും വേശ്യകൾക്ക് സ്വയം വശംവദരായി ചഷകത്തിൽ മദ്യം മോന്തുന്നു— ഭവതി നയിക്കൂ.

പരി: ആര്യാ, ഇങ്ങോട്ടിങ്ങോട്ട്. ഈ ഏഴാംകെട്ടിൽ പ്രവേശിച്ചാലും.

വിദൂ: (പ്രവേശിച്ച് നോക്കീട്ട്) അഹോ, ആശ്ചര്യം! ഈയേഴാംകെട്ടിലാണെങ്കിലോ, മാടപ്രാവിൻ മിഥുനങ്ങൾ പക്ഷിക്കൂടിനു മുമ്പിൽ, പററിപ്പിടിച്ച് സുഖമായിരുന്ന് അന്യോന്യം ചുംബിച്ചുകൊണ്ട് സുഖമനുഭവിക്കുന്നു. കൂട്ടിലെ തത്ത തൈർശാതമുണ്ട് വയർനിറച്ച് ബ്രാഹ്മണനെപ്പോലെ സൂക്തമുരുവിടുന്നു. ഈ മദനസാരിക[1] യിതാ സമ്മാനലാഭത്താൽ പ്രസരിപ്പു ലഭിച്ച ഗൃഹദാസിയെപ്പോലെ പറപറാന്നേരെ ജല്പിക്കുന്നു. അനേകം പഴങ്ങളുടെ രസമാസ്വദിച്ച് സന്തുഷ്ടകണ്ഠനായ കുയില് വേശ്യയെപ്പോലെ കൂവുന്നു. ഇതാ ഭിത്തിയിലെ ആനക്കൊമ്പുകളിൽ തൂക്കിയിട്ട പക്ഷിക്കൂടിൻനിര. അതിൽ കാടപ്പക്ഷികൾ കൊത്തുപിടിക്കുന്നു. തിത്തിരിപ്പക്ഷികളാലാപം നടത്തുന്നു. കൂട്ടിലെ മാടപ്രാവുകൾ പൊരുതാനെതിർനിൽക്കുന്നു. ഈ ഗൃഹമയൂരം, സൂര്യരശ്മികളേററു ചൂടായ പ്രാസാദത്തെ വീശുകയാണെന്നപോലെ, വിവിധരത്നങ്ങൾ പതിച്ചതെന്നുതോന്നുമാറുള്ള പക്ഷങ്ങൾ ചലിപ്പിച്ച് ആനന്ദത്തോടെ നൃത്തമാടുന്നു. (മറെറാരിടത്തുനോക്കീട്ട്) ഇവിടെ ചന്ദ്രകിരണം ഘനീഭവിച്ചതുപോലുള്ള രാജഹംസമിഥുനങ്ങൾ, കാമിനിമാർക്ക് നടപഠിപ്പിക്കാനെന്നവണ്ണം അവരുടെ പിന്നാലെ ചുററിത്തിരിയുന്നു. ഇവിടിതാ ഗൃഹസാര

---

1. ശാരിക മൈന

സങ്ങൾ വൃദ്ധശ്രേഷ്ഠന്മാരെപ്പോലെ അങ്ങുമിങ്ങും സഞ്ചരിക്കുന്നു. ആശ്ചര്യം! വേശ്യസംഭരിച്ച പക്ഷികളുടെ ദൃശ്യം വിസ്തൃതം തന്നെ! സത്യത്തിൽ എനിക്കീ വേശ്യാഗൃഹം നന്ദനോദ്യാനം പോലെ തോന്നുന്നു! നയിക്കു ഭവതി.

പരി: ആര്യൻ വന്നാലും, ഈയെട്ടാംകെട്ടിൽ പ്രവേശിച്ചാലും.

വിദൂ: (പ്രവേശിച്ച് നോക്കീട്ട്) ഭവതി, പട്ടുവസ്ത്രംചുററി അത്യധികം അത്ഭുതകരമായ ആഭരണങ്ങൾ കൊണ്ടലങ്കരിച്ച് അംഗഭംഗത്താലിടറിക്കൊണ്ട് അങ്ങുമിങ്ങും ചുററുന്ന ഇയാളാരാണ്?

പരി: ആര്യാ അതു വസന്തസേനയുടെ സഹോദരനാണ്.

വിദൂ: ഒരാളെന്തുമാത്രം തപസ്സുചെയ്യണം, വസന്തസേനയുടെ സഹോദരനാവാൻ! അഥവാ അതുപോകട്ടെ,

ഇയാൾസുഗന്ധിസുസ്നിഗ്ദ്ധനുജ്ജ്വലൻ തന്നെയെങ്കിലും
ചുടലച്ചെമ്പകംപോലെയാൾക്കാർക്കനഭിഗമ്യനാം. 29

(മറെറാരിടത്ത് നോക്കി) ഭവതി, പൂക്കൾ തുന്നിയവസ്ത്രംചുററി, എണ്ണപുരട്ടിയ കാലുകൾ പാദരക്ഷയിൽത്തിരുകി ഉയർന്ന ഇരിപ്പിടത്തിലമരുന്ന ഇവളാരാണ്?

പരി: ആര്യാ, ഇവരാണ് ഞങ്ങടാര്യയുടെ അമ്മ.

വിദൂ: ഹൊ! ഈ പാണ്ടിപ്പൂതത്തിന്റെ വയറേയ്! ഒരു മഹാദേവവിഗ്രഹത്തെയെന്നപോലെ ഇവരെ അകത്താക്കിയശേഷമായിരിക്കുമോ സുന്ദരമായ ഈ വീട്ടുവാതിലുണ്ടാക്കിയിരിക്കുക!

പരി: പാപി! ഞങ്ങടമ്മയെ ഇങ്ങനെ പരിഹസിക്കരുത്! ഇവരാകട്ടെ നാലാംപനികൊണ്ട് കഷ്ടപ്പെടുകയാണ്.

വിദൂ: (പരിഹാസത്തോടെ) ഹേ, ഭഗവൻ നാലാംപനിയേ! ഈയുപകാരത്താൽ ബ്രാഹ്മണനായ ഈ യുള്ളവനേയും കടാക്ഷിക്കണമേ!

പരി: ദുഷ്ട! എന്നാൽ താൻ ചത്തുപോകും!

വിദൂ: (പരിഹാസത്തോടെ) പെലയാടിമോളേ, ഇത്തരം നീരുവന്നുവീർത്ത ജഠരമുണ്ടാവുകയേക്കാൾ ചാക്ക്തന്നെയാണുത്തമം!

സീധു1 സുരാസവമത്തുപിടിച്ചി—
ട്ടീസ്ഥിതിവന്നു ഭവിച്ചൊരു തള്ള
ഇന്നുമരിക്കിലഹോ മതിയാമേ
ആറുകുറുക്കനെ തീററസ്സുഭിക്ഷം! 30

ഭവതി, നിങ്ങൾക്ക് കച്ചവടക്കപ്പലുണ്ടോ?

പരി: ഇല്ലില്ല,

വിദൂ: അല്ലെങ്കിൽ ഞാനെന്തിനിങ്ങനെ ചോദിക്കുന്നു! നിങ്ങൾക്ക്

---

1. കരിമ്പുനീരിൽനിന്നുണ്ടാക്കുന്ന ഒരുതരം മദ്യം

പ്രേമനിർമ്മലജലമാർന്ന മദനസമുദ്രത്തിൽ സ്തനനിതംബജഘന ങ്ങൾ തന്നെയാണല്ലോ മനോഹരങ്ങളായ കച്ചവടക്കപ്പലുകൾ! ഇങ്ങനെ വസന്തസേനയുടെ വൃത്താന്തബഹുലമായ എട്ടുകെട്ട്ഭവ നം കണ്ടിട്ട് നേരു്പറയട്ടെ, ത്രിലോകവും ഒരിടത്തു് വന്നതാ ണോ എന്നു് തോന്നിപ്പോകുന്നു. പ്രശംസിക്കാനെനിക്കു് വാ ഗൈഭവമില്ല. ഇതെന്താണു്? വേശ്യാഗൃഹമോ അതോ കുബേര ഭവനത്തിൻെറ പരിച്ഛേദമോ? എവിടെയാണു് നിങ്ങടാര്യ?

പരി: ആര്യയീ പൂന്തോപ്പിലുണ്ടു്. ആര്യൻ പ്രവേശിച്ചാലും.

വിദൂ: (പ്രവേശിച്ചു്കണ്ടിട്ടു്) ആശ്ചര്യംതന്നെ, പൂന്തോപ്പിൻെറ ഒരു ശ്രീത്വം! നല്ലരീതിയിൽ പൂക്കളുണ്ടാകുന്ന അനേകം വൃക്ഷ ങ്ങൾ നട്ടുപിടിപ്പിച്ചിരിക്കുന്നു. നിരന്തരമായി വളരുന്ന വൃക്ഷ ങ്ങളിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്ന, യുവതീജനങ്ങളുടെ ജഘനം താങ്ങാൻ പററുന്ന പൊന്നൂഞ്ഞാലുകൾ. മഞ്ഞക്കുറുമൊഴിമുല്ല, ചേമന്തി, മാലതി, മല്ലിക, നവമാലിക, കുരവകം, കുരുക്കത്തി മുല്ല മുതലായവയിൽനിന്നു് പൂക്കൾ സ്വയം വീഴുന്നു, സത്യ ത്തിൽ നന്ദനവനത്തിൻെറ ശ്രീത്വത്തെ ഇതു് ലഘൂകരിക്കുന്നു വെന്നുതോന്നും. (മറെറാരിടത്തു നോക്കീട്ടു്) ഇവിടെ, ഉദയ സൂര്യസമാനപ്രഭയുള്ള ചെന്താമരകളാലും ചെങ്ങഴിനീർപ്പൂക്കളാ ലും സന്ധ്യയായോ എന്നു തോന്നിക്കുന്ന തടാകം. കൂടാതെ

ശോഭിക്കുന്നീയശോകം നൽപ്പുതുപൂപല്ലവങ്ങളാൽ
സുഭടൻ യുദ്ധമദ്ധ്യത്തിൽ രക്തചർച്ചിതനായപോൽ 31

ഇരിക്കട്ടെ. എവിടെ നിങ്ങടാര്യ?

പരി: ആര്യൻ ദൃഷ്ടിയൊന്നു താഴ്ത്തു—ആര്യയെ കാണു.

വിദൂ: (കണ്ടിട്ടടുത്തുചെന്നു്) ഭവതിക്കുസ്വസ്തി!

വസന്ത: (സംസ്കൃതത്തിൽ[1]) ഹാ, മൈത്രേയൻ! (എഴുന്നേററു്) സ്വാഗതം! ഇതാ ഇരിപ്പിടം. ഇവിടിരുന്നാലും.

വിദൂ: ഭവതി ഇരിക്കൂ.

(രണ്ടുപേരുമിരിക്കുന്നു)

വസന്ത: സാർത്ഥവാഹകപുത്രനു് കുശലമല്ലേ?

വിദൂ:: ഭവതാ കുശലംതന്നെ.

വസന്ത: ആര്യ മൈത്രേയ, ഇപ്പോൾ

ഗുണപ്രവാളം[2]വിനയപ്രശാഖ
വിശ്വാസമൂലം മഹനീയപുഷ്പം—

---

1. സംസ്കൃതനാടകത്തിൽ സ്ത്രീകൾക്കു് സാധാരണ പ്രാകൃതഭാഷ യാണല്ലോ. 2. തളിരു്.

അസ്സാധ്യവൃക്ഷം, സദ്ഗുണപുഷ്ഫലാഢ്യം,
സുഹൃദ്വിജങ്ങൾക്കു¹ സുഖം തരുന്നോ? 32

വിദൂ: (സ്വഗതം) ഈ കെട്ടവിലാസിനി ശരിക്കും കണ്ടുവെച്ചിരിക്കുന്നു! (പ്രകാശം) തരുന്നു.

വസന്ത: അപ്പോളെന്തിനാണാവോ എഴുന്നള്ളിയതു്?

വിദൂ: ഭവതികേട്ടാലും. തത്രഭവാൻ ചാരുദത്തൻ ശിരസാ തൊഴുതുംകൊണ്ടു് ഭവതിയോടഭ്യർത്ഥിക്കുന്നു—

വസന്ത: (തൊഴുകൈയോടെ) എന്താണു് കല്പിക്കുന്നതു്?

വിദൂ: 'ഞാൻ സ്വർണ്ണപ്പണ്ടം എൻേറതെന്നു് വിചാരിച്ചു് ചൂതിൽ നഷ്ടപ്പെടുത്തി. രാജദൂതനായ ആ സഭികനാകട്ടെ എവിടെപ്പോയെന്നും ഞാനറിയുന്നില്ല' എന്നു്.

പരി: ആര്യേ, ഭാഗ്യംകൊണ്ടാര്യൻ ചൂതാട്ടക്കാരനായിത്തീർന്നിരിക്കുന്നു!

വസന്ത: (സ്വഗതം) കള്ളൻ കട്ടുകൊണ്ടുപോയിട്ടും ഉൽക്കൃഷ്ടതയാൽ ചൂതിൽ നഷ്ടപ്പെട്ടെന്നുപറയുന്നു! അതുകൊണ്ടുതന്നെയാണു് ഞാൻ കാമിക്കുന്നതു്.

വിദൂ: അതുകൊണ്ടു്, അക്കാരണത്താൽ ഭവതി ഈ രത്നമാല സ്വീകരിച്ചാലും.

വസന്ത; (സ്വഗതം) ആ ആഭരണം ഞാനിയാളെ കാണിക്കണോ? (ചിന്തിച്ചിട്ടു്) അല്ലെങ്കിലിപ്പോൾ വേണ്ട.

വിദൂ: ഭവതിയെന്താണീ രത്നമാല സ്വീകരിക്കാത്തതു്?

വസന്ത: (ചിരിച്ചു് സഖീമുഖത്തുനോക്കി) ആര്യ മൈത്രേയാ, രത്നമാല ഞാൻ വാങ്ങാതിരിക്കുന്നതെങ്ങനെ? (വാങ്ങിയരികിൽ വെച്ചു് സ്വഗതം) തേന്മാവിലെ ചേതംവന്ന പൂവിൽ നിന്നെങ്ങനെ തേൻതുള്ളികൾവീഴും? (പ്രകാശം) ആര്യാ, ചൂതാട്ടക്കാരനായ ആര്യചാരുദത്തനോടു്, ഞാനിന്നു് സന്ധ്യക്കു് ആര്യനെക്കാണാൻ വരുമെന്നു് ഞാൻ പറഞ്ഞതായി പറയൂ.

വിദൂ: (സ്വഗതം) അവിടെച്ചെന്നു് ഇതുകൂടാതെന്തെങ്കിലുംകൂടി ഇവൾ തട്ടിയെടുക്കുമോ? (പ്രകാശം) ഭവതി, ഞാൻ പറയാം (സ്വഗതം) ഈ വേശ്യയോടുള്ള കൂട്ടുകെട്ടു് ഉപേക്ഷിക്കണമെന്നു പറയാം. (പോകുന്നു)

വസന്ത: തോഴീ, ഈയാഭരണം കൈയിൽവെക്കൂ. നമുക്കു് ചാരുദത്തനുമൊത്താനന്ദിക്കാൻ പോകാം!

---

1. ഈ സാമാന്യത്തിൽ വിദൂഷകനെയാണുദ്ദേശിക്കുന്നതു്.

പരി: ആര്യേ, നോക്കു നോക്കു. അകാലത്തിലാകാശം മേഘാവൃതമാവുന്നു!

വസന്ത:

മേഘംപൊങ്ങിക്കോട്ടേ
വരട്ടെരാ, വവിരതംമഴയുമാട്ടേ
ഞാനിവ ഗണ്ണിക്കുകില്ല,
പ്രിയാഭിമുഖമാം മനസ്സിനാലൊട്ടും! 33

തോഴീ ഒരു ഹാരവുമെടുത്തിങ്ങുവരൂ, വേഗം.

(എല്ലാവരും പോകുന്നു)

'മദനികയും ശർവ്വിലകനും' എന്ന നാലാം അങ്കം കഴിഞ്ഞു.

## അഞ്ചാം അങ്കം

(ഉൽക്കണ്ഠയോടെ, ഇരുന്നനിലയിൽ ചാരുദത്തൻ പ്രത്യക്ഷപ്പെടുന്നു.)

ചാരുദത്തൻ: (മുകളിലേയ്ക്കു നോക്കീട്ട്) അകാലത്തിൽ ആകാശം മേഘാവൃതമാവുന്നു. ഇപ്പോഴിതാ,

നോക്കുന്നഹോ, ഗൃഹമയൂരികൾ പീലിനിർത്തി,-
ട്ടന്നങ്ങൾ പോവതിനൊരുങ്ങി വിഷാദമോടും*
മാനത്തുവന്നുനിറയുന്നിതകാലമേഘ—
മുൽക്കണ്ഠയിതൻെറ ഹൃദയത്തിലുമൊന്നുപോലെ. 1

മാത്രമല്ല,

മേഘം, നനഞ്ഞ മഹിഷോദരതുംഗനീലം
മിന്നൽപ്രഭാ ര ചി ത പീതപടോത്തരീയം
വെള്ളിൽപ്പതംഗ ഗണശംഖവുമായ് നഭസ്സെ—
ച്ചെന്നാക്രമിപ്പിതിതരൻ നരകാരിപോലെ. * 2

കൂടാതെ,

കേശവഗാത്രത്തിൻെറ നിറം
വക്രവലാകാശംഖയുതം

---

* മയിലുകൾ സഹർഷം; മാനസസരസ്സിൽ പോകാനൊരുങ്ങിയ അരയന്നങ്ങൾ സവിഷാദം-നോക്കുന്നു. * വാമനാവതാരം ഓർക്കുക.

വൈദ്യുതിയാം കൗശേയപടം:
വിഷ്ണുസമംകാറുന്നതമായ്. * 3

ഛിന്ന ഗഗനാംബരദശാ[1]സദൃശമല്ലോ
വീഴ്വുജവമോട ജലദോദരവിസൃഷ്ടം
വിദ്രവിത[2] വെള്ളിയൊട തുല്യജലവർഷം
മിന്നലൊളിയാലുടനെ ദൃഷ്ടമഥ നഷ്ടം ! 4

മേളിക്കംപോലെ കോകദ്വയ, മുടനരയ—
ന്നങ്ങൾ പൊങ്ങംകണക്കെ—
ക്കോളാണ്ടോരർണ്ണവത്തിൽപ്പെരിയമകര[3], മൽ—
സ്യാളി ചുററുന്നപോലെ.
പൊങ്ങം പ്രാസാദമെന്നോണവുമിത വിവിധം
കാറു കാറേററു ചിന്നീ—
ട്ടാകാശംകാണ്മു നാനാതര ചെറു ചെറു ചി—
ത്രങ്ങൾ ചേർന്നുള്ളപോലെ. 5

കാണന്നു ധാർത്തരാഷ്ട്രപ്പടയൊട കിടയായ്—
ക്കാറിരുണ്ടോരു മാനം,
ഗർജ്ജിപ്പൂ കേകിവൃന്ദം പടയിലധിക ഗ—
ർവ്വാണ്ട ദുര്യോധനൻപോൽ
ചൂതിൽത്തോററുള്ള ധർമ്മാത്മജനൊടുസമമായ്—
ക്കോകിലം മൗനമാണ്ടു,
ഹംസക്കൂട്ടം മറഞ്ഞൂമുഴവനമൊളിവിൽ[4]
പ്പോയ കൗന്തേയരെപ്പോൽ. 6

(ചിന്തിച്ച്) മൈത്രേയൻ വസന്തസേനയുടെ സമീപത്തേക്ക പോയിട്ടേറെനേരമായല്ലോ. എന്താണിനിയും മടങ്ങിവരാത്തതു്?

(പ്രവേശിച്ച്)

**വിദൂഷകൻ:** അഹോ ! ഗണികയുടെ ലോഭവും അദക്ഷിണതയും ! അവൾ മറെറാന്നിനെക്കുറിച്ച് മിണ്ടുന്നുപോലും ഇല്ല! സ്നേഹാനസാരം എന്തിനെക്കുറിച്ചോ പല പ്രകാരത്തിൽ പറഞ്ഞു് രത്നമാലവാങ്ങിവെച്ചു! അത്തരത്തിലുള്ള സമൃദ്ധിയുണ്ടായിട്ടും

---

1. കീറിയ ആകാശമാകുന്ന വസ്ത്രത്തിൻെറ അററത്തുള്ള നൂല് (ദശ) ആണോ എന്നു തോന്നുമാറു്. 2. ഉരുകിയ 3. തിമിംഗലം; മുതല. 4. അജ്ഞാതവാസം * 2-ാം ശ്ലോകാർത്ഥത്തിൻെറ ആവർത്തനം.

അവളെന്നോട്, ആര്യമൈത്രേയാ, വിശ്രമിച്ചാലും ഒരു പാത്രം വെള്ളമെങ്കിലും കുടിച്ചിട്ട് പോകാം എന്ന് പറഞ്ഞോ! അതുകൊണ്ട് മേലിലാ പെലയാടിമോളുടെ മുഖം കാണാൻപോലുമിടയാവാതിരിക്കട്ടെ! (വെറുപ്പോടെ) കിഴങ്ങില്ലാതെ വളരുന്ന താമര, വഞ്ചകനല്ലാത്ത വണിക്ക്, കള്ളനല്ലാത്ത തട്ടാൻ, കലഹമില്ലാത്ത ഗ്രാമസഭ, ലോഭമില്ലാത്ത ഗണിക—ഇവയുണ്ടാവാൻ പ്രയാസമാണെന്ന ചൊല്ല് എത്ര പരമാർത്ഥം! അതുകൊണ്ട് ഞാൻ ചെന്ന് പ്രിയസുഹൃത്തിനെ ഈ വേശ്യാവിഷയത്തിൽനിന്ന് പിന്തിരിപ്പിക്കട്ടെ. (ചുററിനടന്ന് കണ്ടിട്ട്) എന്റെ പ്രിയ സുഹൃത്തിതാ ഉദ്യാനത്തിലിരിക്കുന്നുണ്ടല്ലോ. ഞാനടുത്തുചെല്ലട്ടെ. (ചെന്നിട്ട്) ഭവാന് സ്വസ്തി! നന്നായ് വരട്ടെ!

ചാരു: (കണ്ടിട്ട്) അല്ലാ, എന്റെ സുഹൃത്ത് മൈത്രേയനെത്തിയല്ലോ. സ്വാഗതം സുഹൃത്തേ! ഇരിക്കൂ.

വിദൂ: ഞാനിരുന്നിരിക്കുന്നു.

ചാരു: സ്നേഹിതാ പറയൂ, പോയകാര്യമെന്തായി?

വിദൂ: അക്കാര്യം പൊളിഞ്ഞിരിക്കുന്നു!

ചാരു: അവളെന്താ രത്നമാല സ്വീകരിച്ചില്ലേ!

വിദൂ: നമുക്കത്രത്തോളം ഭാഗ്യമെവിടെ? ശിരസ്സിൽ നവനളിനകോമളമായ അഞ്ജലിചേർത്ത് സ്വീകരിച്ചു!

ചാരു: പിന്നെന്താ പൊളിഞ്ഞെന്നു പറഞ്ഞത്?

വിദൂ: ഹേയ്, ചവയ്ക്കുകയോ തിന്നുകയോ ചെയ്തിട്ടില്ലാത്തതും കള്ളനപഹരിച്ചതുമായ ആ വിലകുറഞ്ഞ പൊൻപണ്ടത്തിനുവേണ്ടി ചതുസ്സമുദ്രസാരമായ രത്നമാല നഷ്ടമായാൽ അതു പൊളിച്ചിലല്ലാതെ പിന്നെന്താണ്!

ചാരു: അല്ലസുഹൃത്തേ, അങ്ങനെ പറയരുത്.

എന്നിലുള്ളേതുവിശ്വാസാലർപ്പിച്ചോ ന്യാസമിങ്ങവൾ
ആ മഹാപ്രത്യയത്തിന്നീ മൂല്യംനൽകുകയാണുഞാൻ. 7

വിദൂ: ഹേ സുഹൃത്തേ, എനിക്ക് രണ്ടാമതൊരു സന്താപകാരണംകൂടിയുണ്ട്—അവൾ തോഴിയോടൊരടയാളം കാണിച്ച് വസ്ത്രാഞ്ചലംകൊണ്ട് മുഖംമറച്ച് എന്നെ കളിയാക്കിച്ചിരിച്ചു! അതുകൊണ്ട് ബ്രാഹ്മണനായ ഞാനിതാ തലകുമ്പിട്ട് താങ്കളോടഭ്യർത്ഥിക്കുന്നു: പല തൊന്തരവുമുള്ള ഈ വേശ്യാവിഷയത്തിൽനിന്ന് മനസ്സിനെ പിന്തിരിപ്പിക്കൂ! വേശ്യയെന്നത് ചെരുപ്പിനുള്ളിൽപ്പെട്ട കല്ലുപോലെയാണ്. ക്ലേശിച്ചേ പിന്നീടതിനെ പു

റന്തുള്ളാനാവൂ. മാത്രമല്ല, തോഴരേ, വേശ്യ, ആന, കായസ്ഥൻ, ഭിക്ഷു, വഞ്ചകൻ, കഴുത—ഇവയുള്ളിടത്തു് ദുഷ്ടന്മാർക്കുപോലും ഗുണം പിടിക്കില്ല.

ചാരു: ഇപ്പോളീയപവാദം പറച്ചിൽ മതിയാക്കൂ. എൻെറ നില തന്നെ എന്നെ തടുക്കുന്നുണ്ടു്. നോക്കൂ,

വേഗപ്പെട്ടുന്ന തുരഗം ത്വരിതംഗമിപ്പാ—
നെന്നാലതിന്നുചരണങ്ങളശക്തമത്രേ
എങ്ങുംഗമിപ്പു പുരുഷൻെറ ചലസ്വഭാവം
ഖേദിച്ചുപിന്നെയതു ഹൃത്തിലൊളിപ്പുവീണ്ടും. 3

മാത്രമല്ല സുഹൃത്തേ,

ധനികനുള്ളതക്കാന്തയവളോ ധനഹാര്യയാം.

(സ്വഗതം) അല്ല, ഗുണഹാര്യയാണവരം. (പ്രകാശം)

ധനമെന്നെ ത്യജിച്ചു: ഞാനവളേയും ത്യജിച്ചിതേ. 9

വിദൂ: (താഴോട്ടുനോക്കി സ്വഗതം) മുകളിലോട്ടു നോക്കുകയും ദീർഘമായി നിശ്വസിക്കുകയും ചെയ്യുന്നതുകൊണ്ടു് എനിക്കു് തോന്നുന്നു, ഞാൻ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്ന കാര്യത്തിൽ ത്തന്നെ ഇദ്ദേഹത്തിൻെറ ഉൽക്കണ്ഠ കൂടുതൽ വർദ്ധിക്കയാണെന്നു്. കാമത്തിനു് കണ്ണില്ലെന്നു പറയുന്നതെത്ര ശരിയാണു്! (പ്രകാശം) ഹേ സുഹൃത്തേ, അവളിന്നു സന്ധ്യയ്ക്കിങ്ങോട്ടുവരുമെന്നു് താങ്കളെ അറിയിക്കാൻ എന്നെ ശട്ടം കെട്ടീട്ടുമുണ്ടു്. അതിനാൽ, രത്നമാലകൊണ്ടു് തൃപ്തിയാവാതെ വേറെയെന്തെങ്കിലുംകൂടി പിടുങ്ങാനാവണം അവളുടെ വരവെന്നാണെനിക്കു് തോന്നുന്നതു്.

ചാരു: വരട്ടെ സുഹൃത്തേ. അവരം തൃപ്തയായി മടങ്ങും !

പരിചാരകൻ: (പ്രവേശിച്ചു്) മാളോരറിയണേ!

മേഘം പെയ്യപ്പെയ്യേ
നനനയുന്നെൻെറ പുറമേറെയേറെയിതാ !
കുളിർകാറേറല്ലേയേല്ലേ
വിറപ്പിതെൻഹൃദയമേറെയേറെയിതാ ! 10

(ഉറക്കെച്ചിരിച്ചിട്ടു്)

വായിക്കാം ഞാനഹഹ! തുളഃയുഴുള്ളവംശംസുശബ്ദം
വായിക്കാമേ മധുരതരമായ്ക്കമ്പിഃയുഴുള്ള വീണ,
പാടാമല്ലോ കഴുതയൊടെതിർത്താരു ഗാനത്തിലെന്നോ—
ടൊത്തീടുന്നു വിധിതനയ[1]നോ തുമ്പുരുത്തമ്പുരാനോ ! 11

---

1. നാരദൻ.

വസന്തസേന എന്നോട്ട് കല്പിച്ചിരിക്കുന്നു. കുംഭീലകാ താൻ ചെന്ന് എന്റെ ആഗമനം ആര്യ ചാരുദത്തനെ അറിയിക്കുക— എന്ന്. അതുകൊണ്ട് ഞാനിപ്പോഴം ആര്യചാരുദത്തന്റെ വീട്ടിൽ ചെല്ലട്ടെ. (ചുററിനടന്ന് പ്രവേശിച്ച് കണ്ടിട്ട്) ഇതാ ചാരുദത്തൻ ഉദ്യാനത്തിലിരിക്കുന്നു. ആ ദുഷ്ടബഡുകനുമുണ്ടിവിടെ. ഞാനെന്നാലടുത്തുചെല്ലട്ടെ. ഉദ്യാനത്തിലേക്കുള്ള വാതിലടച്ചിട്ടുണ്ടല്ലോ. ആട്ടെ ഈ ദുഷ്ടബഡുകന് സംജ്ഞനല്കാം. (ഒരുചെറിയ മൺകട്ടയെടുത്തെറിയുന്നു.)

വിദൂ: അട! ചുററും മതില്കെട്ടിയ കപിത്ഥവൃക്ഷത്തെയെന്നോണം എന്നെ മൺകട്ടകൊണ്ടെറിയുന്നതാരു്?

ചാരു: ഉദ്യാനമാളികയുടെ തിണ്ണയിൽ ക്രീഡിക്കുന്ന മാടപ്രാവ് വീഴ്ത്തിയതാവണം.

വിദൂ: തന്തയില്ലാത്തവനെ, ദുഷ്ടമാടപ്രാവേ! നിൽക്ക് നിൽക്ക്! മാളികയിൽനിന്ന് നിന്നെയീ മുട്ടംവടികൊണ്ടെറിഞ്ഞു് പഴുത്തമാങ്ങപോലെ തറയിൽ വീഴ്ത്തും ഞാൻ! (മുട്ടം വടിയുയർത്തി ഓടുന്നു)

ചാരു: (പൂണൂലിൽ കടന്നുപിടിച്ച്) ഇരിക്കു ചങ്ങാതീ, എന്തിനായിതു്? ദയിതാസഹിതനായ, പാവം മാടപ്രാവ് അവിടിരുന്നോട്ടെ!

കുംഭീ: ഛെ! മാടപ്രാവിനെയാ നോക്കുന്നതു്, എന്നെ നോക്കുന്നില്ലല്ലോ! ആട്ടെ, വേറൊരു മൺകട്ടകൊണ്ടിനിയുമെറിയട്ടെ. (അങ്ങനെ ചെയ്യുന്നു)

വിദൂ: (ചുററും നോക്കീട്ട്) എന്ത്! കുംഭീലകനോ? എന്നാൽ ഞാനടുത്തു ചെല്ലട്ടെ (അടുത്തു ചെന്ന് വാതിൽ തുറന്നിട്ട്). എടോ കുംഭീലകാ കടന്നുവരൂ നിനക്കു സ്വാഗതം!

കുംഭീ: (പ്രവേശിച്ച്) ആര്യനു വന്ദനം!

വിദൂ: താനെവിടുന്നാടോ ഇമ്മാതിരി മഴക്കോളാണ്ടിരുണ്ട നേരത്തു വന്നതു്?

കുംഭീ: എടോ ഇതാ അവരം,

വിദൂ: ഏതവരം? ഏതവരം?

കുംഭീ: ഇതാ അവരം!

വിദൂ; പെലയാടിമോനെ, ദുർഭിക്ഷകാലത്തു് വൃദ്ധയാചകനെന്നപോലെ താനെന്താണിപ്പോഴം ഇതാ അവരം ഇതാ അവരം എന്നിങ്ങനെ ചീററുന്നതു്?

കുംഭീ: എടോ ഇന്ദ്രോത്സവത്തിൽ[1] കൊതിയൻകാക്കയെപ്പോലെ താങ്കളുമെന്താണിപ്പോഠം 'കാപൂ' പറയുന്നതു്!

വിദൂ: എന്നാ പറ!

കുംഭീ: (സ്വഗതം) ആട്ടെ ഇങ്ങനെ പറയാം (പ്രകാശം) ഹേയ് താങ്കളോടൊരു ചോദ്യം ചോദിക്കട്ടെ!

വിദൂ: ഞാനെൻെറകാല് തൻെറ തലയിൽവെയ്ക്കും*!

കുംഭീ: എടോ എന്നാ പറഞ്ഞാട്ടെ. മാവുപൂക്കുന്ന കാലമേതു്?

വിദൂ: പെലയാടിമോനെ, ഗ്രീഷ്മമാണെടോ!

കുംഭീ: (ചിരിച്ചിട്ടു്) അല്ലെടോ അല്ല!

വിദൂ: (സ്വഗതം) ഞാനെന്താണിപ്പോളിവിടെ പറയേണ്ടതു്? (ആലോചിച്ചു്) ആട്ടെ ചാരുദത്തനോട്ടു് ചെന്നു ചോദിക്കാം. (പ്രകാശം) ഒരു നിമിഷം നില്ക്കൂ. (ചാരുദത്തനെ സമീപിച്ചു്) തോഴരേ, ചോദിക്കട്ടെ, മാവുപൂക്കുന്ന കാലമേതു്?

ചാരു: വിഡ്ഢി, വസന്തം

വിദൂ: (കുംഭീലകനെ സമീപിച്ചു്) വിഡ്ഢി, വസന്തം.

കുംഭീ: രണ്ടാമതൊരു ചോദ്യം ചോദിക്കാം. സമ്പന്നമായ ഗ്രാമങ്ങളെ രക്ഷിക്കുന്നതാരു്?

വിദൂ; എടോ...അതു്...വീഥി!

കുംഭീ: (ചിരിച്ചിട്ടു്) അല്ലെടോ അല്ല!

വിദൂ: ആട്ടെ, ഞാൻ സംശയത്തിൽപ്പെട്ടിരിക്കുന്നു. (ആലോചിച്ചു്) ചാരുദത്തനോടുതന്നെ വീണ്ടും ചോദിക്കട്ടെ. (ചാരുദത്തനെ സമീപിച്ചു് മുമ്പത്തെപ്പോലെ ചോദിക്കുന്നു)

ചാരു; സുഹൃത്തേ, സേന.

വിദൂ: (കുംഭീലകനെ സമീപിച്ചു്) എടോ വഷള, സേന!

കുംഭീ: എടോ രണ്ടും വേഗമൊന്നിച്ചു് ചേർത്തുപറയൂ.

വിദൂ: സേനാവസന്തം.

കുംഭീ: അല്ല, തിരിച്ചു് പറയൂ.

വിദൂ: (ശരീരം തിരിച്ചു്) സേനാവസന്തം.

കുംഭീ: എടോ വങ്ക! ബഡുക, പദംതിരിച്ചു് പറയൂ!

വിദൂ: (കാലുതിരിച്ചു്) സേനാവസന്തം.

കുംഭീ: വിഡ്ഢ്യാസുരാ! അക്ഷരപദം തിരിച്ചു് പറയൂ.

വിദൂ: (ആലോചിച്ചു്) വസന്തസേന!

---

1 X/7 അടിക്കുറിപ്പു് നോക്കുക.

* എളുപ്പത്തിലുത്തരം പറഞ്ഞു് തോൽപിക്കും.

കുംഭീ: അവളിതാ വന്നിരിക്കുന്നു!

വിദൂ: എന്നാലുടൻ ചാരുദത്തനോട് പറയാം. (സമീപിച്ച്) ഹേ ചാരുദത്ത ഒരു ധനികനെത്തിയിരിക്കുന്നു.

ചാരു: നമ്മുടെ വീട്ടിലേയ്ക്കുവിടന്നാ ധനികൻ വരിക!

വിദൂ: വീട്ടിലല്ലെങ്കിൽ വാതിൽക്കൽ!—ദാ വസന്തസേന വന്നിരിക്കുന്നു!

ചാരു: തോഴരേ എന്തിനെന്നെ വഞ്ചിക്കുന്നു?

വിദൂ: എൻെറ വാക്കിൽ വിശ്വാസമില്ലെങ്കിൽ ഈ കുംഭീലകനോട്ചോദിക്കൂ! എടോ വഷളാ, കുംഭീലകാ, അടുത്തുവാ.

കുംഭീ (അടുത്തുചെന്ന്) ആര്യന്ന വന്ദനം!

ചാരു: ഭദ്രന്ന സ്വാഗതം! നേരു പറയൂ, വസന്തസേന വന്നിട്ടുണ്ടോ?

കുംഭീ: ഇതാ വന്നിരിക്കുന്നു, വസന്തസേന.

ചാരു: (സഹർഷം) ഭദ്ര, ഞാനിന്നേവരെ പ്രിയവചനമറിയിച്ചവരെ വെറുംകൈയോടെയയച്ചിട്ടില്ല. അതുകൊണ്ടീ പാരിതോഷികം സ്വീകരിക്കു. (ഉത്തരീയം നല്കുന്നു.)

കുംഭീ: (വാങ്ങി, വണങ്ങി, തൃപ്തിയോടെ) ഞാനാര്യയെ അറിയിക്കട്ടെ. (പോകുന്നു.)

വിദൂ: താങ്കൾക്കറിയാമോ എന്തിനുവേണ്ടിയാണവൾ ഇമ്മാതിരി മഴക്കോളുള്ളപ്പോൾ വന്നതെന്ന്?

ചാരു: എനിക്ക് നല്ല തീർച്ചയില്ല സുഹൃത്തേ.

വിദൂ: എനിക്കറിയാം! വിലകുറഞ്ഞതാണ്‌ രത്നമാലയെന്നും വിലപിടിച്ചതാണാപൊൻപണ്ടമെന്നും കരുതി സംതൃപ്തയാവാതെ കൂട്ടതലെന്തെങ്കിലും തട്ടിയെടുക്കാൻ വന്നതാണവൾ!

ചാരു: (സ്വഗതം) അവൾ സംതൃപ്തയായിട്ട് മടങ്ങും!

(അനന്തരം ഉജ്ജ്വലമായ അഭിസാരികാവേഷത്തിൽ ഉല്കണ്ഠയോടെ വസന്തസേനയും ഛത്രധാരിണിയും (തോഴി) വിടനും (2) പ്രവേശിക്കുന്നു.)

വിടൻ: (വസന്തസേനയെ ഉദ്ദേശിച്ച്)[1]

---

1. സാമാന്യപ്രസ്താവന—ചാരുദത്തനെ കാണാൻചെല്ലുന്ന ഈ സന്ദർഭവുമായി 12-ാം ശ്ലോകത്തിലെ ആശയത്തിന്ന്ബന്ധമില്ല.

നിരംഭോജം[1] ശ്രീയാം സ്മരന്റ സുകുമാരായുധവുമാം
കുലസ്ത്രീതൻശോകം, മദനവരവൃക്ഷത്തിനുടെ പൂ,
സലീലം പോകുന്നു, രതിസമയലജ്ജാപ്രണയിനീ[2]
രതിക്ഷേത്രത്തട്ടിൽ പ്രിയപഥികരാ[3]ലിങ്ങനുഗയായ്. 12

നോക്കു, വസന്തസേനേ, നോക്കു.

ഗർജ്ജിപ്പു ശൈലശിഖരങ്ങളിൽനിന്നു തുങ്ങും
മേഘം, വിയുക്തവനിതാഹൃദയാനുകാരി[4]
ഈയൊച്ചകേട്ടടനുയന്ന മയൂരവൃന്ദം
മാനത്തെ വീശിടുകയോ മണിചാമരത്താൽ! 13

മാത്രമല്ല.

ചേറാണ്ടോരു മുഖത്തിനാൽത്തവള, നീ—
രുണ്ണുന്നു, മാരാത്തി പൂ—
ണ്ടേറെത്തൊണ്ടതുറപ്പുകേകി, യതിയായ്—
ദ്ദീപിപ്പു നീപങ്ങളും
കാറാലാവൃതനിന്ദു വൈഷയികളാൽ*
സ്സന്യാസമാം പോൽ;ത്തടി—
ത്തേറെ, ത്താണകുലത്തിലെത്തരുണിപോൽ
നില്പീലൊരേടത്തുതാൻ 14

വസന്ത: ഭാവ, ശരിയാണ് താങ്കൾ പറഞ്ഞതു്. ഇവിടെയിതാ,

'മൂഢേനിരന്തരപയോധര[5]മേന്തിയെന്നെ—
പ്പോലേ രമിച്ചിടുകയോ പ്രിയനൊത്തുനീയും!'
ഗർജ്ജി, ച്ചിതോതിയിടിയാൽത്തുടരെ, സ്സകോപം
മാർഗ്ഗം തടുത്തിടുകയാണു നിശാസപത്നി! 15

വിടൻ: ശരി. അങ്ങനെതന്നെയാവട്ടെ. എന്നാൽ ഭവതിയവളെ ശകാരിക്കു!

വസന്ത: ഭാവ, സ്ത്രീകൾക്ക് സ്വാഭാവികമായ ഈ മൂഢതയെ ശകാരിച്ചതുകൊണ്ടെന്താണ്? നോക്കു,

മേഘം വർഷിച്ചോട്ടെ,
ഗർജ്ജിച്ചോട്ടേ യശനിയെറിഞ്ഞോട്ടേ

1. പത്മപീഠം അഥവാ കളിത്താമരയില്ലാത്ത ലക്ഷ്മി. 2. രതിസമയത്തുപോലും ലജ്ജ കാണിക്കുന്നവൾ. 3. കാമിജനാനുഗതയായിട്ട്. 4. വിരഹിണീഹൃദയംപോലെ ഇരുണ്ട മേഘം. 5. സാന്ദ്രമേഘം / ഇടതിങ്ങിയ മുലകൾ.

* വിഷയാസക്തന്മാർ സന്യസിച്ചിട്ട് സന്യാസവൃത്തിയെക്കൂടി നിന്ദ്യമാക്കുന്നതുപോലെ.

വിഗണിച്ചുശീതോഷ്ണം
പ്രിയാഭിമുഖരാകുമംഗനമാർ! 16

വിടൻ: വസന്തസേനേ, നോക്കൂ നോക്കൂ വേറൊന്നു്
പവനചപലവേഗം *സ്ഥൂലധാരാശരാളി
സ്തനിതപടഹനാദം സ്പഷ്ടവിദ്യുൽപതാക
ജലദമിവയൊടേചെ,ന്നമ്പിളിപ്പൊൽക്കരങ്ങൾ[1]
നൃപ,നബലപര[2]ന്റേതെന്ന വർണ്ണം ഹരിച്ചു! 17

വസന്ത: അങ്ങനെതന്നെ. എന്നാലിക്കാണുന്നതോ?
ആനക്കൊത്തുകറുത്തു, വൻവയറൊട്ടും
വിദ്യുദ്വലാകങ്ങളാൽ-
ശ്ശാബല്യ[3]ത്തോടുമംബുദം വിരഹിണീ
ചിത്തത്തെനോവിക്കയാം
ഹാഹാ! പ്രോഷിതഭർത്തൃവദ്ധ്യപടഹ
ധ്വാന[4]ത്തിനാലേ,ബകം
'വർഷം വർഷ'മിതെന്നു ചേർപ്പു ചതിയൻ
ക്ഷാരം ക്ഷതത്തിങ്കലേ 18

വിടൻ: വസന്തസേനേ, അതങ്ങനെതന്നെ. ഇതാ മററൊന്നു നോക്കൂ,

ലലാടിക[5]വലാകത്താൽ ചാമരം മിന്നലാലുമായ്
മത്തവാരണ സാരൂപ്യം തേടിടുന്നോ നഭസ്ഥലം?

വസന്ത: ഭാവ, നോക്കൂ നോക്കൂ,
മൂടിടുന്നു പകലോനെയാർദ്രിതതമാല-
പത്രനിറമാണ്ടകാ; —
റമ്പുകൊണ്ടകളഭത്തിനൊത്തു മഴയേററു
പുററുനിപതിക്കയാം
സ്വർണ്ണദീപിക കണക്കെ മാളികയിലോടി—
ടുന്നരിയമിന്നലും
ദുർബ്ബലന്റെ വധുവെന്നപോലെഹൃതയായി
ജ്യോത്സ്നജലദത്തിനാൽ 20

---

* കാററിനാൽ വദ്ധിച്ച വേഗം.

1. രശ്മികളാം രാജദേയദ്രവ്യം. 2. ദുർബ്ബലശത്രു. 3. നാനാവർണ്ണം. 4. ഭർത്തൃവിരഹിണികളെ കൊല്ലുന്ന ഭേരീനാദംതന്നെയായ ബക ശബ്ദം. 5. നെററിപ്പട്ടം.

വിടൻ: വസന്തസേനേ നോക്കു നോക്കു,
കട്ടം മിന്നലിൻചങ്ങലക്കെട്ടുമേന്തി—
ഗ്ഗജംപോലെതിർപ്പൂ കരിംകാറുതമ്മിൽ,
സുരേന്ദ്രാജ്ഞയാൽ ഭൂവിനെപ്പൊക്കിടുന്നോ
പരംവെള്ളിനൂലാലലംമേഘജാലം? 21

ഇനിയും നോക്കു,

കൊടുങ്കാററാൽച്ചീററുംമുകിലുമഹിഷത്തിൻനിറ
[വുമായ്
ച്ചലിപ്പൂവിദ്യുത്തിൻചിറകൊടു നഭസ്സിൽജ്ജലധിപോൽ
മണംപൊങ്ങുംഭൂവെപ്പുതുഹരിതശഷ്പാങ്കുര*മൊടും
തുളയ്പൂ രത്നത്തിൻകണയൊടെതിരാം വർഷപതനം 22

വസന്ത: ഭാവ ഇതാ വേറൊന്നു',
ദിക്കൊക്കെക്കരിതേക്കുവാനുഴറിയോ
പൊങ്ങുന്നുമേഘങ്ങ; ളി–
ങ്ങാക്രന്ദിപ്പൂ 'വത്ര വത്ര' - പടുതരം
കേകാരവത്താൽ മയിൽ;
സോൽക്കണ്ഠം പുണരുന്നു പാറവെയുടൻ
ചെന്നബ്ബലാകവ്രജം
നോക്കുന്നൂ നളിനത്തെവി, ട്ടധികമാ-
മുദ്വേഗമോടന്നവും. 23

വിടൻ: അതങ്ങനെ തന്നെ. അതുപോലെ ഇതൊന്നുനോക്കു,

നിഷ്പന്ദീകൃത പത്മജാലനയനം
നഷ്ടക്ഷപാവാസരം[1]
വിദ്യുത്താൽക്ഷണനഷ്ടദൃഷ്ടതിമിരം
പ്രച്ഛാദിതം ദിങ്ങ്മുഖം
സ്ഫീതാകാശതലംമുഴക്കെ ജലദ-
ച്ഛത്രം മറച്ചീടവേ
നിശ്ചേഷ്ടം സ്വപനത്തിലാണ്ടുഭുവനം
ധാരാഗൃഹാന്തർഗ്ഗതം.** 24

വസന്ത: ഭാവ, അങ്ങനെതന്നെ. ഇതാ ഇനിയും നോക്കു,
നഷ്ടം, താരങ്ങളെല്ലാ, മുപകൃതികളയോ—

---

1. രാപ്പകലെന്ന ബോധംവിട്ടു. * പച്ചപ്പുൽമുള
** വിശാലാകാശത്തെ മേഘക്കുട മറക്കവേ, ഇളകാത്ത താമരക്കണ്ണുകളും, രാപ്പകലറിയാത്ത അവസ്ഥയും, മിന്നലൊളിയാൽ ഒരുനിമിഷം മറഞ്ഞും പിന്നെ നിറഞ്ഞുമിരിക്കുന്ന തമസ്സും, മറക്കപ്പെട്ട ദിങ്ങ്മുഖവും ആയി, ജലധാരാഭവനത്തിനുള്ളിൽപ്പെട്ട ലോകം നിശ്ചലനിദ്രയിലാണ്ടു-ഉൽപ്രേക്ഷ (ഗമ്യം)

ഗ്യങ്കലർപ്പി ച്ചതിൻമ, —
ട്ടൊട്ടും ശോഭിപ്പതില്ലാദിശ, വിരഹമതേ—
ല്കുന്ന പെണ്ണിന്നുതുല്യം
സ്സ്പഷ്ടം ദേവേന്ദ്രശസ്ത്രം ചിതറിയ ശിഖിയിൽ*—
പ്പൂർണ്ണമാകാശദേശം
ചുട്ടിട്ടേറെ ദ്രവിച്ചിട്ട[1]ടനിഹ ജലരൂ—
പത്തിലെത്തുന്നുവെന്നോ? 25

ഇനിയും നോക്കൂ,

പൊങ്ങുന്നു, താഴ, ന്നിടിവെട്ടിടുന്നു
പെയ്യുന്നു, പാടേയിരുളും ചേർത്തിടുന്നു
പലേവിധം രൂപമെടുത്തിടുന്നു
പുത്തൻപണക്കാരനൊടൊത്തുമേഘം. 26

ഖിടൻ: അതങ്ങനെതന്നെ.
വിദ്യുത്താലുജ്ജ്വലിപ്പൂ ഗഗന, മഥഹസി—
പ്പൂ, വലാകങ്ങളാലേ,
ധാരാബാണാളിചേന്നോരമരപതിധനു[2] —
സ്സേന്തിനിൽപൂ തയാറായ്
മേഘത്തിൻഗർജ്ജനത്താലുടനെ നിലവിളി—
പ്പൂ, മരുത്താൽ ഭ്രമിപ്പൂ
ധൂമംചേർപ്പൂ, കരിമ്പാമ്പുകളൊടുസമമാം
മേഘജാലങ്ങളാലേ. 27

വസന്ത:

നിർല്ലജ്ജൻ നീ മുകിലേ:
ദയിതഗൃഹത്തിൽഗ്ഗമിക്കുമീയെന്നെ
ഇടിയാൽ ഭീഷണിയേകി-
ത്തടയുന്നു ധാരയാംകൈയാൽ!

ഹേ, മഹേന്ദ്ര !

നിന്നോടുഞാൻ മുമ്പനുരാഗമാന്നോ?
പിന്നെന്തിനീയംബുദ സിംഹനാദം!
വഷത്തിനാലിപ്രിയകാംക്ഷിതസ്ത്രീ
മാഗ്ഗംമുടക്കുന്നതയുക്തമത്രേ. 29

മാത്രമല്ല, നീ

പൊയ്യോതി ' ഞാൻ ഗൗതമ ' നെ, ന്നഹല്യാ—

* വജ്രായുധത്തീ.

1. ദ്രാവകമായിട്ട്   2. മഴവില്ല്

സംഗംലഭിക്കാത്തവിഷാദമോടെ
അപ്പോലെതാനെന്നുടെ ദുഃഖവും, നീ
യിതോർത്തുമേഘത്തെയകററിടേണേ! 30

അഥവാ

ഗർജ്ജം വർഷമിടിത്തീതാൻ ശതമേകുക ശക്ര നീ!
പ്രിയസംഗത്തിനായ്പോകും സ്ത്രീയെയാക്ക തടുത്തിടാം!
31

മേഘംഗർജ്ജിക്കതാനെങ്കിലാകട്ടേ: ക്രൂരർ പുരുഷർ
നീയുമെന്തേ തടില്ലേഖേ സ്ത്രീദുഃഖമറിവീലയോ? 32

വിടൻ: മതി. ഇവളെ ശകാരിച്ചതുമതി. ഭവതിക്കിവരം ഉപകാരിണിയാണ്.

ഐരാവതത്തിലിളകുന്ന സുവർണ്ണപാശം-
പോലേ, ഗിരിക്കുമുകളിൽസ്ഥിതകേതുപോലെ
ഇന്ദ്രാലയത്തിലെ വിള, ക്കിവരം, കാട്ടിടുന്നു-
ണ്ടല്ലോ പ്രിയൻെറ ഭവനം ഭവതിക്കു നന്നായ്. 33

വസന്ത: ശരിയാണ്. ഭാവ, ഇതുതന്നെയാണാ ഭവനം!

വിടൻ: സകലകലാഭിജ്ഞയായ ഭവതിയോട്' ഒന്നുമുപദേശിക്കേണ്ടതായിട്ടില്ല. എന്നാലും ഞാൻ സ്നേഹംകൊണ്ട് പുലമ്പിപ്പോകുന്നു-അങ്ങുള്ളിൽച്ചെന്നിട്ട് അധികം കോപിക്കരുത്.

കോപിച്ചാൽ രതിപോയ്പോ-
മഥവാ കോപത്തിലേ രതിയുമുണ്ടാവൂ:
കോപിക്ക, കോപമേകുക
തെളിഞ്ഞുപിന്നവനെയുമുടനേ തെളിയിക്ക 34

ശരി. എന്നാലങ്ങനെ. ഹേ ഹേ, ചാരുദത്തനെയറിയിക്കൂ: അളകംനനഞ്ഞ ഇവളിതാ,

പൂത്തനീപകദംബഗന്ധിക, മേഘശോഭിത, മായൊരി-
ക്കാലമെത്തിസകാമ, കാന്തഗൃഹത്തിലേയ്ക്കതിതുഷ്ട-
[യായ്
പേടിപൂണ്ടിടിമിന്നലാൽ, തവദർശനക്കൊതി-
[കൊണ്ടുടൻ
പങ്കമാണ്ടസനൂപുരാംഘ്രികളാസ്ഥയില്ലുഴകുന്നിതേ. 35

ചാരു; (കേട്ടിട്ട്) സുഹൃത്തേ അതെന്താണെന്നു് നോക്കു!

വിദൂ: കല്പനപോലെ—

—(വസന്തസേനയെ സമീപിച്ച് സാദരം) ഭവതിക്ക് സ്വസ്തി!

വസന്ത: ആര്യ, വന്ദനം! സമയോചിതംതന്നെ ആര്യന്റെ വരവ്. (വിടനോട്) ഭാവ, ഈ ഛത്രധാരിണി താങ്കളുടെ കൂടത്തന്നെയിരിക്കട്ടെ.

വിടൻ: (സ്വഗതം) ഈയുപായത്താൽ ഇവളെന്നെ സമർത്ഥമായി തിരിച്ചയച്ചിരിക്കുന്നു! (പ്രകാശം) അങ്ങനെയാകട്ടെ.* ഭവതി വസന്തസേനേ,

ഗർവ്വം, വഞ്ചന, കൈതവം, നുണയിവ-
യെല്ലാമൊരാവാസമായ്-
ശ്ശാഠ്യാത്മാവൊടുചേർന്നതായ്, രതിവിലാ-
സങ്ങൾക്കു വീടായുമേ,
പൂവമ്പോൽസവ സംഗ്രഹ[1]ത്തൊടുമെഴും
വേശ്യാപണത്തിൽസ്വയം
ദാക്ഷിണ്യപ്പണമേറ്റു വിൽപന നട-
ത്തിസ്സൗഖ്യമാർന്നീടുക! 36

(വിടൻ പോകുന്നു)

വസന്ത: ആര്യ മൈത്രേയാ, താങ്കളുടെ ചൂതാട്ടക്കാരൻ എവിടെ?

വിദൂ: (സ്വഗതം) വിചിത്രം! ഹാ, ഇവളെന്റെ പ്രിയസുഹൃത്തിനെ ചൂതാട്ടക്കാരനെന്നു വിളിച്ചലങ്കരിച്ചിരിക്കുന്നു! (പ്രകാശം) ഈ ശുഷ്കമായ വൃക്ഷവാടികയിലിതാ!

വസന്ത: ആര്യാ, ശുഷ്കമായ വൃക്ഷവാടികയെന്നു പറയുന്നതേതിനെയാണ്?

വിദൂ: തിന്നാനോ കുടിക്കാനോ ഇല്ലാത്തിടത്തെ!

(വസന്തസേന പുഞ്ചിരിക്കുന്നു.)

വിദൂ: എന്നാൽ ഭവതി കടന്നുചെന്നോളൂ.

വസന്ത: (സ്വകാര്യം) കടന്നുചെന്നിട്ട് ഞാനെന്താ പറയേണ്ടത്.

തോഴി: 'ചൂതാട്ടക്കാരാ, ഈ പ്രദോഷം, സുഖപ്രദമല്ലേ താങ്കൾക്കെ'ന്ന്

വസന്ത: എനിക്കതിനു[2] കഴിയുമോ?

തോഴി: സന്ദർഭംതന്നെ കഴിവുണ്ടാക്കും.

വിദൂ: ഭവതി കടന്നുചെന്നോളൂ!

---

* ഛത്രധാരിണി, പക്ഷേ, വിടനോടൊപ്പം പോകുന്നതായി കാണുന്നില്ല. 1. കലവറ.

2. പ്രിയനെ ചൂതാട്ടക്കാരനെന്നു വിളിക്കാൻ.

വസന്തസേന: (കടന്നു അടുത്തുചെന്നു പൂക്കളാൽ തല്ലിക്കൊണ്ടു്) ഹേ, ചൂതാട്ടക്കാരാ, ഈ പ്രദോഷം സുഖപ്രദമല്ലേ താങ്കൾക്കു്?

ചാരു: (കണ്ടിട്ടു്) അല്ലാ, വസന്തസേന വന്നെത്തിയിരിക്കുന്നു! (സഹർഷം എഴുന്നേററു്) അല്ലയോ പ്രിയേ!

ഉണർന്നുതാനെപ്പൊഴുമെൻ പ്രദോഷം[1] ;
നിശ്വാസ[2]മോടെൻ നിശയും തിരിക്കും
നിന്നോടുഞാൻചേർന്നു വിശാലനേത്രേ —
യിന്നെൻെറ ശോകാന്തകനായു് പ്രദോഷം! 37

അതുകൊണ്ടു് ഭവതിക്കു സ്വാഗതം! ഇതാ ഇരിപ്പിടം. ഇതിലിരിക്കൂ!

വിദൂ: ഇരിപ്പിടമിതാ. ഇരിക്കൂ ഭവതി!
(വസന്തസേന ഇരിക്കുന്നു. തുടർന്നു് മററുള്ളവരും)

ചാരു: സ്നേഹിതാ, നോക്കു നോക്കു, ഇവളുടെ

ശ്രോത്രത്തിലെക്കദംബം
മഴനീരാലേയൊരുമൂലതൻമീതെ
അഭിഷേകം ചെയ്യുന്നു
യുവരാജനെന്നപോലെയിതാ! 38

അതിനാൽ, തോഴരേ, വസന്തസേനയുടെ വസ്ത്രങ്ങൾ ഈറനായിരിക്കുന്നു. വേറെ നല്ല വസ്ത്രങ്ങൾ വരുത്തൂ.

വിദൂ: താങ്കളുടെ കല്പനപോലെ.

തോഴി: ആര്യ മൈത്രേയാ, താങ്കൾ നില്ക്കൂ. ആര്യയ്ക്കു വേണ്ടുന്നതെല്ലാം ഞാൻതന്നേ ചെയ്തുകൊള്ളാം. (അങ്ങനെ ചെയ്യുന്നു.)

വിദൂ: (സ്വകാര്യം) ഹേ സ്നേഹിതാ, തത്രഭവതിയോടു് ഞാനെന്തെങ്കിലും ചോദിക്കാം.

ചാരു: അങ്ങനെയാവട്ടെ.

വിദൂ: (പ്രകാശം) അപ്പോൾപ്പിന്നെ, എന്തുകാരണത്താലാവോ, ചന്ദ്രനെക്കാണാനാവാത്ത ഇത്തരം മഴക്കോളാണ്ടിരുണ്ട നേരത്തു് ഭവതി വന്നിരിക്കുന്നതു്?

തോഴി: ആര്യേ, എന്തു സരളനാണീ ബ്രാഹ്മണൻ!

വസന്ത: സമർത്ഥനെന്നു പറയൂ!

തോഴി: ആ രത്നമാലയ്ക്കെന്തു വിലവരും?—ഇതു് ചോദിക്കാനാണാര്യ വന്നിരിക്കുന്നതു്.

---

1. സന്ധ്യ - ഇവിടെ നിശയുടെ ആദ്യപകുതിയെന്ന അർത്ഥത്തിലത്രേ പ്രയോഗം. 2. നിൻെറ വിരഹംകൊണ്ടു്.

വിദൂ: (സ്വകാര്യം) ഹേയ്, ഞാൻ പറഞ്ഞില്ലേ, വില കുറഞ്ഞതാണ് രത്നമാല, വിലപിടിച്ചതാണ് സ്വർണ്ണപ്പണ്ടം—എന്നുള്ളതിനാൽ അതൃപ്തയായി മറെറന്തെങ്കിലും കൂടി തരപ്പെടുത്താൻ വന്നതാണവളെന്ന്!

തോഴി: അതാകട്ടെ ആര്യ, സ്വന്തമാണെന്ന് കരുതി ചൂതിൽ നഷ്ടപ്പെടുത്തി. രാജദൂതനായ ആ സഭികനാകട്ടെ എവിടെപ്പോയെന്നുമറിയുന്നില്ല.

വിദൂ: ഭവതി ഞാൻ പറഞ്ഞതുതന്നെ പറയുന്നു!

തോഴി: ഞങ്ങളയാളെ അന്വേഷിച്ച് കണ്ടെത്തുംവരെ ഈ സ്വർണ്ണപ്പണ്ടം കൈയിൽവെച്ചാലും. (കാണിക്കുന്നു)

(വിദൂഷകൻ ചിന്തിക്കുന്നു.)

തോഴി: ആര്യനെന്താണിത്രയധികം ചുഴിഞ്ഞു നോക്കുന്നത്? താങ്കളെന്താ ഇത് മുമ്പ് കണ്ടിട്ടുണ്ടോ?

വിദൂ: ഭവതി, ഇതിൻെറ ശില്പകൗശലം എൻെറ കണ്ണുകളെ പിടിച്ചുപററുന്നു.

തോഴി: ആര്യാ, കണ്ണുകൾ താങ്കളെ വഞ്ചിക്കയാണ്! ഇതാ സ്വർണ്ണപ്പണ്ടംതന്നെ!

വിദൂ: (സഹർഷം ഢ്വകാര്യം) തോഴരേ നമ്മുടെ വീട്ടിൽനിന്ന് കള്ളനപഹരിച്ച അതേ സ്വർണ്ണപ്പണ്ടംതന്നെയാണിത്?

ചാരു: സുഹൃത്തേ,

ന്യാസം തിരിച്ചുനൽകീടാ-നിന്നേ തടവെടുത്തുനാം
അതുനമ്മളൊടും ചെയ്തോ! സത്യമോയിതു് മിഥ്യയോ? 39

വിദൂ: ഹേ സുഹൃത്തേ എൻെറ ബ്രാഹ്മണ്യംകൊണ്ടാണയിടാം-ഇതു സത്യംതന്നെ!

ചാരു: നന്നായി! എനിക്ക് സന്തോഷമായി!

വിദൂ: ഹേയ് ഇതെവിടന്ന് കിട്ടിയെന്ന് ഞാൻ ചോദിക്കട്ടെ?

ചാരു: എന്താ തരക്കേട്?

വിദൂ: (തോഴിയുടെ ചെവിയിൽ)—അങ്ങനെയല്ലേ?

തോഴി: (വിദൂഷകൻെറ ചെവിയിൽ—അങ്ങനെതന്നെ.

ചാരു: എന്താണിപ്പറയുന്നതു്? ഞാനെന്താ അന്യനാണോ?

വിദൂ: (ചാരുദത്തൻെറ ചെവിയിൽ) ഇങ്ങനെയാണ്!

ചാരു: ഭദ്രേ, സത്യത്തിലിതു് ആ സ്വർണ്ണപ്പണ്ടംതന്നെയാണോ?

തോഴി: ആര്യാ, അതുതന്നെ!

ചാരു: ഭദ്രേ, ഞാനിന്നോളം പ്രിയവചനമറിയിച്ചവരെ വെറും കൈയോടെയയച്ചിട്ടില്ല. അതുകൊണ്ട് ഈ മോതിരം പാരിതോ

ഷികമായി സ്വീകരിക്കു! (വിരലിൽ മോതിരമില്ലെന്നു് കണ്ടു് ലജ്ജിക്കുന്നു.)

വസ: (സ്വഗതം) അതുകൊണ്ടുതന്നെയാണ് ഞാൻ കാമിക്കുന്നതു്.

ചാരു: (സ്വകാര്യം) ഹാ കഷ്ടം!
സമ്പത്തുവേറിട്ടവനെന്തിനായി-
ജ്ജീവിച്ചിരിക്കുന്നു ധരാതലത്തിൽ?
പ്രതിക്രിയയ്ക്കർത്ഥമെഴാത്തൊരാളിൻ
കോപപ്രസാദങ്ങൾ നിരർത്ഥകങ്ങൾ! 40

മാത്രമല്ല,
ശുഷ്കവൃക്ഷം, പക്ഷമററ-പക്ഷി, നീരററപുഷ്കരം
പല്ലുപോയ്പോയ പാമ്പെന്നീമട്ടിലത്രേ ദരിദ്രനും. 41

കൂടാതെ,
ശൂന്യാലയം ജലമെഴാക്കിണർ ജീർണ്ണവൃക്ഷം-
ദാരിദ്ര്യമാണ്ടൊരു പുമാനിവപോലെയല്ലോ.
മുൻകണ്ടൊരിഷ്ടരണയെ സ്ഥിതി[1] വിസ്മരിപ്പോ-
ക്കീമട്ടഹോ വിഫലമാം പരിതോഷകാലം! 42

വിദൂ: ഹേ, ദുഃഖിക്കേണ്ട. (കളിയാക്കിക്കൊണ്ടു് പ്രകാശം) ഭവതി, എന്റെ തോർത്തു[2]മുണ്ടിങ്ങുതന്നേക്കു!

വസന്ത: ആര്യചാരുദത്താ, ഈ രത്നമാലകൊണ്ടു് ഈയുള്ളവളെ ഇത്ര താഴ്ത്തേണ്ടിയിരുന്നോ?

ചാരു: (ലജ്ജാസ്മിതത്തോടെ) വസന്തസേനേ നോക്കു,
സത്യമാരറിവൂ, ലോക-
രെന്നെത്താൻ ലഘുവാക്കിടും
പ്രതാപമററ ദാരിദ്ര്യം
ശങ്കിക്കത്തക്കതല്ലയോ! 43

വിദൂ: ഹേയ്, ഭവതിമാരിന്നിവിടെത്തന്നെ ഉറങ്ങാൻ പോകയാണോ?

തോഴി: (ചിരിച്ചുകൊണ്ടു്) ആര്യമൈത്രേയാ താങ്കളിപ്പോളത്യധികം ആർജ്ജവം കാണിക്കുന്നല്ലോ!

വിദൂ: ഹേ സുഹൃത്തേ, സുഖമായിരിക്കുന്നവരെ ഓടിക്കാനെന്ന വണ്ണം മഴയിതാ വീണ്ടും ധാരധാരയായി പെയ്യാൻ തുടങ്ങുന്നു.

ചാരു: ഭവാൻ പറഞ്ഞതു് നേരാണു്.
അബ്ജാങ്കുരം പങ്കതലത്തിനേപ്പോ—
ലബ്ദാന്തരംകീറിവരുന്നവർഷം

1. തന്റെ ദൈന്യസ്ഥിതി. 2. പണ്ടംപൊതിഞ്ഞ തുണി.

പതിപ്പു, ശീതാംശുവിനോടു വേർപെ-
ട്ടമന്നവിണ്ണിൻ നയനാംബുപോലെ. 44

മാത്രമല്ല,

പാർത്ഥാസ്ത്രജാലസദൃശംകടു; വായ്പ്പചിത്തം-
പോലെസ്സനിർമ്മലവുമാം ജലധാരയല്ലോ
ഴുവുന്നു സീരിപട[1]വർണ്ണമെഴുംമഴക്കാ-
റിന്ദ്രന്റെ മുത്തുനിരവാരിയെറിഞ്ഞിടുംപോൽ 45

പ്രിയേ നോക്കു നോക്കു,

നീലാംഭോദവിലിപ്തമായ്, കളിരൊടൊ-
ത്താമോദവും[2]ചേർന്നൊര-
സ്സന്ധ്യാമാരുതനാലെ വീജിതവുമായ്-
മേവുംവിഹായസ്സിനെ
അംഭോദത്തൊടു ചേരുവാൻ പ്രണയമാ-
ർന്നുള്ളോരു വിദ്യുത്തന്ന-
ഞ്ഞാശ്ലേഷിപ്പു* സരാഗകാന്തയുടന-
പ്പ്രേയാനെയെന്നോണമേ! 46

(വസന്തസേന ശൃംഗാരഭാവം നടിച്ചുകൊണ്ടു് ചാരുദത്തനെ പുണരുന്നു)

ചാരു: (സ്പർശസുഖം നടിച്ചു് അങ്ങോട്ടും പുണർന്നുകൊണ്ടു്)

ഗർജ്ജിച്ചുകൊൾകുച്ചതരത്തിലഭ്രമേ!
ഭവാൻകനി,ഞ്ഞിസ്സരപീഡയാർന്ന മെയ്
സംസ്പർശരോമാഞ്ചിതജാതരാഗയായ്-
കടംബപുഷ്പത്വമിയന്നിരിക്കയാം! 47

വിദൂ: എട, മഴദിനമേ, വഷള, നീ അയോഗ്യനാണ്! എന്തെന്നാൽ അത്രഭവതിയെ നീ മിന്നല്കാട്ടി ഭയപ്പെടുത്തുന്നു!

ചാരു: സ്നേഹിതാ, താങ്കൾ ശകാരിക്കേണ്ട

നൂററാണ്ടുപെയ്യട്ടവിരാമമമായേ
നൂററാണ്ടുമിന്നട്ടെതടിത്തഭംഗം
അസ്മാദൃശ[3]ന്മാർക്കതിദുർല്ലഭം, ഞാൻ
പ്രിയാപരിഷ്വംഗമതിന്നുനേടി! 48

മാത്രമല്ല സ്നേഹിതാ,

മഴയേററുകളുത്തമെയ്യുമായ്-
സ്വയമേ, കാമി ഗൃഹത്തിലെത്തിടും

---

1. ബലരാമവസ്ത്രം 2. സുഗന്ധം * മേഘത്തൊടനുരാഗം; മാനത്തെ പുണരൽ-വൈരുദ്ധ്യം കാണുന്നു. 3. ദരിദ്രന്മാർക്കു്

അനുരക്തയെ മെല്ലെ മെയ്യണ-
ച്ചഥപുല്കും നരനല്പഭാഗ്യവാൻ! 49

പ്രിയേ വസന്തസേനേ,

മേൽത്തട്ടിതേതുവിധമോ, പഴകിച്ചലിക്കും
സ്തംഭങ്ങൾതന്നുപരിനില്ക്കുകയാംവിഴാതെ
കുമ്മായമിട്ടതിളകിച്ചിലപാടവീണോ-
രിച്ചിത്രഭിത്തികയുമേറെ നനഞ്ഞിരിപ്പൂ[1]. 50

(മുകളിലോട്ടുനോക്കീട്ട്) ഹാ മഴവില്ല്! പ്രിയേ നോക്കൂ നോക്കൂ,

ഈ വിദ്യുജ്ജിഹ്വയാ,ലിന്ദ്ര കാർമ്മുകായത ബാഹുവാൽ-
കാറാംവിവൃദ്ധഹനുവാൽ ജൃംഭിക്കുന്നോ നഭസ്ഥലം[2]? 51

എന്നാൽ വരൂ. നമുക്കകത്തേക്കുപോകാം. (എഴുന്നേററ് ചുററി നടക്കുന്നു)

ചില്ലുസ്ഥമന്ദ്രം പനകൾക്കു താരം
കല്ലിന്നുരുക്ഷം സലിലത്തിനുഗ്രം
തല്ലി,ജ്ജലം, വല്ലകിമീട്ടിടുംപോ-
ലല്ലോ പതിക്കുന്നിതുതാളമോടെ. 52

(എല്ലാവരും പോകുന്നു)

'മഴക്കോളാണ്ടദിവസം' എന്ന അഞ്ചാം അങ്കം കഴിഞ്ഞു.

## ആറാം അങ്കം

തോഴി: (പ്രവേശിച്ച്) ആര്യയെന്താണിനിയുമെഴീക്കാത്തതു്! ആട്ടെ. ഞാൻചെന്നുണർത്തിയേക്കാം. (ചുററിനടക്കുന്നു)

(അനന്തരം ശരീരംമൂടി, ഉറങ്ങുന്ന നിലയിൽ വസന്തസേന പ്രത്യക്ഷപ്പെടുന്നു)

തോഴി: (നോക്കിയശേഷം) ആര്യേ, എഴീക്കൂ എഴീക്കൂ നേരം പ്രഭാതമായി.

വസന്ത: (ഉണർന്നിട്ട്) എന്ത്! രാത്രിയിൽത്തന്നെ പ്രഭാതമായെന്നോ!

---

1. അതുകൊണ്ടിവിടെ നില്ക്കുന്നതു് യുക്തമല്ലെന്നു അർത്ഥം.
2. മിന്നലാംനാവ്, മഴവില്ലാം നീണ്ടകൈകൾ, മേഘമാംവൻതാടിയെല്ല് ഇവകൊണ്ടാകാശം കോട്ടുവായിടുംപോലെ തോന്നുന്നു.

തോഴി: ഞങ്ങൾക്കിതാണ് പ്രഭാതം. ആര്യയ്ക്കു പക്ഷേ ഇതു് രാത്രി തന്നെ!

വസന്ത: തോഴീ, എവിടെയാണ് തന്റെ ചൂതാട്ടക്കാരൻ?

തോഴി: ആര്യേ, വദ്ധമാനകന് വേണ്ട നിർദ്ദേശം കൊടുത്തു് ആര്യ, ചാരുദത്തൻ പ്രാചീന പുഷ്പകരണ്ഡകോദ്യാനത്തിലേക്കു് പോയിരിക്കുന്നു.

വസന്ത: എന്തു് നിർദ്ദേശം കൊടുത്തിട്ടു്?

തോഴി: വസന്തസേനയ്ക്കു് പോകാൻ പുലരുംമുമ്പു് വാഹനം തയ്യാറാക്കണമെന്നു്.

വസന്ത: ഞാനെവിടെയ്ക്കാണ് തോഴീ പോകേണ്ടതു്*?

തോഴി: ആര്യേ, ചാരുദത്തൻ പോയെടത്തേക്കു്.

വസന്ത: (തോഴിയെ പുണർന്നിട്ടു്) തോഴീ, രാത്രിയിൽ എനിക്കദ്ദേഹത്തെ തൃപ്തിയാവോളം കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടു് ഇന്നു ഞാൻ പ്രത്യക്ഷത്തിൽ നോക്കിക്കാണും! തോഴീ, ഞാനിവിടത്തെ നാലുകെട്ടിൽ പ്രവേശിച്ചുവോ[1]?

തോഴി: കേവലം നാലുകെട്ടിൽ മാത്രമല്ല, എല്ലാവരുടേയും ഹൃദയത്തിലും പ്രവേശിച്ചിരിക്കുന്നു.

വസന്ത: ചാരുദത്തന്റെ പരിജനങ്ങൾക്കിതിൽ മനസ്താപമുണ്ടോ?

തോഴി: ഉണ്ടാവാം.

വസന്ത: എപ്പോൾ?

തോഴി: ആര്യ വേർപെടുമ്പോൾ,

വസന്ത: അപ്പോൾ, ആദ്യം ഞാൻ മനസ്താപപ്പെടേണ്ടിയിരിക്കുന്നു. (അനുനയത്തോടെ) തോഴീ, ഈ രത്നമാല എന്റെ സഹോദരി ആര്യധൂതയ്ക്കു് കൊണ്ടുകൊടുക്കൂ. എന്നിട്ടിങ്ങനെ പറയൂ: 'ശ്രീ ചാരുദത്തൻ സ്വഗുണങ്ങളെക്കൊണ്ടു് വാങ്ങിയിരിക്കുന്ന ദാസിയായ ഈയുള്ളവൾ ഇവിടുത്തേയും ദാസിയാണ്. അതുകൊണ്ടീ രത്നമാല ഭവതിയുടെതന്നെ കണ്ഠാഭരണമായിരിക്കട്ടെ' എന്നു്.

തോഴി: ആര്യേ, എന്നാൽ ചാരുദത്തൻ ആര്യയോടു് കോപിച്ചേക്കും.

വസന്ത: പോകൂ. അദ്ദേഹം കോപിക്കില്ല.

തോഴി: (മാലവാങ്ങിട്ടു്) കല്പനപോലെ (പോയി. വീണ്ടും പ്രവേശിക്കുന്നു) ആര്യേ, ആര്യ ധൂത പറയുന്നു. 'ആര്യപുത്രൻ പ്ര

---

* സ്വന്തം ഗൃഹത്തിലേക്കു് തിരിച്ചയക്കുകയാണോ എന്നു് ഭയന്നു്.

1. ഈ ഗൃഹത്തിലെ അംഗമായോ.

സാദിച്ച് നിങ്ങൾക്കു തന്നതാണിതു്. ഞാനിതു് കൈക്കൊള്ളുന്നതു് യുക്തമല്ല. ആര്യപുത്രൻതന്നെയാണ് എൻെറവിശിഷ്ടാഭരണം എന്നു് ഭവതി അറിയുക'—എന്നു്.

(രദനിക കുട്ടിയേയുംകൊണ്ടു് പ്രവേശിക്കുന്നു.)

രദനിക: വാ കുഞ്ഞേ നമുക്കീ കൊച്ചുവണ്ടിയുമായി കളിക്കാം.

കുട്ടി: (കരഞ്ഞുകൊണ്ടു്) രദനികേ, എനിക്കെന്തിനാ ഈ മണ്ണിൻെറ വണ്ടി? എനിക്കാ പൊന്നിൻെറ വണ്ടിതന്നെ വേണം!

രദ: (സവിഷാദം നിശ്വസിച്ചിട്ടു്) കുഞ്ഞേ, നമുക്കുണ്ടോ പൊന്നിൻെറ വ്യാപാരം? പിന്നേയ്, അച്ഛൻ വീണ്ടും സമ്പന്നനാകുമ്പോൾ നിനക്കു് പൊന്നിൻെറ വണ്ടികൊണ്ടു് കളിക്കാം! (സ്വഗതം) എന്നാൽ ഞാനിവനെ മററെതെങ്കിലും തരത്തിൽ വിനോദിപ്പിക്കാൻ നോക്കട്ടെ. ആര്യ വസന്തസേനയുടെ സമീപംചെല്ലാം (സമീപിച്ചിട്ടു് പ്രകാശം) ആര്യേ, വന്ദനം!

വസന്ത: നിനക്കു സ്വാഗതം രദനികേ. ഈ കുട്ടിയാരുടേതാണ്? പമയലില്ലാഞ്ഞിട്ടും ഈ ചന്ദ്രമുഖൻ എൻെറ ഹൃദയത്തെ ആനന്ദിപ്പിക്കുന്നു.

രദ: ഇതാര്യചാരുദത്തൻെറ മകനാണ്_രോഹസേനൻ.

വസന്ത: (കൈകൾ നീട്ടീട്ടു്) വാ മോനേ! എന്നെ കെട്ടിപ്പിടിക്കൂ. (മടിയിലിരുത്തിട്ടു്) അച്ഛൻെറ രൂപംതന്നെയാണിവനു്.

രദ: രൂപം മാത്രമല്ല. ശീലവും—എന്നാണെനിക്കു തോന്നുന്നതു്_ ആര്യ ചാരുദത്തൻ ഇവനെക്കൊണ്ടാണ് തന്നെത്തന്നെ വിനോദിപ്പിക്കുന്നതു്.

വസന്ത: ഇവനെന്തിനാ പിന്നെ കരയുന്നതു്?

രദ: ഇവൻ അയലത്തെ ഗൃഹനാഥൻെറ കുട്ടിയോടൊത്തു് ഒരു ചെറിയ പൊൻവണ്ടികൊണ്ടു് കളിക്കുകയായിരുന്നു. അതു് അവൻ കൊണ്ടുപോയി. പിന്നെ വീണ്ടുമതു' വേണമെന്നിവൻ പറഞ്ഞപ്പോൾ ഞാനീ മൺവണ്ടിയുണ്ടാക്കിക്കൊടുത്തു. അപ്പോളിവൻ പറയുന്നു, 'രദനികേ എനിക്കെന്തിനാണീ മണ്ണിൻെറ വണ്ടി? എനിക്കാ പൊന്നിൻെറ വണ്ടിതന്നെ വേണ'മെന്നു്!

വസന്ത: കഷ്ടം കഷ്ടം! മററുള്ളവരുടെ സമ്പന്നതകൊണ്ടു് ഇവനുപോലും സന്തപിക്കേണ്ടിവരുന്നു. ഭഗവാനേ, കൃതാന്താ, താമരയിലയിലെ ജലകണികപോലുള്ള പുരുഷന്മാരുടെ ഭാഗധേയംകൊണ്ടു് നീ വിനോദിക്കുന്നു! (കണ്ണീരോടെ) കുഞ്ഞേ, നീ കരയണ്ട. നിനക്കു് പൊൻവണ്ടികൊണ്ടുതന്നെ കളിക്കാം.

കുട്ടി: രദനികേ, ഇതാരാണ്?

വസന്ത: നിൻെറ അച്ഛൻ ഗുണങ്ങളെക്കൊണ്ടു് വാങ്ങിയ ദാസി.

രദ; കുഞ്ഞേ, ആര്യ നിൻെറ അമ്മതന്നെ.

കുട്ടി: രദനികേ നീ നണപറയ്യ്യാ! ഈയാര്യ എൻറമ്മ്യാണെങ്കി പിന്നെന്താ ആഭരണങ്ങളണിഞ്ഞിരിക്കുന്നേ?

വസന്ത: കുഞ്ഞേ, ശുദ്ധമായ നാവുകൊണ്ടു് നീയുച്ചരിക്കുന്നതു് വേദനിപ്പിക്കുന്ന വാക്കാണല്ലോ. (ആഭരണങ്ങളഴിച്ചെടുത്തു് കരഞ്ഞുകൊണ്ടു്) ഇതാ ഇപ്പോഠം ഞാൻ നിൻെറ അമ്മയായില്ലേ? അതുകൊണ്ടു് ഈയാഭരണങ്ങളെടുത്തോളൂ. എന്നിട്ടൊരു പൊൻവണ്ടിയുണ്ടാക്കിക്കു.

കുട്ടി: വേണ്ട! ഞാനെടുക്കുല! നീ കരയുന്നു!

വസന്ത: (കണ്ണീരു തുടച്ചു്) ഇല്ല കുഞ്ഞേ, ഞാൻ കരയുന്നില്ല. നീ പോയി കളിച്ചോളൂ! (മൺവണ്ടിയിൽ ആഭരണങ്ങഠം നിറച്ചിട്ടു്). കുഞ്ഞേ ഇതുകൊണ്ടൊരു പൊൻവണ്ടിയുണ്ടാക്കിക്കു.

(കുട്ടിയേയുംകൂട്ടി രദനിക പോകുന്നു.)

(വണ്ടിയിൽ പ്രവേശിച്ചിട്ടു്)

വദ്ധമാനകൻ: രദനികേ, രദനികേ, ആര്യവസന്തസേനയോടു പറയൂ, മറച്ചുകെട്ടിയ വണ്ടി വാതിൽക്കൽ തയാറായി നിൽക്കുന്നുണ്ടെന്നു്.

രദനിക (പ്രവേശിച്ചു്) ആര്യേ വദ്ധമാനകനറിയിക്കുന്നു, വാതില്ക്കൽ വണ്ടി തയാറായിട്ടുണ്ടെന്നു്.

വസന്ത: തോഴീ, ഒരല്പം നില്ക്കാൻ പറയൂ, അതിനിടയ്ക്കു് ഞാൻ ചമഞ്ഞൊരുങ്ങാം.

രദനിക: (ചെന്നിട്ടു്) വദ്ധമാനക, ഒരൽപം നില്ക്കു: ആര്യ ചമഞ്ഞൊരുങ്ങുംവരെ.

വർദ്ധ; അയ്യോ! ഞാനാകട്ടെ വണ്ടിയിലെ വിരിപ്പെടുക്കാൻമറന്നു! എന്നാലുടനെയെടുത്തുകൊണ്ടുവന്നേക്കാം. പുത്തൻ മൂക്കുകയറിട്ട കാളകഠം അടക്കമില്ലാഴ്മ കാണിക്കുന്നല്ലോ! ശരി. വണ്ടിയിൽത്തന്നെ പോയ്‌വന്നേക്കാം. (പോകുന്നു.)

വസന്ത: തോഴീ എൻെറ ചമയങ്ങഠം കൊണ്ടുവരു. ഞാൻ ചമയട്ടെ. (ചമഞ്ഞുകൊണ്ടിരിക്കുന്നു)

(വണ്ടിയിലിരുന്ന നിലയിൽ പ്രവേശിച്ചു്)

സ്ഥാവരകൻ: രാജസ്യാലനായ സംസ്ഥാനകനെന്നോടു് കല്പിച്ചി

രിക്കുന്നു, സ്ഥാവരകാ വണ്ടിയുമായി വേഗം പ്രാചീന പുഷ്പകരണ്ഡകോദ്യാനത്തിലേക്ക് വരു എന്ന്. ശരി. അവിടത്തേക്കു തന്നെ പോകാം. വേഗം! എരുതുകളേ, വേഗം! (വണ്ടിയോടിക്കവേ നോക്കീട്ട്) ഹാ! ഗ്രാമത്തിലെ വണ്ടികരം വഴി തടയുന്നു! എന്താണിപ്പോരം ചെയ്യേണ്ടതു്? (ഗർവ്വോടെ) എടാടാ! വഴിമാറ്! വഴിമാറ്! (കേട്ടിട്ട്) എന്താ ചോദിച്ചത്! ഇതാരുടെ വണ്ടിയെന്നോ? ഇത് രാജസ്യാലനായ സംസ്ഥാനകൻെറ വണ്ടിയാണ്. അതുകൊണ്ട് വേഗം വഴിമാറ്! (നോക്കീട്ട്) ഇതാരാണൊരാരം, ചൂതിൽ തോററ ചൂതാട്ടക്കാരൻ സഭികനെ ക്കണ്ടാലെന്നപോലെ, എന്നെക്കണ്ടിട്ട് പെട്ടെന്ന് തന്നത്താൻ മറഞ്ഞ് മറെറാരു ഭാഗത്തേക്ക് പോകുന്നതു്? ആരായിരിക്കാമത്? അഥവാ ആരായാലെനിക്കെന്ത്? ഞാൻ വേഗം പോകട്ടെ. എടാടാ, പട്ടിക്കാടാ! വഴിമാറ്, വഴിമാറ്! എന്തുപറഞ്ഞു? 'ഒന്നു നില്ലൂ ഈ ചക്രമൊന്ന് തള്ളിത്തിരിച്ചുതരൂ'ന്നോ? എടാടാ രാജസ്യാല സംസ്ഥാനകൻെറ ശൂരപരിജനമായ ഞാനോ ചക്രം തള്ളിത്തരാൻ! അഥവാ ഈ പാവം ഒററയ്ക്കാണ്. അതുകൊണ്ടിങ്ങനെ ചെയ്യാം. ഈ വണ്ടി ആര്യചാരുദത്തൻെറവൃക്ഷവാടികയുടെ പാർശ്വത്തിൽ നിത്താം. (വണ്ടി നിർത്തീട്ട്) ദാ, ഞാൻ വരുന്നു. (പോകുന്നു)

തോഴി: ആര്യേ, വണ്ടിച്ചക്രത്തിൻെറ ശബ്ദംപോലെ കേരംക്കുന്നു: വണ്ടി വന്നിട്ടുണ്ടാവണം.

വസന്ത: തോഴീ നടക്കൂ. എൻെറ ഹൃദയം തിടുക്കം കൂട്ടുന്നു. അതിനാൽ വാതിൽക്കലേക്കു വഴി കാണിക്കൂ.

തോഴി: ആര്യേ, ഇതിലേയിതിലേ.

വസന്ത: (ചുററിനടന്ന്) തോഴീ, നീയിവിടെ വിശ്രമിക്കൂ.

തോഴി: ആര്യ കൽപിക്കുംപോലെ (പോകുന്നു)

വസന്ത: (വലംകണ്ണ് തുടിക്കുന്നതായി സൂചിപ്പിച്ചുകൊണ്ട് വണ്ടിയിൽ കയറീട്ട്) എന്താണെൻെറ വലംകണ്ണ് തുടിക്കുന്നതു്? അഥവാ ചാരുദത്തൻെറ ദർശനംതന്നെ ദുർനിമിത്തമില്ലാതാക്കും*,

സ്ഥാവരകൻ: (പ്രവേശിച്ച്) വണ്ടികളെ വഴിക്കുനിന്ന് മാററി. അതുകൊണ്ടിനി പോകാം. (കയറി ഓടിക്കുന്നതായി നടിച്ച് സ്വഗതം) വണ്ടിക്ക് ഭാരം കൂടിയതുപോലുണ്ടല്ലോ. അഥവാ ചക്രം തള്ളിക്കാക്കിയതിനാലുള്ള തളർച്ചയാൽ വണ്ടിക്കു ഭാരം

* ആസ്തിക ദർശനം ഇഷ്ടദേവതാ നാമോച്ചാരണം ബ്രാഹ്മണോപാസന മുതലായവ ദുശ്ശകുനഫലമൊഴിവാക്കുമെന്ന് വിശ്വാസം.

കൂടിയതായി തോന്നുന്നതാവണ . ആട്ടെ പോകാം. നട. നട കാളകളേ, നട!

(അണിയറയിൽ)

ഹേ, ഹേ, ദ്വാരപാലകന്മാരേ! നിങ്ങൾ കോട്ടയിലെ അവരവരുടെ സ്ഥാപനങ്ങളിൽ വീഴ്ചപററാതെ നിലയുറപ്പിക്കുക! എന്തെന്നാൽ, ഇപ്പൊഴാ ഇടയച്ചെറുക്കൻ കാരാഗൃഹം തകർത്തു് കാരാഗൃഹ പാലകനെക്കൊന്നു്, വിലങ്ങുമറുത്തു് രക്ഷപ്പെട്ടിരിക്കുന്നു! അതുകൊണ്ടു് അവനെ പിടികൂടുക! പിടികൂടുക!

(സംഭ്രാന്തനായ ആര്യകൻ ഒരു കാലിൽ ചങ്ങലത്തുണ്ടുമായി മുഖംമറച്ചുകൊണ്ടു്, മറനീക്കി പ്രവേശിച്ചു് ചുററിനടക്കുന്നു.)

സ്ഥാവര: (സ്വഗതം) മഹാനഗരത്തിലാകെ സംഭ്രമം ആയിരിരിക്കുന്നു. അതുകൊണ്ടു് ഞാൻ വേഗം വേഗം പോകട്ടെ (പോകുന്നു)

ആര്യകൻ:

ഭേദിച്ചുകൊണ്ടുടനെ ഞാൻ മരണാദിതീവ്ര—
മാപത്തുചേർന്ന നൃപബന്ധന വൻസമുദ്രം
പാദത്തിലാർന്നൊരു വിലങ്ങുവലിച്ചുകൊണ്ടും
ബന്ധംതകർത്ത ഗജമെന്നതുപോൽ ഭ്രമിപ്പൂ! 1

ഹേയ്, ഒരു സിദ്ധൻെറ പ്രവചനം കേട്ടു് ഭയപരവശനായ പാലകരാജാവു് എന്നെ ഇടയക്കുടിലിൽനിന്നു് പിടിച്ചുകൊണ്ടുവന്നു് പീഡിപ്പിച്ചു് രഹസ്യമുറിയിൽ കെട്ടിയിട്ടിരുന്നതാണു്. ആ ബന്ധത്തിൽനിന്നു് എൻെറ പ്രിയസുഹൃത്തായ ശർവ്വിലകൻെറ പ്രസാദം കൊണ്ടു് ഞാൻ രക്ഷപ്പെട്ടു. (കണ്ണീർ തുകീട്ടു്)

എന്നിൽബ്ഭാഗ്യമെഴുന്നുവെങ്കിലതുതാ—
നെൻകുററമായീടുമോ?
പിന്നെന്തേ നൃപനെന്നെ വന്യകരിയെ
പ്പോലെ നിബന്ധിക്കുവാൻ?
എന്നും ദൈവവിനിശ്ചയം തടയുവാ—
നാർക്കൊത്തിടും;' ഗമ്യനാം1
മന്നൻ സൈന്യസമേതനാണവനൊടാ—
ക്രാകം പിണങ്ങീടുവാൻ? 2

1. എല്ലാവർക്കും സേവ്യൻ.

അതുകൊണ്ടു് മന്ദഭാഗ്യനായ ഞാനെവിടെപ്പോകും? (കണ്ടിട്ടു്) ഇതാ ഏതോ ഒരു മാന്യന്റെ തുറന്നിട്ടിരിക്കുന്ന വീടു്.

തകർന്ന വീടാം തഴതററു് സന്ധി—
വേറിട്ടിരിക്കുന്ന മഹാകവാടം.
നിസ്സംശയം നിസ്വതയാർന്നവൻതാ
നിന്നിഗ്ഗൃഹസ്ഥൻ മമതുല്യഭാഗ്യൻ. 3

അതുകൊണ്ടിവിടെക്കേറിനില്ക്കാം.

(അണിയറയിൽ)

നട, നട. കാളകളേ! നട, നട!

ആര്യകൻ: (കേട്ടിട്ടു്) ഹാ! ഒരു വണ്ടിയുണ്ടിങ്ങോട്ടുതന്നെ വരുന്നു.

ആപൽക്കാരികളുംപ്പെടാതിഹ വരും
സാമാജികം വണ്ടിയോ?*
ചേലോടേ വധുവെക്കയററുവതിനാ—
യിങ്ങെത്തിടും വാഹമോ?
കാണ്മീലാപരിവാര, മാരുമിതിലി:-
ല്ലാഢ്യർക്കുചേരുന്നൊരീ—
യാനം ഭാഗ്യവശാലെനിക്കു വെളിയിൽ1-
പ്പോവാനടുക്കുന്നതോ? 4

വർദ്ധമാനകൻ: (വണ്ടിയോടെ പ്രവേശിച്ചു) ഹായ്! ഞാൻ വണ്ടി വിരിപ്പും കൊണ്ടെത്തിയിരിക്കുന്നു! രദനികേ, ആര്യവസന്തസേനയെ അറിയിക്കു, 'ഇവിടെ സജ്ജമാക്കിനിർത്തിയിരിക്കുന്ന വണ്ടിയിൽക്കയററി ആര്യപ്രാചീന പുഷ്പകരണ്ഡകോദ്യാനത്തിലേക്കു് പുറപ്പെടണ'മെന്നു്.

ആര്യകൻ: (കേട്ടിട്ടു്) ഗണികയ്ക്കുള്ള വണ്ടിയാണിതു്. വെളിയിൽ പോകുന്നതുമാണു്. ശരി. ഞാനിതിൽ കേറട്ടെ. (പതുക്കെ സമീപിക്കുന്നു)

വർദ്ധ: (കേട്ടിട്ടു്) എന്താണു്, നൂപുരശബ്ദമല്ലേ കേൾക്കുന്നതു്? അപ്പോൾ ആര്യ വന്നല്ലോ. ആര്യേ, പുത്തൻമൂക്കു കയറിട്ടതിനാൽ കാളകളടക്കമില്ലാത്തവയാണു്. അതുകൊണ്ടു് പിന്നിലൂടെതന്നെ കേറിയാലും.

(ആര്യകനങ്ങനെ ചെയ്യുന്നു.)

വർദ്ധ: കാൽവെപ്പിലിളകുന്ന നൂപുരങ്ങളുടെ ശബ്ദം നിലച്ചിരിക്കുന്നു. വണ്ടിക്കു് ഭാരവും വന്നു. അപ്പോളാര്യ കേറിയിരുന്നുകഴി

---

* പൊതുവാഹനം.

1. നഗരത്തിനു വെളിയിൽ.

ഞ്ഞിരിക്കണം. എന്നാലിനി പോകാം. നട! കാളകളേ! നട! (വണ്ടി തെളിക്കുന്നു.)

വീരകൻ: (പ്രവേശിച്ച്) ഹേ, ഹേ, ജയൻ, ജയമാനൻ, ചന്ദനകൻ, മംഗളൻ, പുഷ്പഭദ്രൻ തുടങ്ങിയവരേ! നിങ്ങളെന്തേ,

വിസ്രബ്ധരായ്[1] നടക്കുന്നു ബദ്ധൻ ഗോപാലദാരകൻ
കാരാഗൃഹം രാജഹൃത്തുമൊപ്പം ഭേദിച്ചുമണ്ടവേ! 5

ഹേയ്! താൻ തെരുവിൻെറ കിഴക്കേ പ്രവേശനദ്വാരത്തിൽ നില്ല്. താൻ പടിഞ്ഞാറുഭാഗം. താൻ തെക്ക്. താൻ വടക്ക്. ഞാനും ചന്ദനകനുംകൂടി ഈ കോട്ടമതിലിൽക്കേറി നിരീക്ഷിക്കാം. വരു ചന്ദനകാ വരു. ഇങ്ങോട്ടു വരു!

ചന്ദനകൻ: (പ്രവേശിച്ച് സംഭ്രാന്തിയോടെ.) ഹേ ഹേ, വീരകൻ, വിശല്യൻ, ഭീമാംഗദൻ, ദണ്ഡകാലൻ, ദണ്ഡശൂരൻ മുതലായവരേ,

വരൂ, വിശ്വസ്തരായിങ്ങു യത്നിച്ചീടുക സത്വരം
ഗോത്രാന്തരത്തിൽച്ചേരാതെ നോക്കണം രാജ്യലക്ഷ്മിയെ! 6

മാത്രമല്ല,

ഉദ്യാനം, നഗരം, ചന്ത, മാർഗ്ഗം, സഭകം, ഘോഷകം[2];
എങ്ങോ ശങ്കിപ്പതങ്ങെല്ലാമന്വേഷിക്കുക സത്വരം! 7

കാണിപ്പതെ,ന്തുറപ്പായ് നീ ചൊൽവതെന്തയി വീരക
ബന്ദിയെബ്ബന്ധനം ഭേദിച്ചാരാണപഹരിക്കുവോൻ! 8

ആർക്കാണെട്ടിൽദ്ദിനകരൻ[3], ചന്ദ്രൻ നാലിലു[4]മവ്വിധം
ആർക്കാറിൽ നില്ക്കയാം ശുക്ര[5]നാർക്കുമംഗളനഞ്ചിലും[6], 9

ഒമ്പതിൽശ്ശനി[7]യും, ജന്മഷഷ്ഠത്തിൽഗ്ഗുരുവും[8]-അവൻ
ഹരിക്കുമോ ചന്ദനകനിരിക്കെഗ്ഗോപപുത്രനെ!
(യുഗ്മകം) 10

വീരകൻ; യോദ്ധാവേ ചന്ദനക,

നിൻനെഞ്ചുതൊട്ടാണയിടാമാരാലോ ഹൃതനാ,യുടൻ
സൂര്യൻ പാതിയുദിച്ചപ്പോളാര്യകൻ ഛിന്നബന്ധനൻ! 11

---

1. അലസരായി. 2. കുടില്യകം. 3-8 ഫലങ്ങൾ: 3. മരണം. 4. കുക്ഷിരോഗം. 5. ബുദ്ധിക്ഷയം. 6. ക്ഷതി. 7. അർത്ഥനാശം. 8. ശോകം, ശത്രുപീഡ-തൻെറ നാമം അത്രയും ഭീതിദമാണെന്നും അതിനാലാരും ആര്യകനെ അപഹരിക്കാൻ ധൈര്യപ്പെടുകയില്ലെന്നും ചന്ദനകൻ കരുതുന്നു.

**വദ്ധമാനകൻ:** നട, കാളകളേ! നട!

**ചന്ദനകൻ:** (കണ്ടിട്ട്) എടോ നോക്കു, നോക്കു,

മൂടിക്കെട്ടിയ വാഹന-
മൊന്നത പോകുന്നു രാജമാർഗ്ഗത്തിൽ
ചോദ്യംചെയ്യീടുക ചെ-
ന്നാരുടെയാ,ണെങ്ങുപോയിടുന്നതെന്നും. 12

**വീരകൻ** (നോക്കീട്ട്) ഹേ വണ്ടിക്കാരാ! വണ്ടിനിർത്തു്! ആരുടെ വണ്ടിയാണിതു്? ആരാണിതിലിരിക്കുന്നതു്! എങ്ങോട്ടു പോകുന്നു?

**വർദ്ധ:** ആര്യ ചാരുദത്തൻെറ വണ്ടിയാണിതു്. ആര്യ വസന്തസേനയാണിതിൽ. ചാരുദത്തനു് ക്രീഡിക്കാനായി പ്രാചീന പുഷ്പകരണ്ഡകോദ്യാനത്തിലേക്കു് കൊണ്ടുപോകയാണു്.

**വീരകൻ:** (ചന്ദനകനെ സമീപിച്ച്) ഈ വണ്ടിക്കാരൻ പറയുന്നു, ആര്യചാരുദത്തൻെറ വണ്ടിയാണു്, വസന്തസേനയാണിതിൽ, പ്രാചീന പുഷ്പകരണ്ഡകോദ്യാനത്തിലേക്കു് കൊണ്ടുപോകയാണു്—എന്നു്.

**ചന്ദ:** എന്നാൽ പോയ്ക്കോട്ടെ.

**വീര:** പരിശോധിക്കാതെയോ?

**ചന്ദ:** അതെ.

**വീര:** ആരെ വിശ്വസിച്ച്?

**ചന്ദ:** ആര്യചാരുദത്തനെ.

**വീര:** ആര്യചാരുദത്തനാരു്, വസന്തസേനയാരു്, പരിശോധിക്കാതെ വിടാൻ?

**ചന്ദ:** എടോ ആര്യചാരുദത്തനാരെന്നോ വസന്തസേനയാരെന്നോ തനിക്കറിഞ്ഞുകൂടെ? ആര്യചാരുദത്തനേയും വസന്തസേനയേയും തനക്കറിഞ്ഞുകൂടെങ്കിൽ ആകാശത്തിൽ ചന്ദ്രികയോടൊപ്പമുള്ള ചന്ദ്രനേയും തനിക്കറിഞ്ഞുകൂടാ!

സൽഗ്ഗുണപത്മം, ശീല ശശാങ്കൻ
ദുഃഖിതരായോർക്കാശ്രയ കേന്ദ്രം
നാൽക്കടലിൻ സത്താമൊരു ഹീരം
മാന്യനയാളേയാരറിയാത്തു? 13

രണ്ടാളേ പൂജ്യരിങ്ങുള്ളൂ നഗരീ തിലകങ്ങളായ്,
വസന്തസേനയും, ധർമ്മനിധിയാം ചാരുദത്തനും! 14

വീര: എടോ ചന്ദനക,

അച്ചാരുദത്തനേയും
ഞാനറിയുന്നേൻ വസന്തസേനയെയും
നൃപകാര്യത്തിന്നെത്ത—
ന്നേരത്തെന്നച്ഛനേയുമറിയാ ഞാൻ! 15

ആര്യകൻ: (സ്വഗതം) ഇയാളെൻെറ പൂർവ്വവൈരി. മറേറ ആളെൻെറ പൂർവ്വബന്ധു. എങ്ങനെയെന്നാൽ,

ഒരേകാര്യനിയുക്തന്മാരെന്നാൽ വ്യത്യസ്തശീലരും,
വിവാഹ ശവദാഹങ്ങൾക്കഗ്നി രണ്ടെന്നപോലവേ. 16

ചന്ദന: രാജാവിൻെറ വിശ്വസ്തനായ സേനാപതിയാണ് താൻ. കാര്യക്ഷമതയുള്ളവൻ! പരിശോധിച്ചോളൂ—ഞാനീകാളകളെ പിടിച്ചിരിക്കുന്നു.

വീര: താനും രാജാവിൻെറ വിശ്വസ്ത സേനാനായകൻ തന്നല്ലോ. അതുകൊണ്ട് താൻതന്നെ പരിശോധിച്ചോളൂ.

ചന്ദന: ഞാൻ പരിശോധിച്ചാൽ താൻ പരിശോധിച്ചപോലാകുമോ?

വീര: താൻ പരിശോധിച്ചാൽ പാലകരാജാവ് പരിശോധിച്ചതുപോലെ തന്നാണ്.

ചന്ദന: എഡേയ് നുകം പൊക്കു്!

(വർദ്ധമാനകൻ അങ്ങനെ ചെയ്യുന്നു.)

ആര്യകൻ: (സ്വഗതം) രക്ഷികളെന്നെ കണ്ടുപിടിച്ചേക്കുമോ? ഭാഗ്യംകെട്ട എനിക്കായുധമില്ല. അഥവാ

ഭീമാനുകാരിയായ് ഞാനി—
ക്കൈകളെശ്ശസ്ത്രമാക്കിടും:
തടവിൽപ്പാർപ്പതേക്കാളും
വരം പോരിൽമരിക്കയാം. 17

അഥവാ ഇതു് സാഹസത്തിനുള്ള അവസരമല്ല.
(ചന്ദനകൻ വണ്ടിയിൽക്കയറി പരിശോധിക്കുന്നതായി നടിക്കുന്നു.)

ആര്യകൻ: ഞാൻ ശരണാഗതനാണേ1 !

ചന്ദന: (സംസ്കൃതത്തിൽ) ശരണാഗതനു് അഭയം!

ആര്യകൻ:

അഭയാർത്ഥിയെ ത്യജിച്ചാ—
ലവനെയുപേക്ഷിപ്പൂ ബന്ധുമിത്രങ്ങൾ,
ജയദേവതയും; പിന്നെ—
പ്പരിഹാസത്തിനിരയാകുമവനെന്നും! 18

ചന്ദന: എന്ത്! ആര്യകനെന്ന ഇടയപുത്രൻ, പരുന്തിനെപ്പേടിച്ചോടുന്ന പതംഗം പക്ഷിവേട്ടക്കാരൻെറ കൈയിലെന്നപോലെ വന്നുവീണിരിക്കുന്നു! (ആലോചിച്ച്) നിരപരാധിയും, ശരണാഗതനും ആര്യചാരുദത്തൻെറ വണ്ടിയിൽ കയറിയിരിക്കുന്നവനും, ഒരിക്കലെൻെറ ജീവൻ രക്ഷിച്ച ആര്യ ശർവ്വിലകൻെറ മിത്രവുമാണിദ്ദേഹം. മറെറാരിടത്തു് രാജനിയോഗം. അതുകൊണ്ടിവിടിപ്പോൾ ഞാനെന്തുചെയ്യുകയാണുചിതം? അഥവാ വരുന്നതുവരട്ടെ? ഞാനാദ്യംതന്നെ അഭയം നല്കിക്കഴിഞ്ഞു.

പരോപകാരിയായ്, ഭീതന്നഭയം നല്കിഞാ, നിനി
വരുന്നതെല്ലാം വന്നോട്ടേ നാശമെങ്കിലതും ഗുണം! 19

(ഭയത്തോടെ ഇറങ്ങീട്ട്) കണ്ടു ഞാനാര്യനെ—(പകതിപ്പറഞ്ഞു്) അല്ല. ആര്യയെ—വസന്തസേനയെ. അവൾ ചോദിക്കുന്നു, ആര്യ ചാരുദത്തനെ അഭിസരിക്കാൻ ചെല്ലുന്ന എന്നെ രാജമാർഗ്ഗത്തിൽ വെച്ചപമാനിക്കുന്നതു് ഉചിതമാണോ? ന്യായമാണോ?—എന്നു്.

വീരകൻ: ചന്ദനക ഇതിലെനിക്കു് സംശയം തോന്നുന്നുണ്ടു്.

ചന്ദന: എങ്ങനെയാ തൻെറ സംശയം?

വീര!

സംഭ്രമിച്ചിടറിച്ചൊല്ലും നിൻെറ വാക്കുകൾ കേട്ടുഞാൻ:
'കണ്ടുഞാനാര്യനെ'—പ്പിന്നെച്ചൊന്നി'താര്യയെ'—
യെന്നുനീ! 20

ഇതിലെനിക്കു് വിശ്വാസമില്ല.

ചന്ദന: എടോ, ആരെയാ തനിക്കു് വിശ്വാസമില്ലാത്തതു്? തെക്കരായ നമ്മൾ വ്യവസ്ഥയില്ലാതെ സംസാരിക്കുന്നവരാണോ? ഖശ, ഖത്തി, ഖഡ, ഖഡ്ഡ, വിഡ കർണ്ണാട, കർണ്ണ, പ്രാവരണ, ദ്രാവിഡ, ചോള, ചീന, ബർബ്ബര, ഖേര, ഖാന, മുഖ, മധുഘാതപ്രഭൃതികളായ മ്ലേച്ഛജാതിക്കാർ സംസാരിക്കുന്ന അനേകം ദേശഭാഷകളറിയാവുന്ന നമ്മൾ കണ്ടു, കണ്ടില്ല, ആര്യൻ, ആര്യ—എന്നൊക്കെ തോന്നിയപോലെ പറയുമോ?

വീര: ഏതായാലും ഞാനൊന്നു് പരിശോധിക്കട്ടെ. ഇതു് രാജകല്പനയാണല്ലോ. രാജാവിൻെറ വിശ്വസ്തനാണു് ഞാൻ.

ചന്ദന: അപ്പൊ ഞാൻ വിശ്വസ്തനല്ലാതായെന്നോ?

വീര: എന്നാലും രാജകല്പനയല്ലേ?

ചന്ദന: (സ്വഗതം) മാന്യനായ ഇടയപുത്രൻ ചാരുദത്തൻെറ വണ്ടിയിൽക്കയറി രക്ഷപ്പെട്ടെന്നറിഞ്ഞാൽ രാജാവു് ആര്യ ചാരുദത്ത

നെ ശിക്ഷിക്കും. അതുകൊണ്ടിപ്പോളെന്താണൊരുപായം? (ചിന്തിച്ചിട്ട്) കർണ്ണാടകത്തിലെ കലഹരീതി പ്രയോഗിക്കാം! (പ്രകാശം) എടാ വീരകാ, ചന്ദനകനായ ഞാൻ പരിശോധിച്ചതു് വീണ്ടും പരിശോധിക്കാൻ നീയാരാ?

വീര: പിന്നെ നീയാരെടാ?

ചന്ദന: പൂജ്യനും യോഗ്യനുമായിത്തീന്ന നീയിപ്പോഠം സ്വന്തം ജാതി മറക്കുന്നു!

വീര: (ക്രോധത്തോടെ) എടാ എന്താണെൻെറ ജാതി?

ചന്ദന: ആരതു് പറയും!

വീര: പറഞ്ഞോ!

ചന്ദന: അല്ലെങ്കിൽ, ഞാൻ പറയുന്നില്ല!

നിൻ ജാതിയറിയാം; ചൊല്ലുന്നില്ല ഞാൻ
സൽഗ്ഗുണത്തിനാൽ
മനസ്സിൽത്തന്നെ നില്ക്കട്ടെ കപിത്ഥക്കായുടസ്ഥുണോ! 21

വീര: അല്ല, പറഞ്ഞോ, പറഞ്ഞോ!

(ചന്ദനകൻ ആംഗ്യം കാണിക്കുന്നു.)

വീര: എടാ, എന്താണതു്?

ചന്ദന:

കൽത്തുണ്ടവും കത്തിയുമായ് പൗരർതൻ താടിപൂടകഠം
ചെരച്ചീടുന്ന നീയിപ്പോഠം സേനാനായകനായിതേ! 22

വീര: എടാ ചന്ദനക! നീയും മാന്യനായിട്ടിപ്പോഠം സ്വന്തം ജാതി മറക്കുന്നു!

ചന്ദന: എടാ ചന്ദ്രനെപ്പോലേ വിശുദ്ധനായ ഈ ചന്ദനകൻെറ ജാതിയേതെടാ?

വീര: ആരതു് പറയും!

ചന്ദന: പറഞ്ഞോ, പറഞ്ഞോ!

(വീരകൻ ആംഗ്യം കാണിക്കുന്നു)

ചന്ദന: എന്താണെടാതു്?

വീര: കേട്ടോടാ ദുർമ്മുഖാ! കേട്ടോ—

വിശുദ്ധം ജാതി!_നിന്നമ്മ ഭേരി, യച്ഛൻ പെരുമ്പറ
സോദരൻ ചെണ്ട-നീയിപ്പോഠം സേനാനായകനായിതേ! 23

ചന്ദന: (ക്രോധത്തോടെ) ഞാൻ, ചന്ദനകൻ, ചെരുപ്പുകുത്തിയാണെന്നോ! എന്നാലേയ്, താനൊന്നു് വണ്ടി പരിശോധിച്ചാട്ടെ!

വീര: എടാ വണ്ടിക്കാരാ, വണ്ടി തിരിക്ക്! ഞാനൊന്നു് പരിശോധിക്കട്ടെ!

(വദ്ധമാനകനപ്രകാരം ചെയ്യുന്നു. വീരകൻ വണ്ടിയിൽ കയറാൻ ഭാവിക്കുന്നു. പെട്ടെന്നു് ചന്ദനകൻ അയാളെ മുടിക്കുപിടിച്ചു് വലിച്ചിട്ടിട്ടു് കാലുകൊണ്ടു ചവിട്ടുന്നു.)

വീര; (കോപത്തോടെ എഴുന്നേററ്) എടാ, വിശ്വസ്തനായ ഞാൻ രാജാജ്ഞ നിറവേററുമ്പോഠം മുടിക്കുപിടിച്ചുവലിച്ചു നീയെന്നെ ചവിട്ടി! അതുകൊണ്ടു്, എടാ കേട്ടോ, കോടതിയിൽവെച്ചു് നിൻെറ ചതുരംഗം[1] ഛേദിപ്പിച്ചില്ലെങ്കിൽ ഞാൻ വീരകനല്ല!

ചന്ദ: പോടാ! കൊട്ടാരത്തിലോ കോടതിയിലോ പോ! പട്ടിയെപ്പോലുള്ള നിന്നെക്കൊണ്ടെന്തിനു വരാൻ!

വീര: ശരി! പോകുന്നു)

ചന്ദന: (ചുററും നോക്കീട്ടു്) പോകൂ, ഹേ വണ്ടിക്കാരാ, പോകൂ. ആരെങ്കിലും ചോദിച്ചാൽ പറഞ്ഞേക്കൂ, ചന്ദനകനും വീരകനും പരിശോധിച്ചു് വിട്ട വാഹനമാണ് എന്നു്. ആര്യേ വസന്തസേനേ, ഞാനീയടയാളവും തരുന്നു. (വാളുകൊടുക്കുന്നു)

ആര്യകൻ: (വാളു്വാങ്ങി സഹർഷം സ്വഗതം)

ആഹാ ശസ്ത്രം ലഭിച്ചല്ലോ! തുടിക്കുന്നെൻ വലംകരം!
ഹന്ത, സംരക്ഷിതൻഞാനിന്നെല്ലാമിങ്ങനുകൂലമായ്! 24

ചന്ദന: ആര്യേ,

ഓക്കണേ ചന്ദനകനെ,ച്ചൊന്നപോൽച്ചെയ്തതില്ലയൊ
ലോഭ[2]ത്താലല്ലുരപ്പൂ ഞാനൻപിനാലിതു ചൊല്ലയാം. 25

ആര്യകൻ: (സ്വകാര്യം)

ഭാഗ്യാൽച്ചന്ദനകൻ ചന്ദ്രശീലാഢ്യൻ മിത്രമായി മേ
ഓക്കവേൻ ചന്ദനകനെസ്സിദ്ധാദേശം ഭവിക്കുകിൽ. 26

ചന്ദന:

ശുംഭൻ നിശുംഭനിവരെക്കൊലചെയ്തു ദുർഗ്ഗ
ദേവക്കനല്ലിയതുപോലെയരാതിപക്ഷം
വേരോടെ നീക്കിയഭയം തവ നല്കിടട്ടേ
ബ്രഹ്മാവു വിഷ്ണു ശിവ ചന്ദ്ര ദിനേശ്വരന്മാർ! 27

(വർദ്ധമാനകൻ വണ്ടിയുമായി പോകുന്നു)

ചന്ദന: (അണിയറയ്ക്കുനേരെ നോക്കി) ഹാവൂ! അദ്ദേഹം പോയ്ക്കഴിഞ്ഞു! പിന്നാലെതന്നെ എൻെറ പ്രിയമിത്രം ശർവ്വിലകനും പോയിരിക്കുന്നു! ശരി. രാജാവിനു് വിശ്വസ്തനായ പ്രധാന

---

1. കൈകളും കാലുകളും. 2. ദ്രവ്യേച്ഛ.

ദണ്ഡധാരകൻ, വീരകൻ എന്റെ ശത്രുവായി. അതുകൊണ്ട്, ഞാനും എന്റെ മക്കളോടും സഹോദരന്മാരോടും കൂടി അദ്ദേഹത്തെ[1]ത്തന്നെ അനുഗമിക്കട്ടെ. (പോകുന്നു)

'വാഹനമാററം' എന്ന ആറാമങ്കം കഴിഞ്ഞു.

## ഏഴാം അങ്കം

(അനന്തരം ചാരുദത്തനും വിദൂഷകനും പ്രവേശിക്കുന്നു.)

വിദൂഷകൻ: ഹേ, നോക്കു, പ്രാചീന പുഷ്പകരണ്ഡകോദ്യാനത്തിന്റെ ശ്രീത്വം നോക്കു.

ചാരുദത്തൻ: സുഹൃത്തേ ശരിതന്നെ. എങ്ങനെയെന്നാൽ,

വ്യാപാരികൾക്കൊത്തു മരങ്ങളിങ്ങി-
പ്പൂവൊക്കെയും വിൽപനവസ്തുവത്രേ:
ചുങ്കംപിരിക്കുന്നവരെക്കണക്ക-
ണങ്ങിങ്ങു ചുററുന്ന മധുവ്രതങ്ങൾ. 1

വിദൂ: അലങ്കരിക്കാതെതന്നെ രമണീയമായിരിക്കുന്ന ഈ ശിലാതലത്തിലിരിക്കു താങ്കൾ.

ചാരു: (ഇരുന്നിട്ട്) സ്നേഹിതാ, വദ്ധമാനകൻ വൈകിക്കുന്നല്ലോ.

വിദൂ: വദ്ധമാനകനോട് ഞാൻ പറഞ്ഞിരുന്നു. വസന്തസേനയേയുംകൂട്ടി വളരെവേഗം വരണമെന്ന്.

ചാരു: എന്നാലെന്താണവൻ താമസിക്കുന്നത്?

മന്ദം മുന്നിൽച്ചലിക്കുന്നൊരു ശകടമവൻ
താണ്ടിടാനുന്നിടുന്നോ?
പൊട്ടീട്ടക്ഷത്തെമാററിപ്പുതിയതിടുകയോ?
പ്രഗ്രഹം[2] ഭഗ്നമായോ?
മാർഗ്ഗത്തിൽത്തങ്ങിനില്ക്കും തടികളെയൊഴിവായ്—
ക്കിട്ടുവാൻ കാത്തിടുന്നോ?
സൈ്വരം[3] തള്ളിച്ചലിപ്പിച്ചെരുതുകളെയവൻ
സേ്വച്ഛയാ വന്നിടുന്നോ? 2

1. ആര്യകനെ 2. മൂക്കുകയർ 3. മന്ദമായി.

(ആര്യകനൊളിച്ചിരിക്കുന്ന വണ്ടിയുമായി പ്രവേശിച്ച്)

വദ്ധമാനകൻ: നട നട, കാളകളേ! നട!

ആര്യകൻ: (സ്വഗതം)

അരചപുരുഷരേക്കണ്ടേത്രയും പേടിയോ,ടി—
ച്ചരണഗതവിലങ്ങാൽശ്ശിഷ്ടമാം മുക്തിയോടും
അവിദിത[1],മിതകേറി,പ്പോകയാം, കാക്കപോററും
കുയിലിനൊടുസമം ഞാൻ സാധുവിൻ വാഹനത്തിൽ. 3

ഹായ്, ഞാൻ നഗരത്തിൽനിന്നു് വളരെ ദൂരെയെത്തിയിരിക്കുന്നു. അതുകൊണ്ടു് ഞാനീ വണ്ടിയിൽനിന്നിറങ്ങി, ഇടതിങ്ങിയ ഈ വൃക്ഷവാടിയിൽ കടന്നുകൂടണോ, അതോ, വണ്ടിയുടെ ഉടമയെച്ചെന്നു്കാണണോ? അഥവാ, ഗഹനമായ ഈ വൃക്ഷവാടികയെക്കുറിച്ച് ചിന്തിക്കേണ്ട. സഹായാർത്ഥം സമീപിക്കുന്നവരിൽ വത്സലനാണ് ആര്യചാരുദത്തനെന്നല്ലേ കേൾക്കുന്നതു്? അതുകൊണ്ടു് നേരിൽക്കണ്ടിട്ടുപോകാം.

ഇദ്ദുഃഖനവ്യോത്ഥിത[2]നെന്നെ നേരിലേ—
യസ്സാധുകണ്ടിട്ടതിതുഷ്ടനായിടും
ദേഹത്തെയിന്നിസ്ഥിതിയിൽക്കിടച്ചത
മ്മഹാമനസ്സന്റെ ഗുണങ്ങളാലെതാൻ. 4

വർദ്ധ: ഇതാണാ ഉദ്യാനം. ഞാനെന്നാലടുത്തു ചെല്ലട്ടെ. (ചെന്നിട്ടു്) ആര്യ മൈത്രേയാ!

വിദൂ: ഹേ, താങ്കൾക്കൊരു സന്തോഷവാർത്ത—വർദ്ധമാനകൻ വിളിക്കുന്നു; വസന്തസേന വന്നിട്ടുണ്ടാവണം!

ചാരു: സന്തോഷമായി! എനിക്കു് സന്തോഷമായി!

വിദൂ: പെലയാടിമോനെ, എന്താ നീയിത്ര താമസിക്കാൻ?

വർദ്ധ: ആര്യമൈത്രേയാ, കോപിക്കരുതേ! വണ്ടിയിലെ വിരിപ്പെടുക്കാൻ മറന്നുപോയതുകൊണ്ടു് അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്തു് താമസിച്ചുപോയതാണ്.

ചാരു; വദ്ധമാനകാ, വണ്ടിതിരിക്കു. സഖേ മൈത്രേയാ, വസന്തസേനയെ താഴത്തിറക്കു!

വിദൂ: തന്നത്താനിറങ്ങാൻ പററാത്തവിധത്തിൽ അവളുടെ കാലുകളെന്താ ചങ്ങലയിട്ടു് കെട്ടീട്ടുണ്ടോ! (എഴുനേററ് വണ്ടിതുറന്നു്)

---

1. അറിയപ്പെടാതെ. 2. രാജനിഗ്രഹത്തിൽനിന്നു് ചന്ദനകൻ രക്ഷിച്ചതു്.

ഹേയ്, ഇതു് വസന്തസേനയല്ലല്ലോ. വസന്തസേന[1]നാണല്ലോ!

ചാരു: സുഹൃത്തേ, കളിയാക്കിയതു മതി! സ്നേഹം കാലതാമസത്തെ പൊറുക്കില്ല. അല്ലെങ്കിൽ ഞാൻതന്നെ താഴത്തിറക്കാം. (എഴുന്നേൽക്കുന്നു)

ആര്യകൻ: (കണ്ടിട്ടു്) ഹാ, ഇദ്ദേഹമാണ് വണ്ടിയുടെ ഉടമ! കേൾവിയിൽ മാത്രമല്ല രമണീയൻ, കാഴ്ചയിലും രമണീയനാണ്! ഹാവൂ! ഞാൻ രക്ഷപ്പെട്ടു.

ചാരു: (വണ്ടിയിൽ കയറിനോക്കീട്ട്)ഹേയ്! അപ്പോൾ ഇതാരാണ്?

കരികരസമഹസ്തം, സിംഹപീനോന്നതാംസം
പൃഥുതരസമവക്ഷം താമ്രലോലായതാക്ഷം—
ഇതുവിധമമരുന്നോരിമ്മഹാത്മാവിനെമ്മ—
ട്ടനുചിതമൊരുകാലിൽച്ചങ്ങലത്തുണ്ടുവന്നു? 5

അപ്പോൾ, ആരാണ് താങ്കൾ?

ആര്യകൻ: ശരണാഗതനാണ്—ഇടയവംശജനായ ആര്യകൻ.

ചാരു: പാലകരാജാവ് കുടിലിൽനിന്നു് പിടിച്ചുകൊണ്ടുപോയി തടവിലിട്ട ആ ആൾ തന്നേയോ?

ആര്യകൻ: അയാൾ തന്നെ!

ചാരു:

വിധിതാനെൻെറ കൺമുമ്പിലാനയിച്ചതുതാങ്കളെ!
ശരണ്യനെ ത്യജിക്കാ ഞാൻ പ്രാണനെത്താൻ
ത്യജിക്കിലും. 6

(ആര്യകൻ ഹർഷം നടിക്കുന്നു)

ചാരു: വർദ്ധമാനക, ഇദ്ദേഹത്തിൻെറ കാലിൽനിന്നു് ചങ്ങലയഴിച്ചുമാററൂ!

വർദ്ധ; ആര്യൻ കല്പിക്കുംപോലെ (അങ്ങനെ ചെയ്തിട്ടു്) ആര്യാ, ചങ്ങലയഴിച്ചിരിക്കുന്നു.

ആര്യകൻ: പകരം കുറേക്കൂടി ദൃഢമായ, സ്നേഹത്തിൻെറ ചങ്ങലകൾ കൊളുത്തിയിരിക്കുന്നു!

വിദൂ: ഈ ചങ്ങലകൾ സ്വീകരിച്ചുകൊള്ളൂ! ഇദ്ദേഹം തികച്ചും മുക്തനായി. എന്നാലിനി ഞങ്ങൾ വിടവാങ്ങട്ടെ.

ചാരു: ഛെ തിടുക്കം കൂട്ടേണ്ട!

ആര്യകൻ: സഖേ, ചാരുദത്ത, ഞാനാകട്ടെ താങ്കളോടുള്ള പ്രണ

1. കാമദേവൻ.

യംകൊണ്ടു് ഈ വണ്ടിയിൽ കയറി. അതു് പൊറുക്കണേ!

ചാരു: താങ്കാം സ്വമേധയാ ചെയ്ത പ്രണയംകൊണ്ടു് ഞാനലങ്കൃതനായി!

ആര്യകൻ: താങ്കളുടെ അനുജ്ഞയോടെ ഞാൻ പോയ്ക്കോട്ടെ?

ചാരു: പോയ്ക്കൊാംക.

ആര്യകൻ; ശരി. ഞാനിറങ്ങട്ടെ,

ചാരു: സഖേ, ഇറങ്ങേണ്ട. കാൽച്ചങ്ങലയിപ്പോളഴിച്ചതല്ലേയുള്ളൂ, വേഗംനടക്കാൻ പ്രയാസമാവും. രാജപുരുഷന്മാർ സുലഭമായി സഞ്ചരിക്കുന്ന ഇപ്രദേശത്തു് വാഹനം വിശ്വാസം ജനിപ്പിക്കയും ചെയ്യും. അതിനാൽ വണ്ടിയിൽത്തന്നെ പോയ്ക്കൊാംക.

ആര്യകൻ: താങ്കാംപറയുംപോലാവട്ടെ.

ചാരു: ക്ഷേമത്തോടെ ഗമിക്ക ബന്ധുസവിധം!—

ആര്യകൻ: —വന്നൂ ഭവാൻ ബന്ധുവായ്—

ചാരു: ഓർമ്മിച്ചീടു, കഥാന്തരങ്ങളിൽ—

ആര്യകൻ: —അഹോ താൻ താൻ മറന്നീടുമോ[1]!

ചാരു: രക്ഷിക്കട്ടെ വഴിക്കു ദേവകാം!—

ആര്യകൻ: —ഭവാൻ താൻതന്നെ രക്ഷിച്ചിതേ!

ചാരു: രക്ഷിച്ചുള്ളതു് സ്വന്തഭാഗ്യം.—

ആര്യകൻ: —അതിനും ബീജം ഭവാൻതന്നെയാം!

ചാരു: പാലകരാജാവു് ജാഗ്രത പാലിച്ചുകൊണ്ടിരിക്കേ ഇവിടെ വലിയ രക്ഷയുണ്ടാവില്ല. അതുകൊണ്ടു് ഭവാൻ വേഗം പോയ്ക്കൊാംക.

ആര്യകൻ: ഇതുപോലെ വീണ്ടും കാണാൻവേണ്ടി......

(പോകുന്നു)

ചാരു: മൈത്രേയാ,

ഭൂപന്നീവിധ മഹിതം വരുത്തിനാമി—
ദ്ദേശത്തിൽ ക്ഷണവുമിരിക്ക യുക്തമല്ല.
ഇട്ടേക്കു പഴയകിണററിലീവില:ങ്ങളാം—
പ്പെട്ടേക്കും നൃപനുടെ ചാരദൃഷ്ടിതന്നിൽ. 8

(ഇടംകണ്ണു് തുടിക്കുന്നതായി സൂചിപ്പിച്ചു്) സഖേ, മൈത്രേയാ, വസന്തസേനയെ കാണാനെനിക്കു് തിടുക്കമുണ്ടു് നോക്കു.

---

1. അവനവനെ ആരു മറക്കും!

കാന്തയെക്കണ്ടിടാതിങ്ങെന്നിടം കണ്ണുതുടിക്കയാം
അകാരണഭയംപൂണ്ട ഹൃദയം വ്യഥകൊൾകയും 9

അതീനാൽവരു. നമുക്കു് പോകാം (ചുററി നടന്നു്) എന്തു്! ബുദ്ധഭിക്ഷുവിൻെറ അഭിമുഖദർശനം! ഇതു് ശ്രേയസ്കരമല്ലല്ലോ! (ചിന്തിച്ചു്) അയാളീവഴിയിൽവരട്ടെ. നമുക്കീവഴിയിൽക്കൂടി പോകാം. (പോകുന്നു)

'ആര്യകാപഹരണം' എന്ന ഏഴാമങ്കം കഴിഞ്ഞു.

## എട്ടാം അങ്കം

(അനന്തരം ഈറൻവസ്ത്രം കയ്യിലേന്തി ഭിക്ഷു പ്രവേശിക്കുന്നു.)

ഭിക്ഷു: മൂഢന്മാരേ! ആവോളം ധർമ്മപ്രവൃത്തികൾ ചെയ്യുവിൻ!

നന്നായ്ത്തടുക്ക, നരരേ, യുദരപ്രലോഭം
ധ്യാനപ്പെരുമ്പറമുഴക്കിയുണന്നിരിക്ക:
വൈഷമ്യപൂർണ്ണബഹിരിന്ദ്രിയതസ്കരൗഘം
മോഷ്ടിച്ചിടുന്നു ചിര സഞ്ചിതമായധർമ്മം! 1

മാത്രമല്ല, ലോകത്തിൻെറ അനിത്യത കണ്ടിട്ടു് കേവലം ഞാനാ ധർമ്മങ്ങളെമാത്രം ശരണം പ്രാപിക്കുന്നു.

അഞ്ചാളെ[1] സ്ത്രീയേയും[2]
കൊലചെയ്തു ഗ്രാമത്തെ[3] രക്ഷിക്കുന്നോൻ[4]
അബലൻചണ്ഡാള[5]നെയും
കൊന്നാൽ നൂനമവനു സുരലോകം[6] നേടാം. 2

മുഖം ശിരസ്സൊക്കെ വടിക്കിലും, തൻ-
മനംവടിക്കാത്തവനെന്തുനേട്ടം!
മനം വടിച്ചുള്ളവനോ ശിരസ്സും
പരംവടിച്ചുള്ളതുപോലെതന്നെ. 3

കാവിമുക്കിയ ഈ വസ്ത്രം, ഞാനീ രാജസ്യാലൻെറ ഉദ്യാനത്തിൽ കടന്നു് താമരക്കുളത്തിൽക്കഴുകി വേഗത്തിൽ പൊയ്ക്കളയാം. (ചുററിനടന്നു് അങ്ങനെ ചെയ്യുന്നു)

---

1. പഞ്ചേന്ദ്രിയം. 2. അവിദ്യ 3. ശരീരം. 4. അപഥസഞ്ചാരത്തിൽനിന്നു് രക്ഷിക്കൽ. 5. അഹങ്കാരം 6. ശാശ്വതസുഖം എന്ന അർത്ഥത്തിലാണ് പ്രയോഗം.

(അണിയറയിൽ)

ശകാരൻ; നിൽക്കെടാ! ദുശ്റ്റ ശ്രമണക, നില്ല്!

ഭിക്ഷു: (കണ്ടിട്ട് ഭയത്തോടെ) അയ്യോ! ആ രാജസ്യാല സംസ്ഥാനകനിതാവരുന്നു! ഒരു ഭിക്ഷു ഇയാളോടെന്തോ അപരാധം ചെയ്തിരുന്നതുകൊണ്ടു് ഇപ്പോളേതു ഭിക്ഷുവിനെ എവിടെക്കണ്ടാലും പിടികൂടി കാളയെപ്പോലെ മൂക്കുതുളച്ചുവിട്ടോടിക്കുന്നു! അതുകൊണ്ടു് അശരണനായ ഞാനിപ്പോളെവിടെ ശരണം തേടും? അഥവാ ഭഗവാൻ ബുദ്ധൻതന്നെ എനിക്കു ശരണം!

(വാളുമായി വിട [!] നോടൊപ്പം പ്രവേശിച്ചു്)

ശകാരൻ: നില്ലെടാ! ദുശ്റ്റശ്രമണക, നില്ല്! കക്കടിയന്മാരുടെ മുമ്പിൽവെച്ച ചുവന്ന മുള്ളങ്കിപോലെ തൻെറ തല ഞാൻ ശതസ്സും. (അടിക്കുന്നു)

വിടൻ: വൈരാഗ്യം വന്നു് കാഷായം ചുററിയ ഭിക്ഷുവിനെ തല്ലുന്നതു് ശരിയല്ല മോനേ! ഇയാളെക്കൊണ്ടു് എന്താണുപദ്രവം? താനീ ദർശനസുഖം തരുന്ന ഉദ്യാനം നോക്കൂ—

അശരണ[1] ശരണപ്രമോദമേകം
തരുനിര നൽകിവരുന്ന ചാരുകർമ്മം[2]
ശനിയനുടെയഗുപ്തമാനസംപോ[3]—
ലനുഭവയോഗ്യ, മനിർജ്ജിതം, സ്ഥലംപോൽ[4] 4

ഭിക്ഷു: സ്വാഗതം! ഉപാസകൻ[5] പ്രസാദിച്ചാലും!

ശകാ: നോക്കാശാനേ, നോക്കു്, എന്നെ ശകാരിക്കുന്നു!

വിടൻ: എന്താണ് പറയുന്നതു്?

ശകാ: എന്നെ ഉപാശകനെന്നു് വിളിക്കുന്നു! ഞാനെന്താ ക്ഷുരക[6]നാണോ?

വിടൻ: ബുദ്ധോപാസകനെന്നു് തന്നെ സ്തുതിക്കുകയാണു്!

ശകാ: ശ്റുതിക്കു്! ശ്രമണകാ ശ്റുതിക്കു്!

ഭിക്ഷു: താങ്കരം ധന്യൻ! താങ്കരം പുണ്യൻ!

---

1. വീട്ട് മുതലായ ആശ്രയമില്ലാത്തവർ. 2. തണൽ, പൂവ്, കായ എന്നിവ നൽകൽ. 3. ദുഷ്ടൻെറ (ശകാരൻെറ) മറക്കപ്പെടാത്ത-നിയന്ത്രണംവിട്ട- ഹൃദയംപോലെ 4. കീഴടക്കാത്തതും, അതേസമയം അനുഭവയോഗ്യവുമായ ദേശംപോലെ. 5. ബുദ്ധോപാസകൻ-സേവകൻ. 6. ഭിക്ഷുവിനാവശ്യമായ സേവനം ക്ഷൗരമാണല്ലൊ!

ശകാ: ആശാനേ, ഇയാളെന്നെ ധന്യൻ പുണ്യൻ എന്നൊക്കെപ്പറയുന്നു. ഞാനെന്താ ശാർവ്വകാനോ, കൽത്തൊട്ടിയോ, കുശവനോ മററോ ആണോ*

വിടൻ: ധന്യൻ പുണ്യനെന്നൊക്കെ തന്നെ സ്തുതിക്കുകയല്ലേ!

ശകാ: എന്നാൽ എന്തിനാണാശാനേ ഇയാൾ ഇവിടെവന്നതു്?

ഭിക്ഷു: ഈ വസ്ത്രം നനസ്ക്കാൻ വേണ്ടി.

ശകാ: എടാ: ദുശ്ററ ശ്രമണകാ! എല്ലാ ഉദ്യാനത്തെക്കാളും ശ്രേശ്ററമായ ഈ പുശ്പകരണ്ഡകോദ്യാനം എൻെറ അളിയൻ എനിക്കു തന്നതാണ്. ഇതിൽ പട്ടികളും കുറുക്കന്മാരും വന്നു വെള്ളംകുടിക്കുന്നു. ശ്രേശ്ററ പുരുശനായ, മനുശ്യകനായ ഞാൻ പോലും കുളിക്കാറില്ലിതിൽ. എന്നിരിക്കെ, താനിത്താമരക്കുളത്തിൽ പഴയ മുതിരശ്ശാറിൻെറ നിറമുള്ള, കെട്ടനാറുന്ന തുണി നനസ്ക്കുന്നു. ഒററയടിക്കു് തൻെറ കഥ ഞാൻ കഴിക്കും!

വിടൻ: എഡേ, ഇയാളടുത്തകാലത്താ ഭിക്ഷുവായതെന്നാ തോന്നുന്നേ.

ശകാ: ആശാനെങ്ങനറിയാം?

വിടൻ: ഇതിലറിയാനെന്തിരിക്കുന്നു? നോക്കു—

കേശംനീക്കിയ ശേഷവും പഴയപോൽ—
പ്ഫാലം വെളുപ്പാർന്നതാം
കാലംകൊണ്ടു വരേണ്ട, ചീവരകൃതം
സ്കന്ധത്തഴമ്പില്ല, ലം
ശീലിച്ചില്ല കഷായവസ്ത്രരചനം,
മെയ്യേറെ, യാച്ഛാദിതം
ചേലാന്തം ശിഥിലം, വലിപ്പമതിനാൽ,
തോളീന്നിതാവീഴ്കയാം 5

ഭിക്ഷു: ഉപാസകാ, അങ്ങനെ തന്നെ. അടുത്തകാലത്താണ് ഞാൻ ഭിക്ഷുവായതു്.

ശകാരൻ: എന്നാലെന്തുകൊണ്ടു് താൻ ജനിച്ചപ്പൊത്തന്നെ ഭിക്ശുവായില്ല? (അടിക്കുന്നു.)

---

* ധനമർഹതീതിധന്യ:— പുരുഷാൎത്ഥങ്ങളിൽ അൎത്ഥ (ധന)-കാമതല്പരൻ മാത്രമാണ് ചാർവ്വാകൻ. പുണതിഇതിപുണഃ; പുണേ സാധുഃപുണ്യഃ പുൺ-സൽക്കർമ്മം ചെയ്യൽ. നാല്ക്കാലികു വെള്ളം കൊടുക്കൽ, (അതു കൽത്തൊട്ടിയിലാണല്ലോ) പുണ്യവും പാപങ്ങൾക്കു് വിലകുറത്ത പാത്രമുണ്ടാക്കിക്കൊടുക്കൽ സൽക്കർമ്മവുമാണ്—ശകാരൻ വെറുമൊര പണ്ഡിതനല്ല!

ഭിക്ഷു: നമോ ബുദ്ധായ!

വിടൻ: ഈ പാവത്തെ തല്ലീട്ടെന്തുകിട്ടാൻ? വിട്ടു, പൊയ്ക്കോട്ടെ!

ശകാ: എടാ നില്ക്ക്—ഞാൻ ശോദിച്ച് തീരുമാനിക്കുംവരെ.

വിടൻ: ആരോട്?

ശകാ: ശ്വന്തം മനഗ്ഗോട്

വിടൻ: കഷ്ടം, ഇയാറം പോകുന്നുല്ല!

ശകാ: മോനേ, മനഗ്ഗേ, ശ്വാമീ, മോനേ, ഈ ശ്രമണകൻ പോകണോ നില്ക്കണോ? (സ്വഗതം) പോകേം വേണ്ട നില്ക്കേം വേണ്ട. (പ്രകാശം) ആശാനേ, ഞാനെൻെറ മനഗ്ഗോട് ശോദിച്ചു. മനഗ്ഗ് പറയുന്നു-

വിടൻ: എന്തു പറയുന്നു?

ശകാ: പോകേം വേണ്ട. നില്ക്കേംവേണ്ട. ശ്വശിക്കേംവേണ്ട, നിശ്വശിക്കേംവേണ്ട. പെട്ടെന്നിവിടത്തെന്നെ വീണശാവട്ടെ!

ഭിക്ഷു: നാമോ ബുദ്ധായ! ഞാൻ ശരണാഗതനാണ്!

വിടൻ: ഇയാറം പൊയ്ക്കോട്ടെ.

ശകാ: ഒരുടമ്പടിയിൽ

വിടൻ: എന്തുടമ്പടി?

ശകാ: വെള്ളം കലങ്ങാത്തമാതീരി ഇയാറം ശെളിയെടുത്ത് വെള്ളത്തിലിടട്ടെ. അല്ലെങ്കിൽ വെള്ളം ഉരുട്ടിയെടുത്ത് ശെളിയിലിടട്ടെ!

വിടൻ; അഹോ വിഡ്ഢിത്തം!

വിരുദ്ധമാം[1] ചേഷ്ടകളാൽശ്ശിലാശകലമെയ്കളാൽ
മാംസവൃക്ഷങ്ങളാൽ ബ്ഭൂവിൻ ഭാരമേറുന്നു വിഡ്ഢികറം! 6

(ഭിക്ഷു ശപിക്കുന്നതായി നടിക്കുന്നു)

ശകാ: ഇയാളെന്താ പറയുന്നത്?

വിടൻ: തന്നെ സ്തുതിക്കുന്നു!

ശകാ: ശ്‌റുതിക്ക്, ശ്‌റുതിക്ക്! വീണ്ടും വീണ്ടും ശ്‌റുതിക്ക്!
(ഭിക്ഷു അങ്ങനെ ചെയ്തിട്ട് പോകുന്നു.)

വിടൻ: ഉദ്യാനത്തിൻെറ ശോഭ നോക്കമോനേ,
രാജാജ്ഞയാൽ രക്ഷികറം രക്ഷചെയ്വതാ-
മീവൃക്ഷജാലം ഫലപുഷ്പശോഭിതം
കഠോര നിഷ്പന്ദലതോപവേഷ്ടിതം[2]
സഭാര്യരെപ്പോലെ സുഖിച്ചിടുന്നിതാ! 7

---

1. ലോകവിരുദ്ധം. 2. ആലിംഗിതം.

ശകാ: ശങ്ങാതി പറഞ്ഞതു് ശരിയാണ്.

ബഹ്ഹുകുശ്ശുമവിശിത്രയാണുഭൂമി
ശ്ശുമഭരനമ്രതയാർന്ന ഭൂരുഹങ്ങൾ
ദ്രുമശിഖരതലങ്ങളീന്നുതൂങ്ങും
കപിനിവഹം പനശങ്ങൾപോലിരിപ്പൂ! 8

വിടൻ: താനീ ശിലാതലത്തിരുന്നാട്ടെ.

ശകാ: ഇതാ ഞാനിരുന്നു. (വിടനോടൊപ്പമിരിക്കുന്നു) ആശാനേ, ഞാനിപ്പോഴും ആ വശന്തശേനയെ ശ്മരിക്കുകയാണ്. ദുർജ്ജനത്തിന്റെ വാക്കുപോലെ അവളെന്റെ ഹൃദയത്തിൽനിന്നൊഴിയുന്നില്ല!

വിടൻ: (സ്വഗതം) ആ വിധത്തിൽ നിരാകരിക്കപ്പെട്ടിട്ടും ഇയാളവളെ ഓർക്കുന്നു. അഥവാ,

സ്ത്രീകളുപേക്ഷിപ്പവരാം
കാപുരുഷർ[1]ക്കേറിടുന്നു കാമാർത്തി
സൽപ്പുരുഷന്നാട്ടേയതു
മൃദുവാമില്ലാതെയും തീരാം. 9

ശകാ: ശങ്ങാതി, ശ്ഥാവരകശേവകനോട് വളരെവേഗം വണ്ടിയുമായിങ്ങെത്തണമെന്ന് പറഞ്ഞിട്ട് നേരമേറെയായി. എനിയുമെത്തീട്ടില്ല. എത്രനേരമായി വിശപ്പ് തുടങ്ങീട്ട്! ഈ നട്ടുച്ചയ്ക്ക് നടന്നുപോകാനും പ്രയാസം. നോക്കു, നോക്കു—

വിൺമദ്ധ്യഗതൻശ്ശൂര്യൻ
ദുശ്പ്രേക്ശ്യൻ കുപിതവാനരശദൃശ്ശ്യം[2]
ശന്തപ്തം, ശതശ്ശുതരും
ശത്തൊരു ഗാന്ധാരിപോലെ മേദിനിയും. 10

വിടൻ: അങ്ങനെതന്നെയാണിതു്.
പൈക്കൂട്ടം തണലത്തുറങ്ങിടുകയാം
വായ്ക്കൊണ്ടു പുൽവീഴവേ,
ദാഹത്താൽച്ചുടുപൊയ്കനീർവനകുരം-
ഗൗഘം[3] കുടിക്കുന്നിതാ
ഘോരം ചൂടുഭയന്നുലോകർ നഗരീ
മാർഗ്ഗം ത്യജിക്കുന്നു; നിൻ-
വാഹം, തോന്നുകയാണ്, ചുട്ടവഴിവി-
ട്ടെങ്ങോ നിലക്കൊൾകയാം. 11

---

1. നിന്ദ്യന്മാർ; ഭീരുക്കൾ 2. സദൃക്ഷം-സദൃശം 3. കാട്ടുമാൻകൂട്ടം

ശകാ: ശങ്ങാതീ

തലയിലിതനിലീനം കാൺക ശൂര്യൻെറപാദം
ശകുനിഖഗവിഹംഗം വാഴ്കയാം ശാഖതോറും
നരപുരുശപുമാന്മാരുശ്നനിശ്വാശമോടീ
വെയിലിനെയൊഴിവാക്കീടുന്നു വീട്ടിൽ—
[ഗ്ഗൃഹത്തിൽ. 12

ആശാനേ ഇനിയുമാ ശേവകനെത്തിയില്ലല്ലോ. എന്നെത്തന്നെ വിനോദിപ്പിക്കാൻ ഞാനെന്തെങ്കിലും പാടട്ടെ.

[പാടുന്നു] ആശാനേ ഞാൻ പാടിയതു് കേട്ടോ?

വിടൻ: എന്താ പറയേണ്ടതു്! ഗന്ധർവ്വൻതന്നെ ഭവാൻ!

ശകാ: ഞാനെങ്ങനെ ഗന്ധർവ്വനാവാതിരിക്കും?

കായം പിന്നെജ്ജീരകം ഭദ്രമുശ്ററ1
വെല്ലം ശൂക്കും നൽവയമ്പൊത്തുശേത്തും
നിമ്മിച്ചോരക്കൂട്ടുശേവിച്ചൊരീഞാ-
നെവ്വണ്ണം മാധുര്യനാദം പൊഴിക്കാ! 13

ശങ്ങാതീ, ഞാനിനിയും പാടാം. (അങ്ങനെ ചെയ്യുന്നു) ആശാൻ കേട്ടില്ലേ ഞാൻ പാടിയതു്!

വിടൻ: എന്താ പറയേണ്ടതു്! ഗന്ധർവ്വൻതന്നെ ഭവാൻ!

ശകാ: ഞാനെങ്ങനെ ഗന്ധർവ്വനാവാതിരിക്കും?

കായം പിന്നെക്കോലകം2 കോകിലത്തിൻ-
മാംശം തൈലം നെയ്യുമപ്പാടെശേത്തും
നിർമ്മിച്ചോരക്കൂട്ടുശേവിച്ചൊരിഞാ—
നെവ്വണ്ണം മാധുര്യനാദം പൊഴിക്കാ 14

ആശാനേ, ഇനിയും വന്നില്ലല്ലോ ആ ശേവകൻ.

വിടൻ: താൻ സ്വസ്ഥനായിരിക്കു. അയാളുടനെവരും.

(അനന്തരം വാഹനത്തിലിരുന്നു വസന്തസേനയും സ്ഥാവരകനും പ്രവേശിക്കുന്നു.)

സ്ഥാവരകൻ: എനിക്ക് പേടി തോന്നുന്നു. സൂര്യനുച്ചിയിലെത്തി. രാജസ്യാലൻ സംസ്ഥാനകൻ ഇപ്പോഠം കോപിച്ചിട്ടുണ്ടാവണം. അതുകൊണ്ടു് ഞാൻ വേഗം വണ്ടി തെളിക്കട്ടെ. ഓട്! കാളകളെ! ഓട്!

വസന്തസേന: ഹാ, കഷ്ടം കഷ്ടം! ഈ ശബ്ദം വർദ്ധമാനകൻേറതല്ലല്ലോ. എന്താണിതു്? ആര്യചാരുദത്തൻ ആദ്യം ഏർപ്പെട്ട

---

1. ഭദ്രമുസ്ത—നാഗമുത്തങ്ങ. 2. കുരുമുളക്

ത്തിയ വാഹനം ഒഴിവാക്കി മറ്റൊരാളേയും മറ്റൊരു വാഹന ത്തേയും അയച്ചതായിരിക്കുമോ? എൻെറ വലം കണ്ണ് തുടിക്കുന്നു. ഹൃദയം പിടയ്ക്കുന്നു. ദിക്കുകൾ ശൂന്യങ്ങളായി തോന്നുന്നു. എല്ലാം തന്നെ തലതിരിഞ്ഞ് കാണപ്പെടുന്നു.

ശകാ: (ചക്രത്തിൻെറ ശബ്ദം കേട്ട്) ആശാനേ, വണ്ടി വരുന്നു!

വിടൻ: എങ്ങനെയറിഞ്ഞു?

ശകാ: ശ്രദ്ധിച്ചില്ലേ? ഒരു കിഴട്ട്പന്നിയെപ്പോലെ ഘുര ഘുരാ ശബ്ദം കേൾക്കുന്നത്?

വിടൻ (കണ്ടിട്ട്) ശരിതന്നെ? അയാളിതാ വരുന്നു.

ശകാ: മോനെ, ശ്ററാവരകാ, ശേവകാ നീ വന്നോ?

സ്ഥാവ: വന്നല്ലോ.

ശകാ: വണ്ടിയും വന്നോ?

സ്ഥാവ: വന്നല്ലോ.

ശകാ; കാളകളും വന്നോ?

സ്ഥാവ: വന്നല്ലോ,

ശകാ: നീയും വന്നോ!

സ്ഥാവ: (ചിരിച്ചുകൊണ്ട്) സ്വാമീ, ഞാനും വന്നു!

ശകാ: എന്നാ വണ്ടി അകത്തേക്ക് കൊണ്ടുവാ.

സ്ഥാവ: ഏതു് വഴീക്കൂടെ?

ശകാ: മതിലിടിഞ്ഞ ഈ ഭാഗത്തൂടെതന്നെ.

സ്ഥാവ: സ്വാമീ കാളകൾ ചത്തുപോകും! വണ്ടിയും തകരും! സേവകനായ ഞാനും മരിച്ചുപോകും!

ശകാ; എടാ ഞാൻ രാജശ്യാലനാണ്. കാളകൾ ശത്താൽ ഞാൻ വേറെവാങ്ങും. വണ്ടിതകന്നാൽ വേറെയുണ്ടാക്കും. നീ ശത്താൽ വേറെ വണ്ടിക്കാരനെക്കിട്ടും!

സ്ഥാവ: എല്ലാമുണ്ടാകും, ഈ ഞാൻ മാത്രമുണ്ടാവില്ല!

ശകാ. എടാ, എല്ലാം നശിക്കട്ടെ! മതിലിടിഞ്ഞ ഈ ഭാഗത്തൂടെ വണ്ടികൊണ്ടുവാ!

സ്ഥാവ; എടാ വാഹനമേ! നീ തകര്! നേതാവോടൊപ്പം നീ തക ര്! വേറെ വാഹനമുണ്ടാക്കട്ടെ. സ്വാമിയുടെ അടുത്ത് കൊണ്ടുചെ ന്ന് നിന്നെ സമർപ്പിച്ചേക്കാം! (പ്രവേശിച്ച്) എന്ത്! തകർന്നി ല്ലെന്നോ! സ്വാമീ, ഇതാ വണ്ടി പ്രവേശിച്ചിരിക്കുന്നു!

ശകാ: കാളകാം പൊട്ടിയില്ലേ? കയറ് മരിച്ചില്ലേ? നീയും ശത്തില്ലേ?

സ്ഥാവ: പിന്നെ!

ശകാ; ശങ്ങാതീ, വാ നമുക്ക് വണ്ടിയൊന്നു പരിശോധിക്കാം. ആശാനേ, താങ്കളെൻെറ ഗ്ഗുരു. പരമഗ്ഗുരു. എൻെറ ഉററ ശ്നേഹിതനായി, അഭിവന്ദ്യനായി ശാദരം ഞാനങ്ങയെ വീക്ശിക്കുന്നു. അതിനാൽ താങ്കളാദ്യം വണ്ടിയിൽക്കയറണം.

വിടൻ: അങ്ങനെയാട്ടെ. (കയറാൻ തുടങ്ങുന്നു)

ശകാ: അല്ലെങ്കിൽ വേണ്ട, നില്ല്. താനാദ്യം കേറാനെന്താ തൻെറ തന്തയുടെ വകയാണോ വണ്ടി? ഞാനാ വണ്ടിയുടെ ഉടമ, ഞാനാദ്യം കേറട്ടെ!

വിടൻ: താൻതന്നെ പറഞ്ഞിട്ടല്ലേ!

ശകാ: ഞാനങ്ങനെ പറഞ്ഞാത്തന്നെയെന്താ? ശിശ്ററാശാരപ്രകാരം 'ശ്വാമീ അവിടുന്ന് കയറിയാലും!' എന്നു പറഞ്ഞുകൂടായിരുന്നോ തനിക്ക്!

വിടൻ: അവിടുന്ന് കയറിയാലും!

ശകാ: ദാ. ഞാനിപ്പൊക്കയറിക്കളയാം. മോനേ ശ്ററാവരക, ശേവകാ വണ്ടി തിരിക്ക്!

സ്ഥാവ: (തിരിച്ചിട്ട്) കേറിയാലും സ്വാമി!

ശകാ: (കയറി നോക്കീട്ട് ഭയത്തോടെ പെട്ടെന്നിറങ്ങി, വിടൻെറ കഴുത്തിൽ തൂങ്ങിക്കൊണ്ട്) ആശാനേയാശാനേ നീ ശത്തു! നീ ശത്തു! ഒരു രാക്ശശിയോ കള്ളിയോ വണ്ടിയിലിരിക്കുന്നു! അത് രാക്ശശിയാണെങ്കിൽ നമ്മളെ മോട്ടിച്ചു! കള്ളിയാണെങ്കിലോ നമ്മളെ ശാപ്പിട്ടു!

വിടൻ: ഭയപ്പെടാതെ. കാളവണ്ടിയിൽ രാക്ഷസീസഞ്ചാരമെവിടുന്നുണ്ടാവാൻ! ഉച്ചവെയിലിൽ കണ്ണുഞ്ചിപ്പോയതിനാൽ കുപ്പായമിട്ട സ്ഥാവരകൻെറ നിഴലു കണ്ടിട്ട് ഭ്രാന്തിയുണ്ടായതാവണം.

ശകാ: മോനേ ശ്ററാവരകാ, ശേവകാ, നീ ജീവിക്കുന്നുണ്ടോ?

സ്ഥാവ: ഉണ്ടല്ലോ.

ശകാ: ശങ്ങാതീ വണ്ടിയിലൊരു ശ്ത്രീയിരിപ്പുണ്ട്. അല്ലെങ്കിൽ ശെന്നു നോക്കരുതോ?

വിടൻ: എന്ത്? സ്ത്രീയോ? എന്നാൽ,

മഴമിഴികളിലേല്ലും കാളയെപ്പോൽ വഴിക്കി—
ങ്ങവനതമുഖരായ് നാം പോക വേഗത്തിലിപ്പോൾ:
ജനസഭകളിലന്തസ്സാഗ്രഹിച്ചീടുമീയെൻ
നയനമിതു കുലസ്ത്രീദർശനത്തിൽബ്ഭയക്കും.

വസന്തസേന: (വിസ്മയത്തോടെ സ്വഗതം) എന്ത്! എൻെറ കണ്ണുകൾക്കായാസമുണ്ടാക്കുന്ന ആ രാജസ്യാലൻതന്നെ! അപ്പോൾ മന്ദഭാഗ്യയായ ഞാനാപത്തിൽപെട്ടിരിക്കുന്നു! ഊഷരഭൂമിയിലിട്ട വിത്തുപോലെ, ഭാഗ്യംകെട്ട എൻെറയീ വരവിപ്പോൾ നിഷ്ഫലമായ്ത്തീന്നിരിക്കുന്നു. അതിനാൽ ഞാനിപ്പോളെന്തുചെയ്യും?

ശകാ: ഈ കിഴവൻ ശേവകൻ മഹാ പേടിക്കൊടലൻതന്നെ. വണ്ടിയിലോട്ടു നോക്കുന്നേയില്ല! ആശാനേ, വണ്ടിയിൽ ശെന്നൊന്നു നോക്കു!

വിടൻ: അതിനെന്താ തരക്കേട്? ആട്ടെ. അങ്ങനെതന്നെയാട്ടെ.

ശകാരൻ: എന്താണ്! കുറുക്കന്മാർ പറക്കുന്നു! കാക്കകൾ വീരണ്ടു നടക്കുന്നു! അതുകൊണ്ട് ശങ്ങാതിയെ അവൾ കണ്ണാൽ തിന്നുകയും പല്ലാൽ നോക്കുകയും ശെയ്യുംമുമ്പ് ഞാനോടട്ടെ!

വിടൻ: (വസന്തസേനയെക്കണ്ടു് വിഷാദത്തോടെ, സ്വഗതം) എന്താണിതു്! പെൺമാൻ വ്യാഘ്റത്തെ പിന്തുടരുകയോ! ഹാ. കഷ്ടം!

സൈകതത്തിൽശ്ശയിപ്പോരശ്ശരച്ചന്ദ്ര സമാനമാം
ഹംസത്തെ[1]വിട്ടിതാ ഹംസിയണഞ്ഞീടുന്നു കാക്കയെ! 16

(സ്വകാര്യം) വസന്തസേനേ, ഇതുചിതമല്ല; അനുരൂപവുമല്ല!
മുൻത്യജിച്ചവനെത്തേടിപ്പണത്തി[2]ന്നമ്മചൊൽകയാൽ

വസന്ത: അല്ല! (തലയാട്ടുന്നു)

വിടൻ: എങ്കി—ലൗദാര്യമില്ലാത്ത വേശ്യാഭാവത്തിലെത്തിനീ! 17
അതെ, ഞാന്തന്നെ നിന്നോടു് പറഞ്ഞിരുന്നല്ലോ 'സമമുപചരണം ചെയ്കിഷ്ടനും ദ്വേഷ്യനും നീ'യെന്നു്!

വസന്ത: വണ്ടി മാറി ഞാൻ വന്നുപെട്ടതാണ്! ഞാൻ ശരണാഗതയാണേ!

വിടൻ: ഭയപ്പെടേണ്ട. ഭയപ്പെടേണ്ട! ആട്ടെ. ഇയാളെ പററിക്കാം! (ശകാരനെ സമീപിച്ചു്) നേരാണ് മോനേ, രാക്ഷസിതന്നെയാണിവിടെ കടന്നുകൂടിയിരിക്കുന്നതു്!

ശകാ: ആശാനേ, രാക്ശശിയാണെങ്കിലവളെന്താ തന്നെ മോട്ടിക്കാത്തതാശാനേ? അല്ല, കള്ളിയാണെങ്കിലെന്താ തന്നെ തിന്നാത്തതു്?

വിടൻ: അതെല്ലാം ചിന്തിച്ചിട്ടെന്താവേണ്ടതു്? നമുക്കീ തണൽമരങ്ങൾ തിങ്ങുന്ന വഴിയിലൂടെ ഉജ്ജയിനീ നഗരത്തിലേക്കു് കാൽനടയായിത്തന്നെ പോയാലെന്താ തരക്കേടു്?

---

1. രൂപശീലാദിഗുണങ്ങളുള്ള ചാരുദത്തനെ. 2. വണ്ടിയോടൊപ്പം പതിനായിരം പൊൻപണം വിലവരുന്ന ആഭരണവുമയച്ചിരുന്നല്ലോ—നാലാമങ്കം.

ശകാ: അങ്ങനെ ചെയ്താലെന്താ നേട്ടം?

വിടൻ: അങ്ങനെ ചെയ്താൽ നമുക്കൊരു വ്യായാമമായി; കാളകൾക്കൊരു വിശ്രമവുമായി!

ശകാ: അങ്ങനെയാട്ടെ. ശ്ററാവരക, ശേവക, വണ്ടികൊണ്ടുപോയ്ക്കോ. അല്ലെങ്കിൽവേണ്ട. നില്ക്ക്. ദേവന്മാരുടേയും ബ്രാഹ്മണരുടേയും മുന്നിലൂടെ ഞാൻ നടന്നുപോകയോ! ഇല്ലില്ല! വണ്ടിയിൽക്കയറിത്തന്നെപോകും, അങ്ങനെയായാൽ ദൂരത്തുനിന്നേ എന്നെക്കണ്ടിട്ടവർ പറയും: 'ഇതാ ആ രാജശ്യാലനായ ശാമി പോകുന്നു!' എന്ന്.

വിടൻ: (സ്വഗതം) വിഷത്തെ ഔഷധമാക്കുക ദുഷ്കരംതന്നെ! ആട്ടെ എന്നാലിങ്ങനെയാവാം. (പ്രകാശം) പെലയാടിമോനേ! ഇതു് വസന്തസേനയാ! തന്നെ അഭിസരിക്കാൻ വന്നതാ!

വസന്ത: ശാന്തം പാപം! ശാന്തം പാപം!

ശകാ: (സഹർഷം) ആശാനേ ആശാനേ, ശ്രേശ്ററ പുരുശനും മനുശ്യനും വാശുദേവകനുമായ എന്നെയോ?

വിടൻ: പിന്നല്ലാതെ!

ശകാ: എനിക്കിതുനിമിത്തം അപൂർവ്വമായ ഐശ്വര്യം കൈവന്നിരിക്കുന്നു! അന്ന്, ആ ശമയത്തു് ഞാനവളോട്ട് കോപിച്ചിരുന്നു. ഇപ്പോഴും കാൽക്കൽവീണു് പ്രശാദിപ്പിക്കട്ടെ!

വിടൻ: ശരിയാണ് പറഞ്ഞതു്.

ശകാ; ഞാനാ കാൽക്കൽ വീഴട്ടെ. (വസന്തസേനയെ സമീപിച്ചു്) അമ്മേ അംബികേ! എൻെറ അഭ്യർത്ഥന കേൾക്കണേ!

ഈ ഞാൻപതിപ്പു തവകാൽക്കൽ വിശാലനേത്രേ,
യെൻകൂപ്പുകൈ ദശനഖത്തിനിതാ[1] ശുദന്തീ!
നിന്നോടുഞാൻ_മദനപീഡിത_നന്നുശെയ്ത
കുററം പൊറുത്തരുളണേ തവദാശനീഞാൻ! 18

വസന്ത: (ക്രോധത്തോടെ) പോകുന്നുണ്ടോ! നെറികെട്ട വർത്തമാനം! (കാലുകൊണ്ടു് ചവിട്ടുന്നു)

ശകാ: (ക്രോധത്തോടെ)

ഈമണ്ട,_യെൻജനനി, യമ്മ മുകന്ന,_തെന്നും
തേവക്കു നേക്കുമണവും കുനിയാത്തതത്രേ
കാൽകൊണ്ടു നീയതു ശവിട്ടുകയല്ലിശെയ്തു
കാട്ടിൽക്കുറുക്കനൊരു ശത്തശവത്തിനെപ്പോൽ 19

എടാ ശ്ററാവരകാ, ശേവകാ! നീയെവിടന്നു കൊണ്ടുവന്നു ഇവളെ?

---

1. കാലിലെ പത്തു നഖത്തിനും.

സ്ഥാവ: സ്വാമി, ഗ്രാമവണ്ടികൾ രാജപാത തടഞ്ഞിരുന്നു. ഞാനപ്പോൾ ചാരുദത്തൻെറ വൃക്ഷവാടിയിൽ വണ്ടി നിർത്തി, അവിടെയിറങ്ങി ഒരു വണ്ടിയുടെ ചക്രം തള്ളിത്തിരിക്കുന്നതിനിടയിൽ വണ്ടിമാറിദ്ധരിച്ച് ഇവളിതിൽ കേറിയതാവണമെന്ന് ഞാൻ വിചാരിക്കുന്നു.

ശകാ: എന്ത്! വണ്ടി മാറിദ്ധരിച്ച് വന്നതെന്നോ: അപ്പോളെന്നെയഭിശരിക്കാനല്ല! എന്നാലിറങ്ങിക്കോ! ഇറങ്ങിക്കോ എൻെറ വണ്ടിയിൽനിന്ന്! നീയാ ദരിദ്ര ശാർത്ഥവാഹകപുത്രനെ അഭിശരിക്കുന്നു: എൻെറ കാളകളെക്കൊണ്ട് നിന്നെ ശ്രമപ്പിക്കയും! ഇറങ്ങെടി, ഇറങ്ങ്! തേവിടിശ്ശി ഇറങ്ങ്! ഇറങ്ങാൻ!

വസന്ത: ആര്യചാരുദത്തനെ അഭിസരിക്കയാണ് ഞാനെന്ന ഈ വാക്കിനാൽ, സത്യത്തിൽ ഞാനലംകൃതയായിരിക്കുന്നു! ഇനിയിപ്പോൾ വരുന്നതു് വരട്ടെ!

ശകാ:

ശാട്ടക്തി നൂറൊട്ട തലോടിട്ടമേതിനാലോ[1]
നിൻമെയ്, ദശാംഗുലശരോരുഹ[2]മാന്നതേതോ
അക്കൈകളാൽ മുടിപിടിച്ച ജടായുതാര-
യെപ്പോലെ നിന്നെ വരഗാത്രിയിറക്കമീ
[ഞാൻ! 20

വിടൻ:

ഗുണമുള്ളിത്തരം പെണ്ണിൻ മുടിയിൽപ്പിടിച്ചൂടൊലാ
പാടില്ലുദ്യാനലതതൻ പല്ലവച്ഛേദമല്ലവും. 21

അതുകൊണ്ട് താനെഴുന്നേററു മാറൂ. ഞാനിവളെയിറക്കാം. വസന്തസേനേ ഇറങ്ങൂ.

(വസന്തസേന ഇറങ്ങി ഒരു മൂലയിൽ നില്ക്കുന്നു)

ശകാ: (സ്വഗതം) അന്ന് എൻെറ അഭ്യർത്ഥനതള്ളി എന്നെ അപമാനിച്ചപ്പോളുയർന്ന രോശാഗ്നി ഇപ്പോളിവളുടെ ശവിട്ടേററ് കത്തിക്കാളിയിരിക്കുന്നു! അതുകൊണ്ട് ഞാനിപ്പോളിവളെ കൊല്ലും! ആട്ടെ. ഇങ്ങനെയാവാം.

(പ്രകാശം) ആശാനേയാശാനേ.

കൊതിപ്പിതോ ശ്രുത്രശതങ്ങൾശേരും
മേൽമുണ്ടുനീ, ലംബദശാവിശാലം[3]

---

1. നീയെന്നെ സ്വീകരിച്ചിരുന്നെങ്കിൽ, നൂറുനൂറു കളിവാക്കുകളോടെ നിൻമെയ് തലോടുമായിരുന്ന 2. പത്തു വിരലുകളാകുന്ന താമരയോടുകൂടിയ കൈകളാൽ

3. നീണ്ടതൊങ്ങലുകളുള്ളതും വലുതുമായ.

മാംശാശനത്തി, ന്നഥ തുശ്ററിനേടാൻ
ശുഹ ശുഹ ശുക്ക ശുഹ ശുഹന്നു്? 22

വിടൻ: കൊതിക്കന്നെങ്കിലെന്താ?

ശകാ: എനിക്കു് പ്രിയം ശെയ്യൂ.

വിടൻ: തീർച്ചയായും ചെയ്യാം, അകാര്യമൊഴിച്ചു്

ശകാ: അകാര്യത്തിൻെറ ഗന്ധംപോലുമില്ല. അതിലൊരു രാക്ശശീയതയുമില്ല.

വിടൻ: എങ്കിൽ പറയൂ.

ശകാ: വശന്തശേനയെ കൊല്ലു്!

വിടൻ: (ചെവി പൊത്തീട്ടു്)

പെൺജാതി, ബാല, നഗരത്തിനുഭൂഷ, വേശ്യ-
യെന്നാലവേശ്യ സദൃശ പ്രണയോപചാര:
കൊന്നീടിലീ നിരപരാധിയെ യേതുതോണി-
തന്നാൽക്കടപ്പ പരലോകസരിത്തഹോ ഞാൻ? 23

ശകാ: തോണി ഞാൻതരാം. മാത്രമല്ല ആളൊഴിഞ്ഞ ഈ ഉദ്യാനത്തിൽവെച്ചു് അവളെക്കൊല്ലുന്ന തന്നെ ആരു് കാണാനാണു്?

വിടൻ:

കാണുന്നു-പത്തുദിശയും വനദൈവതങ്ങ-
ളേണാങ്ക,നഗ്രകിരണാന്വിതനിദ്ദിനേശൻ
ചേണാർന്ന ധർമ്മ, മനില,ാംബര, മന്തരാത്മാ-
വെന്നാളമിസ്സുകൃതദുഷ്കൃതസാക്ഷിഭൂവും! 24

ശകാ: എന്നാലാ വശ്ത്രംകൊണ്ടവളെ മൂടീട്ടു്കൊന്നോ!

വിടൻ: ദുഷ്ട! നീ ശപിക്കപ്പെട്ടവനാണു്!

ശകാ: ഈ തന്തക്കുറുക്കൻ അധർമ്മഭീരുവാണു്. ഇരിക്കട്ടെ. ശേവകൻ ശ്ററാവരകനെ അനുനയിപ്പിക്കാം. മോനേ ശ്ററാവരകം, ശേവക, ഞാൻ നിനക്കു് പൊൻവളകരംതരും!

സ്ഥാവ: അടിയനവയെല്ലാം അണിയും

ശകാ: ഞാൻ നിനക്കു് ശുവർണ്ണപീഠമുണ്ടാക്കിത്തരും!

സ്ഥാവ: അടിയനതിലിരിക്കും.

ശകാ: എല്ലാ ഉച്ചിശ്ററവും ഞാൻ നിനക്കുതരും.

സ്ഥാവ: അടിയൻ ഭക്ഷിക്കും.

ശകാ: ഞാൻ നിന്നെ എല്ലാ ശേവകരുടേയും നായകൻ ആക്കും.

സ്ഥാവ: ആകാം സ്വാമീ.

ശകാ: എന്നാൽ ഞാൻ പറയുന്നതു് ശെയ്യൂ.

സ്ഥാവ: സ്വാമീ എല്ലാം ചെയ്യാം-അകാര്യമൊഴിച്ച്.

ശകാ: അകാര്യത്തിൻെറ ഗന്ധംപോലുമില്ല!

സ്ഥാവ: സ്വാമി പറഞ്ഞുകൊള്ളൂ.

ശകാ: ഈ വസന്തസേനയെക്കൊല്ല്!

സ്ഥാവ: സ്വാമി പ്രസാദിച്ചാലും! കയറിയ വണ്ടി മാറിപ്പോയ ഈ ആര്യയെ അനാര്യനായ അടിയനിങ്ങുകൊണ്ടുവന്നതാണ്.

ശകാ: എടാ ശേവകാ! നിന്നിലുമില്ലേ എനിക്ക് മേലധികാരം?

സ്ഥാവ: സ്വാമിയീ ശരീരത്തിൻെറ മേലധികാരിയാണ്. സദാചാരത്തിൻേറതല്ല. അതുകൊണ്ട് സ്വാമി പ്രസാദിക്കണേ പ്രസാദിക്കണേ! അടിയനു പേടിയാണ്.

ശകാ: എൻെറ ശേവകനായ നീയാരെപ്പേടിക്കണം?

സ്ഥാവ: സ്വാമീ, പരലോകത്തെ

ശകാ: ആരാണാ പരലോകൻ?

സ്ഥാവ: സുകൃത ദുഷ്കൃതങ്ങളുടെ പരിണാമമാണ് സ്വാമി.

ശകാ: ശുകൃതത്തിൻെറ പരിണാമമെങ്ങനെയുള്ളതാണ്?

സ്ഥാവ: ധാരാളം പൊന്നുകൊണ്ടലങ്കരിച്ച സ്വാമിയെപ്പോലുള്ളത്?

ശകാ: ദുശ്ക്കൃതത്തിൻേറയോ?

സ്ഥാവ: അന്യൻെറ ചോറുതിന്നുന്ന അടിയനെപ്പോലുള്ളതു്. അതുകൊണ്ട് അടിയനകാര്യം ചെയ്യില്ല!

ശകാ: എടാ, നീ കൊല്ലില്ല, അല്ലേ! (പലവിധത്തിൽ അടിക്കുന്നു)

സ്ഥാവ: അടിച്ചോളു സ്വാമീ, കൊന്നോളു സ്വാമീ. എന്നാലും ഞാനകാര്യം ചെയ്യില്ല!

ഭാഗ്യദോഷത്തിനാൽഗ്ഗർഭദാസനായ് ഞാൻ പിറന്നുപോയ്
അതു വർദ്ധിച്ചിടായ്‌വാനായകാര്യമൊഴിവാക്കുവേൻ! 25

വസന്ത: ഭാവ, ഞാൻ ശരണാഗതയാണ്.

വിടൻ: പെലയാടിമോനേ, ക്ഷമിക്ക് ക്ഷമിക്ക്! കൊള്ളാം സ്ഥാവരകാ കൊള്ളാം!

ഇച്ഛിപ്പുനിന്ദ്യ ദശയുള്ള ദരിദ്രഭൃത്യൻ
പാരത്രികത്തെ, യജമാനനതൊ[1]ട്ടുമില്ല!
പിന്നെന്തു്, നല്ലതൊഴിവാക്കി യസത്തുവർദ്ധി-
പ്പിക്കുന്നകൂട്ട-രവരിന്നു നശിച്ചിടാത്തൂ? 26

---

1. അതു്---പാരത്രികഫലേച്ഛ.

മാത്രമല്ല,

രന്ധ്റാനുസാരൻ[1] വിധി വാമ[2] നത്രേ:
നിനക്കു സമ്പത്തി, യിവന്നുദാസ്യം.
ഭുജിപ്പതില്ലൊട്ടുമിവൻ തവശ്രീ:
ശിക്ഷയ്ക്കുയാളർഹനുമല്ല നിന്നാൽ 27

ശകാ: (സ്വഗതം) ഈ തന്തക്കുറുക്കൻ അധർമ്മഭീരു. ഈ ഗർഭദാശനാകട്ടെ പരലോകഭീരുവും. രാജശ്യാലനും ശ്രേഷ്ഠപുരുഷമനുഷ്യനുമായ ഞാനാരെ ഭയപ്പെടണം! (പ്രകാശം) എടാ ഗർഭദാശ, ശേവകാ, നീ പോ. മറവിൽ പോയി തനിച്ച്നിന്ന് വിശ്രമിക്കു്!

സ്ഥാവ: സ്വാമിയുടെ കല്പനപോലെ (വസന്തസേനയെ സമീപിച്ച്) ആര്യേ, ഇത്രയേ എനിക്ക് കഴിവുള്ളു. (പോകുന്നു)

ശകാ: (അരമുറുക്കി) നിൽക്കു്! വശന്തശേനെ നിൽക്കു്! നിന്നെ ഞാൻ കൊല്ലും!

വിടൻ: ആങ്ഹാ! എൻെറ മുമ്പിൽവെച്ച് നീ കൊല്ലുമോ! (കഴുത്തിൽ പിടിക്കുന്നു)

ശകാ: (തറയിൽ വീഴുന്നു) ശങ്ങാതി ശ്വാമിയെക്കൊല്ലുന്നേ! (മോഹാലസ്യം നടിക്കുന്നു. പിന്നെ ബോധം വീണ്ടെടുത്ത് സ്വഗതം)

ഞാനേകും മാംശവും നെയ്യുമെന്നും തിന്നു കൊഴുത്തവൻ
ഇന്നുകാര്യമടുക്കുമ്പോളെവ്വിധം ശത്രുവായിമേ? 28

(ചിന്തിച്ച്) ആട്ടെ എനിക്കൊരു വഴികിട്ടി. തന്തക്കുറുക്കൻ എൻെറ തലയിളക്കി ശ്രുശന തന്നിരിക്കുന്നു. അതുകൊണ്ട് ഞാനിയാളെ പറഞ്ഞയച്ചിട്ട് വശന്തശേനയെക്കൊല്ലും. ഇങ്ങനെയാവട്ടെ. (പ്രകാശം) ആശാനേ, ഞാൻപറഞ്ഞില്ലേ മല്ലകം[3] പോലെ അതിബൃഹത്തായ വംശത്തിൽ പിറന്ന ഞാനുണ്ടോ അകാര്യം ശെയ്യുന്നു! ഞാനങ്ങനെ പറഞ്ഞത് ഇവളെക്കൊണ്ടെന്നെ അംഗീകരിപ്പിക്കാനാണ്!

വിടൻ:

വംശോൽഘോഷണമെന്തിനായ് ശ്ശീലമാണിഹ[4] കാരണം
തഴച്ചുവളരും നല്ല വയലിൽത്തന്നെ മുൾച്ചെടി. 29

ശകാ: ആശാനെ, തൻെറ മുമ്പിലിവൾ നാണിക്കുന്നു. എന്നെ അംഗീകരിക്കുന്നില്ല. അതുകൊണ്ട് താനൊന്നു പോ! ഞാൻ

---

1. അവസരം തേടുന്നവൻ.
2. വിപരീതം ചെയ്യുന്നവൻ—ദുഷ്ടന് ലക്ഷ്മി, ശിഷ്ടന് ദാസ്യം.
3. ചിരട്ടപ്പാത്രം. 4. അകാര്യം ചെയ്യുന്നതിൽ.

തല്ലിയ ശ്ററാവരകനാകട്ടെ പൊയ്ക്കളഞ്ഞു-അവനതാ ഓടിപ്പോക യാണ്. അതിനാൽ താൻ ശെന്നു് അവനെയും പിടിച്ചിങ്ങ് വാ.

വിടൻ: (സ്വഗതം)

ശൗണ്ഡീര്യമൂലംക്കൊണ്ടു[1] വസന്തസേന
യെൻമുന്നിലീ മൂഢനെ വേടംക്കയില്ല.
ഏകാന്തമീഞാ, നതിനാൽക്കൊട്ടപ്പേ—
നേകാന്തതാസ്വാദിത[2]മല്ലികാമം? 30

(പ്രകാശം) അങ്ങനെയാട്ടെ. ഞാൻ പോകുന്നു.

വസന്ത: (വസ്ത്രത്തുമ്പിൽ പിടിച്ച്) വീണ്ടുംപറയുന്നു, ഞാൻ ശരണാഗതയാണേ!

വിടൻ: ഭയപ്പെടേണ്ട വസന്തസേനേ, ഭയപ്പെടേണ്ട, എടോ വഷള, ഈ വസന്തസേന തൻെറ കൈയിലെ ന്യാസമാണ്.

ശകാ: അങ്ങനെതന്നെ. ന്യാശ[3]മായി ഇവളെൻെറ കൈയിലി രിക്കട്ടെ.

വിടൻ: സത്യം?

ശകാ: ശത്യം!

വിടൻ: (കുറച്ചുദൂരം പോയിട്ട്) അഥവാ ഞാൻ പോയാൽ ഈ രാക്ഷസനിവളെക്കൊന്നെങ്കിലോ! അതുകൊണ്ട് ശരീരം മറച്ച് ഇവനെന്താ ചെയ്യാനുദ്ദേശിക്കുന്നതെന്നു നോക്കാം. (ഏകാന്തത യിൽ ചെന്നു നില്ക്കുന്നു)

ശകാ: ശരി. ഞാനിവളെക്കൊല്ലട്ടെ! അഥവാ ഈ ശ്രുത്രക്കാരനായ കള്ളൻ, ബ്രാഹ്മണൻ, തന്തക്കുറുക്കൻ ശരീരം മറച്ച്നിന്ന് കുറുക്ക നായി വഞ്ശന ശെയ്യേക്കും! അതുകൊണ്ടയാളെപ്പററിക്കാനി ങ്ങനെ ശെയ്യാം. (പൂക്കാം ശേഖരിച്ച് സ്വയമലങ്കരിക്കുന്നു) ബാലേ, ബാലേ, വശന്തശേനേ, വരൂ!

വിടൻ: അല്ലാ, ഇയാരം കാമിയായിത്തീന്നിരിക്കുന്നു! ഹാവൂ. എനിക്ക് സമാധാനമായി! ഇനി ഞാൻ പോകട്ടെ (പോകുന്നു.)

ശകാ: ഹേ ശുദ്ധദന്തീ,

---

1. സ്വാഭിമാനത്താൽ. 2. ഏകാന്തതയിൽ ആസ്വാദിക്കപ്പെടുന്നതു് 3. പ്രാകൃതത്തിലാകുമ്പോരം 'നാശ' മെന്നുമർത്ഥം കിട്ടും.

ശൂവണ്ണമേകാം പ്രിയവാക്യമോതാം
കാലിൽത്തലേക്കെട്ടൊട്ടവീണ്ണ ക്കുപ്പാം!
എന്നിട്ടുമീദാശനെ നീ കൊതിപ്പീ—
ലെന്നാകിലോ കശ്ററമയൻ മനുശ്യൻ! 31

വസന്ത: അതിലെന്തിത്ര സംശയം! (തലതാഴ്ത്തി ഖലചരിത എന്നിത്യാദി രണ്ടു ശ്ലോകം ചൊല്ലുന്നു)

ഖലചരിത! നികൃഷ്ട! ദുഷ്ടമൂർത്തേ!
മതി, വെറുതേ പരിലോഭനം ധനത്താൽ
സുചരിത മൊട്ട ശുദ്ധമെയ്യുമേന്ത്വം
നളിനസുമം മധുപവ്രജം ത്യജിക്കാ. 32

ദാരിദ്ര്യംപെട്ടാലും
സേവ്യൻ കുലശീലവാൻ പ്രയത്നത്താൽ:
വേശ്യയ്ക്കു ശോഭയല്ലോ
സദൃശജന[1]സമാശ്രയം കാമം 33

മാത്രമല്ല, തേന്മാവിനെസ്സേവിക്കുന്ന ഞാൻ പലാശ[2]വൃക്ഷത്തെ അംഗീകരിക്കുകയില്ല!

ശകാ: തേവിടിശ്ശിമോളെ, ആ ദരിദ്ര ശാരുദത്തനെ നീ തേന്മാവാക്കി. എന്നെയോ പിന്നെ പലാശമെന്നു പറയുന്നു! കിംശുകം[3]പോലുമാക്കുന്നില്ല! ഇങ്ങനെ എന്നെ ശകാരിച്ചുകൊണ്ടു് നീയിപ്പൊഴും ആ ശാരുദത്തനെ ഓക്കുന്നു അല്ലേ!

വസന്ത: ഹൃദയഗതനായ ഒരാളെ ഓക്കാതിരിക്കുന്നതെങ്ങനെ?

ശകാ: ഇപ്പോഴുംത്തന്നെ നിൻെറ ഹൃദയഗതനേയും നിന്നേയും ഒപ്പം ഞാൻ തകർക്കും! അതുകൊണ്ടു് നില്ല്! ഹേ ദരിദ്രശാത്ഥവാഹകമനുശ്യൻെറ കാമുകീ, നില്ല്!

വസന്ത: ഉച്ചരിക്കു! വീണ്ടുമുച്ചരിക്കു! ശ്ലാഘ്യങ്ങളായ ആ അക്ഷരങ്ങളുച്ചരിക്കു!

ശകാ: ആ തേവിടിശ്ശിമോൻ ദരിദ്ര ശാരുദത്തൻ നിന്നെ രക്ശിക്കട്ടെ!

വസന്ത: അദ്ദേഹമെന്നെക്കണ്ടെങ്കിൽ രക്ഷിക്കും!

ശകാ:

അവനാരിന്ദ്രനോ, ബാലിപുത്രനാകും മഹേന്ദ്രനോ?
രംഭാപുത്രൻ കാലനേമീഡംഭൻതാനോ ശുബന്ധുവോ?

---

1. അനുരൂപ പുരുഷൻ. 2. രാക്ഷസനെന്നും. 3. കിംശുകം-പലാശം--പ്ലാശ് അഥവാ മുരിക്ക്.

രാജാവു രുദ്രനോ, ദ്രോണപുത്രനാകും ജഡായുവോ?
ശാണക്യനോധുംധുമാരൻതാനോശൊല്ലത്രിശങ്കുവോ? 34

അഥവാ ഇവരൊക്കെച്ചേൎന്നാലും നിന്നെ രക്ശിക്കാനാവില്ല!

ശാണക്യനബ്ഭാരതത്തിൽ—
ശ്ശീതയെയെന്നപോലവേ
നിന്നെക്കൊല്ലും ദ്രൗപതിയെ—
ജ്ജടായുശ്ശെന്നപോലെഞാൻ! 35

(അടിക്കാനോങ്ങുന്നു.)

വസന്ത: ഹാ, അമ്മേ! നീയെവിടെ? ഹാ ആൎയ്യചാരുദത്താ! ഈയുള്ളവൾ അസംപൂൎണ്ണമായ മനോരഥത്തോടെതന്നെ മരിക്കുന്നു! അതിനാൽ ഞാനുറക്കെ നിലവിളിക്കട്ടെ. അഥവാ വസന്തസേന നിലവിളിക്കുകയെന്നതു് ലജ്ജാകരമല്ലേ? ആര്യ ചാരുദത്തനു് നമസ്കാരം!

ശകാ: തേവിടിശ്ശിയിപ്പൊഴുമാ പാപന്റെ പേരുതന്നെ വിളിക്കുന്നു! (കഴുത്തിൽ പിടിച്ചുകൊണ്ടു്) നീയോൎത്തോ തേവിടിശ്ശീ, ഓൎത്തോ!

വസന്ത: ആര്യ ചാരുദത്തനു് നമസ്കാരം!

ശകാ: മരിക്കു്! തേവിടിശ്ശീ, നീ, മരിക്കു്! (കഴുത്തിൽ പിടിച്ചു് ഞെക്കിക്കൊല്ലുന്നതായി നടിക്കുന്നു.)

(വസന്തസേന മൂൎച്ഛിച്ചു് നിശ്ചേഷ്ടയായി വീഴുന്നു.)

ശകാ: (സഹർഷം)

കൊന്നേ, നക്കട്ടദോശകാരിണിയെ, യ—
ഢിക്കാരിയെ, പ്രേമമോ—
ടിന്നക്കാമുക ദശ്നാഗതയെ, യ—
ക്കാലാവധിപ്രാപ്തയെ.
നന്നായെൻ കരവിക്രമം വെറുതെഞാൻ
വൎണ്ണിക്കണോ? ശാശമ—
ററിന്നപ്പെണ്ണുമരിച്ചു ഭാരതമഹാ
കാവ്യത്തിലെശ്ശീതപോൽ! 36

ആശിപ്പോരിവനെത്തഴഞ്ഞവളെഞാൻ
കൊന്നുവെറുംകൈകളാൽ—
ശ്ശൂന്യം പുശ്പകരണ്ഡമെന്നുകരുതി,
പ്പെട്ടെന്നു ശം ഭീതയെ;

നശ്ററപ്പെട്ട[1] പിതാവിനും ശഹജനും
പാഞ്ചാലിയെപ്പോലെഴം
മാതാവിന്നുമഹോ ശ്രുതൻെറയതുലം
ശ്ശൂരത്വമിന്നീദൃശ്യം! 37

ആട്ടെ, ഇപ്പൊഴാ തന്തക്കുറുക്കൻ വന്നേക്കും. അതുകൊണ്ടിവിടനിന്നു് മാറിനിൽക്കാം. (അങ്ങനെചെയ്യുന്നു.)

വിടൻ: (സ്ഥാവരകനോടുകൂടി പ്രവേശിച്ച്) നല്ലവാക്കുപറഞ്ഞു് സ്ഥാവരകനെ ഞാൻ കൂട്ടിക്കൊണ്ടുവന്നു. ഇനിയാ പെലയാടിമോനെച്ചെന്നു കാണട്ടെ. (ചുററി നടന്നു നോക്കീട്ട്) അല്ലാ, വഴിയിൽത്തന്നെ ഒരു മരം വീണു കിടക്കുന്നല്ലോ. ഇതിൻെറ വീഴ്ചകൊണ്ടു് ഒരു സ്ത്രീ മരിക്കയും ചെയ്തിരിക്കുന്നു! ഹേ പാപി! നീയെന്തിനാണീയകാര്യം ചെയ്തതു്? പാപിയായ നിൻെറ പതനത്താൽ മരിച്ചിരിക്കുന്ന സ്ത്രീയെക്കണ്ടതുകൊണ്ടു് ഞങ്ങളുമത്യധികം പതിതരായി! ഇതൊരു ദുശ്ശകുനമാണു്. അതിനാൽ, സത്യത്തിലെൻെറ മനസ്സിൽ വസന്തസേനയെക്കുറിച്ച് ആശങ്കതോന്നുന്നു. അഥവാ ദേവകൾ മംഗളം വരുത്തട്ടെ! (ശകാരനെ സമീപിച്ച്) എടോ വഷളാ, നല്ലവാക്കു പറഞ്ഞിതാ സ്ഥാവരകനെ ഞാൻ കൂട്ടിക്കൊണ്ടുവന്നിരിക്കുന്നു.

ശകാ: ശങ്ങാതി, തനിക്കു് ശ്വാഗതം! മോനെ, ശ്ററാവരകാ ശേവകാ, നിനക്കും ശ്വാഗതം!

സ്ഥാവ: ആവട്ടെ.

വിടൻ: എൻെറ ന്യാസമിങ്ങുകൊണ്ടുവരു.

ശകാ: ഏതു ന്യാശം?

വിടൻ: വസന്തസേന.

ശകാ: അവള് പോയല്ലോ.

വിടൻ: എവിടെ?

ശകാ: തൻെറ പിന്നാലെതന്നെ.

വിടൻ: (സംശയത്തോടെ) അവളാ ഭാഗത്തേക്കു് പോയിട്ടില്ലല്ലോ.

ശകാ: താനേതുഭാഗത്തേക്കാ പോയതു്?

വിടൻ: കിഴക്കു ഭാഗത്തേക്കു്.

ശകാ: അവൾ തെക്കോട്ടാ പോയതു്.

വിടൻ: ഞാൻ തെക്കോട്ടാണല്ലോ പോയതു്!

1. അവർക്കിതു് കാണ്മാനൊത്തില്ലല്ലോ.

ശകാ: ഓ അവരം വടക്കോട്ടാ പോയതു്!

വിടൻ: താൻ തികച്ചും പരസ്പരവിരുദ്ധമായി സംസാരിക്കുന്നല്ലോ. എൻെറ മനസ്സിലെ ശങ്ക നീങ്ങുന്നില്ല. അതുകൊണ്ടു സത്യം പറയൂ!

ശകാ: ഞാൻ തൻെറ തലയും എൻെറ കാലും തൊട്ടാണയിടാം. അതുകൊണ്ടു് മനസ്സിനെ ഉറപ്പിക്കൂ! —ഞാനവളെ കൊന്നു!

വിടൻ: (വിഷാദത്തോടെ) സത്യമായും നീയവളെകൊന്നോ?

ശകാ: എൻെറ വാക്കിൽ വിശ്വാസം വരുന്നില്ലെങ്കിൽ, രാജശ്യാലശംശ്ററാനകൻെറ ആദ്യത്തെ ശൂരത്വം കണ്ടോളൂ! (കാണിക്കുന്നു)

വിടൻ: ഹാ! മന്ദഭാഗ്യനായ ഞാൻ നശിച്ചു! (മൂർച്ഛിച്ചു വീഴുന്നു)

ശകാ: ഹി! ഹി! ആശാൻ ശത്തു!

സ്ഥാവ: ആശ്വസിക്കണേ, താങ്കളാശ്വസിക്കണേ! അവിചാരിതമായി വണ്ടിയിൽ കൊണ്ടുവരികവഴി ഞാൻ തന്നെയാണവളെ ആദ്യം കൊന്നതു്!

വിടൻ: (ആശ്വസിച്ചു് സകരുണം) ഹാ വസന്തസേനേ!

ദാക്ഷിണ്യോദകസിന്ധു വററി, രതിപോയ്
സ്വന്തം ഗൃഹത്തിങ്കലേ—
ക്കയ്യോ! ഭൂഷണഭൂഷണേ*, സുവദനേ
ക്രീഡാരസോത്ഭാസിനീ[1]
ഹാഹാ! പുഞ്ചിരിസൈകതത്തൊടമരും
സൗജന്യമാമാപഗേ,
ഹാഹാ! നാശമടഞ്ഞു കാമവിപണം
സൗഭാഗ്യപണ്യാകരം!** 38

(കണ്ണീരോടെ) ഹാ കഷ്ടം കഷ്ടം!

അപാപയോടെന്തിനയ്യോ
പാപി നീ ചെയ്തതിവ്വിധം!
അതിനാൽ നിപതിച്ചല്ലോ
നഗരത്തിൻെറ ദേവത! 39

(സ്വഗതം) ഹാ! ഈ പാപിയൊരുപക്ഷേ ഈ ദുഷ്കൃത്യം എൻെറ പിരടിക്കിട്ടേക്കും. ആട്ടെ ഞാനിവിടന്നു് പോയ്ക്കളയാം. (ചുററിനടക്കുന്നു)

---

* ആഭരണത്തിനുമാഭരണം. ** സൗഭാഗ്യമെന്ന വില്പനവസ്തുവിൻെറ ഖനിയായ കാമവിപണം (അങ്ങാടി)

1. കാമകേളീരസത്തിനു് പ്രകാശമിയററുന്നവരം.

(ശകാരൻ വിടനെച്ചെന്നു പിടിക്കുന്നു)

വിടൻ: പാപി! എന്നെത്തൊടരുതു്! തന്നെക്കൊണ്ടെനിക്കു് മതിയായി! ഞാൻ പോകുന്നു.

ശകാ: എടാ! വശന്തശേനയെ താൻതന്നെ കൊന്നിട്ടു് കുററമെന്നിൽശ്ശ്രുമത്തി ഓടുന്നതെങ്ങോട്ടു്? ഇങ്ങനെയുള്ള ഞാനിപ്പോളനാഥനായിരിക്കുന്നു!

വിടൻ: നീ ശപിക്കപ്പെട്ടവനായിരിക്കുന്നു!

ശകാ:

ശ്രുവർണ്ണനാണ്യം ശതമേകിടാം ഞാൻ
കാശ്ശാപണം1 വോഡി2 കളും തനിക്കായ്.
കുററംപെടുന്നെ, ന്നുടെയിപ്രതാപം
മനുശ്യശാമാന്യക3 മായിടട്ടേ. 40

വിടൻ: ഛരായ്! അതു് നിനക്കു മാത്രമായിത്തന്നെയിരിക്കട്ടെ;

സ്ഥാവ: ശാന്തം പാപം!

(ശകാരൻ ചിരിക്കുന്നു)

വിടൻ:

പശ്ചാത്തപിക്ക! ചിരിനിർത്തുക!; നിന്ദ്യമാട്ടി—
ഞ്ഞാരേ്യതരം4 പരിഭവാനുചിത5 മായ മൈത്രി!
ഇല്ലിങ്ങു മേലിലൊരുചേർച്ച നമുക്കു്, ഛിന്നം
വില്ലൊത്തു6 തള്ളിയിത നിർഗ്ഗുണ7 നായ നിന്നെ! 41

ശകാ: പ്രശാദിക്കാശാനേ, പ്രശാദിക്കു! വാ നമുക്കു് താമരപ്പൊയ്കയിലിറങ്ങി ക്രീഡിക്കാമല്ലോ.

വിടൻ:

പതിതനിലവരുത്തും മുന്നിലും നിൻെറ കൂട്ടാൽ—
'പ്പതിതനവിനനാര്യൻ!'-ചൊന്നിതെന്നെജ്ജനങ്ങൾ
അരുതിനിയനുയാനം; ഘാതകൻ നീ, ഭയത്താ—
ലരമിഴിയൊടുപൗരസ്ത്രീജനം നിന്നെനോക്കും! 42

1_2. കാർഷാപണം, വോഡി—നാണയവിശേഷങ്ങൾ.

3. എൻെറ പേരു്വെളിയിൽ വരരുതു്, കുററം പൊതുജനത്തിൻെറ മേലിരിക്കട്ടെ!

4. നീചം. 5. നിന്ദയോടുകൂടിയ. 6. തകർന്ന വില്ലുപോലെ ഞാൻ നിന്നെ ഉപേക്ഷിച്ചിരിക്കുന്നു. 7. വില്ലിൻെറ പക്ഷത്തു് ഗുണം—ഞാണു്.

(സകരുണം) വസന്തസേനേ,

വരുംജന്മം, വേശ്യയായിബ്ഭവിക്കാതെ, മനോഹരി,
ചാരിത്ര[1]ഗുണസമ്പന്നേ, വിമലം കുലമേല്ക്ക നീ!

ശകാ: എൻെറ പ്രാശീന പുശ്പകരണ്ഡകോദ്യാനത്തിൽവെച്ച് വശന്തശേനയെ കൊന്നിട്ട് താനെങ്ങോട്ടാണ് ഓടുന്നതു്? വാ. എൻെറ അളിയൻെറടുത്തു് വ്യവഹാരം കൊടുക്കു്! (പിടിച്ചുനിത്തുന്നു.)

വിടൻ: ആങ്ഹാ!—നില്ക്കെടാ എരപ്പാളി! (വാളൂരുന്നു.)

ശകാ: (പേടിച്ചകന്നിട്ട്) എന്തെടാ നീ പേടിച്ചുപോയോ! എന്നാൽ പൊയ്ക്കോ.

വിടൻ: (സ്വഗതം) ഇവിടെ നില്ക്കുന്നതു് ശരിയല്ല. ആട്ടെ, ആര്യ ശർവ്വിലകനും ചന്ദനകനും* മററുമുള്ളിടത്തേക്കു് പോകാം. (പോകുന്നു)

ശകാ: പോകട്ടെ. നാശം! എടാ ശ്ഥാവരകാ, ശേവകാ, മോനേ, എങ്ങനെയുള്ളതാണ് ഞാൻ ശെയ്തതു്?

സ്ഥാവ: സ്വാമിയൊരു വലി 'യകാര്യ' മാണ് ചെയ്തതു്.

ശകാ: എടാ ശേവകാ അകാര്യമെന്നു പറഞ്ഞതെന്താണ്?

ശരി. ഇങ്ങനെയാവട്ടെ. (പല ആഭരണങ്ങളുമഴിച്ചെടുത്തു്) ഇതാ ഞാൻ തരുന്ന ഈയാഭരണങ്ങൾ വാങ്ങ്. എനിക്കണിയേണ്ടപ്പോഴെല്ലാം ഇവയെൻെറതാണ്. അല്ലാത്തപ്പോൾ നിൻെറയും.

സ്ഥാവ: സ്വാമിക്കുതന്നെയാണിതു ചേരുക. എനിക്കെന്തിനാണിതു്?

ശകാ: എന്നാ പോ. ഈ കാളകളേയുംകൂട്ടി, ഞാൻ വരുന്നതുവരെ എൻെറ മാളികയുടെ മട്ടപ്പാവിൽ ശെന്നു നില്ക്കു്!

സ്ഥാവ: സ്വാമി കല്പിക്കുംപോലെ. (പോകുന്നു)

ശകാ: ശ്വന്തം രക്ശക്കുവേണ്ടി ആശാൻ അപ്രത്യക്ശനായി. ഈ ശേവകനെ ഞാനെൻെറ മാളികയിൽ ശങ്ങലയിട്ട് കെട്ടിനിത്തുകയും ശെയ്യും. അങ്ങനെ എൻെറ രഹശ്യം ശുരക്ശിതമാകും. അതുകൊണ്ടു് ഞാൻ പൊയ്ക്കളയാം. അഥവാ ഇവളെയൊന്നു് നോക്കട്ടെ. ഇവൾ ശത്തോ? ഇല്ലെങ്കിൽ ഞാൻ വീണ്ടും കൊല്ലും. (നോക്കീട്ട്) തികച്ചും ശത്തിരിക്കുന്നല്ലോ. ശരി. ഈ വശ്ത്രം കൊണ്ടു ഇവളെ മൂടിയേക്കാം. അല്ലെങ്കിൽ വേണ്ട. ഇതിൽ പേരുകുത്തിയിരിക്കുന്നു. അതിനാൽ കൊള്ളാവുന്ന ആരെങ്കിലും തിരിച്ചറിഞ്ഞേക്കും. ഇരിക്കട്ടെ. കാററടിച്ചുകൂട്ടിയ ഈ കരി

1. സ്വഭാവം. * ചന്ദനകൻ മറുപക്ഷത്തായതറിയാൻ നേരമായോ?

യിലകരംകൊണ്ടു് മൂടാം. (അങ്ങനെ ചെയ്തിട്ടു് ചിന്തയോടെ) ശരി. ഇങ്ങനെ ശെയ്യാം: 'പണത്തിനുവേണ്ടി ശാർത്ഥവാഹകനായ ശാരുദത്തകൻ എൻെറ പ്രാശീനപുശ്പകരണ്ഡകോദ്യാനത്തിൽവെച്ചു് വശന്തശേനയെ കൊന്നിരിക്കുന്നു' എന്നു് ഉടനെ കോടതിയിൽ ശെന്നു വ്യവഹാരം ശേർക്കാം.

ശാരുദത്തവധത്തിന്നായ് ശ്ശെയ്‌വേൻ ഞാൻകപടം നവം
വിശുദ്ധനഗരം തന്നിൽ ദ്രാരുണം പശുഹത്യപോൽ 44

ശരി. ഞാൻ പോട്ടെ. (പുറത്തുപോയി കണ്ടിട്ടു് ഭയത്തോടെ) അയ്യോ! നാശംപിടിച്ചവൻ! ഞാനേതേതു വഴിക്കു് തിരിയുന്നോ ആ വഴിക്കെല്ലാം കാവുമുക്കിയ വശ്ത്രവുമായി ഈ ദുശ്ററശ്രമണകൻ വന്നെത്തും! ഇയാളെ ഞാനന്നു് മൂക്കു് തുളച്ചോടിച്ചതിനാൽ ഇയാരംക്കെന്നോട്ടു് വൈരമാണു്. ഒരു പക്ഷേ ഇയാളെന്നെക്കണ്ടിട്ടു് ഞാനാണു് കൊലശെയ്തതെന്നു് വെളിവാക്കിയേക്കും. അതിനാൽ ഞാനെങ്ങനെയാണു് പോകേണ്ടതു്? (നോക്കീട്ടു്) ശരി. പാതിയിടിഞ്ഞ ഈ മതിലും ശാടിപോയ്ക്കളയാം.

മഹേന്ദ്രം പണ്ടു്ഭ്രനാക നാഗലോകങ്ങളുടവേ
ലങ്കയ്ക്കു ഹനുമാങ്കുന്നിൽ നിന്നും പോയതു പോൽജ്ജവം 45

(പോകുന്നു)

ഭിക്ഷു: (മറനീക്കി പ്രവേശിച്ചു്.) ഈ ചീവരഖണ്ഡം നനച്ചുകഴിഞ്ഞു. ഇനിയിതു് മരക്കൊമ്പിലിട്ടുണക്കണ്ടേ? ഇവിടെ കുരങ്ങന്മാർ തുങ്ങുന്നു. നിലത്തായാലോ? പൊടിപററും. പിന്നെവിടെ നീർത്തിയിട്ടുണക്കും? (കണ്ടിട്ടു്) ശരി. കാററത്തടിഞ്ഞുകൂടിയ ഈ കരിയിലക്കുമ്പാരത്തിൽ നീർത്തിയിടാം. (അങ്ങിനെ ചെയ്യുന്നു) നമോ ബുദ്ധായ! (ഇരിക്കുന്നു) ആട്ടെ. ഞാൻ ധമ്മവാക്യങ്ങളുച്ചരിക്കട്ടെ. ('അഞ്ചാളെ സ്ത്രീയേയും'...[8/2] ആവർത്തിക്കുന്നു) അഥവാ എനിക്കീ സുരലോകം മതിയായി! ബുദ്ധോപാസികയായ ആ വസന്തസേന ചൂതാട്ടക്കാരിൽനിന്നെന്നെ പത്തു പൊൻപണം കൊടുത്തു മേടിച്ചതുമുതൽ, അവരംക്കിനി ഞാൻ പ്രത്യുപകാരം ചെയ്യുന്നതുവരെ, ഞാൻ എന്നെ അവരംവിലയ്ക്കു വാങ്ങിയവനായി കരുതും. (കണ്ടിട്ടു്) എന്താണിതു്? കരിയിലയ്ക്കുള്ളിൽ ശ്വാസം കഴിക്കുംപോലെ! അഥവാ,

ചൂടുള്ള കാറേററു തപിച്ചു, പിന്നീ—
യാടയ്‌ക്കെഴം നീക്ക്ണമേററുമിപ്പോരം
പത്രങ്ങളെല്ലാം, പലപത്രിജാല—
പത്രങ്ങരംപോലിങ്ങു ചലിക്കയാവാം. 46

(വസന്തസേന, ബോധം ലഭിച്ച് കൈ പുറത്തേക്ക് നീട്ടുന്നു)

ഭിക്ഷു: ഹാ, ഹാ, ഒന്നാന്തരം ആഭരണങ്ങളണിഞ്ഞ ഒരു സ്ത്രീയുടെ കൈ പുറത്തേക്കു് വരുന്നു! എന്തു്, രണ്ടാമത്തെ കൈയും! (പല വിധത്തിൽ സൂക്ഷിച്ചുനോക്കീട്ട്) ഈ കൈകളെനിക്കു് പരിചയമുള്ളതുപോലിരിക്കുന്നു. അഥവാ എന്തിനു സംശയിക്കണം? തീർച്ചയായും ഇതെനിക്കഭയം നല്കിയ ആ കൈകൾതന്നെ! ശരി. നോക്കട്ടെ. (ഇല നീക്കുന്നതായി നടിക്കുന്നു. പിന്നെ, കണ്ടു് തിരിച്ചറിഞ്ഞിട്ട്) ആ ബുദ്ധോപാസികതന്നെ!

(വസന്തസേന വെള്ളത്തിനാഗ്രഹിക്കുന്നു)

ഭിക്ഷു: എന്തു്! വെള്ളം യാചിക്കുന്നല്ലോ. ജലാശയമാകട്ടെ, അകലെയാണുതാനും. ഞാനിപ്പോളെന്തു ചെയ്യും? ശരി. ഈ വസ്ത്രം പിഴിഞ്ഞ് വെള്ളമിററിച്ചുകൊടുക്കാം. (അങ്ങനെ ചെയ്യുന്നു)

(വസന്തസേന ബോധം വീണ്ടെടുത്തു് എഴുന്നേൽക്കുന്നു. ഭിക്ഷു വസ്ത്രാഞ്ചലം കൊണ്ടു് വീശുന്നു)

വസന്ത: ആര്യാ അങ്ങുന്നാരാണ്?

ഭിക്ഷു: എന്താ, പത്തു പൊൻപണത്തിനെന്നെ വിലയ്ക്കു് വാങ്ങിയ ബുദ്ധോപാസിക എന്നെ ഓർക്കുന്നില്ലേ?

വസന്ത: ഓർക്കുന്നു, പക്ഷേ അതാര്യൻ പറയുന്നപോലല്ല...ഞാൻ മരിക്കുക തന്നെയായിരുന്നു ഉത്തമം.

ഭിക്ഷു: ബുദ്ധോപാസികേ എന്താണിതു്.

വസന്ത: (വെറുപ്പോടെ) വേശ്യാഭാവത്തിനനുരൂപമായതു്!

ഭിക്ഷു: എഴുന്നേൽക്കൂ, ബുദ്ധോപാസികേ, ഈ മരത്തിനരികിലുള്ള വള്ളി പിടിച്ചെഴുന്നേൽക്കൂ. (വള്ളി വളച്ചുകൊടുക്കുന്നു)

(വസന്തസേന അതിൽപ്പിടിച്ചെഴുന്നേല്ക്കുന്നു)

ഭിക്ഷു: ഈയടുത്തുള്ള വിഹാരത്തിൽ എന്റെ ധർമ്മസഹോദരിയുണ്ടു്. അവിടെച്ചെന്നു് മനസ്സിനാശ്വാസം നേടിയശേഷം ബുദ്ധോപാസികയ്ക്കു് സ്വഗൃഹത്തിലേക്ക് പോകാം. അതുകൊണ്ടു്, ബുദ്ധോപാസിക പതുക്കെപ്പതുക്കെ നടക്കൂ. (ചുററി നടന്നു് കണ്ടിട്ട്) ആര്യന്മാരേ വഴിമാറൂ. വഴിമാറൂ... ഇവൾ യുവതിയായ സ്ത്രീ. ഇവൻ ഭിക്ഷു. എങ്കിലും ഇതെന്റെ പരിശുദ്ധമായ ധർമ്മമാണ്.

സകലേന്ദ്രിയവും കരങ്ങൾ വായും
നിഹനിച്ചുള്ളവനല്ലയോ മനുഷ്യൻ!
പരലോകമവന്നു കൈയിലാണ-
ന്നൃപ[1]നെന്താണവനോടിടഞ്ഞു ചെയ്യാൻ! 47

(എല്ലാവരും പോകുന്നു)

'വസന്തസേനാഹത്യ' എന്ന എട്ടാമങ്കം കഴിഞ്ഞു.

---

1. നിയമത്തിനു്.

## ഒമ്പതാം അങ്കം

**ശോധനകൻ.**[1] (പ്രവേശിച്ച്) ന്യായാധിപന്മാരെന്നോടാജ്ഞാപിച്ചിരിക്കുന്നു. എടോ ശോധനക, കോടതിമുറിയിൽച്ചെന്നു് ഇരിപ്പിടങ്ങളൊക്കെ സജ്ജീകരിക്കുക-എന്നു്. അതിനാൽ ഞാനുടനെ കോടതി മുറിയൊരുക്കാൻ ചെല്ലട്ടെ. (ചുററി നടന്നു് കണ്ടിട്ടു്) ഇതാ കോടതിമുറി. അകത്തു് കടക്കട്ടെ. (കടന്നു്, തൂത്തുവാരി, ഇരിപ്പിടങ്ങൾ നേരെയാക്കിയിട്ടു്) കോടതിമുറി വൃത്തിയാക്കിക്കഴിഞ്ഞു. ഇരിപ്പിടങ്ങൾ ശരിപ്പെടുത്തി. ഇനി ഞാനുടനെചെന്നു് ന്യായാധിപന്മാരെ വിവരമറിയിക്കട്ടെ.

(ചുററിനടക്കുന്നു. കണ്ടിട്ടു്) എന്തു്! ഈ രാജസ്യാലൻ ദുഷ്ടദുർജ്ജനമനുഷ്യന്റെ വരവിങ്ങോട്ടുതന്നെയാണല്ലോ! അതുകൊണ്ടു് ഞാനിയാളുടെ ദൃഷ്ടിയിൽപ്പെടാതെ പോയ്ക്കളയാം. (ഒരുഭാഗത്തു് മാറിനില്ക്കുന്നു) (അനന്തരം ഉജ്ജ്വലവേഷം ധരിച്ചു് ശകാരൻ പ്രവേശിക്കുന്നു.)

**ശകാരൻ:**

കുളിച്ചു പാനീയ ജലോദകത്തിൽ—
പ്പെണ്ണുംഗനാനാരിയൊടൊത്തിരുന്നേൻ
ആരാമപൂവാടിക പൂവനത്തിൽ—
ഗ്ഗന്ധർവ്വനേപ്പോൽബ്ബഹുഭൂശിതാംഗൻ! 1

ഉടൻനിബന്ധിക്കുമുടൻ മെടഞ്ഞിടു—
ന്നുടൻ ശിരോജങ്ങളുടൻ ശ്ലഥംതിട്ടിടും
ഉടൻ വിടും പിന്നുടനുച്ചികെട്ടുമി—
ച്ചിത്രൻ വിശിത്രൻ നൃപരാജബന്ധുഞാൻ! 2

മാത്രമല്ല, കെട്ടുപിണഞ്ഞ വിശച്ചെടികളുള്ളിൽപ്പെട്ടുപോയ ഒരു കീടത്തെപ്പോലെ വഴിയന്വേശിക്കുന്ന എനിക്കു് ഒരു വലിയ മാർഗ്ഗം ലഭിക്കയും ശെയ്തിരിക്കുന്നു. അപ്പോൾ, ഞാനെന്റെയീ ഹീനകൃത്യം ആരുടെ പിരടിക്കിടും? (ഓർമ്മിച്ചു്) ആ! ഓർമ്മവന്നു. ദരിദ്രനായ ശാരുദത്തനിൽ ഞാനീ ഹീനകൃത്യം കെട്ടിവെയ്ക്കും! മററൊന്നു്, അയാൾ ദരിദ്രനാണല്ലോ, അയാൾക്കെല്ലാം ശംഭാവ്യമാണ്. ശരി. കോടതിയിലൊന്നാമനായി ശെന്നു് ശാരുദത്തൻ വശന്തശേനയെ കഴുത്തിറുക്കിക്കൊന്നിരിക്കുന്നു-എന്നു് വ്യവഹാരം കൊടുക്കട്ടെ. എന്നാലിനി നേരെ കോടതിയിലേയ്ക്കു് പൊയ്ക്കളയാം. (ചുററിനടന്നു് നോക്കീട്ടു്) ഇതാ കോടതി.

---

1. ക്രിമിനൽകോടതിയിലെ ഉദ്യോഗസ്ഥൻ.

കടന്നുചെല്ലട്ടെ. (കടന്നു് നോക്കീട്ടു്) ഹാ. ഇരിപ്പിടങ്ങൾ ശരിപ്പെടുത്തിവെച്ചിരിക്കുന്നു! എന്നാൽ ഞാനല്പനേരം ഈ കറുകപ്പുൽ വിരിപ്പിലിരുന്നു് ന്യായാധിപന്മാർ വന്നെത്തുംവരെ കാക്കട്ടെ. (അപ്രകാരം ചെയ്യുന്നു)

ശോധനകൻ: (മറെറാരു ഭാഗത്തേക്കു് നടന്നു്, മുമ്പോട്ടു് നോക്കീട്ടു്) ഇതാ ന്യായമധിപന്മാർ വരുന്നു. അതുകൊണ്ടു് ഞാനടുത്തു ചെല്ലട്ടെ. (സമീപിക്കുന്നു.)

(അനന്തരം ശ്രേഷ്ഠി1, കായസ്ഥൻ2 എന്നിവരോടൊത്തു് ന്യായാധിപൻ പ്രവേശിക്കുന്നു.)

ന്യായാധിപൻ: ഹേ ഹേ ശ്രേഷ്ഠികായസ്ഥന്മാരേ!

ശ്രേഷ്ഠിയും കായസ്ഥനും: ആര്യനാജ്ഞാപിച്ചാലും.

ന്യായ: വ്യവഹാരം മററുപലതിനേയുമാശ്രയിച്ചാകകൊണ്ടു് ന്യായാധിപന്മാൎക്കു് മററുള്ളവരുടെ മനസ്സിലിരിപ്പെന്താണെന്നറിയാൻ പാടുതന്നെ. ഹാ!

സത്യം മൂടിവദിപ്പു ലോകരഖിലം
  ന്യായത്തെ ഖിട്ടെപ്പൊഴും
സ്വന്തം ദോഷമുരച്ചിടില്ലിവിടെ, യ—
  ത്തൻകാൎയ്യ സമ്പാദകൻ
ഹ! പക്ഷാപരപക്ഷ വൎദ്ധിതബലം
  ദോഷം, നൃപാലന്നുതാൻ3
സംക്ഷേപിക്കിലിഹാപവാദമധികം
  കാണാഗ്ഗുണം4 തെല്ലുമേ! 3

---

1. വണിക്സംഘത്തിൻെറ തലവൻ—ആഭരണങ്ങൾ പരിശോധിക്കാനും പണമെണ്ണാനും, കച്ചവടസംബന്ധമായ നിയമങ്ങളുടെ സംശയനിവൃത്തിവരുത്താനും ഇയാളാണു്.

2. തെളിവെടുക്കൽ, ന്യായാധിപൻെറ നിൎദ്ദേശാനുസാരം ലേഖനകൎമ്മം നിൎവ്വഹിക്കൽ മുതലായവയാണിയാളുടെ പ്രവൃത്തി; പ്രമാണവും മററും സാക്ഷ്യപ്പെടുത്താനധികാരമുള്ള ആൾ; നിയമോപദേഷ്ടാവും.

3. വാദികളും പ്രതികളുംകൂടി വൎദ്ധിപ്പിക്കുന്ന ബലവത്തായ ദോഷം രാജാവിനെയാണു് ബാധിക്കുക:—

''അദണ്ഡ്യാൻ ദണ്ഡയൻ രാജാ
ദണ്ഡ്യാംശ്ചൈവാപ്യദണ്ഡയൻ
അയശോമഹദാപ്നോതി
നരകംപാധിഗച്ഛതി'' —മനു.

4. പ്രശംസ.

മാത്രമല്ല,

ഗൂഢം ദോഷമു*ദാഹരിപ്പു കപിത-
ന്മാരെന്നുമന്യായമേ,
സ്വന്തം ദോഷമുരച്ചിടില്ലിവിടെ, യ-
സത്തുക്കളും[1] നഷ്ടരായ്,
ഹാ! പക്ഷാപരപക്ഷ ദോഷസഹിത-
ന്മാരാ, യഘം ചെയ്തിട്ടും:
സംക്ഷേപിക്കിലിഹാപവാദമധികം
കാണാഗുണം തെല്ലുമേ. 4

അതുകൊണ്ടാണല്ലോ ഒരു ന്യായാധിപൻ ഇങ്ങനെയൊക്കെയായിരിക്കണമെന്നു് പറയുന്നതു്:

ശാസ്ത്രജ്ഞൻ[2], കപടാനുസാരകുശലൻ[3],
വക്താ, വപക്രോധനൻ[4]
മിത്രാമിത്രസഗോത്ര[5]ഭേദരഹിതൻ,
ചിന്തിച്ചുതീർപ്പേകുവോൻ,
നിർവ്വീര്യക്കുടയോൻ[6] ശഠക്കു കഠിനൻ,
നിർല്ലോഭി, നീതിസ്ഥിതൻ
നിർവ്യാജം പരതത്വബദ്ധഹൃദയൻ[7]
ഭൂപാലകോപാപഹൻ[8] 5

ശ്രേ-കാ: അങ്ങയുടേയും ഗുണങ്ങളെ അവർ ദോഷമെന്നു പറയുമോ? അങ്ങനെയാണെങ്കിൽ ചന്ദ്രനുള്ളപ്പോഴും അവരിരുട്ടാണെന്നു പറയും!

ന്യായാ: ഭദ്ര ശോധനക, കോടതി മുറിയിലേയ്ക്കു വഴി കാണിക്കു.

ശോധ: ഇതിലേയിതിലേ, ന്യായാധിപാ, ഇതിലേ. (അവർ ചുററി നടക്കുന്നു.)

ശോധ: ഇതാ കോടതിമുറി. ന്യായാധിപന്മാർ പ്രവേശിച്ചുകൊള്ളുക.

(എല്ലാവരും പ്രവേശിക്കുന്നു)

---

1. ഇവിടെ ന്യായാധിപന്മാർ. 2. ധർമ്മശാസ്ത്രമറിയുന്നവൻ 3. വാദിപ്രതികളുടെ കള്ളത്തരം കണ്ടുപിടിക്കാൻ നിപുണൻ 4. കോപശീലമില്ലാത്തവൻ. 5. ബന്ധു 6. ദുർബ്ബലരുടെ രക്ഷകൻ. 7. അർത്ഥിപ്രത്യർത്ഥികളുടെ യഥാർത്ഥതയറിയാൻ മനസ്സുവെക്കുന്നവൻ 8. സത്യസ്ഥിതികഥനം, സദുപദേശം മുതലായവയാൽ രാജാവിന്റെ കോപം കളയുന്നവൻ.

* അന്യരുടെ

ന്യായാ: ഭദ്ര, ശോധനക, പുറത്തുചെന്നറിയൂ ആരെല്ലാമാണ് വ്യവഹാരക്കാരെന്നു്.

ശോധ: ആര്യന്റെ കൽപനപോലെ. (പോകുന്നു) ആര്യന്മാരായ ന്യായാധിപന്മാർ ചോദിക്കുന്നു, ആരെല്ലാമാണ് വ്യവഹാരക്കാരെന്നു്.

ശകാരൻ: (സഹർഷം) ന്യായാധിപന്മാർ വന്നെത്തിയിരിക്കുന്നു! (ധാർഷ്ട്യത്തോടെ ചുററിനടന്നു്) ഞാൻ, വരപുരുശൻ, മനുശ്യൻ, വാശ്രുദേവൻ, രാജാവിന്റെ ശ്യാലൻ, രാജശ്യാലൻ വ്യവഹാരക്കാരനാണു്!

ശോധ: (സസംഭ്രമം) അഹോ! ആദ്യംതന്നെരാജസ്യാലനാണു് വ്യവഹാരവുംകൊണ്ടു്! ആട്ടെ .....ആര്യാ, ഒരുനിമിഷം നില്ക്കണേ—ഞാൻ ന്യായാധിപന്മാരെ വിവരമറിയിക്കട്ടെ!. (ചെന്നിട്ടു്) ആര്യന്മാരേ, ഇതാ രാജസ്യാലൻ വ്യവഹാരത്തിനെത്തിയിരിക്കുന്നു.

ന്യായ: എന്തു്! ആദ്യംതന്നെ രാജസ്യാലനോ വ്യവഹാരവുംകൊണ്ടു്! ഇതു് സൂര്യോദയസമയത്തുള്ള ഗ്രഹണത്തെപ്പോലെ, ഒരു മഹാപുരുഷനിപാതത്തെ സൂചിപ്പിക്കുന്നു. ശോധനക, ഇന്നത്തെ വ്യവഹാരം വ്യാകുലമായിരിക്കും. ഭദ്ര, പുറത്തു ചെന്നറിയിക്കൂ. ഇന്നു് പോകൂ, ഇന്നു് നിങ്ങളുടെ വ്യവഹാരം നോക്കുന്നതല്ല—എന്നു്.

ശോധ: ആര്യന്റെ കല്പനപോലെ—

(പുറത്തുചെന്നു് ശകാരനെ സമീപിച്ചു്) ഇന്നു് പോകൂ. നിങ്ങളുടെ വ്യവഹാരം ഇന്നു നോക്കുന്നതല്ലെന്നു് ന്യായാധിപന്മാർ അറിയിക്കുന്നു.

ശകാ: (ക്രോധത്തോടെ) ആങ്ഹ! എന്റെ വ്യവഹാരം നോക്കില്ലെന്നോ! നോക്കില്ലെങ്കിൽ ഞാനെന്റെ അളിയനായ പാലകരാജാവിനെ, എന്റെ ശഹോദരീഭർത്താവിനെയറിയിച്ചു്, ശഹോദരിയേയും അമ്മയേയുമറിയിച്ചു് ഈ ന്യായാധിപനെ പുറംതള്ളി ഇവിടെ വേറൊരു ന്യായാധിപനെ ശ്ഥാപിപ്പിക്കും.

(പോകാൻ തുടങ്ങുന്നു.)

ശോധ: ആര്യാ, രാജസ്യാലാ, ഒരുനിമിഷം നില്ക്കണേ. അതിനിടയിൽ ഞാൻ ന്യായാധിപനെ വിവരമറിയിക്കാം—

(ന്യായാധിപനെ സമീപിച്ച്) ഈ രാജസ്യാലൻ കോപിച്ചിട്ടു പറയുന്നു—(അയാറം പറഞ്ഞതു് പറയുന്നു.)

ന്യായാ: ആ വങ്കന് എന്തുതന്നെ സാധിക്കില്ല! ഭദ്ര, അയാളോട് ചെന്നു പറയൂ: വരു—താങ്കളുടെ വ്യവഹാരം നോക്കാം—എന്നു്.

ശോധ: (ശകാരനെ സമീപിച്ച്) ന്യായാധിപന്മാരിങ്ങനെ പറയുന്നു: വരൂ. താങ്കളുടെ വ്യവഹാരം നോക്കാം—എന്നു്. അതു കൊണ്ടാര്യനകത്തു പ്രവേശിച്ചാലും!

ശകാ: ആദ്യം പറഞ്ഞു നോക്കില്ലെന്നു്. ഇപ്പോറം പറയുന്നു നോക്കാമെന്നു്! അപ്പോറം ന്യായാധിപന്മാർ ഭയങ്കരമായി ഭയന്നിരിക്കണം! ഞാനെന്തു് പറയുന്നുവോ അതെല്ലാം ശത്യമാണെന്നു നിലയിൽ ഞാനവരെക്കൊണ്ടു് ശ്വീകരിപ്പിക്കും. ശരി. പ്രവേശിക്കട്ടെ—

(പ്രവേശിച്ച് സമീപം ചെന്നു് 'നമുക്കു്' നല്ല ശുഖം. നിങ്ങറക്കാകട്ടെ നാം ശുഖം തരുകയോ തരാതിരിക്കുകയോ ശെയ്യും!

ന്യായാ: (സ്വഗതം)അഹോ! വ്യവഹാരാർത്ഥിയായിരിക്കുമ്പോഴും സ്ഥിരസംസ്കാരത! (പ്രകാശം) ഇരുന്നാലും.

ശകാ: ആ, ഈ ശ്ററലം നമ്മുടേതാണു്. അതുകൊണ്ടു് നമുക്കെവിടിരിക്കണമെന്നു് തോന്നുന്നോ അവിടെ നാമിരിക്കും! (ശ്രേഷ്ഠിയോട്) ഇവിടിരിക്കും. (ശോധനകനോട്) അല്ല, ഇവിടിരിക്കും. (ന്യായാധിപൻെറ തലയിൽ കൈവെച്ച്) ഇവിടിരിക്കും! (എന്നു പറഞ്ഞു് നിലത്തിരിക്കുന്നു)

ന്യായാ: അപ്പോറം ഭവാൻ വ്യവഹാരത്തിനു വന്നതാണല്ലേ?

ശകാ: അല്ലാതെ!

ന്യായാ; എന്നാൽ കാര്യം പറയൂ.

ശകാരൻ: കാര്യം ശെവിയിൽ പറയാം. മല്ലകംപോലെ അതിബൃഹത്തായ വംശത്തിൽപ്പിറന്നവനാണു് നാം.

> രാജശ്വശുരനെന്നച്ഛൻ ജാമാതാവച്ഛനാനൃപൻ
> രാജശ്യാലൻ ഞാനു,മെൻെറ ഭഗിനീപതി ഭൂപതി! 6

ന്യായ; എല്ലാമറിയുന്നതാണല്ലോ.

> വംശോൽഘോഷണമെന്തിന്നായ്ശ്ശീലമാണിഹ കാരണം
> തഴച്ചുവളരും നല്ല വയലിൽത്തന്നെ മുറംച്ചെടി! 7

അതുകൊണ്ടു കാര്യം പറയൂ.

ശകാ: ശരി പറയാം. ഞാനപരാധിയായാൽത്തന്നെ രാജാവെന്നോടൊന്നും ശെയ്യില്ല! ആ ശഹോദരീഭർത്താവ് ശന്തുശ്ററനായി എനിക്ക് ക്രീഡിക്കാനും അധീനതയിൽ വെക്കാനുമായി

ശർവ്വോദ്യാനങ്ങളിലും ശ്രേശ്ററമായ പ്രാശീന പുശ്പകരണ്ഡകോദ്യാനം എനിക്ക് തന്നു. അതു് കാണാനും വെള്ളം വററിപ്പിക്കാനും ശുശീകരിപ്പിക്കാനും പുശ്ററിപ്പെടുത്തിക്കാനും ശേദിപ്പിക്കാനും അനുദിനം ഞാനവിടെ പോകാറുണ്ട്. ഭാഗ്യവശാൽ ഒരു ശ്ത്രീയുടെ ശവശരീരം വീണുകിടക്കുന്നതു് ഞാൻ കാണുകയോ കാണാതിരിക്കുകയോ ശെയ്യുന്നു.

ന്യായാ: മരിച്ച സ്ത്രീ ആരാണെന്നു് നിങ്ങൾക്കറിയാമോ?

ശകാ: അഹോ! ന്യായാധിപന്മാരേ! ഞാനെങ്ങനെയറിയാതിരിക്കും, അത്തരത്തിലുള്ള നഗരാലങ്കാരത്തെ. നൂറു നൂറു ശ്വർണ്ണഭൂശയണിഞ്ഞവളെ? ഏതോ നീശൻ ആഭരണങ്ങൾക്കുവേണ്ടി ആളൊഴിഞ്ഞ പ്രാശീന പുശ്പകരണ്ഡകോദ്യാനത്തിൽശ്ശെന്നു് ബാഹുപാശ ബലാൽക്കാരത്താൽ വശന്തശേനയെ കൊന്നിരിക്കുന്നു. ഞാനല്ല-(എന്നു് പകുതിപ്പറഞ്ഞ് വായ്പൊത്തുന്നു.)

ന്യായാ: അഹോ, നഗര രക്ഷികളുടെ അശ്രദ്ധ! ഹേ, ശ്രേഷ്ഠികായസ്ഥന്മാരേ 'ഞാനല്ല' എന്ന വ്യവഹാരപദം ആദ്യംതന്നെ എഴുതിവെക്കൂ.

കായ: ആര്യൻെറ കൽപനപോലെ. (അങ്ങനെചെയ്ത്) ആര്യാ, എഴുതി.

ശകാ: (സ്വഗതം) തൊലഞ്ഞു! ബദ്ധപ്പാടിൽ പായശം വിഴുങ്ങിയ യാശകൻെറ മാതിരി ഞാനെനിക്കുതന്നെ നാശം വരുത്തിവെച്ചു! ആട്ടെ. ഇങ്ങനെ പറയാം. (പ്രകാശം) ഹേ, ന്യായാധിപന്മാരേ ഞാൻ പറഞ്ഞുവന്നതു്, ഞാനല്ലാ കണ്ടിരുന്നതെങ്കിൽ എന്നാണു്. പിന്നെന്തിനീ കോലാഹലം? (എഴുതിയതു് കാലുകൊണ്ടു് മായ്ക്കുന്നു*)

ന്യായാ: ആഭരണങ്ങൾക്കു വേണ്ടി ബാഹുപാശത്താൽ കൊന്നതാണെന്നു് നിങ്ങളെങ്ങനെയറിഞ്ഞു?

ശകാരൻ: ഹാ! തീർച്ചയായും; വിങ്ങിവീർത്ത കഴുത്തും ശ്വർണ്ണാഭരണങ്ങളണിയുന്ന മററുശ്ററാനങ്ങളും ശൂന്യമായി കാണുന്നതിൽ നിന്നു് ഞാനൂഹിക്കുന്നു.

ശ്രേ-കാ;. വിശ്വാസ്യമായി തോന്നുന്നു.

ശകാ: (സ്വഗതം) ഹാവൂ! ഭാഗ്യംകൊണ്ടു് വീണ്ടും ജീവൻ വീണു!

---

* ചോക്കുകൊണ്ടു് പലകയിലെഴുതിയതാവാം.

ശ്രേ-കാ: ഹേയ്, എന്തിനെ ആശ്രയിച്ചാണീവ്യവഹാരം?

ന്യായാ: രണ്ടു വിധത്തിലാണല്ലോ വ്യവഹാരം.

ശ്രേ-കാ: ഏതെല്ലാം വിധത്തിൽ?

ന്യായാ: വാക്യത്തെ[1] അവലംബിച്ചും അർത്ഥത്തെ[2] അവലംബിച്ചും. വാക്യത്തെ ആശ്രയിച്ചുള്ളതു് അർത്ഥി പ്രത്യർത്ഥികളുടെ മൊഴികളിൽനിന്നും അർത്ഥത്തെ ആശ്രയിച്ചുള്ളതു് ന്യായാധിപൻെറ ബുദ്ധിയുപയോഗിച്ചുമാണു് തീരുമാനിക്കേണ്ടതു്.

ശ്രേ-കാ: അപ്പോളീവ്യവഹാരം വസന്തസേനയുടെ അമ്മയെ അവലംബിച്ചിരിക്കുന്നു.

ന്യായാ: അങ്ങനെതന്നെ. ഭദ്ര, ശോധനക ചെന്നു് വസന്തസേനയുടെ അമ്മയെ, പേടിപ്പിക്കാതെ കൂട്ടിക്കൊണ്ടു വരിക:

ശോധ: അങ്ങനെതന്നെ (പോകുന്നു)—

—(പിന്നെ വേശ്യാമാതാവോടുകൂടി പ്രവേശിച്ചു്) ആര്യേ ഇതിലേയിതിലേ.

വൃദ്ധ: എൻെറ മകൾ സ്വന്തം യൗവനമനുഭവിക്കാൻ സ്നേഹിതൻെറ വീട്ടിലേക്കു് പോയിരിക്കയാണു്. ഈ ആയുഷ്മാനാകട്ടെ 'വരൂ, ന്യായാധിപൻ വിളിക്കുകയാണു്'—എന്നറിയിക്കുന്നു. അതുകൊണ്ടു്, എനിക്കു് മോഹാലസ്യം ബാധിക്കുന്നതായി തോന്നുന്നു. മനസ്സു് വിറകൊള്ളുകയാണു്. ആര്യാ, കോടതിയിലേക്കു് വഴികാണിക്കൂ.

ശോധ: ആര്യേ ഇതിലേയിതിലേ (രണ്ടുപേരും ചുററി നടക്കുന്നു) ഇതാ കോടതിമുറി, ആര്യേ, അകത്തു പ്രവേശിക്കാം. (രണ്ടുപേരും പ്രവേശിക്കുന്നു)

വൃദ്ധ: (സമീപിച്ചു്) ഭാവമിശ്രന്മാരേ, നിങ്ങൾക്കു സുഖം ഭവിക്കട്ടെ!

ന്യായാ: ഭദ്രേ, സ്വാഗതം; ഇരിക്കൂ.

വൃദ്ധ: അങ്ങനെതന്നെ. (ഇരിക്കുന്നു)

ശകാ: (ആക്ഷേപത്തോടെ) നീ വന്നു, കൊടിച്ചിത്തള്ളേ നീ വന്നു, ഇല്ലേ?

ന്യായാ: നിങ്ങൾ വസന്തസേനയുടെ അമ്മയാണോ?

വൃദ്ധ: അതെ.

---

1. വാദി-പ്രതി-സാക്ഷികളുടെമൊഴികൾ, 2. യഥാർത്ഥവസ്തുതകളെ

ന്യായ: വസന്തസേന എവിടെയാണു പോയിരിക്കുന്നതു്?

വൃദ്ധ: അവളുടെ സ്നേഹിതന്റെ വീട്ടിൽ.

ന്യായാ: എന്താണവളുടെ സ്നേഹിതന്റെ പേരു്?

വൃദ്ധ: (സ്വഗതം) ഹാ കഷ്ടം! കഷ്ടം! ഇതു് മഹാലജ്ജാകരമാണല്ലോ. (പ്രകാശം) ഇക്കാര്യം മററാരെങ്കിലുമല്ലാതെ ന്യായാധിപൻ ചോദിച്ചുകൂടാ.

ന്യായാ: ലജ്ജിക്കേണ്ട. കോടതിയാണ്‌ നിങ്ങളോട്‌ ചോദിക്കുന്നതു്.

ശ്രേ-കാ: വ്യവഹാരമാണ്‌ ചോദിക്കുന്നതു്. ദോഷമില്ല. പറയൂ:

വൃദ്ധ: എന്തു്? വ്യവഹാരമോ? അങ്ങനെയാണെങ്കിൽ മാന്യന്മാരേ കേൾക്കൂ: അദ്ദേഹം സാർത്ഥവാഹകനായ വിനയദത്തന്റെ പൗത്രനും സാഗരദത്തന്റെ പുത്രനും, സുഗൃഹീതനാമാവും വ്യാപാരിത്തെരുവിൽ താമസിക്കുന്നവനുമായ ആര്യ ചാരുദത്തനാണ്‌. അദ്ദേഹത്തോടൊത്തു് എന്റെ മകൾ യൗവനസുഖമനുഭവിക്കുന്നു.

ശകാ: ആര്യന്മാർ കേട്ടല്ലോ. ഈ വാക്കുകൾ കുറിച്ചുവെക്കുക. ചാരുദത്തനുമായാണ്‌ എന്റെ വിവാദം.

ശ്രേ-കാ: ചാരുദത്തൻ സ്നേഹിതനാണ്‌ എന്നതു് ഒരു കുററമാകുന്നില്ല.

ന്യായാ: ഈ വ്യവഹാരം ചാരുദത്തനേയുമാശ്രയിച്ചിരിക്കുന്നു.

ശ്രേ-കാ: അങ്ങനെതന്നെ.

ന്യായാ: ധനദത്താ[1], വ്യവഹാരത്തിന്റെ ഒന്നാംപാദമായി. വസന്തസേന ആര്യ ചാരുദത്തന്റെ വീട്ടിൽ പോയി—എന്നെഴുതുക. അപ്പോൾ, ആര്യ ചാരുദത്തനേയും നമുക്ക് വിളിച്ചുവരുത്തേണ്ടിവന്നിരിക്കുന്നു! അഥവാ, കോടതിയാണദ്ദേഹത്തെ വിളിക്കുന്നതു്. ഭദ്ര, ശോധനക, ചെല്ലൂ: ആര്യ ചാരുദത്തനെ സ്വൈരമായി, സംഭ്രാന്തനാക്കാതെ, ഭയപ്പെട്ടുപോകാതെ, ആദരവോടെ, 'ന്യായാധിപൻ താങ്കളെ കാണാനാഗ്രഹിക്കുന്നു'വെന്ന പ്രസ്താവനയോടെ വിളിച്ചുകൊണ്ടുവരൂ.

ശോധ: ആര്യന്റെ കല്പനപോലെ. (പോകുന്നു)-

—(പിന്നെ ചാരുദത്തനോടുകൂടി പ്രവേശിച്ചു്) ആര്യാ ഇതിലേ യിതിലേ.

---

1. കായസ്ഥൻ.

ചാരുദത്തൻ: (ചിന്തിച്ച്)

ശീലത്താലും കുലത്താലുമരചന്നറിവോനിവൻ
സത്യത്തി, ലിന്നീയാഹ്വാനം ശങ്കിക്കുന്നെന്നവസ്ഥയെ[1] 8

(സംശയത്തോടെ സ്വഗതം)

മാർഗ്ഗാഗതൻ, തടവുചാടിയൊരാളെ രക്ഷി-
ച്ചെൻവാഹനത്തിലകലേക്കു നയിച്ചുവെന്നും
ഞാനോ നടപ്പിതപരാധികണക്കെയെന്നും
ചാരേക്ഷണൻ നൃപതിതൻചെവിയിലുതിർത്തോ? 9

അഥവാ എന്തിനു വിചാരപ്പെടുന്നു? കോടതിയിലേക്കുതന്നെ ചെല്ലട്ടെ. (പ്രകാശം) ഭദ്ര, ശോധനക കോടതിയിലേക്കു വഴി കാണിക്കു.

ശോധ: ആര്യാ ഇതിലേയിതിലേ. (ചുററിനടക്കുന്നു)

ചാരു: (ശങ്കയോടെ) എന്നാൽ ഇതെന്താണ്?

ക്രാവുന്നുരുക്ഷരവമോടിഹ കാക്ക വീണ്ടും—
വീണ്ടും, വിളിപ്പൂ നൃപസേവകരെന്നെയിപ്പോൾ
തീവ്രം തുടിച്ചിടുകയാം മമ വാമനേത്രം:
ദുർലക്ഷണങ്ങളിവയാൽപ്പെരുകുന്നു ദുഃഖം 10

ശോധ: ആര്യാ ഇതിലേയിതിലേ. സൈ്വരമായി സംഭ്രമിക്കാതെ വന്നാലും.

ചാരു: (ചുററി നടന്ന് മുമ്പിൽ നോക്കീട്ട്)

ഉണക്കക്കൊമ്പി, ലർക്കന്നു നേർക്കിരിക്കുന്ന കാക്കയോ
വാമാക്ഷം ചാട്ടിടുന്നെന്നിൽ: ഘോരമാപത്തസംശയം! 11

(പിന്നെ മറെറാരിടത്തു നോക്കീട്ട്) ഹാ! ഇതെന്ത് ഒരു സർപ്പം!

പെരുവഴിയിലുറങ്ങും, വക്രിതൻ, വായുപൂർണ്ണൻ
ഭുജഗപതിയുണർന്നിട്ടഞ്ജനാഭൻ സരോഷം
നയനമിവനിലൂന്നീട്ടിങ്ങു ചാടുന്നിതല്ലോ
ചലിതരസനനീട്ടി, ക്കാട്ടി വെൺപല്ലു നാലും! 12

കൂടാതെയിതാ

അനാർദ്രമാം നിലത്തിലും പദം വഴക്കിടുന്നെനി-
ക്കിടംകരംവിറപ്പു, വാമലോചനം തുടിക്കയാം!
തുടർച്ചയായ്ക്കരഞ്ഞിടുന്നു പക്ഷിയന്യമൊന്നിതാ:
കഥിച്ചിടുന്നിതൊക്കെയുഗ്രമൃത്യുതാനസംശയം! 13

---

1. ഇപ്പോഴത്തെ എൻെറ ദരിദ്രാവസ്ഥകൊണ്ട് രാജാവെന്നെ ശങ്കിക്കുന്നുണ്ടെന്ന് ഈയാഹ്വാനം വ്യക്തമാക്കുന്നു.

എല്ലാ തരത്തിലും ദേവതകൾ മംഗളം വരുത്തട്ടെ!

ശോധ: ആര്യാ, ഇതിലേയിതിലേ. ആര്യനീ കോടതിമുറിയിൽ പ്രവേശിച്ചാലും.

ചാരു: (പ്രവേശിച്ച് ചുററും നോക്കീട്ട്) അഹോ! കോടതിയുടെ ഒരുൽക്കൃഷ്ടശ്രേയസ്സ്! ഇവിടെയാകട്ടെ.

ചിന്താസക്തനിമഗ്നമന്ത്രി സലിലം[1]
ദൂതോർമ്മി ശംഖങ്ങളും[2]
ചുററും നില്പോരു ചാരനക്രമകരം
നാഗാശ്വഹിംസ്രാശ്രയം[3]
നാനാവാശക[4] കങ്കപക്ഷി[5] നിചിതം[6]
കായസ്ഥസർപ്പങ്ങളും
നീതിക്ഷുണ്ണതടം[7] നൃപാലകരണം[8]
ഹിംസ്രങ്ങളാലർണ്ണവം[9]! 14

ആകട്ടെ (പ്രവേശിക്കവേ തലമുട്ടിയതായി നടിച്ച് ശങ്കയോടെ) അഹഹ! ഇതാ മറെറാന്നുകൂടി!

സ്പന്ദിക്കുന്നെൻ വാമനേത്രം ക്രാവീടുന്നിതു കാക്കയും
സർപ്പമോ വഴിരോധിച്ചു സ്വസ്തിനല്ലട്ടെ ദേവകൾ! 15

എന്നാൽ ഞാനകത്തു കടക്കട്ടെ (കടക്കുന്നു)

ന്യായാ: ഇതാണാ ചാരുദത്തൻ.

നാസോന്നതം മുഖ, മപാംഗവിശാലചക്ഷു,-
സ്സാവില്ലിതിന്നു ഹാ[10]ദൂഷണ പാത്രമാവാൻ
ഗോവശ്വമാനയിതുകൾക്ക,തുപോൽ നരന്നു-
മുണ്ടാകയില്ലനനുരൂപതയാർന്ന വൃത്തം[11] 16

---

1. കാര്യാലോചനയിൽ ആസക്തരും നിമഗ്നരുമായ മന്ത്രിമാരാകുന്ന ജലം. 2. ദൂതന്മാരാകുന്ന തിരകളും ശംഖുകളും. 3. ക്രൂരതസ്ഥാവാസമായ ആനകുതിരകൾ—കററവാളികളെ ചവിട്ടിക്കൊല്ലാനുള്ള ആനകൾ; ത്വരിത സന്ദേശഹരണത്തിനുള്ള കുതിരകൾ, എന്നിവയോടുകൂടിയ ചാരന്മാരാകുന്ന നക്രമകരങ്ങൾ 4. ഒച്ചവെക്കുന്നവർ-ആളുകളെ വ്യവഹാരത്തിനു പ്രേരിപ്പിക്കുന്ന വ്യവഹാര കാര്യസ്ഥന്മാർ മുതലായവർ. 5. കഴുകൻ. 6. വ്യാപ്തം. 7. നദികളാൽ സമുദ്രതീരമെന്നപോലെ നീതികളാൽ മുറിക്കപ്പെട്ട തീരത്തോടുകൂടിയ. 8. രാജകീയ കോടതി. 9. സമുദ്രതുല്യം പ്രവേശിക്കാൻ ക്ലേശമുള്ളതു്.

10. ബലാൽക്കാരമായ. 11. ആകൃതിക്കു് വിരുദ്ധമായ സ്വഭാവം.

ചാരു: ന്യായാധിപരേ മംഗളം! ഹേ, നിയുക്തന്മാരേ! നിങ്ങൾക്കു കുശലമല്ലേ?

ന്യായാ: (സംഭ്രമത്തോടെ) ആര്യന്നു സ്വാഗതം! ഭദ്ര, ശോധനക. ആര്യനിരിപ്പിടം കൊണ്ടുവരൂ.

ശോധ: (ഇരിപ്പിടം കൊണ്ടുവന്നിട്ട്) ഇതാ ഇരിപ്പിടം ആര്യനിരുന്നാലും.

(ചാരുദത്തനിരിക്കുന്നു)

ശകാ: (ക്രോധത്തോടെ) നീ വന്നെത്തി! എടാ ശ്ത്രീഘാതകാ, നീ വന്നെത്തി, അല്ലേ! ഹോ! വ്യവഹാരത്തിന്നെന്തൊരുന്യായം! എന്തൊരു ധമ്മം! ഒരു ശ്ത്രീഘാതകനിരിപ്പിടം നല്കുക! (ഗർവ്വത്തോടെ) ആട്ടെ, കാണിച്ചുതരാം!

ന്യായാ: ആര്യ ചാരുദത്താ. ഭവാന് ഈയാര്യയുടെ മകളുമായി പ്രസക്തിയോ, പ്രണയമോ, പ്രീതിയോ ഉണ്ടോ?

ചാരു: ആരുടെ?

ന്യായാ: ഇവരുടെ (വസന്തസേനാമാതാവിനെ ചൂണ്ടിക്കാണിക്കുന്നു.)

ചാരു: (എഴുനേററ്) ആര്യേ, ഞാനഭിവാദ്യം ചെയ്യുന്നു.

വൃദ്ധ: മകനേ, നീ ദീർഘായുഷ്മാനായിരിക്കുക! (സ്വഗതം) ഇതാണാ ചാരുദത്തൻ! എൻെറ മകൾ സ്വന്തം യൗവനം ഉത്തമസ്ഥാനത്തുതന്നെയാണല്ലോ നിക്ഷേപിച്ചിരിക്കുന്നതു്!

ന്യായാ: ആര്യാ, ആ ഗണിക താങ്കളുടെ മിത്രമാണോ?

(ചാരുദത്തൻ ലജ്ജിക്കുന്നു.)

ശകാ:

ധനത്തിന്നുവേണ്ടി ശ്വയംകൊന്നു, പിന്നി—
ജ്ജനം ലജ്ജയാലോ പെരുംപേടിയാലോ
നിനക്കുന്നു കൃത്യം മറച്ചേപ്പിടിക്കാ—
നിനിബ്ഭ്രപ്പനെല്ലാം വെളിച്ചത്തിലാക്കും? 17

ശ്രേ-കാ: ആര്യ ചാരുദത്താ പറയൂ, ലജ്ജിക്കേണ്ടതില്ല. ഇതു് വ്യവഹാരമാണല്ലോ.

ചാരു: (ലജ്ജയോടെ) ഹേ അധികൃതന്മാരേ, ഞാനെങ്ങനെയാണിത്തരമൊന്നു് പറയേണ്ടതു്, ഒരു ഗണിക എൻെറ മിത്രമാണെന്നു്. അഥവാ എൻെറ സ്വഭാവമല്ല, എൻെറ യൗവനമാണിവിടെ അപരാധം ചെയ്യുന്നതു്.

---

1. ബ്രാഹ്മണേതര സാങ്കേതികോപദേഷ്ടാക്കൾ (ശ്രേഷ്ഠികായസ്ഥന്മാർ.)

ന്യായാ:

വ്യവഹാരം വിഘ്നമാകും; ലജ്ജമുററുമകററുക.
ചൊല്ലു സത്യം സധൈര്യം നീ_ഛലമിങ്ങൊട്ടുമേററിടാ. 18

ലജ്ജിക്കേണ്ട, വ്യവഹാരമാണ് നിങ്ങളോട് ചോദിക്കുന്നതു്.

ചാരു: അധികൃതരേ, ആരുമായാണെൻെറ വ്യവഹാരം?

ശകാ: (സഗർവ്വം) എടാ, ഞാനുമായാണ് വ്യവഹാരം!

ചാരു: താനുമായെനിക്ക് വ്യവഹാരമോ! പരമദുസ്സഹംതന്നെ.

ശകാ: എടാ, ശ്ത്രീഘാതകാ! നീയവളെ, അത്തരത്തിലുള്ളവളെ രതാശതഭ്രുശണയായ വശന്തശേനയെക്കൊന്നിട്ട് ഇപ്പോഠം കള്ള ക്കാപടികനായിത്തീർന്നിട്ട് ഒളിച്ചുവെയ്ക്കുന്നോ!

ചാരു: അസംബന്ധമാണല്ലോ താൻ പറയുന്നതു്.

ന്യായാ: ആര്യചാരുദത്താ, അയാളെ വിടൂ. നേരുപറയൂ. ആ ഗണിക താങ്കളുടെ മിത്രമാണോ?

ചാരു: അങ്ങനെതന്നെ,

ന്യായാ: ആര്യാ, വസന്തസേന ഇപ്പോളെവിടെയാണ്?

ചാരു: വീട്ടിൽപോയി.

ശ്രേ-കാ: എങ്ങനെപോയി? എപ്പോഠംപോയി? പോയെങ്കിൽ ആരോടൊത്തുപോയി?

ചാരു: (സ്വഗതം) എന്തു്! പ്രച്ഛന്നയായി പോയെന്നു് പറയാമോ?

ശ്രേ-കാ: ആര്യൻ പറയൂ!

ചാരു: വീട്ടിൽപോയി. മറെറന്തു പറയാൻ!

ശകാ: എൻെറ പ്രാശീന പുശ്പകരണ്ഡഃകാദ്യാനത്തിൽ ധെന്ന ധനത്തിനുവേണ്ടി ബാഹുപാശബലാല്ക്കാരത്താൽകൊന്നു! എന്നി ട്ടിപ്പോഠം താൻ പറയുന്നു_ വീട്ടിൽപോയെന്നു്?

ചാരു: ഛീ. അസംബന്ധം പുലമ്പുന്നവനെ!

കാർകൊണ്ടലിൻ സലിലമേററു, നഭസ്ഥലത്തിൽ-
ച്ചാഷാഗ്രപക്ഷ സദൃശം നനയാത്തവൻ നീ*
ചൊല്ലുന്നവാക്കിതനൃതം, ഭവദാസ്യമിന്നു
ഹേമന്തപത്മസദൃശം പ്രഭയററിരിപ്പൂ! 19

* മൂലത്തിലാശയം വ്യക്തമല്ല—മഴനനഞ്ഞില്ല. പക്ഷേ അസത്യ ഭാഷണത്താൽ മുഖം വിയക്കുന്നുവെന്നോ, കാട്ടുകാക്ക (ചാഷ) പ ക്ഷാഗ്രം നനഞ്ഞാൽ കറുക്കും, പക്ഷേ നിൻെറ മുഖം നനയാതെത ന്നെ കറുത്തിരിക്കുന്നുവെന്നോ അത്ഥമാക്കണം.

ന്യായാ: (സ്വകാര്യം)

ഹിമാലയത്തിൻ തുലനം നീന്തിസ്സാഗരലംഘനം
കാററിനെക്കെട്ട-ലീവണ്ണം ചാരുദത്തന്നു ദൂഷണം. 20

(പ്രകാശം) ഇദ്ദേഹം ആര്യ ചാരുദത്തനാണ്. എങ്ങനെ ഈ ദുഷ്കൃത്യം ചെയ്യും? ('നാസോന്നതം മുഖം......ഇത്യാദി ചൊല്ലുന്നു)

ശകാ: എന്ത്! പക്ഷപാതത്തോടെ വ്യവഹാരത്തെ വീക്ഷിക്കുകയോ!

ന്യായാ: പോടോ വിഡ്ഢി!

നീചൻ നീ വേദമോതുമ്പൊഴതില്ലമിഹ നിൻ-
നാവറുന്നീല; കൺകറം-
കച്ചസ്സൂര്യേക്ഷണത്താലുടനെയണവതി-
ല്ലൊട്ടുമേയന്ധഭാവം!
കത്തുന്നഗ്നിക്കമേൽ നിൻകരതലമതുനീ-
ട്ടീടിലും ചുട്ടിടുന്നീ;-
ലാഴ്ത്തുന്നീലൂഴിനിന്നെ,സ്സുചരിതചരിതം
ദുഷ്ടമാക്കുന്നപോതും! 21

ആര്യചാരുദത്തനെങ്ങനെയാണ് ദുഷ്കൃത്യം ചെയ്യുക?

രത്നാദിവിട്ടുദകമാത്ര സമുദ്രതുല്യ-
മന്യം ധനങ്ങളെയൊഴിച്ചു[1] മരും മഹാത്മാ
ശ്രേയസ്സിനാകരമതാമവനെവ്വിധത്തിൽ-
സ്സമ്പത്തിനാ,യധമനൊത്തിഹ ചെയ്വു പാപം? 22

ശകാ: എന്ത്? പക്ഷപാതത്തോടെയാണോ വ്യവഹാരത്തെ വീക്ഷിക്കുന്നത്?

വൃദ്ധ: നശിച്ചവനേ! അന്ന്, സൂക്ഷിക്കാനേല്പിച്ച സ്വർണ്ണപണ്ടം രാത്രിയിൽ കള്ളനപഹരിച്ചതുകൊണ്ട് ചതുസ്സമുദ്രസാരമായ രത്നമാല പകരം നൽകിയ ആൾ, ഇപ്പോൾ ധനത്തിനുവേണ്ടി ഈ ദുഷ്കൃത്യം ചെയ്യുമോ? ഹാ, മകളേ! എൻറടുത്തേക്ക് വരൂ മകളേ! (കരയുന്നു)

ന്യായാ: ആര്യ ചാരുദത്താ, അവൾ നടന്നാണോ പോയത്, അതോ വാഹനത്തിലോ?

ചാരു: അവൾ പോകുന്നത് ഞാൻ കണ്ടിട്ടില്ല. അതുകൊണ്ടെനിക്കറിഞ്ഞുകൂടാ നടന്നാണോ വാഹനത്തിലാണോ പോയതെന്ന്.

വീരകൻ: (പ്രവേശിച്ചു അമർഷത്തോടെ)

ചവിട്ടിയിട്ടിട്ടപമാനമേൽപി-
ച്ചേററംവിരോധം കരളിൽ നിറച്ചാൻ

---

1. ദാനം മുതലായവയാൽ.

ശോചിച്ചോരീഞാനിരവെങ്ങിനേയോ
പോക്കി, പ്രഭാതത്തെയണഞ്ഞുവല്ലോ. 23

അതുകൊണ്ട് ഞാനിനി കോടതിയിൽ ചെല്ലട്ടെ-

—(ചെന്നിട്ട്) ആര്യമിശ്രന്മാർക്ക് സുഖമല്ലേ?

ന്യായാ: അല്ലാ, നഗരരക്ഷാധികാരി, വീരകൻ! വീരകാ എന്തിനാ വന്നേ?

വീര: അഹോ! ബന്ധനംതകർത്തു രക്ഷപ്പെട്ടു!- എന്നുകേട്ട് സംഭ്രമത്തോടെ, ആര്യകനെ അന്വേഷിച്ചുകൊണ്ടിരിക്കെ, മൂടിക്കെട്ടിയ ഒരു വാഹനം പോകുന്നെന്ന് തോന്നീട്ട് പരിശോധിക്കാൻ തുടങ്ങവേ, 'എടാ ഞാൻ പരിശോധിച്ചത് താൻ പരിശോധിക്കുമോ!' എന്നും പറഞ്ഞ് ചന്ദനകമഹാനവർകൾ എന്നെ കാല്കൊണ്ട് ചവിട്ടിയിട്ടു! ഇക്കാര്യംകേട്ട് ആര്യമിശ്രന്മാർ തീർപ്പ് കൽപിക്കണം.

ന്യായാ: ഭദ്ര, അറിയുമോ ആരുടെ വാഹനമായിരുന്നു അതെന്ന്?

വീര: ആര്യചാരുദത്തൻെറ. വസന്തസേനയേയും കയററി പ്രാചീനപുഷ്പകരണ്ഡകോദ്യാനത്തിൽ കൊണ്ടുപോകയാണെന്ന് വണ്ടിക്കാരൻ പറഞ്ഞു.

ശകാ: ആര്യന്മാർ വീണ്ടും കേട്ടല്ലോ?!

ന്യായാ:

കഷ്ടമിത്തുനിലാച്ചന്ദ്രൻ രാഹുവാൽ ഗ്രസ്തനാകയാം
കൂലം വീണുകലങ്ങുന്നു തെളിഞ്ഞജലമാകവേ! 24

വീരകാ, താങ്കളുടെ ന്യായം പിന്നീട് നോക്കാം. അതിനുമുമ്പ്, കോടതിവാതുക്കൽ കുതിരനിൽപുണ്ട്, അതിലുയറി പുഷ്പകരണ്ഡകോദ്യാനത്തിൽച്ചെന്ന് അവിടെ ഏതെങ്കിലും സ്ത്രീ മരിച്ചുകിടപ്പുണ്ടോ ഇല്ലയോ എന്ന് നോക്കീട്ടുവരൂ.

വീരകൻ: ആര്യൻ കല്പിക്കുംപോലെ. (പോയി-തിരിച്ചുവന്നിട്ട്) ഞാനവിടെച്ചെന്നു. ഒരു സ്ത്രീശരീരം മൃഗങ്ങൾ കടിച്ചുവലിക്കുന്നതായി കാണുകയും ചെയ്തു.

ശ്രേ-കാ: അതു് സ്ത്രീശരീരമാണെന്നെങ്ങനെയറിഞ്ഞു?

വീര: തലമുടി, ഉള്ളംകൈ, കൈകാലുകൾ എന്നീ അവശിഷ്ടങ്ങളിൽനിന്നു് ഞാനൂഹിച്ചു.

ന്യായാ: അഹോ, കഷ്ടം! ലോകവ്യവഹാരത്തിൻെറ ഒരു വൈഷമ്യം!

എത്രത്തോളം നിപുണതയൊടേ ചിന്തചെയ്യുന്നുവോഞാ-
നത്രത്തോളം വഴിയിതിരുളാണ്ടല്ലയോ കണ്ടിടുന്നു

എത്രസ്പഷ്ടം തെളിവുകളഹോ; മന്മനംക്ലേശമേല്ക്കു-
ന്നെത്രയ്ക്കമ്പോ! ചെളിയിലുഴലും ഗോവിനെ
പ്പോലെയിപ്പോഠം. 25

ചാരു: (സ്വഗതം)
മലരൊട്ടുവിടർന്നിടുമ്പൊഴേയ്ക്കും
മധുവുണ്ണാൻ മധുപങ്ങളെത്തിവീഴും
മനുജൻെറ വിപത്തിലിത്തരത്തിൽ
മതിയാംവോളമനർത്ഥമെത്തിടുന്നു.* 26

ന്യായ: ആര്യചാരുദത്താ സത്യം പറയൂ.

ചാരു:
ദുഷ്ടാശയൻ പരഗുണത്തിലസൂയയാർന്നോൻ
രാഗാന്ധനായ് ഹനനചിന്തയൊടിങ്ങസത്യം
ദോഷസ്വഭാവമതിനാൽപ്പറയുന്നതൊക്കെ-
സ്വീകാര്യമോ? ബഹുവിചാരണവേണ്ടയെന്നോ? 27

മാത്രമല്ല,
പൂച്ചൂടിടുന്ന ലതയെക്കനിയിച്ചുപുഷ്പം—
പൊട്ടിച്ചീടുന്നതിനുപോലുമൊരുങ്ങിടാ ഞാൻ
പിന്നെവ്വിധത്തിലലിവറ്റ സുദീർഘകേശ—
പാശംപിടിച്ചു, കരയുംവധുവെത്തുലയ്പ്പേൻ? 28

ശകാ: ഹേ, ന്യായാധിപന്മാരേ, നിങ്ങഠംപക്ഷപാതത്തോടെയാണോ വ്യവഹാരം നടത്തുന്നതു്? എന്തെന്നാൽ ഇപ്പോഴുമീ നശിച്ച ശാരുദത്തൻ ഇരിപ്പിടത്തിലമരുന്നു!

ന്യായാ: ഭദ്ര, ശോധനകാ അയാഠം പറയുംപടി ചെയ്യൂ. (ശോധനകനപ്രകാരം ചെയ്യുന്നു.)

ചാരു: വിചാരണചെയ്താലും, ഹേ അധികൃതരേ, വിചാരണചെയ്താലും! (ഇരിപ്പിടത്തിൽനിന്നെഴുന്നേറ്റു് നിലത്തിരിക്കുന്നു.)

ശകാ: (സ്വഗതം-സന്തോഷത്തോടെ നൃത്തംചെയ്തുകൊണ്ടു്) ഹി! ഇതുകൊണ്ടു് ഞാൻചെയ്ത പാപം മറെറാരുത്തൻെറ തലയിൽ വീണിരിക്കുന്നു. അതുകൊണ്ടു് എവിടെ ശാരുദത്തനിരുന്നോ അവിടെ ഞാനിരിക്കട്ടെ. (അങ്ങനെ ചെയ്തിട്ടു്) ശാരുദത്താ നോക്കു്, എന്നെ നോക്കു്, എന്നിട്ടു് പറ, ഞാൻ കൊന്നു-എന്നു്.

ചാരു: ഹേ അധികൃതരേ! ('ദുഷ്ടാശയൻ...' എന്ന പൂർവ്വോക്തമാവർത്തിക്കുന്നു. നിശ്വാസത്തോടെ സ്വഗതം)

---

* ഉപമയിലനുചിതത്വം?

മൈത്രേയ, മേ മരണമിന്നണയു:-ന്നിതെന്തു്?
ഹാ, വല്ലഭേ[1] വിമലവിപ്രകുലപ്രസൂതേ!
ഹാ, രോഹസേന, സുത, കാണ്മവതില്ല നീയെ—
ന്നാപത്തു, നിത്യസുഖവാഴ്വു നിനക്കപാഴിൽ! 29

മൈത്രേയനെ ഞാൻ കുഞ്ഞിൻെറ വിവരമന്വേഷിക്കാനും വസന്തസേനയുടെയടുത്തുചെന്നു്, അവളവനു്വണ്ടിയുണ്ടാക്കാൻവേണ്ടി നല്കിയ ആഭരണങ്ങൾ തിരിച്ചു നൽകാനുമായി അയച്ചിരിക്കയാണ്. എന്നാലയാളെന്തേ വരാൻ വൈകിക്കുന്നതു്?

(അനന്തരം ആഭരണവുമായി വിദൂഷകൻ പ്രവേശിക്കുന്നു.)

വിദൂഷകൻ: 'വത്സലനായ രോഹസേനനെ വസന്തസേന സ്വന്തം ആഭരണങ്ങളണിയിച്ചു് അവൻറമ്മയുടെയരികിലേക്കയച്ചിരുന്നു. അവൾക്കാഭരണങ്ങൾ നൽകാവുന്നതാണ്. പക്ഷേ നമുക്കു് സ്വീകരിച്ചുകടാ, അതുകൊണ്ടു് അവ തിരിച്ചേൽക്കുക'— എന്നും പറഞ്ഞു് ആര്യ ചാരുദത്തനെന്നെ ആഭരണങ്ങളുമായി വസന്തസേനേടെ അടുത്തേക്കയച്ചിരിക്കയാണ്. അതിനാൽ ഞാൻ വസന്തസേനയുടെ അടുത്തേക്കുതന്നെ പോകട്ടെ. (ചുററി നടന്നു്, നോക്കീട്ടു്, ആകാശത്തിൽ) ആരു്? സുഹൃത്തു് രേഭിലനോ! ഹേ, മാന്യ രേഭിലാ, താങ്കളെന്താണ് വല്ലാതെ ദുഃഖിതനെപ്പോലിരിക്കുന്നതു്? (കേട്ടിട്ടു്) എന്താ പറയുന്നതു്? പ്രിയസുഹൃത്തു് ചാരുദത്തനെ കോടതിയിലേക്കു് വിളിച്ചിട്ടുണ്ടെന്നോ? എങ്കിലതു് ചെറിയ കാര്യമായിരിക്കാനിടയില്ല. (ചിന്തിച്ചിട്ടു്) എന്നാൽ വസന്തസേനയുടെ അടുത്തേക്കു് പിന്നീടു് പോകാം. ഇപ്പോൾ നേരെ കോടതിയിൽ ചെല്ലട്ടെ. (ചുററി നടന്നു് കണ്ടിട്ടു്) ഇതാ കോടതിമുറി. അതുകൊണ്ടു് ഞാനുടനെ അകത്തു് പ്രവേശിക്കട്ടെ —

—(പ്രവേശിച്ചു്) ന്യായാധിപന്മാക്കു് സുഖംവരട്ടെ! എവിടെയാണെൻെറ പ്രിയസുഹൃത്തു്?

ന്യായാ: ഇതായിരിക്കുന്നു!

വിദൂ: സുഹൃത്തേ താങ്കൾക്കു സ്വസ്തി!

ചാരു: ഉണ്ടാവട്ടെ

വിദൂ: താങ്കൾക്കു ക്ഷേമംതന്നെയല്ലേ?

ചാരു: അതുമുണ്ടാവട്ടെ!

---

1. ധൂത. അങ്ങനെയുള്ളവളുടെ ഭർത്താവിനു് ഈ സ്ഥിതി അനുചിതം

**വിദൂ:** ഹേ, സുഹൃത്തേ, എന്താണിങ്ങനെ വല്ലാതെ ദുഃഖിതനെപ്പോലിരിക്കുന്നതു്? താങ്കളെ എന്തിനാണിവിടെ വിളിച്ചുവരുത്തിയതു്?

**ചാരു:** തോഴരേ,

നൃശംസൻ[1] പരലോകത്തെയറിഞ്ഞീടാത്ത ഞാൻ!...അയേ,
സ്ത്രീയെ..യല്ലെങ്കിൽരതിയെത്തന്നെ..പിന്നിവനോ[2]തിട്ടം! 30

**വിദൂ:** എന്താണെന്താണ്?

**ചാരു;** (ചെവിയിൽ)-ഇങ്ങനെ, ഇങ്ങനെയാണ്.

**വിദൂ:** ആരാണിങ്ങനെ പറയുന്നതു്

**ചാരു:** ശകാരനെ ചൂണ്ടിക്കാണിക്കുന്നു.) ഈ പാവത്തെ കാരണക്കാരനാക്കി കൃതാന്തനെന്നോടിങ്ങനെ പറയുന്നു!

**വിദൂ:** (സ്വകാര്യം) അവരം വീട്ടിൽപോയെന്നു് താങ്കളെന്തേ പറയാത്തതു്?

**ചാരു:** പറഞ്ഞെങ്കിലും എന്റെ സ്ഥിതിദോഷം[3] കൊണ്ടു് സ്വീകാര്യമാകുന്നില്ല.

**വിദൂ:** അല്ലയോ ആര്യന്മാരേ! വിഹാരം, ഉദ്യാനം, ദേവാലയം, തടാകം. കൂപം, യൂപം മുതലായവകൊണ്ടു് ഈയുജ്ജയിനീനഗരത്തെ അലങ്കരിച്ച ഇദ്ദേഹം ഇപ്പോരം ദരിദ്രനാണെങ്കിലും ധനത്തിനവേണ്ടി ഇത്തരം ദുഷ്കൃത്യം ചെയ്യുമോ? (കോപത്തോടെ) എടാ, ടാ, കഴവേറി മോനേ, രാജസ്യാല സംസ്ഥാനക, താന്തോന്നി, മററുള്ളവരിൽ കുററം ചാത്തുന്ന മുട്ടാളാ, മെയ്യാകെ പൊന്നുചാത്തിയ കൊരങ്ങച്ച, പറ, എന്റെ മുമ്പിൽവെച്ചു് പറ! പിടിച്ചു താഴ്ത്തുമ്പോരം തളിരുമുറിഞ്ഞുപോകുമെന്നു് ഭയന്നു്, പൂവിറുക്കാൻവേണ്ടി, പൂത്തുനില്ക്കുന്ന ഒരു വള്ളിയെപ്പോലും വളയ്ക്കാത്ത എന്റെയീപ്രിയ മിത്രം ഉഭയലോകവിരുദ്ധമായ ഈ ദുഷ്കൃത്യമെങ്ങനെ ചെയ്യും? നില്ക്കു്! എടാ കുത്തച്ചിമോനേ...നില്ക്കു്! നിന്റെ ഹൃദയംപോലെ കുടിലമായ ഈ മുട്ടം വടികൊണ്ടു് നിന്റെ തലമണ്ട ഞാൻ നൂറു കഷ്ണമാക്കും!

**ശകാ:** (കോപത്തോടെ) കേരംക്കുന്നുണ്ടോ, ആര്യ മിശ്രന്മാരേ, കേരംക്കുന്നുണ്ടോ! ശാരുദത്തനുമായാണെന്റെ വിവാദം. അഥവാ വ്യവഹാരം. പിന്നെന്തിനീ കാക്കക്കാൽത്തലയൻ എന്റെ തലമണ്ട നൂറു കശനമാക്കുന്നതു്? ഒക്കുമോടാ നിനക്കതു്? എടാ തേവിടിശ്ശിമോനേ ദുശ്ററബഡുകാ! (വിദൂഷകൻ വടിയുംപൊക്കി മുൻപറഞ്ഞതാവത്തിക്കുന്നു. ശകാരൻ കോപത്തോടെ എഴുന്നേററ്

---

1. ക്രൂരൻ, മനുഷ്യനെ കൊല്ലുന്ന സ്വഭാവമുള്ളവൻ. 2. ശകാരൻ. 3. ദാരിദ്ര്യസ്ഥിതി.

അയാളെ അടിക്കുന്നു. വിദൂഷകൻ തിരിച്ചടിക്കുന്നു. അന്യോന്യമടിക്കവേ വിദൂഷകന്റെ കക്ഷത്തിൽനിന്നു് ആഭരണങ്ങൾ വീഴുന്നു.)

ശകാ: (അവയെടുത്തുനോക്കി, ഭയം നടിച്ച്) നോക്കൂ, ആര്യന്മാരേ നോക്കൂ. ആ പാവത്തിന്റെ ആഭരണങ്ങൾ തന്നെയാണിവ. (ചാരുദത്തനെ ഉദ്ദേശിച്ച്) ഈയാഭരണങ്ങൾക്കുവേണ്ടിയാണവളെ കഴുത്തു ഞെരിച്ചതും കൊന്നതും!

അധികൃതരെല്ലാവരും അധോമുഖരാവുന്നു.)

ചാരു: (സ്വകാര്യം)

ഇത്തരം സമയത്തല്ലോ വീണൊരിബ്ഭൂഷണങ്ങളെ
കണ്ടു, തെൻഭാഗ്യദോഷത്താ;-ലെന്നെ വീഴ്ത്തീടുമിന്നിവ! 31

വിദൂ: ഹേ താങ്കൾ പരമാർത്ഥം പറയാത്തതെന്തുകൊണ്ടാണ്?

ചാരു: സുഹൃത്തേ,

ദുർബലം നൃപചക്ഷു[1], സ്ഥിതത്വം[2] കാണ്മതുമില്ലതു്
പറകിൽക്കേവലം ദൈന്യ;-മശ്ലാഘ്യം മൃതിയുംവരും[3] 32

ന്യായാ: ഹാ, കഷ്ടം, കഷ്ടം!

അംഗാരകൻ[4] വിരോധിക്കും ക്ഷീണവ്യാഴ[5]ന്നടുക്കലായ്
ഗ്രഹമൊന്നന്യ[6]മെത്തീ, ഹാ ധൂമകേതു കണക്കിനേ! 33

ശ്രേ-കാ: (നോക്കിയ ശേഷം വസന്തസേനാ മാതാവിനോട്) ആര്യേ, ഈ സ്വർണ്ണപ്പണ്ടം സൂക്ഷ്മമായി പരിശോധിച്ചിട്ടു, പറയൂ, ഇതതുതന്നെയാണോ അല്ലയോ എന്നു്.

വൃദ്ധ: [നോക്കീട്ട്] ഇതതുപോലിരിക്കുന്നു. എന്നാൽ-അതല്ല.

ശകാ: അതേ, തേവിടിശ്ശിക്കിളവീ, നാവു് അതു പറയുന്നില്ലെങ്കിലും കണ്ണുകളതു് വ്യക്തമാക്കുന്നു!

വൃദ്ധ: നീ പോ! നശിച്ചവനെ!

ശ്രേ-കാ: തെററു പററാതെ പറയൂ, ഇതു് അതുതന്നെയോ അല്ലയോ എന്നു്.

---

1. കോടതിമുതലായവയുടെ രൂപത്തിലുള്ളതു്. 2. വാസ്തവസ്ഥിതി. 3. പറഞ്ഞാൽ വെറുമപമാനം മാത്രം, നിന്ദ്യമായ മരണവുമുണ്ടാകും-വസന്തസേന ജീവിച്ചിരിപ്പില്ലാതിരിക്കെ, കാര്യം നേടാൻ കണ്ടുപിടിച്ച കള്ളമാണെന്നേ വിചാരിക്കൂ. 4. ചൊവ്വഗ്രഹം (ശകാരൻ) 5. ബ്രാഹ്മണവർഗത്തിൽപ്പെട്ട ഒരു സൗമ്യഗ്രഹം. (ചാരുദത്തൻ) 6. വിദൂഷകന്റെ വരവു്-ആഭരണങ്ങൾ വീണ സംഭവം. ചൊവ്വഗ്രഹം വ്യാഴത്തിന്റെ ശത്രുവാണെന്ന മതം വരാഹമിഹിരനു മുമ്പുള്ള പഴയ ജ്യോതിശാസ്ത്രജ്ഞന്മാരുടേതത്രേ.

വൃദ്ധ: ആര്യാ, പണിത്തരത്തിൻെറ കേമത്തംകൊണ്ടു് ഇതെൻെറ കണ്ണുകളെ മോഹിപ്പിക്കുന്നു. എന്നാൽ, ഇതതല്ല.

ന്യായാ: ഭദ്രേ, ആഭരണങ്ങരം തിരിച്ചറിയാമോ?

വൃദ്ധ: അറിഞ്ഞുകൂടാ, അറിഞ്ഞുകൂടാ എന്നു ഞാൻ പറഞ്ഞല്ലോ! അഥവാ ഇതൊരുപക്ഷേ അതേ പണിക്കാരനുണ്ടാക്കിയതാവാം.

ന്യായാ: ശ്രേഷ്ഠിൻ, നോക്കൂ.

രൂപത്തിലാഭരണഭംഗിയിലും കൃതത്താൽ[1]
വ്യത്യസ്തവസ്തു, നിയതം സദൃശങ്ങളാവാം
ശില്പിവ്രജം, ക്രിയകരംക,ണ്ടതുപോലെ ചെയ്‌വൂ
കാണാമവറ്റു കൃതഹസ്തത[2] കൊണ്ടു സാമ്യം. 34

ശ്രേ-കാ: എന്നാൽ ആര്യചാരുദത്തൻേറതാണിവ.

ചാരു: അല്ല. അല്ലേയല്ല.

ശ്രേ-കാ: എന്നാൽപ്പിന്നാരുടെ?

ചാരു: ഈയാര്യയുടെ മകളുടെ.

ശ്രേ-കാ: എങ്ങനെയാണിവ അവളെ വേർപെട്ടുപോയതു്?

ചാരു: ഇങ്ങനെ-പോയി. ഹാ! ഇതു്-

ശ്രേ-കാ: ആര്യചാരുദത്താ, ഇക്കാര്യത്തിൽ സത്യം പറയണം. നോക്കു നോക്കു,

സത്യത്തിനാലുണ്ടു് സുഖാപ്തിന്തനം
സത്യോക്തിയാൽപ്പാതകവും ഭവിക്കാ
സത്യം-ദ്വയം താനിതിലക്ഷരം[3] നീ
സത്യം മറയ്ക്കായ്ക നൃതത്തിനാലേ! 35

ചാരു: ആഭരണത്തെ സംബന്ധിച്ച ഈ കോലാഹലമൊന്നുമെനിക്കറിഞ്ഞുകൂടാ. ഒന്നുമാത്രമറിയാം. ഇവയിപ്പോരം എൻെറ വീട്ടിൽനിന്നു്[4] കൊണ്ടുവരുന്നതാണ്.

ശകാ: ആദ്യം നീ ഉദ്യാനത്തിൽച്ചെന്നു് അവളെക്കൊന്നു. എന്നിട്ടിപ്പോരം കള്ളക്കാപട്യത്താലതൊളിപ്പിക്കുന്നു!

ന്യായാ: ആര്യചാരുദത്താ സത്യം പറയൂ, എന്തെന്നാൽ

ഇപ്പൊഴിസ്സുകുമാരം നിന്നുടലിൽശ്ശങ്കയെന്നിയേ
കക്കശംചാട്ട വാർവീഴും; ഞങ്ങരംതന്നാഗ്രഹങ്ങളും[5] 36

---

1. കലാപ്രവർത്തനത്താൽ. 2. കരകൗശലം. 3. സത്യം എന്നു രണ്ടേ അക്ഷരമുള്ളു. പക്ഷേ അതു് ക്ഷരം (നാശം) ഇല്ലാത്തതാണ്. അതിനെ മൂന്നക്ഷരമുള്ള അനൃതംകൊണ്ടു് മൂടരുതു്.

4. ഉദ്യാനത്തിൽ നിന്നല്ല. 5. നിരപരാധിയാക്കാനുള്ള ആഗ്രഹങ്ങരം വീണടിയും.

ചാരു:

പാപം ചെയ്യുവനല്ലാ ഞാ, നപാപരുടെവംശജൻ
പാപമേൽപിച്ചിട്ടന്നെങ്കിലപാപിതാമിതെന്തിനായ്? 37

(സ്വഗതം) വസന്തസേന വേർപെട്ടിരിക്കുന്ന എനിക്ക് ജീവിതം കൊണ്ടൊന്നും ചെയ്യാനുമില്ല, (പ്രകാശം) ഹേ, എന്തിനധികം?

നൃശംസനിരുലോകത്തെയറിഞ്ഞീടാത്ത ഞാനയേ
സ്ത്രീയെ-രത്നവിശേഷത്തെത്തന്നെ...പിന്നിവനോതിടും .38

ശകാ: കൊന്നു! എടാ നീയുംപറ, ഞാനവളെ കൊന്നുവെന്ന്!

ചാരു: താൻതന്നെ പറഞ്ഞല്ലോ!

ശകാ: കേട്ടല്ലോ ശ്വാമികളേ' കേട്ടല്ലോ! ഇയാളവളെ കൊന്നു. ഇയാാംതന്നെ നിങ്ങളുടെ ശംശയം തീർത്തിരിക്കുന്നു. അതു കൊണ്ട് ഈ ദരിദ്ര ശാരുദത്തന്ന് വധശിക്ശ വിധിക്കുക!

ന്യായാ: ശോധനക, രാജസ്യാലൻ പറഞ്ഞതുപോലെയാണ്. ഹേ രാജപുരുഷൻമാരേ, ഈ ചാരുദത്തനെ ബന്ധിക്കുക!

(രാജപുരുഷന്മാർ ബന്ധിക്കുന്നു)

വൃദ്ധ: പ്രസാദിക്കണേ! ആര്യമിശ്രന്മാർ പ്രസാദിക്കണേ! (അന്നു സൂക്ഷിക്കാനേൽപിച്ച സ്വർണ്ണപ്പണ്ടം രാത്രിയിൽ........' എന്നിങ്ങനെ പൂർവ്വോക്തമാവർത്തിക്കുന്നു) എൻെറ മകാ കൊല്ലപ്പെട്ടെങ്കിൽ അത് കഴിഞ്ഞല്ലോ. എന്നാൽ, എൻെറയീ ദീർഘായുഷ്മാൻ ജീവിക്കട്ടെ. മാത്രമല്ല വാദിയും പ്രതിയും തമ്മിലാണ് വ്യവഹാരം. ഞാനാണിവിടെ വാദി. അതുകൊണ്ട് അദ്ദേഹത്തെ വിടുക!

ശകാ: പോ! ഗർഭദാശീ, നീ പോ! അവനെക്കൊണ്ട് നിനക്കെന്തു കാര്യം?

ന്യായാ: ആര്യയ്ക്കുപോകാം. രാജപുരുഷന്മാരേ, ഇവരെ പുറത്തേയ്ക്കു കൊണ്ടുപോവിൻ.

വൃദ്ധ: എൻെറ കുഞ്ഞേ, ഹാ മകനേ! (കരഞ്ഞുകൊണ്ട് പോകുന്നു)

ശകാ: (സ്വഗതം) എനിക്കുയോജിച്ച തരത്തിൽ ഇയാാംക്കുവേണ്ടതു ഞാൻ ശെയ്തു. ഇനി ഞാൻ പോട്ടെ. (പോകുന്നു)

ന്യായാ: ആര്യചാരുദത്താ, ഞങ്ങാംക്ക് കാര്യനിർണ്ണയം ചെയ്യാനേ ബാദ്ധ്യതയുള്ളു. ശേഷം രാജാവാണ് ചെയ്യേണ്ടതു്. എന്നാലും, ശോധനകാ, പാലകരാജാവിനോടിങ്ങനെയറിയിക്കു-

ഇയ്യാാം പാതകിയാം; വിപ്രനവദ്ധ്യൻ: മനുചൊല്ലയാം[1]
അതിനാൽസ്സർവ്വവിഭവത്തോടും നാടുകടത്തണം. 39

---

1. ''നജാതു ബ്രാഹ്മണം ഹന്യാത്സർവ്വപാപേഷ്വപിസ്ഥിതം രാഷ്ട്രാദേനം ബഹി: കുര്യാത്സമഗ്രധനമക്ഷതം''—മനു.

ശോധ: ആര്യനാജ്ഞാപിക്കുംപോലെ (പോയി തിരിച്ചുവന്നു്, കണ്ണീരോടെ) ആര്യന്മാരെ, ഞാനവിടെച്ചെന്നു, പക്ഷേ പാലകരാജാവു പറയുന്നു: 'ധനത്തിനുവേണ്ടി വസന്തസേനയെക്കൊന്ന ആളെ അതേ ആഭരണങ്ങൾതന്നെ കഴുത്തിൽ ചാർത്തിച്ചു്, പെരുമ്പറയടിച്ചു് തെക്കേ ശ്മശാനത്തിലേക്കു് നയിക്കുകയും ശൂലത്തിൽ തറയ്ക്കുകയും ചെയ്യുക! ഈവിധം ദുഷ്കൃത്യം ചെയ്യുന്നവനാരായാലും നികൃഷ്ടമായ ഇത്തരം ശിക്ഷകൊണ്ടു് ശാസിക്കപ്പെടുന്നതാണു്!'

ചാരു: അഹോ എത്ര വിചാരമൂഢനായിട്ടാണു് പാലകരാജാവു് പ്രവർത്തിക്കുന്നതു്! അഥവാ

ഇത്തരം വ്യവഹാരത്തിൽ തീയിൽസ്സചിവരാഴ്ത്തവേ
ഭൂപന്മാർ ദീനദശയെ പ്രാപിക്കുന്നതു് യുക്തമാം. 40

മാത്രമല്ല

ഇത്തരം ശ്വേതകാകീയ[1] രാജശാസനദൂഷകർ
അപാപിയായിരംപേരെക്കൊല്ലുന്നു കൊന്നുമുന്നവും! 41

സുഹൃത്തേ മൈത്രേയാ, പോകൂ. എന്റെ വാക്കായി അമ്മയ്ക്കു് അന്ത്യാഭിവാദനമർപ്പിക്കൂ. എന്റെ മകൻ രോഹസേനനെ പരിപാലിക്കുകയും ചെയ്യൂ.

വിദൂ: വേര[2] റ്റുകഴിഞ്ഞാൽ പിന്നെങ്ങനെ മരത്തെപ്പരിപാലിക്കും?

ചാരു: അരുതു്, അങ്ങനെ പറയരുതു്.

ലോകാന്തരഗതന്മാർ തൻ പ്രതിമെയ്യാണു നന്ദനൻ:
എന്നോടുള്ള ഭവൽസ്നേഹം രോഹസേനനിലാക്കുക. 42

വിദൂ: സ്നേഹിതാ, എത്രയോകാലം ആത്മസുഹൃത്തായിക്കഴിഞ്ഞ എനിക്കു താങ്കളെപ്പിരിഞ്ഞു് ജീവൻ നിലനിർത്താനാവുമോ?

ചാരു: രോഹസേനനെ ഞാനൊന്നു് കണ്ടോട്ടെ?

വിദൂ: തീർച്ചയായും അതാവശ്യംതന്നെ.

ന്യായാ: ഭദ്ര, ശോധനക ഇയാളെ[3] കൊണ്ടുപോകൂ. (ശോധനകൻ അങ്ങനെ ചെയ്യുന്നു.)

---

1. വെള്ളക്കാക്കയുണ്ടെന്നു് സ്ഥാപിച്ചു് രാജഭരണത്തെ ദുഷിപ്പിക്കുന്നവർ (ന്യായാധിപന്മാർ അഥവാ ശകാരൻ) നിരപരാധികളായ സഹസ്രങ്ങളെ കൊല്ലുന്നു. ('വ്യവഹാര ദുഷ്ടത'_ഒന്നാമങ്കം.) നായ (ശ്വാ) മാൻ (ഏത) കാക്ക എന്നിവയുടെ ദാസ്യം, ഭയം, കൗശലം എന്നീ സ്വഭാവത്തോടുകൂടിയവർ എന്നും ചിലർ വ്യാഖ്യാനിക്കുന്നു.
2. പിതാവു് 3. വിദൂഷകനെ.

ന്യായാ: ആരു്? ഹേ, ആരവിടെ? ചണ്ഡാളന്മാർക്കു് കല്പന നൽകൂ!

(ചാരുദത്തനെ വിട്ടു് രാജപുരുഷന്മാരെല്ലാം പോകുന്നു.)

ശോധ: ആര്യനിതിലേ വന്നാലും.

ചാരു; (സകരുണം 'മൈത്രേയ, മേ മരണമിന്നു...' എന്നു് പൂർവ്വോക്തമാവർത്തിക്കുന്നു. ആകാശത്തിൽ)

തണ്ണീരഗ്നിവിഷം തുലാസ്സിതുകളാൽ[1]—
ലെൻകുററമിങ്ങെത്രയും
നന്നായിത്തെളിയിച്ചശേഷമുടലിൽ—
കൈവാളിറക്കീടിലാം[2]
എന്നാലെന്നുടെ ശത്രുവിൻ[3] മൊഴികൾ കേ—
ട്ടീവിപ്രനെക്കൊല്ലിലോ
ചെന്നെത്തും നരകത്തിൽ നീ നരപതേ,
തൽപ്പുത്രപൗത്രാന്വിതം! 43

ഇതാ ഞാൻ വരുന്നു.

(എല്ലാവരും പോകുന്നു)

'വ്യവഹാരം' എന്ന ഒമ്പതാമങ്കം കഴിഞ്ഞു.

---

1. ഒരാൾ ഒരമ്പുചെല്ലുന്ന ദൂരംവരെ ഓടി അമ്പുമായി തിരിച്ചെത്തുംവരെ കക്ഷിയെ വെള്ളത്തിൽ മുക്കിക്കിടത്തിയാലോ; കക്ഷിക്കു് വിഷംനല്കിയാലോ; അയാളെ ഒരു നിർദ്ദിഷ്ടസമയം തീയിൽനിർത്തിയാലോ അയാൾക്കൊന്നും സംഭവിക്കാതിരിക്കുക: തുലാസ്സിന്റെ ഒരു തട്ടിൽ കക്ഷിയേയും മറേറത്തട്ടിൽ തുല്യഭാരവും വെച്ചാൽ കക്ഷിയുടെ ഭാഗം ഉയർന്നിരിക്കുക-ഇതെല്ലാം നിരപരാധിത്വം തെളിയിക്കുന്നതാണെന്നു് യാജ്ഞവല്ക്യൻ. 2. വാളുകൊണ്ടു് ശരീരം ഈൎന്നുമുറിക്കാൻ കല്പിച്ചിരുന്നെങ്കിൽ അതു് നീതിയുക്തമായേനേ. 3. ശകാരൻ.

## പത്താം അങ്കം

(അനന്തരം രണ്ടു ചണ്ഡാളന്മാരാലനുഗതനായി ചാരുദത്തൻ പ്രവേശിക്കുന്നു)

ഇരുവരും:

കാരണമാരായാതേ,
ഘാതകരെ നയിക്കുവതിനു നിപുണന്മാർ നാം
ശൂലത്തിലേററുവാനും
ശീഘ്രം തലവെട്ടുവാനുമറിയുന്നോരും. 1

പിന്നെന്താ!

ആര്യന്മാരേ, വഴിമാറൂ. ഇതാ ആര്യചാരുദത്തൻ

കരവീരമാല്യമേന്തി-ച്ചാരാച്ചാർ ഞങ്ങളേന്തുവോൻ
സ്നേഹംകുറഞ്ഞദീപംപോൽത്തെല്ലുതെല്ലായ് ക്ഷയിക്കയാം. 2

ചാരുദത്തൻ: (വിഷാദത്തോടെ)

നയനസലിലസിക്തം, പാംസുരൂക്ഷീകൃതാംഗം
പിതൃവനസുമ[1]മാലാവേഷ്ടിതംമൽശ്ശരീരം
രുധിരമലയജ[2]ച്ചാർ തേച്ചുകണ്ടിട്ടു കാകൻ
തനതുബലിയിതെന്നോത്തല്ലയോ ക്രാവിടുന്നു 3

ചണ്ഡാളന്മാർ: ആര്യന്മാരേ, വഴിമാറൂ വഴിമാറൂ!

സുജനപ്പക്ഷികാംവാഴും
സജ്ജനമാമിപ്പുരുഷതരുവിലിപ്പോഠം
വന്മഴവീഴാറാകേ
നോക്കുന്നെന്തിനുവൃഥാനിങ്ങാം? 4

വരൂ, ഏയ് ചാരുദത്താ വരൂ.

ചാരു: പുരുഷഭാഗ്യങ്ങളുടെ പ്രവർത്തനം അചിന്ത്യംതന്നെ. എന്തെന്നാൽ ഞാനിത്തരമൊരു ദശാവിശേഷത്തിൽ എത്തിച്ചേർന്നുവല്ലോ!

മെയ്യാകെ രക്തമാലേയ-കൈത്തലംവെ[4]ച്ചരിപ്പൊടി
പൂശിയും, മർത്ത്യനാമെന്നെപ്പശു[2]വാക്കിച്ചമച്ചിതേ! 5

(മുമ്പോട്ടുനോക്കീട്ട്) അഹോ, ആളുകളുടെ വ്യത്യാസം!

(സകരുണം):—

ഇപ്പൗരരെൻെറ നിലക''ണ്ടതിനിന്ദ്യമിന്നീ-
മർത്ത്യത്വ''മെന്നിത കരഞ്ഞുപറഞ്ഞിടുന്നു.

---

1. ചുടലപ്പൂ. 2. രക്തചന്ദനം. 3. രക്തചന്ദനത്തിൽ മുക്കിയ കൈത്തലം കൊണ്ടു് മുദ്രകുത്തീട്ട്. 4. ബലിമൃഗം.

രക്ഷിച്ചിട്ടുന്നതിനു-തെല്ലുമശക്തരായി-
ട്ടോതുന്ന പിന്നെ'യവിടേയ്ക്കു ലഭിക്കനാകം!' 6

ചണ്ഡാളന്മാർ: ആര്യന്മാരേ, വഴിതരു, വഴിതരു. എന്താ നോക്കു ന്നതു്?

നോക്കീടരുതു നാലെണ്ണം: മിന്ദ്രധ്വജ നിവർത്തനം1,
ഗോസൂതി, താരപതനം മഹൽപ്രാണവിപത്തിയും. 7

ഒന്നാമൻ: എടോ ആഹിന്താ, നോക്കു, നോക്കു-

പൗരപ്രധാനി, കാലൻതന്നാജ്ഞയാൽ വദ്ധ്യനാകവേ
മാനം കരഞ്ഞിടുകയോ കാറില്ലാതിടിവീഴ്കയോ? 8

രണ്ടാമൻ: എടോ ഗോഹാ,

മാനം കരകയല്ല;ല്ലാ കാറില്ലാതിടിവീഴ്കയും
മഹിളാമേഘജാലത്തിൻ കണ്ണീർദ്ധാരപതിക്കയാം. 9

മാത്രമല്ല,

വദ്ധ്യനെക്കൊണ്ടുപോകുമ്പോഴുംകരയുന്ന ജനങ്ങടെ
കണ്ണീർ പതിച്ചു വഴിയിൽപ്പൊടിപൊങ്ങുന്നതില്ലിതാ. 10

ചാരു: (നോക്കീട്ടു് സകരുണം)

സൗധങ്ങളിൽക്കയറിനിന്നു വധുക്കളെല്ലാം
വാതായനപ്പകുതിയൂടെ മുഖങ്ങൾ കാട്ടി
ധാരാളമായ് നയനനീരുപൊഴിച്ചുകൊണ്ടു
'ഹാ ചാരുദത്ത'-നിതുതന്നെ പറഞ്ഞിടുന്നു! 11

ചണ്ഡാളന്മാർ: വരു, ഹേ ചാരുദത്താ, വരു. ഇതാ വിളംബരം ചെയ്യേണ്ട സ്ഥാനം. തമുക്കടിക്കുക, എന്നിട്ടു വിളംബരം ചെയ്യുക.

ഇരുവരും: ആര്യന്മാരേ, കേട്ടാലും കേട്ടാലും. ഇയാൾ സാർത്ഥവാഹകനായ വിനയദത്തൻെറ പൗത്രനും സാഗരദത്തൻെറ പുത്രനും ആര്യ ചാരുദത്തനെന്നു പേരുള്ളവനുമാകുന്നു. ഇയാൾ ഗണികയായ വസന്തസേനയെ ധനം നേടാൻവേണ്ടി ആളൊഴിഞ്ഞ പ്രാചീന പുഷ്പകരണ്ഡകോദ്യാനത്തിൽവെച്ചു് ബാഹുപാശത്താൽ ബലം പ്രയോഗിച്ചു് കൊല്ലുക എന്ന ദുഷ്കൃത്യം ചെയ്തതിനു്

---

1. പുരാതനഭാരതത്തിൽ, ഭാദ്രമാസത്തിലെ വെളുത്തപക്ഷം 8-ാം നാളാരംഭിച്ചു 12-ാം നാളവസാനിക്കുന്ന അഞ്ചു ദിവസത്തെ 'ഇന്ദ്രധ്വജോത്ഥാപന' എന്ന ഉത്സവംകൊണ്ടാടിയിരുന്നു. അതിനു് കൊടിമരമായി കാട്ടിൽനിന്നു് ഏറ്റവുമുയരംകൂടിയ ഒരു മരം മുറിച്ചു കൊണ്ടുവരികയും ഉൽസവാവസാനത്തിൽ അതു് കാട്ടിൽത്തന്നെ കൊണ്ടിടുകയും ചെയ്യുന്നു. കൊടിമരം തിരിച്ചുകൊണ്ടു പോകുമ്പോൾ ആരും നോക്കരുതത്രേ.

തൊണ്ടിയോടെ പിടിക്കപ്പെട്ടുകയും കുററം ഏററുപറയുകയും ചെയ്തിരിക്കുന്നു. അതിനാൽ രാജാവായ പാലകൻ ഇയാളെ വധിക്കാൻ ഞങ്ങളോടാജ്ഞാപിച്ചിരിക്കുന്നു. മേലാലാരെങ്കിലും ഇരുലോകവിരുദ്ധമായ ഇത്തരം ദുഷ്കൃത്യം ചെയ്താൽ അവരേയും പാലകരാജാവ് ഇതുപോലെ ശിക്ഷിക്കുന്നതുമായിരിക്കും!

ചാരു: (വിഷാദത്തോടെ സ്വഗതം.)

മഖശതപരിപൂതംമൽക്കുലംപുക്കുമുന്നം
സുജനനിബിഡചൈത്യ[1]ത്തിങ്കൽവേദങ്ങൾ ചൊന്നോർ
മമ മരണമടുക്കെഗ്ഘോഷണത്തിങ്കലിന്നീ-
യസദൃശനരരാ[2]ലുൽഘോഷിതന്മാരുമായി! 12

(ഞെട്ടിക്കൊണ്ട് ചെവിപൊത്തീട്ട്) ഹാ, പ്രിയേ വസന്തസേനേ,

ശശിവിമലമയൂഖശുഭ്രദന്തീ
സുരുചിരവിദ്രുമസന്നിഭാധരോഷ്ഠീ
തവവദനഭവാമൃതം നുകന്നോ-
നെതുവിധമീയയശോവിഷംകുടിക്കും! 13

ഇരുവരും: വഴി തരൂ, ആര്യന്മാരേ, വഴിതരൂ!

ഗുണസാഗര, മുത്തമർക്കഴൽ-
ക്കടൽതാണ്ടാനുതകുന്ന സേതുകം
കനകേതരമണ്ഡനം, മഹാ-
നിവനിന്നീ നഗരം ത്യജിക്കയാം. 14

മാത്രമല്ല, ഈ ലോകത്തിൽ

സുഖമായിട്ടിരിപ്പോരെയല്ലോ ചിന്തിപ്പൂ സർവ്വരും
ദുർല്ലഭം പതിതർക്കെങ്ങും പ്രിയകാരികളായവർ. 15

ചാരു: (ചുററും നോക്കീട്ട്)

വസ്ത്രത്തിനാലാനനവും മറച്ചുകൊ-
ണ്ടകന്നിടുന്നെന്നുടെ മിത്രരൊക്കെയും
സുഖിച്ചിരിക്കെ, പ്പരനും സുബന്ധുവാ-
മനിഷ്ടകാലത്തെവിടെസ്സുഹൃജ്ജനം! 16

ചണ്ഡാളന്മാർ: എല്ലാവരേയും മാററി. രാജമാർഗ്ഗത്തിലാളൊഴിഞ്ഞു. അതുകൊണ്ട് വധചിഹ്നം ചാർത്തിയ ഇയാളെ കൊണ്ടുപോകാം. (ചാരുദത്തൻ നിശ്വസിച്ചുകൊണ്ട് 'മൈത്രേയമേ മരണമിന്നു ......' [9/29] എന്നാവർത്തിക്കുന്നു)

---

1. ദേവാരാധനാസ്ഥലം 2. വിളംബരത്തിൽ ചണ്ഡാളന്മാർ പിതൃപിതാമഹന്മാരുടെ പേരുച്ചരിച്ചല്ലോ

(അണിയറയിൽ)

അയ്യോ, അച്ഛാ!.........ഹാ, പ്രിയസുഹൃത്തേ!

ചാരു: (കേട്ടിട്ട് സകരുണം) ഹേ, സ്വജാതിശ്രേഷ്ഠരേ[1], നിങ്ങളിൽനിന്നു് ഞാനൊരു ദാനം വാങ്ങാനാഗ്രഹിക്കുന്നു.

ചണ്ഡാളന്മാർ: എന്തു്! ഞങ്ങളിൽനിന്നു് ദാനം വാങ്ങുകയോ!

ചാരു: ശാന്തം പാപം! ഗുണദോഷവിചാരംകൂടാതെ ദുരാചാരം ചെയ്യുന്ന പാലകനെപ്പോലല്ല, ഒരു ചണ്ഡാളൻ. അതുകൊണ്ടു് നിങ്ങളോടു് പരലോകലബ്ധിക്കുവേണ്ടി പുത്രമുഖമൊന്നു കാണാനനുവാദമഭ്യർത്ഥിക്കുന്നു.

(അണിയറയിൽ)

അയ്യോ അച്ഛാ!...ഹാ പ്രിയസുഹൃത്തേ!

(ചാരുദത്തൻ 'ഹേ സ്വജാതി ശ്രേഷ്ഠരേ ..' എന്നാവർത്തിക്കുന്നു.)

ചണ്ഡാളന്മാർ: ഹേ പൗരന്മാരേ, ഒരുനിമിഷമിടതരൂ. ഈ ആര്യ ചാരുദത്തൻ പുത്രമുഖമൊന്നു കണ്ടോട്ടെ. (അണിയറയ്ക്കുനേരെ) ആര്യാ ഇങ്ങോട്ടിങ്ങോട്ടു്. വരൂ. കുഞ്ഞേ, വരൂ!

(അനന്തരം കുട്ടിയേയുംകൂട്ടി വിദൂഷകൻ പ്രവേശിക്കുന്നു.)

വിദൂ; വേഗമാകട്ടെ ഭദ്രമുഖാ, വേഗമാകട്ടെ. നിൻ്റച്ഛനെയിതാ കൊല്ലാൻ കൊണ്ടുപോകയായി.

കുട്ടി: അയ്യോ അച്ഛാ! എൻ്റച്ഛാ!

വിദൂ: ഹാ പ്രിയമിത്രമേ, എനി ഞാനങ്ങയെഎവിടെക്കാണും?

ചാരു: (പുത്രനേയും മിത്രത്തേയും കണ്ടു്) ഹാ, മകനേ, ഹാ മൈത്രേയാ! (സകരുണം) അയ്യോ കഷ്ടം!)

ചിരം വാഴേണമല്ലോ ഞാൻ പരത്തിൽദ്ദാഹ തപ്തനായ്:
അത്യല്പമാണെനിക്കുള്ള നിവാപോദക[2]ഭോജനം! 17

പുത്രനു് പൈതൃകമായി ഞാനെന്തുനൽകും? (തന്നെത്തന്നെനോക്കി പൂണൂൽകണ്ടിട്ടു്) അതേ, ഇപ്പോളിതുമാത്രമുണ്ടെൻ്റതായിട്ടു്.

സ്വർണ്ണമുത്തുകളല്ലാത്തോ,-രാരണ്യൻ്റെ വിഭൂഷണം
ദേവകൾക്കും പിതൃക്കൾക്കും ഭാഗമേകുന്നതൊന്നിതാം. 18

---

1. ചണ്ഡാളജാതിയിലെ പ്രമാണികൾ.

2. ഉദകക്രിയ-രോഹസേനൻ്റെ കൊച്ചുകൈക്കുമ്പിളിൽ അത്രയേ ജലം കൊള്ളൂ-അവൻ വളരുംവരെ ദാഹത്തോടെ കഴിയണം.

(പൂണൂൽ നല്കുന്നു.)

ചണ്ഡാളൻ: വരൂ, ഹേയ് ചാരുദത്താ വരൂ!

രണ്ടാമൻ: എടോ താൻ ആര്യ ചാരുദത്തനെ വിശേഷണംകൂടാതെ വെറും പേരു ചൊല്ലി വിളിക്കുന്നു.

എടോ, നോക്കൂ,

ഉന്നതിയിൽത്താഴ്ചയിലും
പകലിരവും പിന്തുടരുകയാണല്ലോ
ബന്ധനമററ കിശോരി[1]—
ക്കൊപ്പം ദൈവം നരന്മാരെ. 19

മാത്രമല്ല,

തൽക്കീർത്തി ശൂന്യമാമോ
താഴ്ത്തീടേണ്ട ശിരസ്സുമാമെന്നും?
രാഹു പിടിച്ചെന്നാലും
ചന്ദ്രനെ വന്ദിക്കുകില്ലയോ പ്രജകൾ? 20

കുട്ടി: ഏയ് ചണ്ഡാളന്മാരേ, നിങ്ങളെവിടെയ്ക്കാ എൻറച്ഛനെ കൊണ്ടുപോകുന്നേ?

ചാരു: വത്സ,

ഗളത്തിലേന്തിക്കരവീരമാല്യം
തോളത്തുശൂലം ബഹുശോകമുള്ളിൽ:
കൊലക്കളം പൂവുകയാണിദാനീം
ബലിസ്ഥലത്തേയ്ക്കജമെന്നപോൽ ഞാൻ 21

ചണ്ഡാളൻ: കുഞ്ഞേ,

ചണ്ഡാളരല്ല ഞങ്ങൾ
ചണ്ഡാളകുലത്തിലാം പിറപ്പെന്നാലും
ചണ്ഡാളൻ, സാധുവിനെ—
ദ്ദണ്ഡിപ്പോനാണ്, പാപിയുമവൻതന്നെ!

കുട്ടി; എന്നാലെന്തിനാ നിങ്ങളെൻറച്ഛനെകൊല്ലുന്നേ? 22

ചണ്ഡാളൻ: ദീർഘായുഷ്മാനേ, രാജകല്പനയാണീത്തൊഴിൽ ചെയ്യുന്നതു്, ഞങ്ങളല്ല.

കുട്ടി: എന്നെക്കൊന്നോളൂ! എൻറച്ഛനെ വിട്ടു!

ചണ്ഡാളൻ: ദീർഘായുഷ്മാനേ, ഈ വിധത്തിൽ പറയുന്ന നീ ദീർഘകാലം ജീവിക്കുക!

---

1. കതിരക്കുട്ടി

ചാരു: (കണ്ണീരോടെ പുത്രനെ പുണർന്നുകൊണ്ട്)

ഇത1ത്രേസ്നേഹസർവ്വസ്വം മാഢ്യനം നിസ്വാനംസമം.
അചന്ദനമനൗശീരം2 കരളിന്നനുലേപനം. 23

('ഗളത്തിലേന്തിക്കരവീരമാല്യം....' എന്നാവർത്തിക്കുന്നു. പിന്നെ നോക്കീട്ട് സ്വഗതമായി 'വസ്ത്രത്തിനാലാനനവും മറച്ച്....' എന്നാവർത്തിക്കുന്നു.)

വിദൂ: ഹേ, മാന്യന്മാരേ, എന്റെ പ്രിയ സുഹൃത്തായ ചാരുദത്തനെ വിടണേ! പകരം എന്നെക്കൊന്നോളൂ!

ചാരു: ശാന്തം പാപം! (കണ്ടിട്ട് സ്വഗതം) ഇന്നെനിക്കറിവായി! ('സുഖിച്ചിരിക്കെപ്പുരനും സുബന്ധുവാം...' എന്നാവർത്തിച്ച് [പ്രകാശം] 'സൗധങ്ങളിൽക്കയറിനിന്നു വധുക്കൾ' എന്നാവർത്തിക്കുന്നു.)

ചണ്ഡാളൻ: വഴിതരൂ, ആര്യന്മാരേ വഴിതരൂ!

നോക്കുന്നെന്തിനു നിങ്ങ-
ളകീർത്തിയാലാശ3യററ സുജനത്തെ
കയററുകിണററിൽത്താ-
നാഴം പൊന്നിൻകുടത്തിനെപ്പോലെ? 24

(ചാരുദത്തൻ സകരുണം 'ശശിവിമലമയൂഖ...' എന്നാവർത്തിക്കുന്നു.)

മറേറയാൾ: എടോ വീണ്ടും വിളംബരം ചെയ്യൂ.

(ചണ്ഡാളനങ്ങനെ ചെയ്യുന്നു.)

ചാരു:

ആപൽക്കൃതംദശയനാര്യ, മണഞ്ഞുമൃത്യു-
രൂപം ഫലത്തൊടുമതല്ലിവനോമലാളെ
കൊന്നെന്നൊരുക്തിയിതു രാജവിളംബരത്തിൽ-
ക്കേൾക്കേണ്ടിവന്നതധികം വ്യഥയേററിടുന്നു! 25

(അനന്തരം മാളികയിൽ കെട്ടിയിട്ടനിലയിൽ സ്ഥാവരകൻ പ്രത്യക്ഷപ്പെടുന്നു)

സ്ഥാവരകൻ: (വിളംബരം കേട്ട് പാരവശ്യത്തോടെ) എന്ത്! കുററം ചെയ്യാത്ത ചാരുദത്തൻ കൊല്ലപ്പെടുന്നു! സ്വാമിയെന്നെ ചങ്ങലകൊണ്ടുകെട്ടിയിരിക്കയാണ്. ശരി. ഞാനുറക്കെ വിളിച്ചു പറയട്ടെ. ആര്യന്മാരേ കേൾക്കണേ! നിങ്ങൾ

1. പുത്രാലിംഗനജന്യമായസുഖം. 2. ചന്ദനമോ രാമച്ചമോ അല്ലാത്ത 3. ജീവാശ.

കേൾക്കണേ! ഉണ്ടായതെന്തെന്നാൽ, പാപിയായ ഞാൻ, വണ്ടി മാറിക്കയറിയ വസന്തസേനയെ പ്രാചീന പുഷ്പകരണ്ഡകോദ്യാനത്തിൽ എത്തിച്ചു. അവിടെവെച്ച്, അവൾതന്നെ കാമിക്കുന്നില്ല എന്ന കാരണംകൊണ്ട് എൻെറ യെജമാനൻ ബാഹുപാശ ബലാൽക്കാരത്താൽ അവളെകൊന്നു. ഈയാര്യനല്ല അതു ചെയ്തതു്!-എന്തു്! അകലേയായതുകൊണ്ടു് ഞാൻ പറയുന്നതാരും കേൾക്കുന്നില്ലെന്നോ! എന്നാൽ ഞാൻ താഴത്തേക്കു ചാടട്ടെ. (ചിന്തിച്ചു്) അങ്ങനെ ചെയ്താൽ ആര്യചാരുദത്തൻ കൊല്ലപ്പെടുകയില്ല. ശരി. ഈ മാളികപ്പുറത്തുനിന്നു് ഞാനിതാ ഈ പഴയ ജനാലയിലൂടെ ചാടുകയാണ്. കുലപുത്രപ്പറവകളുടെ വാസവൃക്ഷമാണാര്യചാരുദത്തൻ. അദ്ദേഹം മരിക്കുന്നതിനേക്കാൾ ഞാൻ മരിക്കുന്നതാണുത്തമം. അങ്ങനെ മരിച്ചാലെനിക്കു സ്വർഗ്ഗം ലഭിക്കും! (സ്വയം ചാടുന്നു) അത്ഭുതം! ഞാൻ മരിച്ചില്ല. ചങ്ങല മുറിയുകയും ചെയ്തു! ആ ചണ്ഡാളരെവിടുന്നാണ് വിളംബരം ചെയ്യുന്നതെന്നറിയട്ടെ—

-(കണ്ടിട്ടടുത്തു്ചെന്നു്) ഹേ, ഹേ, ചണ്ഡാളന്മാരേ, അവസരം തരൂ! ഒരവസരംതരൂ!

ചണ്ഡാളന്മാർ: ഏയ്, ആരാണവസരം ചോദിക്കുന്നതു്? (സ്ഥാവരകൻ 'ആര്യന്മാരേ കേൾക്കണേ...ഈയാര്യനല്ല അതു ചെയ്തതു്'' എന്നാവർത്തിക്കുന്നു.)

ചാരു: അല്ലാ,

കൊലക്കയറുകണ്ടുത്തെച്ചുററവേ വന്നതാരിതു്?
ചെടി ചൂടേററുവാടുമ്പോൾദ്രോണമേഘം1 കണക്കിനേ? 26

മാന്യരെ, നിങ്ങളിതു് കേട്ടല്ലോ?

മൃത്യുവെപ്പേടിയില്ലൊട്ടും കീർത്തിദൂഷണമേ ഭയം
ശുദ്ധനാ-യിനിയെൻമൃത്യു പുത്രജന്മസമാനമാം2! 27

മാത്രമല്ല,

ക്ഷുദ്ര,നല്ലജ്ഞനപ്പാപൻ3 വൈരം ചെയ്യാത്തൊരെന്നെയും
ദൂഷിപ്പിച്ചു വിഷംതേച്ചോരിഷുവാലെന്നപോലവേ. 28

ചണ്ഡാളൻ; സ്ഥാവരകാ, നേരാണോ പറയുന്നതു്!

സ്ഥാവ: നേര്! 'നീ ഒരാളോടും മിണ്ടിപ്പോകരുതു്'' എന്നും പറഞ്ഞു് അയാളെന്നെ മാളികപ്പുറത്തു് കുടുക്കു ചങ്ങലയ്ക്കിട്ടു് സൂക്ഷിച്ചതാണ്.

---

1. സസ്യസമൃദ്ധിയുണ്ടാക്കുന്ന ഒരു മേഘം.
2. പുത്രജന്മംപോലെ സ്വാഗതാർഹം 3. അപരാധി

ശകാരൻ: (പ്രവേശിച്ച് സഹർഷം)

കയ്പും പുളിപ്പും കലരുന്നമാംശം
ശാകം പരിപ്പെന്ന ശമശ്ററ വശ്ററു
ശെന്നല്ലരിച്ചോറഥ പായശം ഹാ
ശർവ്വം ഭുജിച്ചേൻ ശ്വഗൃഹത്തിൽനിന്നും! 29

(ചെവിയോർത്ത്) ഉടഞ്ഞമണിയുടെ ഒച്ചപോലെ കേൾക്കുന്നതു കൊണ്ട്, ഏതോ ശണ്ഡാളൻ ശംശാരിക്കയാണെന്ന് തോന്നുന്നു. ഡിണ്ഡിമപടഹശബ്ദങ്ങളുറക്കെ കേൾക്കുന്നതിൽനിന്നും ഞാനൂഹിക്കുന്നു, ആ ദരിദ്രശാരുദത്തനെ കൊലക്കളത്തിലേക്ക്കൊണ്ടുപോകയാണെന്ന്. എന്നാൽ ഞാനൊന്നു നോക്കട്ടെ. ശത്രുവിനാശം നിശ്ശംശയമായും എൻെറ ഹൃദയത്തിനു മഹത്തായ ശന്തോശം നൽകുന്നു. ഞാൻ കേട്ടിട്ടുണ്ട്, ശത്രുവിനെ കൊല്ലുന്നതു് കാണുന്നവനു് വരുംജന്മത്തിൽ നേത്രരോഗം ബാധിക്കില്ലെന്ന്. വിശച്ചെടിക്കുള്ളിൽപ്പെട്ട ഒരു കൃമിയെപ്പോലെ ഞാനെങ്ങനെയോ ഒരു ബഹിർഗമനമാർഗ്ഗം കണ്ടെത്തി-ആ ദരിദ്രശാരുദത്തനു്വിനാശം വരുത്തിവെച്ചു. ഞാനിപ്പോളെൻെറ മാളികയിൽ കയറിനിന്നു് ശ്വന്തം പരാക്രമം കാണട്ടെ. (അപ്രകാരംചെയ്തു്, കണ്ടിട്ട്) ഹോ ഹോ! ഈ ദരിദ്ര ശാരുദത്തനെ കൊലക്കളത്തിലേയ്ക്കു് കൊണ്ടുപോകുമ്പോൾ, എന്തൊരാൾക്കൂട്ടമാണ്! അപ്പോൾഎന്നെപ്പോലുള്ള ഒരു പ്രവര വരമനുശ്യനെ കൊലക്കളത്തിലേയ്ക്കു് നയിക്കുമ്പോഴത്തെ ആൾക്കൂട്ടമെന്തായിരിക്കും! (നിരീക്ഷിച്ചിട്ട്) എന്തു്! ഇതാ അവനെ ഒരു പുത്തൻ കാളയെപ്പോലെ അലങ്കരിച്ച് തെക്കേ ദിക്കിലേയ്ക്കു് കൊണ്ടുപോവുകയാണല്ലോ. എന്നാലെന്തിനാണ് എൻെറ മാളികയുടെ ശമീപത്തുവെച്ച് വിളംബരം ശെയ്തതും ഉടനതു നിർത്തിയതും? (നോക്കീട്ട്) ഇതെന്ത്! ശ്ററാവരകശേവകനെ ഇവിടെ കാണുന്നില്ലല്ലോ! അവൻ ശെന്നു് രഹശ്യം വെളിപ്പെടുത്തിക്കളഞ്ഞിരിക്കുമോ! ഞാനുടൻ ശെന്നു് അവനെ അന്വേശിക്കട്ടെ (ഇറങ്ങി സമീപിക്കുന്നു.)

സ്ഥാവ: (കണ്ടിട്ട്) സ്വാമികളേ, ഇതാ അയാൾ വരുന്നു!

ചണ്ഡാളന്മാർ:

മാറുക, മാർഗ്ഗംനൽകുക, മൗനം—
കൊള്ളുക, പൂട്ടിക്കൊള്ളുക വാതിൽ
ദുർന്നയ തീക്ഷ്ണക്കൊമ്പുകളേന്തി-
ദ്ദുഷ്ടവൃഷം വന്നീടുകയല്ലോ! 30

ശകാ: ഹേ. ഹേ! വഴിതരു, വഴി! (സമീപിച്ച്) മോനേ, ശ്ററാവരകാ ശേവകാ, വാ, നമുക്ക് പോകാം.

സ്ഥാവ: ഛീ! മ്ലേച്ഛ' വസന്തസേനയെ കൊന്നിട്ട് നിനക്കു മതിയായില്ല! പ്രണയി ജനങ്ങളുടെ കൽപവൃക്ഷമായ ആര്യ ചാരുദത്തനേയും നീയിപ്പോഠം കൊല്ലാനൊരുങ്ങിയിരിക്കുന്നു!

ശ: ഇല്ല. രത്നകുംഭശൃദ്ദശനായ1 ഞാൻ ശ്ത്രീയെക്കൊല്ലില്ല.

എല്ലാവരും: ഹാ! നീയാണവളെകൊന്നത്! ആര്യ ചാരുദത്തനല്ല!

ശക: ആരാണങ്ങനെ പറയുന്നത്?

എല്ലാവരും: (സ്ഥാവരകനെ ഉദ്ദേശിച്ച്) ഈ മാന്യൻതന്നെ.

ശകാ: (ഭയത്തോടെ സ്വഗതം) കശ്ററം! ശ്ററാവരക ശേവകനെ വേണ്ടപോലെ നിയന്ത്രിക്കാൻ കഴിയാതെപോയി. ഇവനാണല്ലോ എൻെറ ദുശ്കൃത്യത്തിൻെറ ശാക്ശി. (ചിന്തിച്ച്) എന്നാലിങ്ങനെ ശെയ്യാം. (പ്രകാശം) മാന്യരേ, അതു് കള്ളമാണ്. കശ്ററം! ഈ ശേവകൻ എൻെറ ശ്വർണ്ണം മോശ്ററിച്ചപ്പോഠം ഞാൻ പിടിച്ചടിക്കുകയും മർദ്ദിച്ചവശനാക്കുകയും കെട്ടിയിടുകയും ശെയ്തു. അതുകൊണ്ടെന്നോട്ട് ശത്രുത ഭാവിച്ച് ഇവൻ പറയുന്നതു് ശത്യമായിരിക്കുമോ? (സ്വകാര്യമായി സ്ഥാവരകനു് ഒരു വള നൽകീട്ട്, മന്ത്രിക്കുന്നു_) മോനേ, ശ്ററാവരകാ, ശേവകാ, ഇതു് വാങ്ങീട്ട് തിരുത്തിപ്പറയൂ!

സ്ഥാവ: (വാങ്ങീട്ട്) നോക്കുവിൻ സ്വാമികളേ, നോക്കുവിൻ! അമ്പോ! പൊന്നുകൊണ്ടെന്നെ പ്രലോഭിപ്പിക്കുന്നു!

ശകാ: (വള തട്ടിപ്പറിച്ച്) ഠാ! എന്തിനുവേണ്ടി ഞാനിവനെ കെട്ടിയിട്ടുവോ, ആ പൊൻപണ്ടമിതാ! (ക്രോധത്തോടെ) ഹേ ചണ്ഡാളന്മാരേ! ശ്വർണ്ണപ്പെട്ടിക്ക് കാവലാക്കിയ ഇവൻ ശ്വർണ്ണം മോശ്ററിച്ചതുകൊണ്ടു് ഞാൻ തല്ലി മർദ്ദിച്ചവശനാക്കി. ഇതു നിങ്ങഠം വിശ്വശിക്കുന്നില്ലെങ്കിൽ ഇവൻെറ പുറം പരിശോധിച്ചു നോക്കുക!

ചണ്ഡാളന്മാർ: (കണ്ടിട്ട്) പറഞ്ഞതുനേരാണ്. ക്ഷുഭിതനായ ഒരു സേവകനെന്തുതന്നെ പുലമ്പില്ല!

സ്ഥാവ: കഷ്ടം! ദാസഭാവം ഇങ്ങനെയാണല്ലോ_സത്യം പറഞ്ഞാലും ആരും വിശ്വസിക്കില്ല! (സകരുണം) ആര്യ ചാരുദത്താ, ഇത്രയേ എനിക്ക് കഴിവുള്ളൂ! (എന്നു് കാൽക്കൽ വീഴുന്നു.)

ചാരു: (സകരുണം)

നിസ്സംഗബന്ധു2! വെഴുനേൽക്കുക, ധർമ്മശീലാ!
നീ ചെയ്തുവെൻെറ വിടുതിക്കു മഹൽപ്രയത്നം!
എന്നാലെടോ പതിതസാധുജനാനുകമ്പീ!
വന്നില്ല ദൈവമനുകൂലമെനിക്കുതെല്ലും. 31

1. അത്രയും ധനികൻ ധനത്തിനുവേണ്ടി സ്ത്രീയെകൊല്ലില്ല!
2. നിഷ്കാരണബന്ധു.

ചണ്ഡാളന്മാർ: സ്വാമീ ഈ സേവകനെ തല്ലിയോടിക്കൂ!

ശകാ: പോടാ. പോ! (മാററിനിർത്തുന്നു) ഹേ ചണ്ഡാളന്മാരേ, എന്തിനു താമസിക്കുന്നു? കൊല്ലൂ ഇവനെ!

ചണ്ഡാളന്മാർ: തിടുക്കമുണ്ടെങ്കിൽ താങ്കൾതന്നെ കൊന്നോളൂ!

രോഹസേനൻ: ഏയ്, ചണ്ഡാളന്മാരേ, എന്നെക്കൊന്നോളൂ. എൻറച്ഛനെവിടൂ!

ശകാ: ഇവനെ പുത്രനോടൊപ്പം കൊല്ലൂ!

ചാരു: ഈ മുട്ടാളന് എന്തുമാവാം. അതുകൊണ്ട്, അമ്മയുടെ അടുത്തേക്ക് ചെല്ലൂ മകനേ!

രോഹ: ചെന്നിട്ട് ഞാനെന്തു ചെയ്യാൻ?

ചാരു:

അമ്മയോടൊത്താശ്രമത്തിൽ[1] ലിന്നുതാൻ പോക വത്സ, നീ
വരല്ലേ പിതൃദോഷത്താൽ നിനക്കും മൃത്യുവിങ്ങനെ.

അതുകൊണ്ട്, സുഹൃത്തേ, ഇവനേയുംകൂട്ടിപോകൂ.

വിദൂ: തോഴരേ, താങ്കളെക്കൂടാതെ ഞാൻ ജീവിച്ചിരിക്കുമെന്നാണോ വിചാരം?

ചാരു: സ്നേഹിതാ, ജീവൻകൈയിലുള്ള താങ്കൾക്ക പ്രാണത്യാഗം യുക്തമല്ല.

വിദൂ: (സ്വഗതം) അതു് ശരിതന്നെ. എന്നാലും പ്രിയ സുഹൃത്തിനെ വേർപിരിഞ്ഞു് ജീവിക്കാൻ ഞാൻ ശക്തനല്ല! അതുകൊണ്ടു് കുട്ടിയെ ബ്രാഹ്മണിയുടെ കൈയിലേല്പിച്ചശേഷം പ്രാണത്യാഗം ചെയ്തു് പ്രിയമിത്രത്തെ അനുഗമിക്കാം. (പ്രകാശം) ഹേ സുഹൃത്തേ ഞാനിവനെ ഉടനെ കൊണ്ടുപോകാം (ആലിംഗനംചെയ്തു് കാൽക്കൽവീഴുന്നു)

(കരഞ്ഞുകൊണ്ടു് കുട്ടിയും വീണു നമസ്കരിക്കുന്നു.)

ശകാ: എഡേയ്, ഞാൻ പറഞ്ഞില്ലേ, ശാരുദത്തനെ പുത്രനോടൊപ്പം വധിക്കാൻ!

(ശാരുദത്തൻ ഭയം നടിക്കുന്നു)

ചണ്ഡാളന്മാർ: ചാരുദത്തനെ പുത്രനോടുകൂടി വധിക്കണമെന്നു രാജാവു് ഞങ്ങളോട് കല്പിച്ചിട്ടില്ല! അതുകൊണ്ടു് പോകൂ കുഞ്ഞേ, പൊയ്ക്കോളൂ! (പറഞ്ഞയക്കുന്നു) ഇതാ വിളംബരം ചെയ്യാനുള്ള മൂന്നാമത്തെ സ്ഥാനം. തമുക്കടിക്കൂ.

(വീണ്ടും വിളംബരം ചെയ്യുന്നു)

---

1. നഗരംവിട്ടു് കാട്ടിലെ ഏതെങ്കിലുമൊരാശ്രമത്തിൽ.

**ശകാ:** (സ്വഗതം) ഇതെന്തു്! ഈ പൗരന്മാർ വിശ്വസിക്കുന്നില്ലല്ലോ! (പ്രകാശം) എടാ ശാരുദത്ത ബഡുകാ, ജനങ്ങളതു് വിശ്വസിക്കുന്നില്ല. അതുകൊണ്ടു് നീ ശ്വന്തം നാക്കുകൊണ്ട് പറ, ഞാൻ വശന്തശേനയെ കൊന്നു-എന്നു്.

(ചാരുദത്തൻ നിശ്ശബ്ദനായി നിൽക്കുന്നു.)

**ശകാ:** ഹേ, മനുശ്യാ, ശണ്ഡാളാ, ശാരുദത്ത ബഡുകനൊന്നും പറയുന്നില്ലല്ലോ. അതുകൊണ്ട് തൻെറയീ പൊട്ടിയ മുളംകോലുകൊണ്ടു്—ശെണ്ടക്കോലുകൊണ്ടു് തല്ലിത്തല്ലിപ്പറയിക്കു്!

**ചണ്ഡാളൻ:** (അടിക്കാനോങ്ങീട്ടു്) ഹേ, ചാരുദത്താ, പറ!

**ചാരു:** (സകരുണം)

ചെന്നെത്തിയാപൽക്കടലിൻ നടുക്കാ,-
യെന്നാലെനിക്കില്ല ഭയം, വിഷാദം.
എന്നോമലാളെക്കൊലചെയ്തു ഞാ-നി-
ജ്ജനാപവാദാഗ്നിമനസ്സെരിപ്പൂ! 33

(ശകാരൻ മുൻചൊന്നതാവർത്തിക്കുന്നു)

**ചാരു:** അല്ലയോ പൗരന്മാരേ! ('നൃശസംനിരുലോകത്തെ......' (9/38) എന്നാവർത്തിക്കുന്നു)

**ശകാ:** കൊന്നു!

**ചാരു:** എങ്കിലങ്ങനെ.

**ഒന്നാമത്തെ ചണ്ഡാളൻ:** എടോ ഇന്നു് കൊല്ലാനുള്ള ഊഴം തൻേറതാണ്.

**രണ്ടാമൻ:** അല്ലെടോ. തൻേറതാണ്.

**ഒന്നാമൻ:** എന്നാൽ നമുക്കു് വരച്ചുനോക്കാം[1] (പലവിധം വരച്ചുകൊണ്ടു്) എ്യടോ എൻെറ ഊഴമാണെങ്കിൽ, അൽപം നില്ക്കണം, കേട്ടോ?

**രണ്ടാമൻ.** അതെന്തിനാ?

**ഒന്നാമൻ:** എൻറച്ഛൻ സ്വർഗ്ഗം പ്രാപിക്കുമ്പോൾ എന്നോടു പറഞ്ഞിരുന്നു, മോനേ, വീരകാ, കൊല്ലാനുള്ള ഊഴം നിൻേറതാണെങ്കിൽ നീ വദ്ധ്യനെ പെട്ടെന്നങ്ങു് കൊല്ലരുതു്. എന്നു്.

**രണ്ടാമൻ:** അതെന്തെടോ?

**ഒന്നാമൻ:** ചിലപ്പോളേതെങ്കിലുമൊരു നല്ല മനുഷ്യൻ ധനം നല്കി വദ്ധ്യനെ മോചിപ്പിച്ചെന്നുവരാം. ചിലപ്പോൾ രാജാവിനു് പുത്രനുണ്ടായതിലുള്ള വംശവൃദ്ധി മഹോത്സവത്താൽ കൊലപ്പുള്ളികളെല്ലാം മോചിതരായെന്നുംവരാം. ചിലപ്പോൾ ആനചങ്ങ

1. എന്താണെന്നു് വ്യക്തമല്ല.

ലപൊട്ടിച്ചുണ്ടാക്കുന്ന സംഭ്രമത്തിനിടയിൽ വദ്ധ്യൻ രക്ഷപ്പെട്ടെന്നുവരാം. ചിലപ്പോഠം രാജാവിൻെറ സ്ഥാനമാററത്താലും എല്ലാ കൊലപ്പുള്ളികളും മോചിതരായെന്നുവരാം.

ശകാ: എന്താണെന്താണ്, രാജാവിൻെറ ശ്ററാനമാററമോ?

ചണ്ഡാളൻ: കൊല്ലാനുള്ള ഊഴം വരച്ചുനോക്കെടോ.

ശകാ: എഡേയ്, ശാരുദത്തനെ ഉടൻ കൊല്ല്! (എന്നും പറഞ്ഞ് സേവകനേയും പിടിച്ച് ഒരു ഭാഗത്തു് നിൽക്കുന്നു)

ചണ്ഡാളൻ: ആര്യചാരുദത്താ, രാജകല്പനയാണങ്ങയെ വധിക്കുന്നതു്. ചണ്ഡാളരായ ഞങ്ങളല്ല. അതുകൊണ്ടു്, എന്തെങ്കിലും പ്രാത്ഥിക്കാനുണ്ടെങ്കിൽ പ്രാത്ഥിച്ചുകൊള്ളുക.

ചാരു:

നിർഭാഗ്യം പ്രബലോക്തി[1] യെന്നിവകളാൽ-
ദ്ദൂഷ്യംഭവിച്ചെങ്കിലും
ധമ്മത്തിൻബലമിന്നെനിക്കുവലുതാ-
യുണ്ടെന്നുവന്നീടുകിൽ
സ്വർഗ്ഗത്തിൽ-പ്പുനരെങ്ങുതന്നെ മരുവീ-
ടുന്നാകിലും, കാന്ത[2] താൻ
തീക്ട്ടേ സ്വഗുണങ്ങളാലിവനെഴും
ദുഷ്ക്കീത്തിയെന്നേക്കുമായ്! 34

ഹേ, ഞാനിനിയെങ്ങോട്ടാണ് ചെല്ലേണ്ടതു്?

ചണ്ഡാളൻ: (മുമ്പോട്ട് ചൂണ്ടീട്ട്) ഏയ്, അതാ കാണുന്നില്ലേ, തെക്കേ ശ്മശാനം? അതു കണ്ടാൽത്തന്നെ കൊലപ്പുള്ളികളുടെ ജീവനുടൻ പോകും! നോക്കു, നോക്കു,

മെയ്യിൽപ്പാതി, കുറുക്കന്മാ-രേന്തിനിന്നു വലിക്കയാം
ശൂലത്തിലേ പാതിനില്പൂ കാലൻതൻ ചിരിപോലവേ! 35

ചാരു: ഹാ! ഭാഗ്യംകെട്ട എൻെറ ജീവൻപോയി! (എന്നു് ആവേഗത്തോടെ ഇരിക്കുന്നു)

ശകാ: ഞാനിപ്പോഠം പോകുന്നില്ല. ശാരുദത്തനെ കൊല്ലുന്നതു് നോക്കണം. (ചുററിനടന്നു കണ്ടിട്ട്) എന്ത് ഇരിക്കുന്നുവോ!

ചണ്ഡാളൻ: ചാരുദത്തനെന്താ, പേടിച്ചുപോയോ?

ചാരു: (പെട്ടെന്നെഴുന്നേററ്) മൂഢ! ('മൃത്യുവെപ്പേടിയില്ലൊട്ടും'... [27] ആവത്തിക്കുന്നു.)

ചണ്ഡാളൻ: ആര്യ ചാരുദത്താ, ആകാശവാസികളായ സൂര്യചന്ദ്രന്മാക്കുപോലും അത്യാഹിതം സംഭവിക്കുന്നു. മരണത്തെ ഭയ

1. ശകാരൻ, ന്യായാധിപൻ, പാലകൻ എന്നീ പ്രബലന്മാരുടെ വാക്കുകളാൽ 2. വസന്തസേന.

പ്പെട്ടന്ന സാധാരണ മനുഷ്യരുടെ കാര്യം പിന്നെ പറയണോ?
ലോകത്തിൽ ജനിച്ചവൻ മരിക്കുന്നു; മരിച്ചവൻ ജനിക്കുന്നു-

വസ്ത്രം മാറുന്നപോൽ, ദേഹമുണ്ടാകും നാശവുംവരും
ചിന്തിച്ചിതെല്ലാമാത്മാവെ-ത്താനേ രക്ഷിച്ചുകൊള്ളുക! 36

(രണ്ടാമത്തെ ചണ്ഡാളനോട്) ഇതാ വിളംബരം ചെയ്യേണ്ട നാലാമത്തെസ്ഥാനം. അതുകൊണ്ട് നമുക്കറക്കെ ഘോഷിക്കുക.

(മുന്നേപ്പോലെ ഘോഷിക്കുന്നു)

ചാരു: ഹാ, പ്രിയേ, വസന്തസേനേ! ('ശശിവിമലമയൂഖ......') [13] എന്നാവർത്തിക്കുന്നു.)

(അനന്തരം സംഭ്രമത്തോടെ വസന്തസേനയും ഭിക്ഷുവും പ്രവേശിക്കുന്നു.)

ഭിക്ഷു: ആശ്ചര്യം അനർഹമായ ഒരിടത്ത് ബോധംകെട്ട് കിടന്ന വസന്തസേനയെ സമാശ്വസിപ്പിച്ചശേഷം കൂട്ടിക്കൊണ്ടുപോകുന്ന ഞാൻ എന്റെ സന്യാസജീവിതംകൊണ്ടനുഗൃഹീതനായിരിക്കുന്നു! ഉപാസികേ ഭവതിയെ ഞാനെവിടെയ്ക്കാണ് നയിക്കേണ്ടതു്?

വസന്ത: ആര്യചാരുദത്തന്റെ ഗൃഹത്തിലേക്കുതന്നെ. അദ്ദേഹത്തിന്റെ ദർശനം, ചന്ദ്രൻ ആമ്പൽപൊയ്കയെയെന്നപോലെ എന്നെ ആനന്ദിപ്പിക്കും!

ഭിക്ഷു: (സ്വാഗതം) ഞാനേതുവഴിയിലൂടെയാണ് പോകേണ്ടതു്? (ചിന്തിച്ച്) രാജമാർഗ്ഗത്തിലൂടെതന്നെ പോകാം. (പ്രകാശം) ഉപാസികേ, വരൂ. ഇതാ രാജമാർഗ്ഗം (കേട്ടിട്ട്) എന്താണിതു്? രാജമാർഗ്ഗത്തിൽ വലിയ കോലാഹലം കേറക്കുന്നതു്?

വസന്ത: (മുന്നോട്ട സൂക്ഷിച്ചു നോക്കീട്ട്) എന്താണ്, മുന്നിലൊരു വലിയ ആൾക്കൂട്ടം? ആര്യാ അതെന്താണെന്നറിയൂ. അതുലിതഭാരംകൊണ്ട് ഭൂമിയെന്നപോലെ ഉജ്ജയിനിയാകെ ഒരിടത്തു കൂടിയിരിക്കുന്നു!

ചണ്ഡാളൻ: ഇതാണവസാനത്തെ വിളംബരസ്ഥാനം, തമുക്കടിക്കുക. വിളംബരമുൽഘോഷിക്കുക. (അങ്ങനെ ചെയ്തിട്ട്) ഹേ ചാരുദത്താ തയാറാവുക, ഭയപ്പെടേണ്ട. വേഗം കൊന്നേക്കാം.

ചാരു: ദേവന്മാരേ, ദേവതകളേ!

ഭിക്ഷു: (കേട്ടിട്ട് സംഭ്രമത്തോടെ) ഉപാസികേ, ഉപാസികേ, ഭവ

ത്തിയെ കൊന്നുവെന്ന കുററത്തിന്ന് ചാരുദത്തനെ വധിക്കാൻകൊണ്ടുപോവുകയാണ്!

വസന്ത: (സംഭ്രമത്തോടെ) ഹാ! കഷ്ടം കഷ്ടം! മന്ദഭാഗ്യയായ ഞാൻ നിമിത്തം ആര്യ ചാരുദത്തൻ കൊല്ലപ്പെടുന്നുവെന്നോ, ഹേ! വേഗം വഴികാണിക്കൂ! വേഗം!

ഭിക്ഷു: ബുദ്ധോപാസികേ, ഇനിയും മരിച്ചുകഴിഞ്ഞിട്ടില്ലാത്ത ആര്യ ചാരുദത്തനെ സമാശ്വസിപ്പിക്കാൻ വേഗം ചെല്ലൂ, വേഗം! ആര്യന്മാരെ, വഴിതരൂ, വഴി!

വസന്ത: വഴി, വഴി!

ചണ്ഡാളൻ: ആര്യ ചാരുദത്താ, രാജനിയോഗമാണപരാധം ചെയ്യുന്നത്. അതുകൊണ്ട്, എന്തെങ്കിലും പ്രാർത്ഥിക്കാനുണ്ടെങ്കിൽ പ്രാർത്ഥിച്ചുകൊള്ളുക.

ചാരു: എന്തിനേറെ? ('നിർഭാഗ്യം പ്രബലോക്തി...' (34) എന്നാവർത്തിക്കുന്നു.)

ചണ്ഡാളൻ: (വാളൂരീട്ട്) ആര്യചാരുദത്താ, നീണ്ടുമലർന്നു കിടക്കുക. ഒറ്റവെട്ടിന്ന് താങ്കളെ വധിച്ച് സ്വർഗ്ഗം പൂകിക്കാം. (പറഞ്ഞപോലെ ചാരുദത്തൻ കിടക്കുന്നു.)

ചണ്ഡാളൻ: (ഓങ്ങിയ വാറം കൈയിൽനിന്നു തെറിച്ചുവീഴുന്നതായി നടിച്ച്) എന്തത്ഭുതം!

വലിച്ചേൻ രോഷമോടേ ഞാൻ പിടിച്ചേൻ മുഷ്ടിയിൽദൃഢം
എന്നിട്ടും വീണുപോ, യുഗ്രമിടിവാളൊത്തവാള, ഹോ! 37

ഇങ്ങനെ വന്നുപെട്ടതുകൊണ്ട് ഞാൻ വിചാരിക്കുന്നു, ആര്യചാരുദത്തൻ മരിക്കില്ലെന്ന്. ഭഗവതീ[1], സഹ്യപർവ്വതവാസിനീ, പ്രസീദപ്രസീദ! ചാരുദത്തന്ന് മോചനം ലഭിക്കുമെങ്കിൽ ചണ്ഡാളവംശമാകെ നിന്നാലനുഗൃഹീതമാവും!

മറേറയാറം: നമുക്ക് കല്പനയനുഷ്ഠിക്കുക.

ഒന്നാമൻ: ശരി. അങ്ങനെ ചെയ്യാം.

(രണ്ടുപേരും ചാരുദത്തനെ ശൂലത്തിൽത്താക്കാനൊരുമ്പെടുന്നു.)

ചാരു: ('നിർഭാഗ്യം പ്രബലോക്തി......'എന്നു വീണ്ടും ചൊല്ലുന്നു.)

ഭിക്ഷുവും വസന്തസേനയും: (കണ്ടിട്ട്) അരുതേ! മാന്യന്മാരേ, അരുതേ! ആര്യന്മാരേ, ഇദ്ദേഹത്തിൻെറ വധത്തിന്ന് കാരണക്കാരിയായ ആ മന്ദഭാഗ്യയിതാ!

---

1.. ദുർഗ്ഗ-ചണ്ഡാളന്മാരുടെ കുലദേവത.

ചണ്ഡാളൻ: (കണ്ടിട്ട്)

ചുമലിലേക്കു പതിക്കുവതായ നൽ—
ച്ചികുരഭാരമൊടൊത്തതി സത്വരം
അരുതിതെന്നഥ കൈയുമുയർത്തിയി-
ട്ടരുളിയിങ്ങണയുന്നവളാരഹോ! 38

വസന്ത: ആര്യചാരുദത്താ, എന്താണിതു്! (മാറത്തു് വീഴുന്നു)

ഭിക്ഷു: ആര്യചാരുദത്താ, ഇതെന്താണ്! (കാല്ക്കൽ വീഴുന്നു)

ചണ്ഡാളൻ: (ഭയത്തോടെ മാറിനിന്നു്) എന്ത്! വസന്തസേന! ഹാവൂ നമ്മളീസാധുവെക്കൊന്നില്ലല്ലോ!

ഭിക്ഷു: (എഴുന്നേററ്) എടോ, ചാരുദത്തൻ ജീവിച്ചിരിക്കുന്നുണ്ടോ?

ചണ്ഡാളൻ: നൂറുവർഷം ജീവിക്കുന്നു!

വസന്ത: (സഹർഷം) എനിക്കു് ജീവൻ തിരിച്ചുകിട്ടി!

ചണ്ഡാളന്മാർ: എന്നാൽ നമുക്കീവാർത്ത യാഗസ്ഥലത്തേക്കു് പോയിരിക്കുന്ന രാജാവിനെ അറിയിക്കാം. (പോകാൻ തുടങ്ങുന്നു.)

ശകാ: (വസന്തസേനയെക്കണ്ടിട്ട് ഭയത്തോടെ) അത്ഭുതം! ഈ ഗർഭദാശിയെ ആരാണ് ജീവിപ്പിച്ചതു്! എൻെറ ജീവൻപോയി! ശരി ഓടിക്കളയാം! (ഓടിപ്പോകുന്നു.)

ചണ്ഡാളൻ: (അടുത്തു വന്നിട്ട്) എടോ ആരാണോ അവളെ കൊന്നതു്, അവനെ കൊല്ലുക—എന്നാണല്ലോ നമുക്കു് രാജാവിൻെറ കൽപന. അതുകൊണ്ടു് നമുക്കു് രാജസ്യാലനെ തേടിപ്പിടിക്കുക: (രണ്ടുപേരും പോകുന്നു)

ചാരു: (വിസ്മയത്തോടെ)

വാളോങ്ങി—ഞാൻമൃത്യുവക്ത്രം പൂകവേ വന്നതാരിവൾ
ചെടിച്ചൂടേററുണങ്ങുമ്പോൾ ദ്രോണവൃഷ്ടികണക്കിനേ? 39

(പിന്നെ, നോക്കീട്ട്)

ആരാണിതാ,ങ്ങന്യവസന്തസേനയോ?
സുരാലയത്തിന്നവൾ താനണഞ്ഞതോ?
വിഭ്രാന്തിയാൽക്കാണുകയോ? മരിച്ചിടാ—
തിരിക്കയോപി,ന്നവൾതാനിതാവുമോ? 40

അഥവാ,

എന്നെജ്ജീവിച്ചുകാണാനായ് വിണ്ണുവിട്ടവൾവന്നതോ
അവൾതൽരൂപമേന്തീട്ടു മററാരാനുമണഞ്ഞതോ? 41

വസന്ത: (കണ്ണീരോടെ എഴുന്നേററ് കാല്ക്കൽവീണിട്ട്) ആര്യചാരു

ദത്താ, ആരുനിമിത്തമാണോ അങ്ങേയ്ക്കനുചിതമായ ഈ സ്ഥിതി വിശേഷംവന്നുചേൻ്റതു് ആ പാപിതന്നെയാണിതു്!

(അണിയറയിൽ)

ആശ്ചര്യമാശ്ചര്യം! വസന്തസേന ജീവിച്ചിരിപ്പുണ്ടു്! (എല്ലാവരും ഏറ്റുപറയുന്നു)

ചാരു: (കേട്ടിട്ടു്, പെട്ടെന്നെഴുന്നേററു്, സ്പർശസുഖമനുഭവിച്ചുകൊണ്ടു്, നിമീലിതാക്ഷനായിട്ടുതന്നെ ഹർഷഗൽഗദത്തോടെ) പ്രിയേ!, വസന്തസേനേ, ഇതു നീതന്നെയാണോ?

വസന്ത: അതെ, ഞാൻതന്നെ, മന്ദഭാഗ്യ'

ചാരു: (നോക്കീട്ടു് സഹർഷം) ഹാ! വസന്തസേനതന്നെ!

(ആനന്ദത്തോടെ)

കണ്ണീരുവീണുനനയും മാറുമായെങ്ങുനിന്നുനീ
മൃത്യുവിന്നു വശപ്പെട്ടോരെന്നിലേയ്ക്കെത്തി വിദ്യ[1]പോൽ 42

പ്രിയേ, വസന്തസേനേ,

നിന്നാലെയാപത്തൊട്ടുചേൻ്റദേഹം
നിന്നാലെതാനിന്നു വിമുക്തമായി.
അഹോ പ്രിയാസംഗമവൈഭവം; വ—
ന്നെത്തി,മൃതങ്കൽത്തിരികെ സ്വജീവൻ 43

മാത്രമല്ല, പ്രിയേ, നോക്കൂ,

ഈ മാല്യ,മീരുധിരവസ്ത്ര, മിതെന്തുചിത്രം
കാന്താഗമത്തിൽ വരനുള്ളവപോൽ ലസിപ്പൂ!
അപ്പോലെ, വദ്ധ്യപടഹധ്വനിതന്നെമററു—
മിപ്പോറം വിവാഹ പടഹധ്വനിപോലെയായി! 44

വസന്ത: അതിദാക്ഷിണ്യം കൊണ്ടു് ആര്യനെന്താണീ വരുത്തി വെച്ചിരിക്കുന്നതു്?

ചാരു: പ്രിയേ, ഞാൻ നിന്നെ കൊന്നെന്നു്!

പൂർവ്വവൈരമെഴുന്നോനാശ്ശക്തനാകിയ കണ്ടകൻ
നരകം തന്നിൽ വീഴേണ്ടോനെന്നെത്തെ—
ല്ലൊന്നു[2]വീഴ്ത്തിനാൻ 45

വസന്ത: (ചെവി പൊത്തീട്ടു്) ശാന്തം പാപം! ആ രാജസ്യാലനാണെന്നെ കൊന്നതു!

ചാരു: (ഭിക്ഷുവെക്കണ്ടിട്ടു്) ഇദ്ദേഹമാരാണു്?

---

1. മൃതസഞ്ജീവനി വിദ്യ. 2. തനിക്കുവന്ന ആപത്തിനെ ലഘുവാക്കിപ്പറയുന്നു.

വസന്ത: അനാര്യനായ അയാറം എൻെറ ജീവനെടുത്തു. ആര്യനായ ഇദ്ദേഹം എനിക്ക് ജീവൻതന്നു.

ചാരു: നിസ്വാർത്ഥബന്ധുവായ താങ്കളാരാണ്?

ഭിക്ഷു: ആര്യനെന്നെ തിരിച്ചറിയുന്നില്ല, അല്ലേ? ആര്യൻെറ കാലുഴിയുന്നതിന് നിയമിതനായിരുന്നല്ലോ, സംവാഹകനെന്ന ഒരാറം, അതേയാറംതന്നെയാണിത്. ചൂതാട്ടക്കാര് എന്നെ പിടിച്ചപ്പോറം ഈയുപാസിക ആഭരണംകൊടുത്ത് എന്നെ അവരിൽനിന്ന് മോചിപ്പിച്ചു. അതിനെത്തുടർന്ന് ചൂതാട്ടത്തോടു വിരക്തിവന്ന ഞാൻ ബുദ്ധഭിക്ഷുവായിത്തീർന്നു... . ഈയാര്യ വണ്ടിമാറി പ്രാചീന പുഷ്പകരണ്ഡകോദ്യാനത്തിലെത്തിക്കപ്പെട്ടു. ആ നീചനാകട്ടെ, ഇവറം തന്നെ ബഹുമാനിക്കുന്നില്ല എന്നതുകൊണ്ട് ബാഹുപാശ ബലാല്ക്കാരത്താൽ ഇവരെ കൊലപ്പെടുത്തുകയും ചെയ്തു. പിന്നീട് ഞാൻ ഇവരെ കണ്ടെത്തി.

(അണിയറയിൽ കോലാഹലം)

ദക്ഷശത്രുവാം വൃഷധ്വജൻ ജയിക്ക! പിന്നെയ-<br>
ക്രൗഞ്ചശത്രു[1] ഷൺമുഖൻ ജയിക്ക! പിന്നെയുഗ്രനാം<br>
ശത്രുവെത്തകർത്തു ശുഭ്രശീതളാചലധ്വജം<br>
ചേർന്നു പിടിച്ചെടുത്തൊരാര്യകൻ ജയിക്കുക! 46

(പെട്ടെന്ന് പ്രവേശിച്ച്)

ശർവ്വിലകൻ:

ഹേ, മാന്യരേ! കുനൃപപാലകനെത്തുലച്ചോ-<br>
രാമാന്യനാര്യകനു ഞാനഭിഷേകമേകി<br>
ക്ഷിപ്രം തദാജ്ഞയൊടുകൂടിവിപന്ന[2]ചാരു<br>
ദത്തൻെറ മോചനമതിന്നിത വന്നിടുന്നേൻ! 47

മന്ത്ര[3]സൈന്യഹീനനായ ശത്രുവെത്തുലച്ചു, പി-<br>
ന്നെത്രയും പ്രഭാവമോടു പാട്ടിലാക്കി പൗരരെ<br>
ശക്രരാജ്യമെന്നപോലെ, ശത്രുരാജ്യമാകവെ-<br>
ച്ചക്രവർത്തി ഭാവമോടുലബ്ധമായി വന്നിതേ! 48

(മുന്നോട്ടുനോക്കീട്ട്) അതെ, ആ പൗരാവലിയിലദ്ദേഹവും ഉണ്ടായിരിക്കണം. ആര്യകരാജാവിൻെറ ഈ ഭരണാരംഭം ആര്യചാരുദത്തൻെറ ജീവരക്ഷകൊണ്ട് സഫലമാകട്ടെ!

---

1. തനിക്കെതിരെ ദേവേന്ദ്രനോട് അസത്യം പറഞ്ഞ ക്രൗഞ്ചപർവ്വതത്തെ കുമാരൻ അമ്പുകൊണ്ട് പിളർന്നു. 2. ആപത്തിൽപ്പെട്ട. 3. നയോപദേശം / കാര്യാലോചന / രാജ്യതന്ത്രം.

-(വേഗം സമീപിച്ച്) അവിവേകികളേ, മാറുവിൻ! (കണ്ടിട്ട് സഹർഷം) ഹാവൂ! ചാരുദത്തൻ ജീവിച്ചിരിപ്പുണ്ട്! വസന്തസേനയും! നമ്മുടെ സ്വാമിയുടെ മനോരഥം സംപൂർണ്ണമായിരിക്കുന്നു!

ആപത്താകുമപാരസിന്ധു, കയറാ
ലോടം കണക്കെ, ഗ്ഗുണം
തിങ്ങിടുന്ന സുശീലയാം രമണിയാൽ-
ത്തീർത്തും കടന്നുള്ളവൻ
രാഹുഗ്രാസവിമുക്തനാം ശശിനിലാ-
വോടൊത്തപോൽ പ്രേയസീ-
സംഗംകൊണ്ടു തെളിഞ്ഞിടുന്നതുപിരാൽ—
ക്കാണായതെൻഭാഗ്യമേ! 49

എന്നാൽ മഹാപാതകം[1] ചെയ്ത ഞാനെങ്ങനെ അദ്ദേഹത്തിൻെറ അടുത്തുചെല്ലും? അഥവാ ആർജ്ജവമാണെവിടെയും നല്ലതു്. (അടുത്തുചെന്നു് കൈകൂപ്പിക്കൊണ്ടു്) ആര്യചാരുദത്ത!

ചാരു: അല്ല, താങ്കളാരാണ്.

ശർവ്വിലകൻ:

ആരുനിൻഭിത്തി ഭേദിച്ചാ-നിക്ഷേപം കട്ടെടുത്തുവോ
അമ്മഹാപാപിയീ ഞാൻതാൻ നീയേ ശരണമേകണം! 50

ചാരു: സുഹൃത്തേ അങ്ങനെ പറയരുതു്. താങ്കളെനിക്കു് പ്രണയമാണ് ചെയ്തതു്! (കഴുത്തിൽക്കെട്ടിപ്പുണരുന്നു)

ശർവ്വി: മറെറാന്നു്.

കുലവും മാനവും കാത്താനാര്യകൻ യാഗശാലയിൽ:
ദുഷ്ടപാലകനെക്കൊന്നാ-നിഷ്ടിപ്പശുവെയെന്നപോൽ! 51

ചാരു: എന്തു്!

ശർവ്വി;

നിൻവണ്ടിയിലണഞ്ഞ, ന്നീനിന്നെശ്ശരണമാണ്ടവൻ
ഇന്നു പാലകനെക്കൊന്നൂ യജ്ഞപ്പശുവെയെന്നപോൽ! 52

ചാരു; ശർവ്വിലകാ, പാലകൻ കാരണംകൂടാതെ കുടിലിൽനിന്നു് പിടിച്ചുകൊണ്ടുപോയി രഹസ്യമായി തടവിൽ പാർപ്പിക്കുകയും താങ്കൾ മോചിപ്പിക്കുകയും ചെയ്ത ആ ആര്യകൻ തന്നെയാണോ അതു്?

ശർവ്വി: താങ്കൾ പറഞ്ഞതുപോലെ അയാൾതന്നെ.

ചാരു: എനിക്കു് സന്തോഷമായി! സന്തോഷം!

1. ഭവനഭേദനം, ചോരണം.

ശർവ്വി: അങ്ങയുടെ സുഹൃത്തായ ആര്യകൻ ഉജ്ജയിനിയിൽ സിംഹാസനാരോഹണംചെയ്ത മാത്രയിൽത്തന്നെ വേണാ നദീതീരത്തെ 'കുശാവതി' രാജ്യം അങ്ങയ്ക്കു് നല്കിയിരിക്കുന്നു. അതുകൊണ്ടു്, സ്നേഹിതൻെറ ആദ്യത്തെ ഈയഭ്യർത്ഥന സ്വീകരിച്ചു് മാനിച്ചാലും! (തിരിഞ്ഞിട്ടു്) എടോടോ, കൊണ്ടുവരൂ ആ ദുഷ്ടനായ രാജസ്യാലനെ!

(അണിയറയിൽ)

ശർവ്വിലകൻ കല്പിക്കുംപോലെ!

ശർവ്വി: ആര്യാ, രാജാവായ ആര്യകൻ അങ്ങയോടിങ്ങനെയറിയിക്കുന്നു: ഈ രാജ്യം ഞാൻ നേടിയതു് താങ്കളുടെ ഗുണംകൊണ്ടാണു്. അതുകൊണ്ടു് താങ്കളുടെ യുക്തംപോലെ എന്തുംചെയ്യാം-എന്നു്.

ചാരു: രാജ്യം നേടിയതു് എൻെറ ഗുണംകൊണ്ടോ?

(അണിയറയിൽ)

എടാ, ടാ രാജസ്യാലാ! വാ! ഇങ്ങു് വാ! സ്വന്തം ദുർന്നയത്തിൻെറ ഫലമനുഭവിക്കു്!

(അനന്തരം പിന്നിൽ കെട്ടിയ കൈകളോടെ രക്ഷികളാൽ നയിപ്പെട്ടുകൊണ്ടു് ശകാരൻ പ്രവേശിക്കുന്നു.)

ശകാരൻ: അത്ഭുതം!

കെട്ടരിവിട്ട കഴുതയ്ക്കൊത്തു ദൂരത്തിലെത്തിനേൻ
എന്നെക്കെട്ടിക്കൊണ്ടുവന്നു കാട്ടുനായി[1]നെയെന്നപോൽ! 53

(ചുറ്റും നോക്കീട്ടു്) ബന്ധുനായ ഈ രാജശ്യാലനു ചുറ്റും ഇവന്മാർ നിൽക്കുന്നു! അതുകൊണ്ടു് അശരണനായ ഞാനിപ്പോഠം ആരെയാണു് ശരണംപ്രാപിക്കേണ്ടതു്? (ചിന്തിച്ചിട്ടു്) ശരി. ശരണംപ്രാപിച്ചവരെ രക്ശിക്കുന്ന അദ്ദേഹത്തെത്തന്നെ ശമീപിക്കട്ടെ-

—(സമീപിച്ചിട്ടു്) ആര്യ ശാരുദത്താ രക്ശിക്കണേ! രക്ശിക്കണേ!! (എന്നു് കാൽക്കൽ വീഴുന്നു.)

(അണിയറയിൽ)

ആര്യ ചാരുദത്താ, വിടൂ: അവനെ വിടൂ! ഞങ്ങളവനെ കൊല്ലട്ടെ!

ശകാ: (ചാരുദത്തനോടു്) ഹേ, അശരണർക്കു ശരണമായിട്ടുള്ളവനേ! രക്ശിക്കൂ!

---

1. പിടിക്കാനാവാത്ത എന്ന അർത്ഥത്തിൽ.

ചാരു: (അനുകമ്പയോടെ) അഹോ!—അഭയം! ശരണാഗതനഭയം!

ശർവ്വി: (അമർഷത്തോടെ) ഹും! ഇവനെ ചാരുദത്തന്റെടുത്തുനിന്ന് വലിച്ചുനീക്കിൻ! (ചാരുദത്തനോട്) കല്പിച്ചാലും, ഈ ദുഷ്ടനെ എന്താണ് ചെയ്യേണ്ടതു്?

കെട്ടിയിട്ട് വലിക്കട്ടെ? പട്ടിക്കേകട്ടെ തീററയായ്?
ശൂലത്തിൽക്കുത്തിനിർത്തട്ടെ? വാളാലീരട്ടെ ദുഷ്ടനെ? 54

ചാരു: ഞാൻ പറയുന്നതു് ചെയ്യുമോ?

ശർവ്വി: എന്താണതിൽ സംശയം?

ശകാ: പ്രഭോ, ശാരുദത്താ, ഞാൻ ശരണാഗതനാണേ! അതുകൊണ്ടു് രക്ശിക്കണേ! ഹാ, രക്ശിക്കണേ!! അങ്ങയ്ക്കുശേന്ന പ്രവൃത്തിശെയ്യണേ! ഇനി ഞാനൊരിക്കലുമിങ്ങനെ ശെയ്യില്ലേ!!

(അണിയറയിൽ പൗരന്മാർ)

അവനെക്കൊല്ലണം! ആ പാതകിയെന്തിനു ജീവിക്കണം! (വസന്തസേന ചാരുദത്തന്റെ കഴുത്തിൽനിന്നു് കൊലമാല ഊരിയെടുത്തു് ശകാരന്റെ മേലിടുന്നു)

ശകാ: ശർഭദാശീപുത്രീ, പ്രശാദിക്കണേ, പ്രശാദിക്കണേ! ഇനി നിന്നെ ഞാൻ കൊല്ലില്ല! അതുകൊണ്ടെന്നെ രക്ശിക്കണേ!

ശർവ്വി: എടോ, ടോ, കൊണ്ടുപോകൂ ഇവനെ! ആര്യചാരുദത്താ, കല്പിച്ചാലും, എന്താണീ ദുഷ്ടനെ ചെയ്യേണ്ടതു്?

ചാരു: ഞാൻ പറയുന്നതു് ചെയ്യുമോ?

ശർവ്വി; എന്താണിത്ര സംശയം?

ചാരു: സത്യം?

ശർവ്വി: സത്യം!

ചാരു: അങ്ങനെയാണെങ്കിലിയാളെ ഉടൻ-

ശർവ്വി: കൊല്ലണമല്ലേ?

ചാരു: അല്ലല്ല, വിടണം!

ശർവ്വി: എന്തിനാണ്?

ചാരു: കാൽക്കൽശ്ശരണമാണ്ടുള്ളൊരപരാധി വിരോധിയെ
ആയുധത്താൽ വധിക്കൊല്ലാ-

ശർവ്വി: ശരിയാണ്. എന്നാൽ പട്ടികൾക്കിട്ടു് തീററട്ടെ?

ചാരു: പാടില്ല.

—നന്മചെയ്തേ വധിക്കണം[1]! 55

1. പ്രാണരക്ഷണം തന്നെയാണേററവും വലിയ ശിക്ഷ.

ശർവ്വി: അഹോ, ആശ്ചര്യം! ഞാനെന്തുചെയ്യട്ടെ! ശരി. ആര്യൻ പറയൂ.

ചാരു: അതുകൊണ്ട് ഇയാളെ മോചിപ്പിക്കുക.

ശർവ്വി: ഇയാൾ മുക്തനാവട്ടെ!

ശകാ: അത്ഭുതം! എനിക്ക് വീണ്ടും ജീവൻകിട്ടി (രാജകിങ്കരന്മാരോടുകൂടി പോകുന്നു.)

(അണിയറയിൽ കോലാഹലം)

(വീണ്ടും അണിയറയിൽ)

ഇതാ മാന്യചാരുദത്തന്റെ ഈ വധു-ആര്യധൂത, കാലിലും വസ്ത്രാഞ്ചലത്തിലും പിടിച്ചുനിൽക്കുന്ന കുഞ്ഞിനെക്കൂടി വിട്ടെറിഞ്ഞു്, കണ്ണീരണിഞ്ഞ ജനങ്ങൾ തടുത്തിട്ടും കൂട്ടാക്കാതെ കത്തിക്കാളുന്ന അഗ്നിയിൽ ചാടുന്നേ! !

ശർവ്വി: (കേട്ടിട്ട് അണിയറക്കുനേരെ നോക്കി) എന്തു്? ചന്ദനകനാണല്ലോ—ചന്ദനകാ എന്താണതു്?

ചന്ദനകൻ: (പ്രവേശിച്ച്) ആര്യൻ കാണുന്നില്ലേ രാജകൊട്ടാരത്തിന്റെ തെക്കുഭാഗത്തു് വലിയൊരാൾക്കൂട്ടം? ('ഇതാ മാന്യചാരുദത്തന്റെ ഈ വധു...' എന്നു് വീണ്ടും പറയുന്നു) 'ആര്യേ സാഹസം ചെയ്യരുതേ! ആര്യ ചാരുദത്തൻ ജീവിച്ചിരിക്കുന്നുണ്ടു്!' എന്നു് ഞാനവരോട് പറയുകയും ചെയ്തു. പക്ഷേ, ദുഃഖം വ്യാപിച്ചിരിക്കുമ്പോൾ അതാര് കേൾക്കാൻ! ആര് വിശ്വസിക്കാൻ!

ചാരു: (ഉദ്വേഗത്തോടെ) ഹാ: പ്രിയേ ഞാൻ ജീവിച്ചിരിക്കേ ഭവതിയെന്താണിക്കാണിക്കുന്നതു്? (മുകളിലേക്കു നോക്കി ദീർഘനിശ്വാസം ചെയ്തു്)

സുചരിതേ, തവ സച്ചരിതങ്ങളി-
ബ്ഭുവനവാഴ്‌വിനയുക്തക;മെങ്കിലും
പതിയെവിട്ടൊരു നാകനിവാസമൊ-
ട്ടുചിതമല്ല നിനക്കു പതിവ്രതേ! 56

(എന്നു് മോഹാലസ്യപ്പെടുന്നു)

ശർവ്വി: അഹോ ഭാഗ്യക്കേടു്!
അങ്ങുവേഗത്തിലെത്തേണ-
മിങ്ങുമോഹിതനാര്യനും!
അയ്യോ പ്രയത്നവൈഫല്യം
കാണുന്നു സർവ്വതോമുഖം! 57

വസന്ത: ആര്യൻ സമാശ്വസിക്കണേ! ഉടനവിടെച്ചെന്നു് ആര്യ

യെ ജീവിപ്പിക്കുക. അല്ലെങ്കിൽ അധീരതയാൽ അനർത്ഥമുണ്ടായേക്കും.

ചാരു; (ബോധം തെളിഞ്ഞു് പെട്ടെന്നെഴുന്നേററു്) ഹാ! പ്രിയേ! നീയെവിടെയാണ്? എനിക്കു് മറുപടി തരൂ!

ചന്ദന: ആര്യാ, ഇതിലേയിതിലേ

(എല്ലാവരും ചുററിനടക്കുന്നു)

(അനന്തരം മുൻചൊന്നപോലെ ധൂതയും, വിദൂഷകൻ പിൻചെല്ലുന്നവനും അമ്മയുടെ വസ്ത്രാഞ്ചലത്തിൽ പിടിച്ചവനുമായ രോഹസേനനും, രദനികയും പ്രത്യക്ഷപ്പെടുന്നു)

ധൂത: (കണ്ണുനീരോടെ) എന്നെ വിട്ടു് മോനേ! തടസ്സപ്പെടുത്തല്ലേ! ആര്യപുത്രനു് വരുന്ന അമംഗളം കേട്ടുപോകുമെന്നു് ഞാൻ ഭയപ്പെടുന്നു. (എഴുന്നേററ് വസ്ത്രാഞ്ചലം വിടുവിച്ചു് അഗ്നിക്കു നേരെച്ചെല്ലുന്നു.)

രോഹ; അമ്മേ! എന്നെ രക്ഷിക്കമ്മേ! നീയില്ലാതെനിക്കു് ജീവിക്കാനാവില്ല! (വേഗമടുത്തുചെന്നു് വസ്ത്രാഞ്ചലത്തിൽ പിടിക്കുന്നു)

വിദൂ: ബ്രാഹ്മണിയായ ഭവതിക്കു് ഭർത്തൃശവം കൂടാതുള്ള ചിതാപ്രവേശനം പാപമാണെന്നു് ഋഷികരം പറയുന്നു.

ധൂത: പാപാചരണമാണുത്തമം! ആര്യപുത്രനു വരുന്ന അമംഗളം കേരംക്കുന്നതല്ല!

ശർവ്വി: (മുമ്പോട്ടു നോക്കീട്ടു്) ആര്യ അഗ്നിക്കടുത്തെത്തിയിരിക്കുന്നു. അതുകൊണ്ടു് വേഗം ചെല്ലൂ, വേഗം!

(ചാരുദത്തൻ വെമ്പി നടക്കുന്നു)

ധൂത: രദനികേ, കുഞ്ഞിനെ നോക്കിക്കൊള്ളൂ! അങ്ങനെയായാൽ ഞാനാഗ്രഹിച്ചതെനിക്കു് നിറവേററാൻ കഴിയും.

രദനിക: (സകരുണം) എൻെറ സ്വാമിനിയിൽനിന്നു് ഞാനെന്തു പഠിച്ചുവോ അതു ഞാനനുഷ്ഠിക്കും!

ധൂത: (വിദൂഷകനെ നോക്കി) ആര്യാ, കുഞ്ഞിനെ നോക്കിക്കൊള്ളണേ!

വിദൂ: (ആവേഗത്തോടെ) ഏതൊരു കാര്യസിദ്ധിക്കുവേണ്ടി പ്രവർത്തിക്കുമ്പോഴും ഒരു ബ്രാഹ്മണനെ മുൻനടത്തണം. അതുകൊണ്ടു്, ഭവതിയുടെ മുമ്പിൽ ഞാനുണ്ടാകും!

ധൂത: എന്ത്! രണ്ടുപേരും എൻെറ അഭ്യർത്ഥന നിരസിക്കുന്നു! (കുഞ്ഞിനെ പുണർന്നിട്ട്) ഉണ്ണീ ഞങ്ങൾ രണ്ടാൾക്കും തിലോദകം നല്ലാൻവേണ്ടി നീ തന്നെ നിന്നെ നോക്കിക്കൊള്ളണേ! പോയ്കഴിഞ്ഞതിനെ ആഗ്രഹിച്ചിട്ടെന്തു പ്രയോജനം? (നിശ്വാസത്തോടെ) ആര്യപുത്രൻ നിന്നെ നോക്കി രക്ഷിക്കുകയില്ലല്ലോ!

ചാരു: (കേട്ടിട്ട് വേഗമടുത്തുചെന്ന്) ഉണ്ണിയെ ഞാൻതന്നെ രക്ഷിക്കുമല്ലോ! (കുഞ്ഞിനെ എടുത്തുയർത്തി നെഞ്ചിൽ ചേർത്തു പുണരുന്നു)

ധൂത: (നോക്കീട്ട്) ആശ്ചര്യം! ആര്യപുത്രൻെറ ശബ്ദംപോലെ! (വീണ്ടും നല്ലപോലെ നോക്കീട്ട് സഹർഷം) ഭാഗ്യം! ഇതാര്യപുത്രൻതന്നെ! എനിക്കു് സന്തോഷമായി, സന്തോഷമായി!

കുട്ടി: (നോക്കീട്ട് സഹർഷം) അതിശയം! അച്ഛനെന്നെ കെട്ടിപ്പിടിക്കുന്നു! (ധൂതയോട്) അമ്മേ: നല്ലകാലം അച്ഛൻ തന്നെയാണെന്നെ നോക്കി രക്ഷിക്കുന്നത്! (അങ്ങോട്ടും പുണരുന്നു.)

ചാരു: (ധൂതയോട്)

കാന്തേ, നിൻകാന്തനുള്ളപ്പോളെന്തൊരുമ്പാടിതുഗ്രമായ്?
കണ്ണടച്ചീടുമോ സൂര്യനസ്തമിക്കാതെ പത്മിനി?

ധൂത: ആര്യപുത്രാ, അതുകൊണ്ടുതന്നെയാണ് അവളെ അചേതന[1]യെന്നു പറയുന്നത്.

വിദൂ: (കണ്ടിട്ട് സഹർഷം) എന്താശ്ചര്യം! ഇതേ കണ്ണുകൊണ്ടുതന്നെ പ്രിയമിത്രത്തെ കാണാൻ കഴിയുന്നു! അഹോ, സത്യത്തിൻെറ മാഹാത്മ്യം! എന്തെന്നാൽ അഗ്നി പ്രവേശനത്തിനുള്ള ഒരുമ്പാടിലൂടെത്തന്നെയാണിവരം പ്രിയസമാഗമം പ്രാപിച്ചിരിക്കുന്നത്. (ചാരുദത്തനോട്)പ്രിയമിത്രം ജയിക്കട്ടെ! ജയിക്കട്ടെ!

ചാരു: വരൂ, മൈത്രേയാ! (ആലിംഗനം ചെയ്യുന്നു)

രദനിക: സംവിധാനകം[2] അത്ഭുതകരംതന്നെ! ആര്യനു വന്ദനം! (ചാരുദത്തൻെറ കാൽക്കൽ വീഴുന്നു)

ചാരു: (പുറത്തു കൈവെച്ച്) രദനികേ എഴുനേല്ക്കൂ (എഴുനേല്പിക്കുന്നു)

ധൂത: (വസന്തസേനയെകണ്ടിട്ട്) ഭാഗ്യത്താൽ എൻെറ സഹോദരി കുശലിനിയാണ്!

വസന്ത: ഇപ്പോൾ ഞാൻ കുശലിനിയായിത്തീന്നിരിക്കുന്നു. (ഇരുവരുമന്യോന്യം പുണരുന്നു)

---

1. പ്രകൃതിനിയമമനുസരിക്കുകമാത്രം ചെയ്യുന്നതു്.
2. സംഭവങ്ങളുടെ ഗതിമാററം; നാടകത്തിൻെറ ആസൂത്രണമെന്നും.

ശർവ്വി: ഭാഗ്യത്താൽ ആര്യൻെറ സുഹൃത്തുക്കളെല്ലാം ജീവിക്കുന്നു!

ചാരു: താങ്കളുടെ പ്രസാദത്താൽ!

ശർവ്വി: ആര്യേ വസന്തസേനേ, സന്തുഷ്ടനായ രാജാവു് ഭവതിയെ വധൂശബ്ദം കൊണ്ടനുഗ്രഹിക്കുന്നു.

വസന്ത: ആര്യാ, ഞാൻ കൃതാൎത്ഥയായി!

ശർവ്വി: (വസന്തസേനയെ മൂടുപടമണിയിച്ചു് ചാരുദത്തനോടു്) ഈ ഭിക്ഷുവിനുവേണ്ടി എന്താണു് ചെയ്യേണ്ടതു്?

ചാരു: ഭിക്ഷോ, എന്താണങ്ങയുടെ ബഹുമതം?

ഭിക്ഷു: ഇത്തരത്തിലുള്ള ഈ അനിത്യത്വം കണ്ടിട്ടു് എനിക്കെൻെറ സന്യാസജീവിതത്തോടു് ബഹുമാനമിരട്ടിച്ചിരിക്കുന്നു!

ചാരു: ഇദ്ദേഹത്തിൻെറ നിശ്ചയം ദൃഢമാണു് സുഹൃത്തേ. അതുകൊണ്ടിദ്ദേഹത്തെ നാട്ടിലുള്ള എല്ലാ വിഹാരങ്ങളുടേയും കുലപതിയായി നിയമിക്കാം.

ശർവ്വി: ആൎയ്യൻ പറഞ്ഞതപോലാവട്ടെ.

ഭിക്ഷു: എനിക്കിഷ്ടപ്പെട്ടതുതന്നെ.

വസന്ത; ഞാനിപ്പോഴാം തികച്ചും ജീവിച്ചു!

ശർവ്വി: സ്ഥാവരകനുവേണ്ടി ചെയ്യേണ്ടതെന്താണു്?

ചാരു: സദ്‌വൃത്തനായ അദ്ദേഹത്തെ അടിമത്തത്തിൽനിന്നു് മോചിപ്പിക്കണം. ഈ ചണ്ഡാളന്മാർ എല്ലാ ചണ്ഡാളന്മാരുടേയും അധിപന്മാരും, ചന്ദനകൻ രാജ്യത്തിലെ ദണ്ഡപാലകനും ആയിത്തീരട്ടെ. രാജസ്യാലനെ സംബന്ധിച്ചേടത്തോളം അയാൾ മുമ്പെങ്ങനെ കഴിഞ്ഞുവോ അതുപോലെതന്നെ കഴിഞ്ഞുകൊള്ളട്ടെ.

ശർവ്വി: ആര്യൻ പറഞ്ഞതുപോലെതന്നെ. എന്നാലും—അവനെ വിട്ടുതരിക. ഞാൻ വധിക്കാം.

ചാരു: ശരണാഗതനഭയം ('കാൽക്കൽശരണമാണ്ടുള്ള...' [55] എന്നു് വീണ്ടുമാവൎത്തിക്കുന്നു.)

ശർവ്വി: എന്നാൽ പറയൂ, അങ്ങേയ്ക്കുവേണ്ടി ഇനിയുമെന്തു് പ്രിയമാണു് ഞാൻ ചെയ്തുതരേണ്ടതു്

ചാരു: ഇതിനെക്കാൾ പ്രിയമെന്താണിനി?

ചാരിത്രം ശുദ്ധമായീ; ചരണപതിതനി—
ശ്ശത്രുവും മുക്തനായീ;
വൈരിച്ഛേദം കഴിഞ്ഞിട്ടവനിമമസുഹൃ—
ത്താര്യകൻ വാഴ്കയായീ;
വീണ്ടും കാന്താപ്തിയായീ; നൃപനുടെ സഖിയാം
താങ്കളെൻ മിത്രമായീ;

വേണ്ടതെന്തോണെനിക്കിന്നിനിയു; മിതരമെ—
ന്തുണ്ടപേക്ഷിപ്പതായി? 59

ചോർത്തുന്നു ചിലരെ, ക്കവിപ്പു*ചിലരെ—
പ്പൊക്കുന്നു മറേറാർകളെ—
ത്താഴ്ത്തുന്നു ചിലരെ, ച്ചിലപ്പൊളിതര—
ക്കേകുന്നു ദീനസ്ഥിതി
അന്യോന്യം വിപരീത സംഹതി1 യിതാം
ലോകത്തിലെന്നോതുവാൻ
ക്രീഡിക്കുന്നിതു കൂപയന്ത്രഘടികാ—
ന്യായ2പ്രസക്തൻ വിധി! 60

എന്നാലും ഇതുണ്ടാവട്ടെ

(ഭരതവാക്യം)

പാലേകട്ടേ പശുച്ചാ,ത്തവനിസകലസ—
സ്യാഢ്യയായ്ത്തീന്നിടട്ടേ,
കാലേ പെയ്യട്ടെമേഘം, സകലജനമനോ—
നന്ദിയാവട്ടെ വാതം
മോദിക്കട്ടേമൃഗൗഘം, ദ്വിജരഭിമതരാ—
കട്ടെ, സത്തുക്കളെന്നും
ശ്രീമാന്മാരാട്ടെ, ലോകം രിപുജിതനൃപർ—
വാഴട്ടെ ധർമ്മിഷ്ഠരായി! 61

(എല്ലാവരും പോകുന്നു)

'സംഹാരം' എന്ന പത്താമങ്കം കഴിഞ്ഞു.

## മൃച്ഛകടികം സമാപ്തം

---

* നിറഞ്ഞൊഴുകുമാറാക്കുന്നു.

1. ചേരുവ. 2. വെള്ളം കോരിയന്ത്രത്തിൻെറ ചക്രം തിരിയുമ്പോറം തൊട്ടികളിൽ ചിലതു് താഴും, നിറയും, ചിലതു് പൊങ്ങും, ഒഴിയും—ഇതു് ലോകാവസ്ഥയെ കുറിക്കുന്നു.

# മൃച്ഛകടികം

ശൂദ്രകൻ



വിവർത്തനം : എം. കെ. പട്ടേരി

Indic Digital Archive Foundation
gpura.org